# നാട്ടറിവിന്റെ തിറവ്



398.072

നാടൻ കലാകളരി
തൃശ്ശൂർ ജില്ലാ പഞ്ചായത്ത്



നാടൻകലാ കളരിക്ക് ഒര...

നാട്ടറിവിൻെറനിനവ്/

നാട്ടറിവുകളുടെ പുനർജനി തേടി നാടൻ കലാകളരി

നാടൻ കലാ കളരി ഉദ്ഘാടനം ഇന്ന്

കൂട്ടായ്മ കണ്ടെത്ത...

ജില്ലാ പഞ്ചായത്ത് നാടൻ കലാക...

...ൻ കലാ... ...ംഘട്ടം ...ന് തുടങ്ങും

# Full of rustic ch...

Evolved through centuries and bequeathed from generation to generation, folklore has been essentially man's dialogue with Nature. More than art, it formed an integral part of his life, spiritual and physical.

Perhaps this explains the relevance of the ritualistic traits that it embodies. And further, when stripped of these elements, it loses its intrinsic charm.

Regrettably, ever since the em... classical art forms and their per... of perfection thanks to man's i... aesthetic pursuits, the society ... been myopic towards folk arts... that are the progenitor of th... recent origin.

For the same reason, m... already vanished and the... on the threshold of extin...

It is really heartening... Plan Campaign launch... Kerala Government ha... this problem.

The two-day 'Naa... organised by the Th... manifested the co... protect, preserve ... forms and indige... traditional crafts...

Surprisingly, for ... premises of Kerala ... festival ground wher... folk artistes vied with ... the best of their talents...

More than a score of ... presented during which th... seemed not only inspired b...

For instance, the four wom... 'Mudiyattam' whirled their ha... the enthralling rhythms blared ... the veekkan chenda and ... charm that flowed fr... pipe used in ...

എക്സ്പ്രസ്സ്-തൃശ്ശൂർ, 1998 ഏപ്രിൽ 8 ബുധൻ

# നാടൻ കലാകളരി സമാപിച്ചു

തൃശ്ശൂർ: ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച നാടൻ കലാകളരി ഉത്സവാ... ഷങ്ങളുടെ കൊടിയിറങ്ങി. രണ്ട് ദിവസമായി സാഹിത്യ അക്കാദമിയിൽ... പത്തൊൻപതോളം കലാകാരന്മാർ പങ്കെടുത്തു.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മണ്ണിൻെറ കലാരൂപങ്ങൾക്ക് അനുഷ്ഠാന... ത്ത കൂടി കൈവന്നപ്പോൾ പുത്തൻ തലമുറയ്ക്ക് കൗതുകമായി. അടിയാളൻെറ ജീവിത വീക്ഷണവും സംസ്കാരവും പുലർത്തുന്ന കലകൾ ആസ്വാദനത്തിൻെറ കെട്ടുകാഴ്ചകളല്ലെന്ന പ്രഖ്യാപനം കൂടിയായി പരി... പാടി. ദ്രുതചലനങ്ങളും, അട്ടഹാസങ്ങളും, ശോകവും, രൗദ്രവും ഒത്തി... ണങ്ങിയപ്പോൾ സാഹിത്യ അക്കാദമിയുടെ തിരുമുറ്റം അടിയാളരു... കാവുകളായി മാറി.

വേലവരവിൻെറ രണ്ടാം ദിവസമായ ചൊവ്വാഴ്ച ഗ്രാമത്തിൻെറ കരകൗ... വിദ്യ അറിയാവുന്ന ആശാരി, മൂശാരി, തട്ടാൻ, കരുവാൻ തുട... ടിക്കൊമ്മാള വിഭാഗത്തിൻെറ നാട്ടറിവുകളെ... പ്രഭാഷണം നടത്തി...

വേലവരവ്

...ൻകലകളുടെ വേല വരവ്

v aattam', 'Ku... kam', 'Sarpa... ', etc., were ... ged.

...lari pro... ...e publi...

...ugh opp... ...th artistes ... ...ening themse... technology.

Also elderly craf... blacksmith), Vijaya... goldsmith) and Go... honoured with m... Panchayat Preside...

In the seminar ... Dr. A. K. Nambia... R. Rajagopal pre... technique and m... information and...

# നാടൻ കലാകളരി

## രണ്ടാംഘട്ടം

20, 21 തീയതികളിൽ

തൃശൂർ: ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് സംഘടിപ്പിക്കുന്ന നാടൻകലാകളരിയുടെ രണ്ടാംഘട്ടം — നാട്ടറിവിന്റെ നിനവ് ഈ മാസം 20, 21 തീയതികളിൽ കേരള സാഹിത്യ അക്കാദമി ഹാളിൽ നടത്തുന്നു.

രാവിലെ 10 മണിക്ക് ജില്ലാ പഞ്ചായത്ത് വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ... വർഗീസിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ... എം. വി. വിശാലാക്ഷി ... ചെയ്യും. ... ഫോക്‌ലോർ അക്കാദമി ... കടമ്മനിട്ട ... മുഖ്യപ്രഭാഷണം ... ജില്ലയിലെ ... നാട്ടറിവുകളും ... ചർച്ചയും ... നേതൃത്വത്തിൽ ഉണ്ടായിരിക്കും. ചർച്ചയിൽ ഡോ. എം. കെ. ... നമ്പ്യാർ, ഡോ. ... ശങ്കർ ... ഗോപാലൻ ...

നാട്ടറിവിന്റെ നിനവ്

# നാടൻ കലാകളരി/ നാടൻ കലാകളരി

ജി. ... നാടൻ കലകളുടെ വർണോജ്ജ്വലം തീർത്ത വേലവരവ് ഹൃദ്യമായി ... മണ്ണിന്റെ കലാരൂപങ്ങൾ സാഹിത്യ അക്കാദമിയുടെ ... ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നാടൻ കലാരൂപങ്ങളെ ... സംഘടിപ്പിക്കുന്ന നാടൻ കലാകളരിയുടെ രണ്ടാംഘട്ടം ...

## നാടൻ കലാകളരി രണ്ടാംഘട്ടം തുടങ്ങി

തൃശൂർ: ജനകീയാസൂത്രണ ... ജില്ലാ പഞ്ചായത്ത് ... സംഘടിപ്പിക്കുന്ന നാടൻ കലാകളരിയുടെ രണ്ടാംഘട്ടം ... നാട്ടറിവിന്റെ നിനവ് ... സാഹിത്യ അക്കാദമി ഹാളിൽ ആരംഭിച്ചു ...



# നാടൻ കലകളുടെ വേലവരവ് 20നും 21നും

തൃശൂർ: ജില്ലാ പഞ്ചായത്ത് മാർച്ച് 20, 21 തീയതികളിൽ സാഹിത്യ അക്കാദമിയിൽ നടത്തുന്ന നാടൻ കലാകളരിയോടനുബന്ധിച്ച് ജില്ലയിലെ അപൂർവമായ നാടൻ കലകളുടെ വേലവരവ് അവതരിപ്പിക്കുന്നു.

... മേടം മാസങ്ങളിലെ ... ത്തതാണ് പുലയരുടെ തുടിപ്പാട്ട് ... കല്ലടിക്കോട് നീലിയുടേയും ... ചാത്തന്റേയും ... പുരാവൃത്തങ്ങൾ ... രാത്രിയോളം ആടിപ്പാടി ഒരു ... മലവാഴിയാട്ടം ... അവതരിപ്പിക്കുന്ന അനുഷ്ഠാന രംഗകല ... അപൂർവ അനുഷ്ഠാന രംഗകലയാണ്.

... സി.കെ. കണ്ണൻ ആശാന്റെ ... പുറാട്ടുനാടകം ... നേതൃത്വത്തിലാണ് അവതരിപ്പിക്കുന്നത്. ഗ്രാമവേലകളുടെ ... സജീവമായിരുന്ന ... പുറാട്ട് നാടകങ്ങളിൽ പുരുഷന്മാർ സ്ത്രീകളുടെ വേഷം കെട്ടി ... കുറവൻകുറത്തി എന്നീ നാടകം ... സങ്കല്പങ്ങളാണ് അവതരിപ്പിക്കുന്നത് ... സമകാലിക സമൂഹത്തിന്റെ ... പ്രശ്നങ്ങൾ ഇതിലൂടെ ചെയ്യുകയാണ് ...

... സമ്പ്രദായകാലത്ത് ... 'ദേശനാട്ട്' ... കാർത്ത്യായനി അവതരിപ്പിക്കും.

# സംഘടിപ്പിക്കുന്നു

... നാടൻ കലകളുടെ അവതരണത്തിൽ വെള്ളിക്കുളങ്ങര ... ഉള്ളാരുടെ കലകൾ, അക്കിക്കാവ് ... കാവ് ടി.വി. രവീന്ദ്രൻ അവതരിപ്പിച്ച ... നേർച്ച കൊട്ടുകളി, ... ട് കെ.സി. ബാബുവും സംഘം ... ട്ടം, നന്തുണി തുടങ്ങിയവ അരങ്ങേറി. ... നെയ്ത രൂപങ്ങളുടെ പ്രദർശനവും ഉണ്ടായി.

... ട്ടോടെ ... യ്യാംപാട്ട്, കുഴിത്താളം, ... ആണ്ടികളി, മലവാഴിയാട്ടം, കാളകളി, കുതിരക്കളി, പുറാട്ടു നാടകം എന്നിവയാണ് അവതരിപ്പിക്കുന്നത്. പ്രപഞ്ചത്തിലെ ചാരചരങ്ങളെ വണങ്ങുന്ന നാടോടി സംഗീതം ...

## നാടൻ കലാ... കൊടിയ...

തൃശൂർ, ഏപ്രിൽ 8: നാട്ടുക്കൂട്ടങ്ങൾ ചുവടുവെച്ചൊഴിഞ്ഞപ്പോൾ നാടൻ കലാകളരിയുടെ കൊടിയിറങ്ങി.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച നാടൻ കലാകളരിയുടെ സമാപനദിവസം അരങ്ങേറിയ ഗ്രാമീണ കലകൾ പൊള്ളുന്ന നട്ടുച്ചയിലും ആസ്വാദകർക്ക് കുളിരേകി.

വേലുവും വേലായുധനും അവതരിപ്പിച്ച നന്തുണിപ്പാട്ടോടെയായിരുന്നു വേലവരവിന്റെ തുടക്കം. തുടർന്ന് കറുകുറ്റി കെ കെ നീലകണ്ഠനും സംഘവും അവതരിപ്പിച്ച മുടിയാട്ടം, പെരിങ്ങനത്ത് തങ്കപ്പനും സംഘവും അവതരിപ്പിച്ച നേർച്ചക്കൊട്ടുകളി, മാരാംതോട് പ്രാചീന കലാ പുനരുദ്ധാരണ സമിതിയുടെ ഉള്ളാളരുടെ കലകൾ, കരിങ്കാളി, മഞ്ഞക്കാളി എന്നിവ അരങ്ങേറി.

നാടോടി സംഗീതത്തിൽ ഏറ്റവും പഴക്കമുള്ള മയ്യംപാട്ട് 85 വയസ്സുകാരനായ പി എൻ നാരായണൻ അവതരിപ്പിച്ചത് സദസ്സിന് കൗതുകം പകർന്നു. മൂക്കൻ ചാത്തനും മലവാഴിയും കണ്ടുമുട്ടുന്നതും ഏറ്റുമുട്ടുന്നതുമായ രംഗങ്ങൾ കാഞ്ഞിരംകോട് കെ സി ബാബുവും സംഘവും അവതരിപ്പിച്ച മലവായി ആട്ടം ... അവതരിപ്പിച്ചു.

... വിലെ ഐങ്കുടി കമ്മാളന്മാരെ ആദരിക്കുന്ന ചടങ്ങിൽ വിജയകുമാർ ... നോൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് കരകൗശല വസ്തുക്കളുടെ ... ശാന്മാർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എം വി വിശാലാക്ഷി പുരസ്കാരങ്ങൾ നൽകി. ചടങ്ങിൽ സി വി ശ്രീരാമൻ, പി ആർ വർഗീസ് മാസ്റ്റർ, ... പേഴ്സൺ, പ്രൊഫ. ടി എ ഉഷാകുമാരി എന്നിവർ സംബന്ധിച്ചു.

ദേശാഭിമാനി ഏ. 9

... ൻ ആയി

... ചായത്ത്/ നാടൻ കലാകളരി

...ത്രഭൂമി TCR 1998

## നാടൻ കലാകളരി

## നാടൻ കലാകളരി രണ്ടാംഘട്ടം

ഐങ്കുടിക്കമ്മാളരു...

... en Velayudhan ... Cha... an ... carpenter), ... an (moulder) were ... tos by the District

... as part of the Kalari, ... S. Shanker and Dr. C. ... ed papers on the ... odology for collecting ... terials related to folkfore.

G. S. PAUL



നാടൻ കലാ രൂപങ്ങളും ... കോലംകളി

# ...ടൻ കലാ കളരി

Visalakshy

# നാട്ടറിവിൻെറ നിനവ്

16412

~~3377~~

നാടൻ കലാകളരി

തൃശൂർ ജില്ലാ പഞ്ചായത്ത്

1998

398.072



nattarivinte ninavu
A field study on Folklore of Thrissur District

A project under People's plan campaign
Programme implemented by Thrissur District
Panchayath in the year 1997–1998

President, District Panchayath : Smt. M.V. Visalakshy Teacher
Chairman, Implementation Committee : Shri. P.R. Varghese Master
Secretary, District Panchyath : Smt. A.C. Sathidevy
Convenor, Shri K.K. Ravindran Nair

Editor : Dr. C.R. Rajagopalan

Editorial Board :
Smt. T.C. Bhanumathy
Sri. V.K. Sreedharan
Sri. P. Ranjith
Sri. K.P. Dileep Kumar

Documentation : K.C. Santhosh, Eco-eye, Kanippayoor
© Thrissur District Panchayath
First Impression, June 1998
Cover : 'Karimkali', Pappu Assan, 'Chilamboli', Akkikavu
Back cover : 'Kuthirakkali'
Offset : Kairali, Thrissur - 1
Copies : 1000

All rights reserved. No part of this book may be reprinted or reproduced or utilized in any form without the prior permission of the Trissur District Panchayath

# ചാർത്ത്


ആമുഖം : എം.വി.വിശാലാക്ഷി ടീച്ചർ 7
മുഖരേഖ : പി.ആർ.വർഗ്ഗീസ് മാസ്റ്റർ 8
നാടൻ കലാകളരി പദ്ധതി രേഖ : ഏ.സി.സതീദേവി 9
പിന്നിട്ടവഴികൾ : കെ.കെ.രവീന്ദ്രൻ നായർ 10
തൃശൂർ /നാടൻകലാഭൂമിക : ഡോ.സി.ആർ.രാജഗോപാലൻ 14

നാടൻകല/സംസ്ക്കാരം/സംഗീതം : കാവാലം നാരായണപ്പണിക്കർ 18
നാടോടി രംഗവേദി : ഡോ.വയലാ വാസുദേവൻപിള്ള 21
വസ്തുതാസമാഹരണത്തിൻെറ രീതിശാസ്ത്രം : ഡോ.ഏ.കെ.നമ്പ്യാർ 25
ഐങ്കുടിക്കമ്മാളരുടെ നാട്ടറിവുകൾ : വിജയകുമാർ മേനോൻ 35
ഗോത്രകലകൾ : വി.കെ.ശ്രീധരൻ 38
കർക്കിടകത്തിലെ ആചാരങ്ങൾ : പി.ഇന്ദുശേഖരൻ 41
മഴയുടെ നാട്ടറിവുകൾ : കെ.പങ്കജാക്ഷൻ 43
അടിയോരുടെ ചുവടുകൾക്കും ഒരു തറ : എൻ.പത്മനാഭൻ 45
Full of rustic charm : G.S.Paul 46

ജില്ലയിലെ നാടൻ കലകൾ : മൺപാത്ര നിർമ്മാണം, തുമ്പിതുള്ളൽ, കുറത്തിനാടകം, ദേശനാട്ടയ്യ, ഐവർകളി, സർപ്പവിഷചികിൽസ, കൂവനൂറുശേഖരണം, നാടൻപാട്ടുകൾ, കാളകളി, വയൽക്കളം, കുഴിത്താളം, ഓലക്കുടനിർമ്മാണം, കുതിരകളി, പോത്തോട്ടം, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ചാക്കാട്, മലവാഴിയാട്ടം, നാടൻകഥ, കാട്ടുപാട്ടുകൾ, ഓണക്കളി, കോലംകളി, തുയിലുണർത്തുപാട്ട്, നാടൻകളികൾ, ചവിട്ടുകളി, പുഞ്ചകളിയ്ക്ക, കൊയ്ത്തപിടുത്തം, അടയ്ക്കാരമുറി, നാട്ടുവൈദ്യം. 47 - 89

നാടൻകലാസമാഹരണം : പി.രഞ്ജിത്, രാധിക.സി. 90
പട്ടിക 1. നാടൻകലകൾ 91
പട്ടിക 2. നാടൻകലാകാരൻമാർ 94



ശില്പി രാജന്റെ ഒരു ശില്പം

# ആമുഖം

കേരളത്തിൻെറ ഒമ്പതാം പഞ്ചവത്സരപദ്ധതി ഇന്ത്യൻ ആസൂത്രണ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറിയിരിക്കുകയാണല്ലോ താഴെത്തട്ടിൽനിന്നും ആസൂത്രണം എന്നസങ്കല്പം യഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ഒരു മഹത്തായ പരീക്ഷണമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനു സമാനമായ മറ്റൊന്ന് നമ്മുടെ രാജ്യത്തെന്നല്ല ലോകത്തിൽ പോലും ഇതേവരെ നടന്നിട്ടില്ലായെന്ന് ദേശത്തും വിദേശത്തുമുള്ള വിദഗ്ദ്ധരും അംഗീകരിക്കുന്നു. പല സാങ്കേതിക പ്രശ്നങ്ങളും മൂലം പദ്ധതിയുടെ ആദ്യവർഷത്തെ പ്രൊജക്ടുകൾ വളരെ തിരക്കിട്ടു നടപ്പിലാക്കേണ്ടിവന്നു. ഈ പരിമിതികൾക്കുള്ളിലും 'നാടൻകലാകളരി' എന്ന പദ്ധതി വളരെ വിജയപ്രദമായി നടപ്പാക്കാൻ സാധിച്ചു എന്നതിൽ ഞങ്ങൾക്ക് തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

ജില്ലയിലെ നാടൻകലകളുടേയും നാട്ടറിവുകളുടേയും നാടൻ സങ്കേതികവിദ്യകളുടേയും പരിപോഷണത്തേയും സംരക്ഷണത്തേയും ലാക്കാക്കിയാണ് നാടൻകലാകളരിയെന്ന പദ്ധതിക്ക് രൂപം നൽകിയത്. ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ വിവിധ ഭാഗങ്ങളിൽ അസംഖ്യം നാടൻകലകൾ അനുഷ്ഠിച്ചുവരുന്നു. നമ്മുടെ ഭൗതികസംസ്ക്കാരത്തിൻെറ നിർമ്മിതിയുടെ ഉടമകൾ ഇവിടെ നിലനിന്നുപോന്നിരുന്ന തൊഴിൽ കൂട്ടായ്മകളാണ്. എണ്ണമറ്റ നാട്ടുവിജ്ഞാനങ്ങൾക്കുടയവരായ ഈ ജനവിഭാഗത്തിൻെറ നാട്ടറിവുകൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്. നാടൻകലകൾ വെറും വിനോദത്തിനും മത്സരത്തിനുംവേണ്ടി അവതരിപ്പിച്ചിരുന്നതല്ലെന്നും അവ ജനങ്ങളുടെ അദ്ധ്വാനവേളകൾക്കൊപ്പം അരങ്ങേറിയതാണെന്നും നാം മനസ്സിലാക്കണം. ദേശ സംസ്കൃതികളുടെ അനൗപചാരികമായ ഉത്സവാഘോഷങ്ങളാണിവ.

നാടൻകലാകളരിയുടെ ഒന്നാം ഘട്ടത്തിനുശേഷം നടത്തിയ സർവ്വേയിൽ വളരെ രസകരവും വിജ്ഞാനപ്രദവുമായ നാട്ടറിവുകൾ ശേഖരിച്ചിട്ടുണ്ട്. അവയിൽ ചിലത് ഈ മോണോഗ്രാഫിൽ ചേർത്തിരിക്കുന്നു. തൃശൂർ ജില്ലയുടെ പലഭാഗത്തും നിലനിൽക്കുന്ന അപൂർവ്വങ്ങളായ നാടൻകലാരൂപങ്ങൾ, നാട്ടറിവുകൾ, നാടൻപാചകം, നാടൻപാട്ടുകൾ, കഥകൾ എന്നിവ വെളിച്ചത്തു കൊണ്ടുവരുവാൻ കുറഞ്ഞ കാലയളവിനുള്ളിൽ സാധിച്ചു എന്നത് അഭിമാനകരമാണ്.

വെറും സർക്കാർ പരിപാടി എന്നതിൽനിന്നും വ്യത്യസ്തമായി ഗുണഭോക്താക്കളായ നാടൻകലാകാരന്മാർ, ഈ രംഗത്ത് പ്രവർത്തിക്കുന്ന 'കേരളീയതയുടെ നാട്ടറിവ്'പോലുള്ള സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ലഭിച്ചു എന്നത് ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. തൃശൂർ ജില്ലാ പഞ്ചായത്തിൻെറ സാംസ്ക്കാരിക സമുച്ചയം എന്ന പരിപാടിയുടെ ഭാഗമായി ഇനിയും ഇതുപോലുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കും എന്ന വിശ്വാസത്തോടെ,

തൃശൂർ,
20-6-98

**എം.വി.വിശാലാക്ഷി ടീച്ചർ**
പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്

# മുഖരേഖ

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ദ്രുതഗതിയിലുള്ള പ്രചാരം നമ്മുടെ സംസ്ക്കാരത്തിന് എതിരെ വലിയ വെല്ലുവിളിയാണുയർത്തുന്നത്. നമ്മുടെ തനതു കലാരൂപങ്ങളുടേയും നാട്ടറിവുകളുടേയും മേൽ പാശ്ചാത്യമാധ്യമങ്ങളും ടൂറിസവും ആധിപത്യം സ്ഥാപിക്കാൻ ബോധപൂർവ്വം ശ്രമം നടത്തിക്കൊണ്ടിരിയ്ക്കയാണ്. ഈ കടന്നാക്രമണത്തിനെതിരെ ശക്തമായ ചെറുത്തു നിൽപ്പ് അനിവാര്യമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് തൃശൂർ ജില്ലാ പഞ്ചായത്ത് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നാടൻകലാകളരി എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. നമ്മുടെ അടിസ്ഥാന കലാരൂപങ്ങളായ നാടൻകലകളെ സംരക്ഷിക്കുക മാത്രമല്ല, നാട്ടറിവുകൾ, നാടൻ സാങ്കേതികവിദ്യകൾ എന്നിവയെ കണ്ടെത്തി പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ലക്ഷ്യമാണ്. ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് നാടൻകലാകളരി എന്ന പദ്ധതി ആവിഷ്ക്കരിച്ച് വിജയപൂർവ്വം നടപ്പിലാക്കിയത്.

കലകൾ എന്ന പദം കൊണ്ട് വിവക്ഷിച്ചിരുന്നത് അഭിജാതകലകളെ മാത്രമായിരുന്നു. ഇവയ്ക്ക് മാത്രമായിരുന്നു എല്ലാവിധ പ്രോത്സാഹനവും ലഭിച്ചിരുന്നത്. നാടൻകലകൾ ടൂറിസം ആഘോഷപരിപാടികളിലും, മറ്റ് സ്ഥിരം സർക്കാർ പരിപാടികളിലും നാമമാത്രമായി അവതരിപ്പിക്കപ്പെട്ടു പോന്നു. വളരെ വികലമായ രീതിയിൽ, നാടൻകലകൾ കൈമുതലായിട്ടുള്ള കലാകാരൻമാരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്നവിധത്തിലായിരുന്നു ഈ കലാരൂപങ്ങളുടെ അവതരണം നടത്തിയിരുന്നത്. കണക്കുകൾ കൊണ്ടുള്ള കസർത്തുകൾ മാത്രമായി ഈ മേളകൾ. തന്മൂലം നാടൻകലകളെക്കുറിച്ച് വളരെ വിലക്ഷണമായ സങ്കല്പങ്ങളാണ് സാധാരണ ജനങ്ങളിൽ ഉരുത്തിരിഞ്ഞ് വന്നിരിക്കുന്നത്. കൂടാതെ സ്വാഭാവികമായ സാഹചര്യങ്ങളിൽ അവതരിപ്പിക്കപ്പെടേണ്ട കലാരൂപങ്ങൾ, പ്രത്യേകിച്ചും അനുഷ്ഠാനരൂപത്തിലുള്ളവ ജനമധ്യത്തിൽ അവതരിപ്പിക്കുമ്പോൾ അവയുടെ തനിമ നഷ്ടപ്പെടുന്നു.

നാട്ടറിവുകളെ കഴിയുന്നതും അവയുടെ യഥാർത്ഥ രൂപത്തിൽ നിലനിർത്തേണ്ടതാണ്. പുതിയ തലമുറയ്ക്ക് വ്യത്യസ്ഥ കാരണങ്ങളാൽ നാട്ടറിവുകളോട് വിമുഖതയാണുള്ളത്. പോപ്പ് റോക്ക് സംഗീതങ്ങളും ബ്രേക്ക് ഡാൻസുമാണ് യഥാർത്ഥ കലാരൂപങ്ങൾ എന്ന മിഥ്യ ധാരണ വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ നാടൻകലകൾ നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ തപ്പും തുടിയുമാണ്. സാമൂഹ്യജീവിതത്തിൽ വന്ന താളപ്പിഴകളാണ് ഇന്നുള്ള പല സാമൂഹ്യപ്രശ്നങ്ങൾക്കും കാരണം. ഈ പ്രശ്നങ്ങൾക്ക് അടിസ്ഥാനപരിഹാരം ഉണ്ടാകേണ്ടത് ശരിയായ താളക്രമത്തിലേക്ക് നമ്മുടെ സാമൂഹ്യജീവിതത്തെ തിരിച്ചു വിട്ടുകൊണ്ടാണ്. ഉപഭോക്തൃ സംസ്ക്കാരത്തിൽനിന്നും നാം അതിവേഗം കമ്പോള സംസ്ക്കാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ പേരിൽ സംഭവിക്കുന്നത് നമ്മുടെ സ്വത്വമെല്ലാം പാശ്ചാത്യസംസ്ക്കാരത്തിന് അടിയറ വക്കലാണ്. ഇതിനെതിരെ ഒരു കരുത്തൻ പ്രതിരോധമുയർത്തണമെങ്കിൽ നമ്മുടെ ചിന്താഗതിയിലും സമീപനത്തിലും സമഗ്രമായമാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ഒരു മാറ്റത്തിന്റെ വിത്തുകൾക്ക് കരിമണ്ണൊരുക്കുന്ന ലക്ഷ്യത്തിലേക്കാണ് നമ്മുടെ സംസ്ക്കാരത്തിന്റെ ആഴക്കടൽ മുത്തുകൾ കണ്ടെടുത്ത് അവ തേച്ചുമിനുക്കി അവതരിപ്പിക്കുക എന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള ഒരു സുപ്രധാന നാഴികക്കല്ലായി നാടൻകലാകളരി മാറി എന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇന്നില്ലെങ്കിൽ എന്നുമില്ല □

തൃശൂർ,
20-6-98

പി. ആർ വർഗ്ഗീസ് മാസ്റ്റർ
ചെയർമാൻ, ഇംപ്ലിമെന്റേഷൻ കമ്മിറ്റി

# നാടൻ കലാകളരി പദ്ധതിരേഖ

മനുഷ്യന്റെ സാമൂഹ്യജീവിതത്തിന്റെ ഓർമ്മക്കുറിപ്പുകളാണ് നാടൻകലകൾ. വൈയക്തിക മായ കലകൾ നാടോടി സംസ്ക്കാരത്തിലില്ല. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ നില നിർത്തുകയും കുടുംബബന്ധത്തെ ഊട്ടി ഉറപ്പിക്കുകയും ചെയ്ത നാടൻ ജീവികയുടെ മഹത്വവും സമഗ്ര ജീവിതദർശനവും ആധുനിക ലോകം തിരിച്ചറിഞ്ഞു വരികയാണ്. ആധുനിക ജീവിതത്തിന്റെ സംഘർഷങ്ങളിൽനിന്ന് രക്ഷനേടാനും ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിനും സാമൂഹ്യഭദ്രത നിലനില്ക്കുന്നതിനും സഹായകമായതാണ് കൂട്ടായ്മയുടെ സംസ്ക്കാരം. ഇനിയും വേരറ്റുപോയിട്ടില്ലാത്ത നാടൻകലകൾ ഈ സാമൂഹ്യധർമ്മത്തെയാണ് അനാവരണം ചെയ്യുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അഭൂതപൂർവ്വമായ കടന്നാക്രമണം സാംസ്ക്കാരികമായ വെല്ലുവിളി ഉയർത്തുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പശ്ചാത്യസംസ്ക്കാരം നമ്മുടെ സംസ്ക്കാരത്തിൻ മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഇതിനെതിരെ നാം ഒറ്റകെട്ടായി ചെറുത്തു നിൽക്കേണ്ടതാണ്. ഇന്നതിന് സാധിച്ചില്ലെങ്കിൽ, പാശ്ചാത്യരുടെ മൂന്നാംകിട പതിപ്പുകളായി നാം മാറും എന്ന ദുരവസ്ഥയാണുണ്ടാകുക. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് നാടൻകലകൾ, നാട്ടറിവുകൾ, നാടൻ സങ്കേതികവിദ്യകൾ എന്നിവയെ കണ്ടെത്തി സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി നാടൻകലാകളരിയെന്ന പദ്ധതിക്ക് രൂപം നൽകിയത്.

നാളിതുവരെ വരേണ്യകലകൾക്കാണ് പ്രോത്സാഹനം ലഭിച്ചിരുന്നത്. പാശ്ചാത്യർ അംഗീകരിക്കുന്ന കലാരൂപങ്ങളെ മാത്രം നാം പാടി പുകഴ്ത്തുന്നു. ആദിവാസികളുംഗ്രാമീണ തൊഴിൽ കൂട്ടായ്മകളും നിർമ്മിച്ച സംസ്ക്കാരവും നാട്ടറിവുകളും അമൂല്യങ്ങളാണ്. അവ അതിവേഗം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അടിയാളർ വംശത്തിന്റെ സ്വത്വബോധത്തിന്റേയും അതിപ്രാചീനമായ പ്രകൃതിജ്ഞാനത്തിന്റേയും ഉടമകളായ നാട്ടുകൂട്ടങ്ങളുടെ നിനവുകൾ അന്വേഷിക്കുന്നതാണ് ഈ പദ്ധതി. ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ വിവിധ ഭാഗങ്ങളിൽ അസംഖ്യം നാടൻകലകൾ അനുഷ്ഠിച്ചുവരുന്നു. ഇവ കേവലം ആസ്വാദനത്തിനുവേണ്ടി മാത്രം രൂപപ്പെടുത്തിയവയല്ല. നിത്യജീവിതത്തിന്റേയും പ്രായോഗിക ജീവിതത്തിന്റേയും ഭാഗമാണ് ഈ കലാരൂപങ്ങൾ. പ്രകൃതിയിലെ അസംസ്കൃതവസ്തുക്കൾകൊണ്ട് തങ്ങളുടെ കരവിരുത് പ്രകടമാക്കുന്ന എണ്ണമറ്റ നാട്ടുനൈപുണ്യങ്ങൾ നമുക്ക് നഷ്ടമാകുന്നു. നാടിന് അന്യമായിക്കൊണ്ടിരിക്കുന്ന പലവിദ്യകളും കരവിരുതുകളും പരിരക്ഷിക്കുകകൂടി ഈ പദ്ധതിയുടെ ലക്ഷ്യമാണ്. മൂന്നുഘട്ടമായി നാടൻകലാകളരി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടത്.

ഒന്നാം ഘട്ടം കൂട്ടായ്മയെ കണ്ടെത്തൽ : 30 പേരെ തൃശൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നും നാട്ടറിവുകളെക്കുറിച്ചുള്ള വസ്തുതാശേഖരണത്തിനായി തെരഞ്ഞെടുത്ത് പരിശീലനം നൽകുക. രണ്ടാം ഘട്ടം : 'നാട്ടറിവിന്റെ നിനവ്' – ഫീൽഡ് വർക്കിന്റെ ഫലമായി ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് അവ ക്രോഡീകരിക്കുകയും അതോടൊപ്പം സെമിനാറും നാടൻകലകളുടെ അവതരണവും. മൂന്നാം ഘട്ടം : മോണോഗ്രാഫ് പ്രസിദ്ധീകരണം. മോണോഗ്രാഫ് പ്രസിദ്ധീകരണത്തോടുകൂടി ഒരു ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതമായി പ്രത്യേക ഘടകപദ്ധതിയിൽനിന്നു നീക്കിവെച്ചിരുന്ന ഈ പദ്ധതിക്ക് വിജയകരമായ പരിസമാപ്തിയാവുകയാണ് എന്നതിൽ സന്തോഷമുണ്ട്. പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. ☐

തൃശൂർ,
20-6-98

**ശ്രീമതി. ഏ.സി.സതീദേവി,**
സെക്രട്ടറി, തൃശൂർ ജില്ലാ പഞ്ചായത്ത്

# പിന്നിട്ടവഴികൾ

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി തൃശൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ നാടൻകലാകളരിയുടെ അവസാന ഘട്ടമായാണ് ഈ മോണോഗ്രാഫ് പ്രസിദ്ധീകരിക്കുന്നത്. ഈ പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ കുറഞ്ഞ കാലയളവിനുള്ളിലാണ് നടപ്പിലാക്കിയത്. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും ജില്ലാ പട്ടികജാതിവികസന ആഫീസർ കൺവീനറുമായി ഒരു നിർവ്വഹണസമിതിയാണ് ഈ പദ്ധതി നടത്തിപ്പിൻെറ ചുക്കാൻ പിടിച്ചത്. നാടൻകലാകളരിയുടെ ആദ്യഘട്ടം 'കൂട്ടായ്മ'യെ കണ്ടെത്തൽ 21.2.1998 ശനിയാഴ്ച തൃശൂർ അയ്യന്തോളിലുള്ള അപ്പൻതമ്പുരാൻ ഹാളിൽ നടത്തി. പട്ടികജാതിക്കാരിൽനിന്നും ഇരുപത്തിഅഞ്ചുപേരും പട്ടികജാതി ഇതരരായ 5 നിരീക്ഷകരുമാണ് കൂട്ടായ്മയിൽ പങ്കെടുത്തത്. തൃശൂർ ജില്ലയിലെ നാടൻകലകളെക്കുറിച്ച് വസ്തുതാശേഖരണത്തിന്, തെരഞ്ഞെടുക്കപ്പെട്ട 30 പേരെ പ്രാപ്തരാക്കുകയായിരുന്നു ഒന്നാം ഘട്ടത്തിൻെറ ലക്ഷ്യം. ഡോ. എ.കെ.നമ്പ്യാർ, ഡോ. എസ്.ശങ്കർ, ഡോ.സി.ആർ.രാജഗോപാലൻ എന്നിവർ ക്ലാസ്സുകളെടുത്തു. ചെറുവത്തേരി എം.കെ.ഗോവിന്ദനും സംഘവും അവതരിപ്പിച്ച നന്തുണിപ്പാട്ട്, അക്കിക്കാവ് ചിലമ്പൊലിയുടെ ചാക്കാട്പാട്ട്, പാലപ്പിള്ളി ഒളവനപ്പറമ്പ് നാരായണനും സംഘവും അവതരിപ്പിച്ച പോലികളിയും മുറം കുലുക്കിപ്പാട്ടും, ചെറുവത്തേരി എം.കെ.കോരനും സംഘവും അവതരിപ്പിച്ച കോലംകളി, കാഞ്ഞിരക്കോട് കുഞ്ഞുകുട്ടനും സംഘവും അവതരിപ്പിച്ച പൂതനും തിറയും, അനീഷും സംഘവും അവതരിപ്പിച്ച കൂട്ടം നാട്ടറിവുപാട്ടുകൾ എന്നിവ കളരിയിൽ അവതരിപ്പിച്ചു. വസ്തുതാശേഖരണവുമായി ബന്ധപ്പെട്ടഫീൽഡ് വർക്കർ മാർക്ക് ശ്രീ.അപ്പു കരുണാകരൻെറ ലേഖനം, ചോദ്യാവലി, ഓഡിയോകാസറ്റ് എന്നിവ നൽകി.

നാടൻകലാകളരിയുടെ രണ്ടാംഘട്ടം 'നാട്ടറിവിൻെറ നിനവ്' 1998 മാർച്ച് 20, 21 തിയതി നടത്തുവാനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായ അവസരത്തിലാണ് 19-ാംതിയതി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിൻെറ ദുഃഖകരമായ അന്ത്യമുണ്ടായത്. തുടർന്ന് കളരി ഏപ്രിൽ 6,7 തിയതികളിലേക്ക് മാറ്റിവെച്ചു. 6ന് രാവിലെ കേരള സാഹിത്യഅക്കാദമി ഹാളിൽ ജില്ലാ പഞ്ചായത്ത് അംഗം ശ്രീ.എം.എസ്.വിനോദിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.പി.ആർ.വർഗ്ഗീസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഡോ. ഏ.കെ.നമ്പ്യാർ ആശംസകളർപ്പിച്ചു. വൈസ് പ്രസിഡണ്ട് ശ്രീ. സുബ്രഹ്മണ്യൻ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി. ഷീല വിജയകുമാർ, ജനകീയാസൂത്രണം ജില്ലാ കൺവീനർ പ്രൊഫ. പി.കെ.രവീന്ദ്രനാഥ് എന്നിവർ സന്നിഹിതരായിരുന്നു. രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. വർഗ്ഗീസ് മാസ്റ്റർ, നാടൻകലാകളരിയെന്ന പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നത് അഭിമാനകരമാണെന്ന് അഭിപ്രായപ്പെട്ടു. മാടമ്പികലകളെ പ്രോത്സാഹിപ്പിക്കാൻ ആളുകളുണ്ടായിരുന്നു. എന്നാൽ മണ്ണിൻെറ മക്കളുടെ കലാവിശേഷങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ജില്ലാ പഞ്ചായത്തിൻെറ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്തിൻെറ നാട്ടറിവ് പരിപോഷിപ്പിക്കൽ വാക്കിൽ മാത്രമല്ല, പ്രവൃത്തിയിലും കാണുന്നു എന്നത് സന്തോഷകരമാണെന്ന് പറഞ്ഞുകൊണ്ടാണ് ഡോ. ഏ.കെ.നമ്പ്യാർ ആശംസാ പ്രഭാഷണം ആരംഭിച്ചത് .ഫോക്‌ലോർ ഇന്നലെയുടേതാണ്, ഇന്നിൻേറതാണ്, നാളെയുടേതുമാണ്. നാടോടി കലകൾ പിറന്നുവീണ അവസ്ഥയെ പരിഗണിച്ചുകൊണ്ടു വേണം പഠനം നടത്തുവാൻ. അശാസ്ത്രീയം എന്നു കരുതുന്ന പലതും നാട്ടറിവിൽ ഉണ്ടാവാം. എന്നാൽ അതിൽ പലതും ഒരു സമൂഹത്തെ തൃപ്തിപ്പെടുത്തിയിരുന്നവയാണ്. ഉദ്ഘാടന യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഏ.സി.സതീദേവി സ്വാഗതവും ജില്ലാ പട്ടികജാതി വികസന ആഫീസർ ശ്രീ.കെ.കെ.രവീന്ദ്രൻനായർ നന്ദിയും പറഞ്ഞു. തുടർന്ന് ഫീൽഡ് വർക്ക് നടത്തിയവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ പരിപാടിയായിരുന്നു. ചർച്ച ശ്രീ. പി.രഞ്ജിത്ത് നയിച്ചു. ഡോ.ഏ.കെ.നമ്പ്യാർ, ഡോ. സി.ആർ.രാജഗോപാലൻ, വി.കെ. ശ്രീധരൻ, കെ.പി.ദിലീപ് കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഫീൽഡ് വർക്കിലുണ്ടായ രസകരമായ അനുഭവങ്ങൾ പരസ്പരം കൈമാറുകയും പ്രവർത്തനത്തിലെ നേട്ടങ്ങളും പോരായ്മകളും വിലയിരുത്തുകയും ചെയ്തു. മുള്ളൂർക്കര അംബുജാക്ഷിയമ്മയും സംഘവും സർപ്പപ്പാട്ടും കളവും അവതരിപ്പിച്ചു. പഞ്ചവർണ്ണപ്പൊടികൾകൊണ്ട് മുറിപ്പാടം വരാതെ എഴുതിയ കളം നിറക്കൂട്ടുകളുടെ അപൂർവ്വ ചാരുതയുള്ളതായിരുന്നു. സുധീറിൻെറ കുരുത്തോല കൊണ്ടുള്ള




ഐങ്കുടി കമ്മാളർക്കുള്ള ഉപഹാരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എം.വി.വിശാലാക്ഷി ടീച്ചർ നൽകുന്നു.

കളിപ്പാട്ടനിർമ്മാണം കാണികളെ, പ്രത്യേകിച്ചും കുട്ടികളെ ആകർഷിച്ചു. മുള, പനയോല,വഴ, കുറ്റികൽപ്പയെന്ന വടി എന്നിവകൊണ്ട് നെയ്ത് ചുറ്റലകുകൊണ്ട് ചട്ടക്കൂടുണ്ടാക്കി ഓല മേഞ്ഞ്, കരവിരുതോടെ ആറാട്ടുപുഴ ശിവൻ ഓലക്കുട കെട്ടി

ഉച്ചക്ക് ശേഷം തൃശൂർ ജില്ലയിലെ അപൂർവ്വങ്ങളായ നാടൻകലകളുടെ വേല വരവായിരുന്നു. തങ്കപ്പനും സംഘവും അവതരിപ്പിച്ച നാടൻ പാട്ടോടെ വേലവരവ് ആരംഭിച്ചു. തുടർന്ന് മുളന്തണ്ടിൽ ഉറപ്പിച്ചിട്ടുള്ള നന്ദിയുടെ പ്രതീകമായ കാളയുടെ ചെറിയ രൂപവും ചുമലിലേറ്റി ചെണ്ടമേളത്തിൻെറ അകമ്പടിയോടെ മുട്ടുമടക്കിചുവട് വെച്ച് പാട്ടുപാടി രാമകൃഷ്ണനും സംഘവും കാളകളി അവതരിപ്പിച്ചു. തല വട്ടത്തിൽ കറങ്ങുന്ന പൊയ്ക്കുതിരയുമായി വന്ന് രാമകൃഷ്ണനും സംഘവും കുതിരകളി അവതരിപ്പിച്ചു. മങ്ങാട് ബാലനും സംഘവും വടികൾ കൈയിലേന്തി ചുവടുവെച്ച് വട്ടത്തിൽ ചുറ്റി അവതരിപ്പിച്ച നായാടിക്കളി ആകർഷകമായിരുന്നു. പണ്ട് ഗ്രാമാന്തരങ്ങളിൽ നാട്ടുകൂട്ടങ്ങൾ അവതരിപ്പിച്ചിരുന്ന കലാരൂപമാണ് പുറാട്ടുനാടകം. കെട്ടിയുയർത്തിയ കൃത്രിമ വേദിയോ സംവിധായകനോ എന്നല്ല ആധുനികനാടകത്തിൻെറ ആധികാരികസങ്കൽപ്പങ്ങളോ ഇല്ലാത്ത തികച്ചും ജനകീയമായ നാട്ടരങ്ങാണിത്. കുറവനും കുറത്തിയും തൃശൂർ പൂരം കാണാൻ പോയതും കൂട്ടം തെറ്റിയ കുറത്തിയെ കുറവൻ സംശയിക്കുന്നതും മൂന്നാമതൊരാൾ ഇടപെട്ട് വഴക്കുതീർക്കുന്നതുമായ രംഗങ്ങൾ മാള കണ്ണ നാശാനും സംഘവും അവതരിപ്പിച്ചു. കാണികളെ ഒരുപോലെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും അവതരിപ്പിച്ചവർക്ക് കഴിഞ്ഞു.

രണ്ടാം ദിവസം ആരംഭിച്ചത് ഐങ്കുടിക്കമ്മാളരെ ആദരിക്കുന്ന ചടങ്ങോടെയായിരുന്നു. ശ്രീ. വിജയകുമാർ മേനോൻ ആമുഖപ്രഭാഷണം നടത്തി. ശ്രീ. ചന്ദ്രൻ മുള്ളൂർക്കര, കൂത്തുപാലക്കൽ ഗോപാലൻ, വിജയനാശാരി ചേർപ്പ്, വേലായുധൻ വരന്തരപ്പിള്ളി എന്നിവർ സദസ്യരുമായി അനുഭവങ്ങൾ പങ്കുവെച്ചു. ആമുഖപ്രഭാഷണം നടത്തിക്കൊണ്ട് ശ്രീ.വിജയകുമാർ മേനോൻ ഐങ്കുടി കമ്മാളരുടെ വിജ്ഞാനഭണ്ഡാരം ഏതു സാങ്കേതിക സർവ്വകലാശാലയിലെ ഫാക്കൽറ്റിയേക്കാളും മെച്ചമാണെന്ന് അഭിപ്രായപ്പെട്ടു. കൊളോണിയൽ കാലഘട്ടത്തിൽ മാത്രമല്ല ഇന്നും കൈവേലക്കാരുടെ പെരുവിരൽ മുറിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. നാട്ടുനൈപുണികൾ അവരുടെ സാങ്കേതിക വിദ്യകളെക്കുറിച്ച് വിശദീകരിച്ചത് കാണികളിൽ ഈ വിഭാഗത്തെക്കുറിച്ച് മതിപ്പുളവാക്കി."ഒരച്ഛന് സ്വന്തം മക്കളെ തിരിച്ചറിയാം" എന്നതുപോലെ ഞാൻ ഉണ്ടാക്കിയ വെട്ടുകത്തി എനിക്ക് തിരിച്ചറിയാം" എന്ന് കരുവാൻ ശ്രീ. വരന്തരപ്പിള്ളി വേലായുധൻ കോടതിയിൽ മൊഴി കൊടുത്ത വിവരം ആവേശത്തോടെ അനുസ്മരിച്ചു.

തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. എം.വി.വിശാലാക്ഷി ടീച്ചർ ചടങ്ങിൽ



നാടൻകലാകളരിയുടെ രണ്ടാം ദിനം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.ആർ. വർഗ്ഗീസ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. സുബ്രഹ്മണ്യൻ, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. എം.എസ്.വിനോദ്, ഡോ.എ.കെ.നമ്പ്യാർ,ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. എ.സി.സതീദേവി, ശ്രീ.കെ.പി.ദിലീപ്കുമാർ, ശ്രീ.സുകുമാരൻ എന്നിവർ സമീപം.

മുഖ്യാതിഥിയായിരുന്നു. നാട്ടുനൈപുണികൾക്ക് ഉപഹാരങ്ങൾ നൽകി പ്രസിഡണ്ട് അവരെ ആദരിച്ചു. രണ്ടാം ദിവസം ഉച്ചതിരിഞ്ഞ് നാടൻകലകളുടെ വേലവരവായിരുന്നു. ശ്രീ. മുല്ലക്കൽ കുഞ്ഞുകുട്ടനും സംഘവും അവതരിപ്പിച്ച നന്തുണിപ്പാട്ടോടെ വേലവരവു ആരംഭിച്ചു. നേരത്തെ കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് അഡ്വ. സി.വി.ശ്രീരാമൻ ആമുഖപ്രഭാഷണം നടത്തി. അമ്മദൈവസങ്കൽപ്പത്തിൽ അവതരിപ്പിക്കുന്ന നൃത്തമാണ് മുടിയാട്ടം. തുടിയുടേയും ചെണ്ടയുടേയും വാദ്യത്തിനൊപ്പം, തയ്യകതാരേ തയ്യകതാരേ എന്ന വായ്ത്താരിയോടുകൂടി തേരമ്പിള്ളി മോഹനന്റെ സംഘം മുടിയാട്ടം അവതരിപ്പിച്ചു.

അതിരപ്പിള്ളി വാച്ചുമരം കോളനിയിലെ വീരപ്പനും സംഘവും വൈവിധ്യങ്ങളായ കലാരൂപങ്ങളാണ് അവതരിപ്പിച്ചത്. കുഴൽ വിളി, കോൽക്കളി, പരിശമുട്ടു കളി തുടങ്ങി ഇവർ അവതരിപ്പിച്ച കലാരൂപങ്ങൾ കാട്ടുകലാസംസ്ക്കാരത്തിന്റെ ഔന്നത്യം വിളിച്ചറിയിക്കുന്നതായിരുന്നു. നാടോടി സംഗീതത്തിൽ ഏറ്റവും പഴക്കമുള്ളതാണ് പാണരുടെ പാട്ടുകൾ. സംഘകാലത്ത് പാണസമുദായത്തിനുണ്ടായിരുന്ന പ്രാധാന്യം ചരിത്രവസ്തുതയാണല്ലൊ. മയ്യംപാട്ട് അല്ലെങ്കിൽ ശിവോതിപ്പാട്ട് തുയിലുണർത്തുപാട്ടിൽ ഉൾപ്പെട്ടതാണ്. ശിവന് മയക്കുമുണ്ടാകുമ്പോൾ ആ മയക്കം തീർക്കാൻ വേണ്ടിയാണ് തുയിലുണത്തുപാട്ടു പാടുന്നത്. 85-ാം വയസ്സിലും ഒട്ടും പതർച്ചയില്ലാതെയാണ് ശ്രീ.നാരായണൻ വരന്തരപ്പിള്ളി മയ്യംപാട്ട് പാടിയത്

അമ്മദൈവസങ്കല്പവുമായി ബന്ധപ്പെട്ടതാണ് കാളിയാരാധന. വേലവരവിൽ പലതരത്തിലുള്ള കാളികൾ കടന്നുവരുന്നു. കാളിയെ പല രൂപത്തിൽ, ചിഹ്നങ്ങളിൽ, പല ഭാവങ്ങളിൽ നാട്ടുകൂട്ടായ്മകൾ അവതരിപ്പിച്ചു പോന്നിരുന്നു. കുമ്പൻ മുടിയും കരുത്തോലയും ചൂടി ദേഹമാകെ കറുത്ത വേഷമിട്ട് നാവുനീട്ടി തീർത്തും രൗദ്രഭാവത്തോടെ ചെണ്ടമേളത്തിന്റെ അകമ്പടിയിൽ ചടുലമായ ചുവടുവെയ്പ്പോടുകൂടി അക്കിക്കാവ് 'ചിലമ്പൊലി'യിലെ പാപ്പു ആശാൻ വാളുമായി രംഗപ്രവേശം ചെയ്തു.കാളീസങ്കല്പത്തിന്റെ മറ്റൊരു രൂപമായ മഞ്ഞക്കാളിക്ക് വേഷമിട്ടത് ശ്രീ.തൊയ്ക്കാവ് രവീന്ദ്രനാണ്. കൊടുംകാളിയുടെ നിറമായ, നമ്മുടെ അനുഷ്ഠാനനിറങ്ങളിൽ പ്രാധാന്യമുള്ള മഞ്ഞവേഷത്തിൽ മരമെന്ന വാദ്യത്തിന്റെ അകമ്പടിയോടുകൂടി കൈയ്യിൽ വാളുമായി മഞ്ഞക്കാളി പ്രത്യക്ഷപ്പെട്ടു. അവസാനത്തെ ഇനം മലവായി ആട്ടം ആയിരുന്നു. കേരളസാഹിത്യ അക്കാദമിയുടെ തിരുമുറ്റത്ത് സ്മൃതി മണ്ഡപത്തിന് മുമ്പിൽ മലവായിത്തറയുണ്ടാക്കി മുല്ലത്തറയിൽ നാലുകോലം കെട്ടി പന്തലാട്ടം ആരംഭിച്ചു. മലവായി ആട്ടത്തിലെ മുഖ്യകഥാപാത്രങ്ങൾ മുക്കാൻചാത്തനും മലവായിയുമാണ്. മുക്കാൻചാത്തനും മലവായിയും ഏറ്റുമുട്ടുന്നതും വഴക്കിനും വക്കാണത്തിനും ശേഷം ആരും



കൈവേലക്കാരെ ആദരിക്കുന്ന ചടങ്ങിൽ പാലക്കാട് ഗോപാലൻ സംസാരിക്കുന്നു.
ശ്രീ. ചന്ദ്രൻ. ശ്രീ. വിജയനാശാരി. ശ്രീ. രാമായുധൻ എന്നിവർ സമീപം

ജയിക്കുന്നില്ലെന്ന് ഉറപ്പായപ്പോൾ പരസ്പരം അംഗീകരിച്ച് നഞ്ഞിലും നായാട്ടിലും ഒന്നായിത്തീരുന്നതുമായ രംഗങ്ങൾ കാഞ്ഞിരക്കോട് കെ.സി.ബാബുവും സംഘവും അവതരിപ്പിച്ചു. കളരിയുടെ രണ്ടാംഘട്ടമായ 'നാട്ടറിവിൻെറ നിനവ്' അവസാനിച്ചതായ പ്രഖ്യാപനം തികഞ്ഞ നഷ്ടബോധത്തോടെയാണ് സദസ്യർ കേട്ടത്. സ്വന്തം മനസ്സിലെ താളത്തിൽ മുഴുകിയിരുന്നവർ ഇതെല്ലാം നമുക്ക് അന്യമായി പോകുമോ എന്ന് ആശങ്കാകുലരായിരുന്നു. നമ്മുടെ നാട്ടറിവുകളെ പരിപോഷിപ്പിക്കാനുള്ള പരിപാടികൾക്ക് എല്ലാവിധ പിന്തുണയും തൃശൂർ ജില്ലാ പഞ്ചായത്തിന് വാഗ്ദാനം ചെയ്തുകൊണ്ടാണ് സദസ്യർ പിരിഞ്ഞത്.

ജനകീയാസൂത്രണത്തിൻെറ അന്തഃസത്ത തികച്ചും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചതുമൂലമാണ് നാടൻകലാകളരിയെന്ന പദ്ധതി ഏറ്റവും വിജയപ്രദമാക്കാൻ സാധിച്ചത്.ഗുണഭോക്താക്കളായ നാടൻകലാകാരൻമാർ, തങ്ങളുടെ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ് പദ്ധതിയെന്ന യാഥാർത്ഥ്യമുൾക്കൊണ്ടുകൊണ്ട് അകമഴിഞ്ഞ സഹകരണം നൽകുകയുണ്ടായി. ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടാതെ, സന്നദ്ധ പ്രവർത്തകരുടെ സഹകരണം ഈ പദ്ധതിയുടെ നടത്തിപ്പിൽ ആവോളമുണ്ടായിരുന്നു. ആർട്ട് ഹിസ്റ്റോറിയൻ ശ്രീ. വിജയകുമാർ മേനോൻ പദ്ധതിയുടെ പ്രവർത്തനത്തിൽ സഹായിച്ചിട്ടുണ്ട്. ഫീൽഡ്വർക്കിൽ നിന്നും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരണ യോഗ്യമാക്കിയ ശ്രീ. പി.രഞ്ജിത്തിനോട് കടപ്പെട്ടിരിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനത്തിൻെറ ആരംഭം മുതൽക്കേ സ്വയം സഹായഹസ്തവുമായി വന്ന 'കേരളീയതയുടെ നാട്ടറിവി' (Centre for Folklore Studies)ൻെറ പ്രവർത്തകരാണ് ഈ പദ്ധതി വിജയമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. നാട്ടറിവിൻെറ പ്രവർത്തകരായ ശ്രീ. ബിജു എഫ്.കല്ലൂക്കാരൻ, ശ്രീ. സി.ജി.സുനിൽകുമാർ, ശ്രീ. കെ.പങ്കജാക്ഷൻ, എന്നിവരോട് ഞങ്ങൾക്ക് നന്ദിയുണ്ട്. കൂടാതെ തൃശൂർ ജില്ലാ പഞ്ചായത്തിലേയും ജില്ലാ പട്ടികജാതി വികസന ആഫീസിലേയും ജീവനക്കാരും ഈ പദ്ധതിയുടെ നടത്തിപ്പിൽ മുഖ്യപങ്കാളികളായിരുന്നു. പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദി. ഇതൊരു തുടക്കം മാത്രമാണ്. □

തൃശൂർ,
20-6-98

കെ.കെ.രവീന്ദ്രൻ നായർ,
കൺവീനർ, നിർവ്വഹണസമിതി,
ജില്ലാ പട്ടികജാതി വികസന ഓഫീസർ

# തൃശൂർ/നാടൻകലാഭൂമിക

ഡോ.സി.ആർ.രാജഗോപാലൻ

1:0 തൃശൂർ ജില്ലയിലെ നാടൻകലകളെയും നാട്ടറിവുകളെയും സമാഹരിക്കാനുള്ള 'നാടൻകലാകളരി' എന്ന പദ്ധതി കേരളത്തിൽതന്നെ ആദ്യ സംരംഭമാണ്. ചില വിഷയങ്ങളെപ്പറ്റി ഫീൽഡ് വർക്ക് റിപ്പോർട്ടുകളും പഠനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഒരു ജില്ലയിലെ മുപ്പതോളം പഠിതാക്കളുടെ നേതൃത്വത്തിൽ നാടോടിജീവിതം കണ്ടെത്തുന്നത് ആദ്യമായിട്ടാണ്. ഇന്ത്യയിൽനടന്ന ഫീൽഡ്‌വർക്ക് സ്റ്റഡികളിൽ ശ്രദ്ധേയമായ ഒന്നാണ് തഞ്ചാവൂർ ജില്ലയിലെ നാട്ടറിവുകളെപ്പറ്റിയുള്ള സർവ്വേ (ശാന്തി 1994). വാമൊഴി, രംഗാവതരണങ്ങൾ, ആചാരങ്ങൾ, ഭൗതികസംസ്ക്കാരം എന്നിങ്ങനെ നാടൻകലയുടെ സമഗ്രതലങ്ങളെയും സ്പർശിക്കുന്നതായിരുന്നു നാടൻകലാകളരി. നാടൻകലയെ ഒരു അക്കാദമിക് കൗതുകമായി മാത്രം കാണാതെ ഒരു നാട്ടുകൂട്ടത്തിന്റെ ജീവിതപ്രമാണമെന്ന നിലയിൽ, നൂറ്റാണ്ടുകളായി നടന്നുപോരുന്ന ഒരു ചിന്താപദ്ധതിയുടെ രേഖ എന്നനിലയിൽ മനസ്സിലാക്കിയാണ് ഇതു നടത്തിയത്. അങ്ങനെ കണ്ടെത്തുന്നതാണ് നാട്ടറിവുകൾ. ഇതിനെ നാടോടി ജ്ഞാനസിദ്ധാന്തം (Folk epistamology) എന്നു വിളിക്കാം. ഇന്നത്തെ സാഹചര്യത്തിൽ നാട്ടറിവിന്റെ രാഷ്ട്രീയദൗത്യം വ്യക്തമാക്കുന്ന വിധത്തിലാണ് വസ്തുതകൾ ശേഖരിച്ചിട്ടുള്ളത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കരവേലകൾ ഒരു 'കരകൗശലം' (crafts) അല്ല, ഒരു കലാരൂപം തന്നെയാണ്. 'അരികുസത്യ'ങ്ങളായ ആദിവാസികളുടേയും ഗ്രാമീണരുടേയും ജനദേശീയതയെ വിളംബരപ്പെടുത്തുന്ന ഒരു നവീനപ്രസ്ഥാനമാണ് ഇന്ന് നാട്ടറിവ്. ജൈവസമഗ്രതയുടെ ഈ ദർശനത്തെ കണ്ടെത്തുന്നതാണ് ആധുനികോത്തര നാടൻകലാപ്രവർത്തനം. നാടൻകലയുടെ ഘടനാപരമായ വിശകലനത്തിൽനിന്ന് ഈ തനതു നാട്ടറിവാണ് (indigenous knowledge) പുനഃസൃഷ്ടിക്കുന്നത്.

1:1 ഒരു നാട്ടറിവ് ഉദയംകൊണ്ട ചരിത്രസന്ദർഭത്തെയും സ്ഥലകാലങ്ങളെയും അത് വ്യാപിക്കുന്ന പ്രസരണമേഖലയെയും കണ്ടെത്തുന്ന പല രീതിശാസ്ത്രങ്ങളും നാടൻകലാപഠനത്തിൽ ഉണ്ടായിട്ടുണ്ട്. അതിൽ ശ്രദ്ധേയമായ ഒരു പദ്ധതിയാണ് ചരിത്രാധിഷ്ഠിത ഭൂമിശാസ്ത്രപഠനരീതി (Historic geographic method). ഇതൊരു സിദ്ധാന്തമെന്നതിനേക്കാൾ ഒരു പഠന-ഗവേഷണ രീതിയാണ്. സങ്കീർണ്ണമായ നാടൻകലാ ഗണത്തിന്റെ ചരിത്രത്തേയും വ്യാപനത്തേയും പുനഃസൃഷ്ടിക്കുന്നതാണ് ഫിന്നിഷ് മെത്തേഡ് (ഡോർസൻ 1972 : 7). ഓരോ നാടോടിക്കഥയുടെയും പാഠഭേദങ്ങളുടെ (varients) സൂക്ഷ്മനിരീക്ഷണത്തിലൂടെ അവയുടെ ഉത്ഭവത്തേയും അർത്ഥത്തേയും കുറിച്ചുള്ള സാമാന്യമായ തത്വങ്ങളിലേയ്ക്ക് എത്തിച്ചേരാനാകുന്നു. ഒരു നാട്ടറിവിന്റെ ഉത്ഭവം, ചരിത്രം, ആദിരൂപം, വ്യാപനം എന്നിവ ഉൾക്കൊള്ളുന്ന രീതിശാസ്ത്രമാണിത്. ഒരു നാടൻകല പ്രചരിക്കുന്ന ഒരു ഭൂമിശാസ്ത്ര/സാംസ്ക്കാരിക മേഖലയുണ്ട്. അതിന്റെ വേരുകൾക്കും പടർപ്പുകൾക്കും പരിധികൾ ഉണ്ട്. പടയണി നടന്നുപോരുന്ന പ്രത്യേക ഭൂമിശാസ്ത്രമേഖലയുള്ളതുപോലെ കേരളത്തിലെ ഓരോ നാടൻകലയുടേയും പ്രചരണ മേഖല കണ്ടെത്താവുന്നതാണ്. ഈ ഇനങ്ങൾ മറ്റ് സാംസ്ക്കാരിക മേഖലകളിലേയ്ക്ക് ചിലപ്പോൾ വ്യാപിച്ചേക്കാം. നാടൻകലയുടെ എണ്ണമറ്റ രൂപഭേദങ്ങളിൽനിന്ന് ആദിരൂപത്തെ കണ്ടെത്തുന്ന പ്രായോഗിക പഠനരീതിയാണിത്. ഒരു നാടൻകല ഏതോ സാംസ്ക്കാരിക ആവശ്യകതയിൽനിന്ന് ഒരു സ്ഥലത്ത് ജനിക്കുകയും പിന്നീട് ബഹുതലത്തിലേയ്ക്ക് വ്യാപിക്കുകയും ചെയ്യുന്നതാണ് (monogenesis )ഫിന്നിഷ് മെത്തേഡ്. എന്നാൽ നാടൻകല ഓരോ സംസ്ക്കാരത്തിലും ഓരോരോ കാലഘട്ടങ്ങളിൽ വ്യത്യസ്തമായി രൂപപ്പെട്ടതാണെന്ന ബഹുകേന്ദ്രോൽഭവസിദ്ധാന്ത(polygenesis)വും നിലവിലുണ്ട്.

1:2 ഫിൻലാൻറിലെ ദേശീയനാടോടി ഇതിഹാസമായ 'കലേവാല'യുടെ സമാഹരണവുമായി ബന്ധപ്പെട്ട് 1926ൽ കാർലേ ക്രോഹനാണ് ഈ പഠനരീതി ആവിഷ്കരിച്ചത്. ഒരു ഭൂപടത്തിന്റെ സഹായത്തോടു കൂടിയാണ് രൂപഭേദങ്ങളുടെ ലക്ഷണവും പ്രചാരണവും രേഖപ്പെടുത്തിയത്. ആ മാർഗ്ഗത്തിലൂടെ ഏറ്റവും പഴയ വാമൊഴിരൂപം (oral version) കണ്ടെത്തുന്നു. ഫിന്നിഷ് മെത്തേഡിനെ 4 ഘട്ടങ്ങളായി തിരിക്കാം. ഒന്ന്: എല്ലാ പാഠഭേദങ്ങളും സമാഹരിക്കുക. അവയുടെ സ്ഥലം നിർണ്ണയം ചെയ്യുക. രണ്ട്: പാഠത്തിന്റെ ചട്ടക്കൂടിനെ യുക്തിപൂർവ്വം പരിശോധിക്കുക. കഥയെ പല ഘടകങ്ങളായി വിഭജിക്കുകയും കഥയിലെ ഒരു പ്രധാന സ്വഭാവ (trait)ത്തിന്റെ രൂപഭേദങ്ങൾ താരതമ്യം ചെയ്കയും ആദിരൂപങ്ങൾ (urtype/urform) കണ്ടെത്തുകയും ചെയ്യുക.

ഭൂമിശാസ്ത്രപരമായി കഥയുടെ വ്യാപനവും നിർണ്ണയിക്കുക. മൂന്ന് : പട്ടികകളും - ഭൂപടനിർമ്മാണവും. കഥകളുടെ ഭൂമിശാസ്ത്രപരമായ വിതരണത്തെ കാണിക്കുന്നഭൂപടം തയ്യാറാക്കൽ. നാല്: പഴയസാഹിത്യത്തിൽനിന്ന് തെളിവുകൾ കണ്ടെത്തൽ.

1:3 ആധുനികകാലത്ത് വാറൻ റോബർട്ട് ഈ രീതിശാസ്ത്രമുപയോഗിച്ച് ഒരു കഥയുടെ (കഥാ ഇനം 480) 900 പാഠങ്ങൾ ശേഖരിക്കുകയുണ്ടായി. ഈ കഥ 15-ാം നൂറ്റാണ്ടിനുമുമ്പ് നിയർ ഈസ്റ്റിൽ ഉണ്ടായതാണെന്നും അവിടെനിന്ന് വടക്കൻ യൂറോപ്പിലേയ്ക്ക് പ്രവേശിച്ചുവെന്നുമാണ് റോബർട്ട് പറയുന്നത്. സ്റ്റിത് തോംസൻ അമേരിന്ത്യൻ ഗോത്രവർഗ്ഗക്കഥകളാണ് ഈ രീതിയിൽ പഠിച്ചത്. ഒരു കഥയുടെ 6 പാഠഭേദങ്ങൾ 40 ഗോത്രങ്ങളിൽനിന്നായി കണ്ടെത്തി. രണ്ടുകന്യകമാർ നക്ഷത്രങ്ങളെ വിവാഹം കഴിച്ച് സ്വർഗ്ഗത്തിൽനിന്ന് രക്ഷനേടുന്നതാണ് കഥയുടെ മൂലരൂപം. എന്നാൽ ഈ രീതിശാസ്ത്രത്തിനെതിരെ ശക്തമായ വിമർശങ്ങൾ ഉയർത്തിയവരുണ്ട്. ഫോക്‌ലോറിൻ കാണുന്നപാഠഭേദങ്ങൾ രൂപഭേദങ്ങളല്ലെന്നും ഓരോ നാട്ടറിവിനും ഓരോ ചരിത്രമാണുള്ളതെന്നു അവർ പറയുന്നു. വൈവിധ്യമാർന്ന തനതുസംസ്ക്കാരങ്ങൾ അടുത്തടുത്തു കഴിയുന്നദിക്കിൽ ഈ പഠനം അപ്രയോഗികമാണെന്നഭിപ്രായപ്പെടുന്നവരുണ്ട്. പാഠഭേദങ്ങൾ അനന്തമായാലും ഈ രീതിശാസ്ത്രം പരാജയപ്പെടുന്നു. സ്ഥിതിവിവരക്കണക്കുകൾ, പട്ടികകൾ, ഭൂപടം, ഗ്രാഫ് എന്നിവയുള്ള ഫിന്നിഷ് മെത്തേഡ് ഇന്ത്യൻ പശ്ചാത്തലത്തിൽ പൂർണ്ണമായി യോജിക്കുകയില്ലെന്ന് മസുറുൾ ഇസ്ലാം എന്ന ഫോക്‌ലോറിസ്റ്റ് പറയുന്നു. എങ്കിലും ഈ രീതിശാസ്ത്രം ഉപയോഗിച്ചു നോക്കുന്നത് നന്നായിരിക്കും.

1:4 പത്തൊമ്പതാം നൂറ്റാണ്ടിൽ നരവംശശാസ്ത്രജ്ഞന്മാരാണ് ഫീൽഡ്‌വർക്കിൻെറ തത്വങ്ങൾ ആവിഷ്ക്കരിച്ചത്. രാഷ്ട്രീയവും സാംസ്ക്കാരികവുമായ ആധിപത്യത്തിന് ഉപയോഗപ്പെടുന്നവിധത്തിലാണ് അത്തരം കൃതികൾ രചിക്കപ്പെട്ടത്. പ്രാചീന/നാടോടി ഗോത്രങ്ങളെപ്പറ്റി ഇന്ന് വ്യവഹരിക്കുന്ന പല യൂറോ കേന്ദ്രീകൃത/മനുഷ്യകേന്ദ്രീകൃത സങ്കല്പങ്ങളും ആവിഷ്ക്കരിച്ചത് ആദ്യകാല ഫീൽഡ്‌വർക്കേഴ്സ് ആയിരുന്നു. അങ്ങനെ നാടൻകലയുടെ വക്താക്കൾ ആദിവാസികളും, പ്രാചീനരും, പ്രാകൃതരും, നരഭോജികളും, കാടന്മാരുമായി. ഗവേഷകന് വിവരങ്ങൾ നല്കുന്ന ഒരാൾ മാത്രമായിരുന്നു ആവേദകർ/കലാകാരൻ.

2:0 എന്നാൽ ഈ യാഥാസ്ഥിതിക തത്വങ്ങളെ തിരസ്ക്കരിക്കുന്നതാണ് ആധുനികോത്തരതത്വങ്ങൾ. ഇന്ന് ദേശത്തിൻെറ ആദിചരിത്രവും സാംസ്ക്കാരികവ്യത്യസ്തതയും കണ്ടെത്തുന്ന ഒരു സാംസ്ക്കാരിക പ്രവർത്തനമാണ് ഫീൽഡ്‌വർക്ക്. രേഖപ്പെടുത്തിയ ചരിത്രത്തിൽ ഇല്ലാത്ത നാടോടി സംസ്ക്കാരത്തിൻെറ ഭൂമിക പുനഃസ്ഥാപിക്കുന്ന പ്രക്രിയയാണിത്. അതിരുകളിലേക്കു മാറ്റി നിർത്തിയ ആദിവാസികളും ഗ്രാമീണ കലാകാരന്മാരും കൈകോർക്കുന്ന ഒരു ആഘോഷമാണ് ഈ അന്വേഷണയാത്ര. പ്രാചീന സംസ്ക്കാരത്തെ അതിനുപുറത്തുള്ളവരുടെ മേൽക്കോയ്മ വീക്ഷണത്തിലൂടെ നോക്കിക്കാണുന്നതായിരുന്നു പഴയ വസ്തുതാശേഖരണം. എന്നാൽ ഓരോ ഗോത്രത്തിൻേറയും ദേശത്തിൻേറയും തനിമയാർന്ന പ്രപഞ്ചവീക്ഷണം (world view) തിരിച്ചറിഞ്ഞാണ് പുതിയ നാട്ടറിവ് പ്രവർത്തകർ ഫീൽഡ്‌വർക്കിനു പുറപ്പെടുന്നത്.ഇവിടെ പലപ്പോഴും അംഗീകൃതമായ തത്വങ്ങൾ സഫലമാകാറില്ല. ആവേദകനെ സഹഗവേഷകനായി (co-researcher) കാണുന്ന ഈ നവീന സമീപനത്തിൽ ആവേദകൻെറ വ്യാഖ്യാനത്തിനും സൗന്ദര്യബോധത്തിനും (ethno aesthetics) പ്രാധാന്യം നൽകുന്നു. ഇവിടെ അവർ പറയുന്ന നാട്ടുമൊഴികൾ അതുപോലെ തന്നെ പകർത്താൻ ശ്രമിച്ചിട്ടുണ്ട്.

2:1 ജനപദപഠനരീതി (ethnography)യിലൂടെ സംസ്ക്കാരത്തെ പഠിക്കുന്ന രീതിശാസ്ത്രവും ചിലർ സ്വീകരിച്ചിട്ടുണ്ട്. ജാതികളും ഉപജാതികളും തൊഴിൽക്കൂട്ടായ്മകളും നിറഞ്ഞ കേരളത്തിലെ ഗ്രാമീണരീതികളുടെ നരവംശപരമായ പ്രത്യേകതകളും മനസ്സിലാക്കേണ്ടതുണ്ട്. അതിന് നാട്ടറിവുകൾ ശേഖരിക്കുന്നതിനുള്ള പ്രത്യേക രീതിശാസ്ത്രം ഉപയോഗിക്കേണ്ടതാണ് . Indigenous knowledge society രൂപപ്പെടുത്തിയതാണ് Guided field walk എന്നരീതി. കലാകാരൻെറ ഒപ്പം നടന്നുകൊണ്ട് പ്രകൃതി സാഹചര്യങ്ങളിൽനിന്നു തന്നെ വസ്തുതകൾ ശേഖരിക്കുന്ന രീതിയാണത്. (പാട്രിക്ക് 1996 :4 )

2:2 നാട്ടറിവുകളുടെ സർഗ്ഗാത്മകതയാണ് നാടൻകലകൾ എന്ന തിരിച്ചറിവാണ്പുതിയ നാടൻകല ഗവേഷണം. ആധുനിക സമൂഹത്തിൽ ഇവ നിർമ്മിക്കുന്ന ധർമ്മങ്ങളെ സന്തുലിതമായി വ്യവച്ഛേദിച്ചറിയേണ്ടതുണ്ട്. 'കൂട്ട'(Folk)ത്തിൻെറ ജീവിത വിവേകത്തെ ആധുനികസമൂഹത്തിൽ പുനഃപ്രതിഷ്ഠിക്കുന്നതിനും ഈ ഗതിതന്ത്രത്തിൽനിന്ന് സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ തിരിച്ചറിവ് അത്യാവശ്യമാണ്. ആരോഗ്യം, മണ്ണ്, അറിവ്, തുടങ്ങിയ മേഖലകളിലെല്ലാം ഈ നാട്ടറിവുകളെ പ്രയോഗപ്പെടുത്തുന്ന ഒരു വിവേകപൂർണ്ണമായ വികസനതന്ത്രം ഇന്ന് പല രാജ്യങ്ങളിലും ആരംഭിച്ചിട്ടുണ്ട്. എത്യോപ്യയിലും മറ്റും ക്ഷാമവും പട്ടിണിമരണങ്ങളും, പ്രകൃതികോപങ്ങളും ഉണ്ടായപ്പോൾ അവരുടെ കാട്ടറിവുകളെ പ്രയോജനപ്പെടുത്തി എങ്ങിനെയാണ് മുന്നോട്ടുനീങ്ങിയതെന്ന് ചില പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട് (ദീപാ നാരായണൻ 1996:89)

പങ്കാളിത്തഗവേഷണ (participatory research)ത്തിലൂടെ നാട്ടറിവുകൾ ശേഖരിക്കുകയും പരീക്ഷിക്കുകയും ചെയ്യുന്ന രീതി സിംബാബാവേ, കെനിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലും നടത്തിയിട്ടുണ്ട്. പാരമ്പര്യങ്ങൾ കൈമാറിയ ഈ ജൈവസത്യങ്ങളിൽ തദ്ദേശീയരുടെ സാംസ്ക്കാരിക സ്വത്വമാണ് കാണുന്നത്.

2:3 ഒരു ഭൂമിശാസ്ത്രമേഖലയിലെ നാടൻകലകൾ ശേഖരിക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള ആദ്യഘട്ടമാണ് ഈ പ്രോജക്ട്. ഇത് വെറുമൊരു ഗവേഷണ പ്രവർത്തനമല്ല. അന്വേഷണം, തിരിച്ചറിവ്, സാമൂഹ്യസന്ദർഭങ്ങളിൽ സർഗ്ഗാത്മകതസൃഷ്ടി എന്നീ മൂന്നുഘട്ടങ്ങൾ ഇതിന്റെ ലക്ഷ്യമായിരുന്നു. നാടൻകലയുടെ തദ്ദേശീയസൗന്ദര്യദർശനത്തിന്റെ നിർമ്മിതിയും അന്വേഷണത്തിന്റെ ഭാഗമായിരുന്നു. പ്രാചീന ആദിവാസിസംസ്ക്കാരത്തിന്റേയും ആദിദ്രാവിഡസംസ്കൃതിയുടേയും വേരുകളുള്ള ഈ ലാവണ്യബോധസൃഷ്ടി നവീനപഠനങ്ങൾക്ക് പ്രേരകമാകും. ഹാഡൻ എന്ന നരവംശശാസ്ത്രജ്ഞൻ നാടൻകലയുടെ പ്രാധാന്യത്തെപ്പറ്റി പറഞ്ഞ വാക്കുകളാണ് ഈ പദ്ധതിയുടെ ആദർശവാക്യം: 'ഇന്നില്ലെങ്കിൽ എന്നുമില്ല' (now or never). ആഭിജാതകലകളുടെ പ്രോത്സാഹനത്തിനും സംരക്ഷണത്തിനുമായി കുറ്റൻ സ്ഥാപനങ്ങൾ ഉയർന്നുവന്നു. ഈ കലകൾക്കും പ്രേരകമായ നാടൻകലകൾ എന്നും പതിതസത്യങ്ങളായി അരികിലായി. അതിനാൽ ഇവയെ കണ്ടെത്താൻ ശ്രമിക്കുന്നതുതന്നെ, ഒരു സാംസ്ക്കാരികപ്രവർത്തനമാണ്.

3:0 സർവ്വേ : മണ്ഡലവൃത്തിക്കുവേണ്ടി ഭൂമിക തെരഞ്ഞെടുക്കൽ, പഠിക്കുന്ന നാടൻകലാവിഭാഗം, ശേഖരിക്കുന്നതിനുപയോഗിക്കുന്ന രീതിശാസ്ത്രം, ശേഖരിച്ചവസ്തുതയുടെ അപഗ്രഥനം എന്നീ നാലുഘട്ടങ്ങളിലൂടെയാണ് നാടൻകലാസർവ്വേ നടത്തിയത്. അഭിമുഖം, ചോദ്യാവലി, നിരീക്ഷണം, പങ്കാളിത്തം, കലാകാരന്റെ ഒപ്പം സഞ്ചരിച്ചുള്ള നിരീക്ഷണം എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചാണ് പലരും വസ്തുത ശേഖരിച്ചിട്ടുള്ളത്.

3:1 ആദിചരിത്രം ഉറങ്ങിക്കിടക്കുന്ന തൃശൂർ മുല്ലയ്ക്കും നെയ്തൽ തിണക്കും ഇടയിൽ കിടക്കുന്ന 3032 ചതുരശ്ര കിലോമീറ്റർ വരുന്ന ഭൂപ്രദേശമാണ്. വടക്കുഭാഗത്ത് ഏറനാടറിന്റെ പരിസരം. വള്ളുവനാടിന്റേയും വന്നേരി നാടിന്റേയും സാംസ്ക്കാരികസവിശേഷതകൾ. കിഴക്ക് വനപ്രദേശത്തിന്റേയും കുതിരാൻ ചുരംവഴി പാലക്കാടിന്റേയും സാമീപ്യം. പടിഞ്ഞാറ് കടലോരപ്രദേശസംസ്ക്കാരം. തെക്ക് കൊച്ചി രാജ്യവംശത്തിന്റെ ഭാഗങ്ങൾ - നിറഞ്ഞ തൃശൂരിന് പുരാവസ്തുപരമായും ചരിത്രപരമായ ജനപഥശാസ്ത്രപരമായും തനതായ സവിശേഷതകളുണ്ട്.

3:2 ചാലക്കുടിപ്പുഴക്കും ഭാരതപ്പുഴക്കും ഇടയിൽ കിടക്കുന്ന ഈ ഭൂപ്രദേശം തനതായ നാടൻകലകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ രണ്ടുനദികളും ആനമല-പറമ്പിക്കുളം മലകളിൽനിന്ന് ജന്മമെടുക്കുന്നു. ഇതു കൂടാതെ മണലിയും നന്തിയാറും ചേർന്ന് രൂപപ്പെടുന്ന കരുവന്നൂർപുഴ, കരാഞ്ചിറപ്പുഴ, കേച്ചരിപ്പുഴ, ഗായത്രിപ്പുഴ, പെരിയാർപുഴയുടെ ചിലഭാഗങ്ങൾ, പറവൂർ മുതൽ പൊന്നാനിവരെ നീണ്ടുകിടക്കുന്ന കാനോലികനാൽ തുടങ്ങിയ ജലപ്രദേശങ്ങളും നദികളുടെ നാട്ടറിവുകളും അനവധിയാണ്.

3:3 വനസസ്ക്കാരം : ഷോളയാർ, കോടശ്ശേരി, പാലപ്പിള്ളി, പറവട്ടാനി മലനിരകളിൽ വനസംസ്ക്കാരത്തിന്റെ അടയാളങ്ങൾ കാണാം. നിത്യഹരിതവനങ്ങളും ഇലപൊഴിയും കാടുകളും ഇതിലുണ്ട്. (കണക്കിൽ 1006.72 ചതുരശ്രകിലോമീറ്റർ.) ഈ സഹ്യാദ്രിമലകളിൽ പ്രധാനമായും കാടർ, ഉള്ളാടർ, മലയർ, മുതുവാൻ എന്നീ ആദിവാസി വിഭാഗങ്ങളാണുള്ളത്. ചാലക്കുടിപുഴയുടെ തീരത്തിൽ വിഷവർ ഉണ്ടെന്ന് ലൂയിസ് പറയുന്നുണ്ടെങ്കിലും എവിടെയെന്ന് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. കൂടാതെ നായാടികൾ കുന്നംകുളം ഭാഗത്ത് താമസിക്കുന്നുണ്ട്. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ എണ്ണം 4051 ആണ്. ഇവരുടെ ആദിവാസികലകൾ ഇനിയും പൂർണ്ണമായും ശേഖരിക്കപ്പെട്ടിട്ടില്ല. ഈ വനസംസ്കൃതിക്ക് തനതായ നീതിയും ജീവിതവീക്ഷണങ്ങളുമുണ്ട്. അവരാണ് നാട്ടുവൈദ്യത്തിനും മറ്റും മലഞ്ചരക്കുകൾ താഴ്വരകളിലെത്തിച്ചിരുന്നത്. ഒരു കാലത്ത് ഇവർക്കുമാത്രം അറിയാവുന്നതും തമിഴ്നാട്, ഇടുക്കി, പാലക്കാട്, നിലമ്പൂർ ഭാഗങ്ങളിലേക്ക് എത്തിച്ചേരാവുന്നതുമായ കാട്ടുവഴികളും ഉണ്ടായിരുന്നു. ഇടുക്കിയിലെ മുതുവാന്മാർ പൂവ്വാർ വഴി മലക്കപ്പറയിലേക്കും വന്നിരുന്നു. നെഗ്രിറ്റോ അസ്ട്രലോയിഡ് വിഭാഗത്തിൽപ്പെട്ട ഈ ആദിവാസികളുടെ കുടികൾ ഇന്ന് ചില കോളനികളായിട്ടാണ് അറിയപ്പെടുന്നത്, മലക്കപ്പാറ, അടിച്ചിൽ തൊട്ടി, എച്ചിപ്പാറ.... ഈ ആദിവാസി ജനവിഭാഗങ്ങളെപ്പറ്റിയുള്ള സർവ്വേകൾ നടന്നിട്ടുണ്ടെങ്കിലും (ലൂയിസ് 1960) സംസ്ക്കാരത്തിനും കലയ്ക്കും നൽകിയ സംഭാവനകളെപ്പറ്റി വേണ്ടത്ര പഠനങ്ങൾ നടന്നിട്ടില്ല. ആദിവാസി സാക്ഷരതസമിതി ഇറക്കിയ ഗോത്രസ്മൃതിയാണ് ശ്രദ്ധേയമായ അന്വേഷണം (1996).

3:4 കടലോരസംസ്ക്കാരം : എറിയാട് മുതൽ പൊന്നാനിവരെയുള്ള കടലോരജീവിതം ആവിഷ്ക്കരിക്കുന്ന ഒരുപാട് നാടൻകലകളുണ്ട്. മുക്കുവരും മറ്റ് ഉൾനാടൻ മത്സബന്ധനം നടത്തുന്ന ജനവിഭാഗങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും കരകൗശലങ്ങളും വേണ്ടത്ര ശേഖരിക്കപ്പെട്ടി

ട്ടില്ല. കാലവർഷക്കാലത്ത് കടലിൽ കാണുന്ന 'ചാകര' എന്ന പ്രതിഭാസം, മീൻപിടുത്തം കാല വർഷമേഘങ്ങളുടെ വരവ് ഇവയുമായി ബന്ധപ്പെട്ട് ഒരുപാട് കഥകളുണ്ട്. കടലിൽ വച്ചു പാടുന്ന കടൽപ്പാട്ടുകളുണ്ട്. കടലുമായി ബന്ധപ്പെട്ട് അമ്പുംവില്ലും, താലം പോക്ക്, വാവൂട്ടൽ, വാക്കട പ്പുറം എന്നിങ്ങനെ അനവധി ചടങ്ങുകളുണ്ട്. ഉൾനാടൻ മത്സ്യഗവേഷണത്തിന്റെ നാട്ടറിവു കൾ അനവധിയാണ്. മീൻപിടുത്ത ഉപകരണങ്ങളുടെ കൈവേലകളും അവയുടെ പ്രയോഗവും മുക്കുവരുടെ സാങ്കേതികജ്ഞാനം വിളിച്ചു പറയുന്നവയാണ്.

3:5 പുരാവസ്തുപരമായ പ്രാധാന്യം : കേരളത്തിൽ മഹാശിലാസംസ്ക്കാരത്തിന്റെ ഭൗതി കാവശിഷ്ടങ്ങൾ ഏറ്റവും അധികം നിലനില്ക്കുന്നത് തൃശൂരിലാണ്. കുടക്കല്ലുകൾ, തൊപ്പിക്ക ല്ലുകൾ, നന്നങ്ങാടികൾ, വീരശിലകൾ മുനിയറ, പുലച്ചിക്കല്ലുകൾ എന്നിങ്ങനെയുള്ള പുരാ വസ്തുക്കൾ എയ്യാൽ, അരിയന്നൂർ, ചിറമനങ്ങാട്, വരന്തരപ്പിള്ളി, പാലപ്പിള്ളി, കോടശ്ശേരി തുട ങ്ങിയ സ്ഥലങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രാചീനരുപയോഗിച്ച പാത്രങ്ങൾ, അടയാളങ്ങൾ, മണികൾ ഇവയിൽനിന്ന് ആ സംസ്ക്കാരികത്തിന്റെ പ്രാചീന നാടോടി ജീവിതം ഊഹിക്കു വാൻ കഴിയും.

3:6. കാർഷികസംസ്ക്കാരം : കാടിനും കടലിനും ഇടയിലുള്ള ഇടനാട്ടിലാണ് കാർഷികസംസ്ക്കാ രത്തിന്റെ അലയൊലികൾ ഉണ്ടായിരുന്നത്. ജില്ലയിലെ കോൾകൃഷിയും മറ്റു പ്രാദേശിക കൃഷി രീതികളും സംഭാവന ചെയ്ത നാടൻകലാസംസ്ക്കാരം പലതും ശേഖരിക്കപ്പെട്ടിട്ടില്ല. കാർഷിക സംസ്ക്കാരം നിർമ്മിച്ച അടിയാളരുടെ പാട്ടുകളും കഥകളും ആചാരങ്ങളും അപൂർവ്വമായി ഇന്നും നിലനില്ക്കുന്നുണ്ട്. ഇടനാട്ടിൽ അശ്വതി, ഭരണി, കാർത്തിക നാളുകളിൽ അവതരിപ്പിച്ചുവരുന്ന വേലവരവിൽ പ്രതിബിംബിക്കുന്നത് ഈ കാർഷിക നാടോടിക്കലകളാണ്. ചെറുമക്കളും മറ്റു തൊഴിൽക്കൂട്ടായ്മകളും അമ്മദൈവക്കാവുകളിൽ ഒത്തുകൂടുകയും സ്വാതന്ത്ര്യം ആഘോഷിക്കു കയും ചെയ്യുന്നു. തൃശൂർ ജില്ലയിലെ 18 1/2 കാവുകൾ നാടൻകലകളുടെ കലവറയാണ്. പൂതനും തിറയും, കുടകളി, കൊടിവരവ്, വെളിച്ചപ്പാട്, കാളകളി, കുതിരക്കളി, കുഴിത്താളം, കളംപാട്ട്, കാളികെട്ട്, വയൽക്കളം, തെറിപ്പാട്ട് തുടങ്ങി എണ്ണമറ്റ കലാരൂപങ്ങൾ ആവിഷ്ക്കാരരൂപം തേടുന്ന വേലവരവാണ് ജില്ലയുടെ സ്വത്വം വ്യക്തമാക്കുന്ന ആഘോഷം. അതിൽ മച്ചാട് മാമാങ്കം, കുറു മാലിക്കാവ്വേല, മങ്ങാട് വേല, കാട്ടകമ്പാൽ പൂരം, ഉത്രാളിക്കാവ് പൂരം, അന്തിമഹാകളകാവ് വേല, കുമരഞ്ചിറ ഭരണി, മണിമലർക്കാവ് വേല തുടങ്ങിയവ പ്രസിദ്ധം. ഇതിൽ ആദിമ ചില പ്പതികാരകാല സങ്കല്പങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന കൊടുങ്ങല്ലൂർ ഭരണി ഉത്സവം നാട്ടു കൂട്ടായ്മയുടെ ഒരു മാമാങ്കം തന്നെയാണ്. അവിടെ മുഴങ്ങുന്നത് ഭാഗവതിപ്പാട്ടുകളും തെറിപ്പാട്ടു കളുമാണ്. തട്ടകം, കര, ദേശം എങ്ങിനെയായി വിഭജിച്ചു കിടക്കുന്ന ഗ്രാമസംസ്കൃതിയുടെ അമൂല്യചിഹ്നങ്ങൾ ഇത്തരം വേലകളിൽ കാണാം. ചിലപ്പതികാരം പുരാവൃത്തം മണ്ണാൻ തോറ്റ ത്തിൽ മുഴങ്ങി കേൾക്കുന്നു. നാഗാരാധനയുടെ ഒരു ശക്തികേന്ദ്രം കൂടിയാണ് തൃശൂർ. പാമ്പുമേ ക്കാട്ടിലും മറ്റു ചെറിയ ആയിരക്കണക്കിനുകാവുകളിലും സർപ്പപ്പാട്ടും കളമെഴുത്തും പതിവാണ്. ഇത്തരം കളങ്ങളിൽ 70 കളങ്ങൾ വരെ എഴുതിയിരുന്ന കലാകാരന്മാരുണ്ടായിരുന്നു. ഔഷധി കളായ നിറക്കൂട്ടുകൾ അതീന്ദ്രിയ നാഗദേവതകളുടെ തിരുവടിവുകൾ വരയ്ക്കുന്നു. നാഗസം ഗീതംകേട്ട് ഓരോരുത്തരും നാഗങ്ങളായി മാറുന്നു. ഇതിനുപുറമെ പ്രാചീന തമിഴ് സംസ്ക്കാ രത്തെ പ്രതിനിധീകരിക്കുന്ന കലാരൂപങ്ങളുമുണ്ട്. അതിനു കമ്പരാമായണം ഇതിവൃത്തമായി അവതരിപ്പിക്കുന്ന തോൽപാവകൂത്ത് പ്രസിദ്ധം.

ജില്ലയിലെ മുസ്ലിം കൃസ്ത്യൻ സമുദായങ്ങൾക്കും സമ്പന്നമായ നാടൻകലാസംസ്ക്കാരമുണ്ട്. നേർച്ചകളിലും പെരുന്നാളുകളിലും പരിണാമം സംഭവിച്ച നാടൻകലകളുടെ അവതരണങ്ങൾ കാണാം. പിഞ്ഞാണമെഴുത്ത്, കുത്തുറാത്തീബ് എന്നീ മാന്ത്രികാനുഷ്ഠാനങ്ങൾ ഇന്നും പുലരു ന്നുണ്ട്. ആധുനികതയുടെ മലവെള്ളപ്പാച്ചിലിൽ അനുനിമിഷം കുറ്റിയറ്റു കൊണ്ടിരിക്കുന്ന നാട ൻകലകൾ ഈ സാംസ്ക്കാരിക മേഖലയിൽനിന്ന് യുദ്ധകാലാടിസ്ഥാനത്തിൽ ശേഖരിക്കേണ്ടി യിരിക്കുന്നു. ഈ തുടക്കം ഒരു കാവുതീണ്ടലാണ്. □

Deepa Narayan, Towards participatory Research, World Bank Technical Paper Number 307, The World Bank. Washington 1996; 89-90.

Luiz AAD, Tribes of Kerala, Bharatiya Adimjati Sevak Sangh, New Delhi : 1960, P.

Patrick Maundu, Methodology for collecting and sharing indigenous knowledge: a case study, Indigenous Knowl edge 3(2) Netherland: 1995, P. 3-5

Richard M.Dorson (ed.) Folklore and Folklife, The University of Chicago Press, London : 1972, P.7.

Santhi G. Dr, Folklore Survery of Thanjavur District, Tamil University, Thanjavur : 1994.

ഗോത്രസ്മൃതി, ആദിവാസി സാക്ഷരതാ സമിതി, തിരുവനന്തപുരം : 1996.

# നാടൻകല/സംസ്ക്കാരം/സംഗീതം

കാവാലം നാരായണപ്പണിക്കർ

*അഭിമുഖം തയ്യാറാക്കിയത് : കെ.പി.ദിലീപ്കുമാർ, ടി.എം.ലേഖ*

*ചോദ്യം : ഫോക്ക്‌ലോർ എന്ന പദത്തിന് നാട്ടറിവ് എന്ന പദം ഉപയോഗിക്കുന്നതല്ലെ ശരി?*

ഉത്തരം : നാട്ടറിവ് എന്നത് തന്നെയാണ് നല്ലപദം. അത് വലിയ കലവറയാണ്. പാഞ്ചാലിയുടെ അക്ഷയപാത്രം പോലെ. അറിവിന് അന്തമില്ല. പുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന അറിവിന് പരിമിതികളുണ്ട്. എന്നാൽ വാമൊഴിയിൽനിന്നും ലഭിക്കുന്ന അറിവിന്റെ ആഴവും പരപ്പും അനന്തമാണ്. നമ്മുടെ കല ശേഖരിച്ചാൽ തീരില്ല. നഷ്ടപ്പെട്ടെന്ന് നാം വിചാരിച്ച പലതും നിലനിൽക്കുന്നുണ്ടെന്നത് ആഹ്ലാദകരമാണ്.

കൊല്ലങ്കോട് ഇരാവാൻ ക്ഷേത്രത്തിൽ ഇപ്പോഴും തുടർന്നുപോരുന്ന ഇരാവാൻ പാട്ട് ഇതിനുദാഹരണമാണ്. നാഗകന്യകയായ ഉലൂപിയിൽ അർജ്ജുനന് ജനിച്ച സന്തതിയാണ് ഇരാവാൻ. ഇരാവാൻ അമ്പ് കൂർപ്പിക്കുന്നത് കണ്ട ശ്രീകൃഷ്ണൻ എന്തിനാണ് അമ്പ് കൂർപ്പിക്കുന്നതെന്ന് ചോദിക്കുന്നു. മഹാഭാരതയുദ്ധത്തിൽ പങ്കെടുക്കുന്നതിനാണെന്ന് ഉത്തരം നൽകുകയും തന്റെ ശക്തി കാണിക്കുന്ന അമ്പെയ്യുകയും ചെയ്യുന്നു. അമ്പിന്റെ ശക്തികൊണ്ട് ആലിന്റെ ഇലകൾ നിശ്ശേഷം നശിക്കുന്നു. എന്നാൽ രണ്ടിലകൾ മാത്രം കൊഴിയാതെ അവശേഷിക്കുന്നു. ഇവ സത്യവും ധർമ്മവുമാണത്രെ. ഇരാവാന്റെ ശക്തിയറിഞ്ഞ് ദുര്യോധനൻ വരുന്നു. ചതിയിൽ ഇരാവാനിൽ നിന്നും യുദ്ധത്തിൽ ആത്മഹുതി ചെയ്യുകയിലെന്ന ഉറപ്പ് വാങ്ങുന്നു. എല്ലാം സത്യദൃഷ്ടിയോടുകൂടി മാത്രംകണ്ടാൽ മതിയെന്ന് കൃഷ്ണൻ പറയുന്നു. അവസാനം ഇരാവാൻ ആത്മഹൂതി ചെയ്യുന്നു. മഹാഭാരത കഥയുടെ ഈ നാടോടിപാഠം പുരാണ കഥയായാലും created myth ആണ്. ഇങ്ങിനെയുള്ള കഥകൾക്ക് അതിന്റേതായ സവിശേഷതകളുണ്ട്. ഒരു അനുഷ്ഠാനമായി അവതരിപ്പിക്കുന്ന ഇരാവാൻ ചരിതത്തെ ഏറ്റവും വലിയ യുദ്ധവിരുദ്ധ പുരാവൃത്തമെന്നു വേണമെങ്കിൽ പറയാം. ഭാസന്റെ നാടകത്തിൽ ട്രൈബൽ ജാതിക്കാരിയായ ഹിഡുംബിയെ ദൽഹിയിലും ഹിമാചൽ പ്രദേശിലുമൊക്കെ അവതരിപ്പിച്ചപ്പോൾ പുരുഷനെ കൊണ്ടാണ് വേഷമിടുവിച്ചത്. ഇത് വളരെയധികം വിമർശനത്തിന് വിധേയമായി. (ഹിഡുംബിയെ ഇവിടങ്ങളിൽ ദേവിരൂപത്തിൽ ആരാധിച്ചു വരുന്നു). ഭാരതത്തിൽ ധർമ്മപുത്രർ ആവശ്യപ്പെടുന്നതനുസരിച്ച് ഹിഡുംബ ഭീമനെ തോളിലേറ്റിക്കൊണ്ടുപോകുന്നു. ഭാസന്റെ നാടകത്തിൽ അച്ഛനായ ഭീമന്റേയും ഹിഡുംബയുടേയും സവിശേഷ തകൾ ഘടോൽകചനിലുണ്ട്. കഥാപാത്രത്തിന്റെ കരുത്ത് സൂചിപ്പിക്കാനാണ് ആണിനെക്കൊണ്ട് വേഷ മിടുവിച്ചത്. എന്തുകൊണ്ട് സ്ത്രീകഥാപാത്രത്തെ പുരുഷന് അവതരിപ്പിച്ചു കൂടാ? പകർന്നാട്ടമാണല്ലൊ നാടകം. നാട്ടറിവുകൾ മഹാഭാരതം പോലുള്ള പുരാണ കഥയിലായാലും created myth ആണ്.

രാമായണ കഥകൾ അണ്ടലൂർ കാവിൽ പ്രാദേശിക മിത്തായി അവതരിപ്പിക്കുന്നു. വിവിധ വേഷങ്ങൾ, പാട്ടുകൾ അവരുടെ അനുഭവങ്ങൾ എന്നിവ മിത്തുകളായി മാറുന്നു. ഭാരതരാമായണകഥകൾ മാത്രമല്ല ഈ രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നത്. തോറ്റങ്ങളിൽ പരന്നു കിടക്കുന്ന സാഹിത്യം പുസ്തകങ്ങളിൽനിന്നും ലഭിക്കാത്ത അറിവാണ്. പരിസ്ഥിതിയുമായും തലമുറകളുടെ അറിവുമായും അവ ബന്ധപ്പെട്ടു കിടക്കുന്നു. പഞ്ചുരുളി തെയ്യത്തിന് അനേകം പാഠങ്ങൾ ഉണ്ട്. കാലാകാലങ്ങളിൽ അവക്ക് മാറ്റം വരുത്തുന്നുമുണ്ട്. ടിപ്പുവിന്റെ കാലത്ത് Poaching law കേരളത്തിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ കാലത്ത് അതുമായി ബന്ധപ്പെട്ട കഥകൾ പഞ്ചുരുളി തെയ്യത്തിലും ഉപയോഗിച്ചു. മീൻപിടി നായാട്ടിന് മീൻ പിടിക്കാൻ പോയവരെ ബ്രിട്ടീഷ് ഏജൻറ് ഉഗ്രാണി കണ്ടെത്തിപ്പിടിച്ച് അവരെ കണ്ണൂർകോട്ടയിൽ ജയിലിലടക്കുന്ന കഥ ഉദാഹരണമാണ്. മല്ലൻപിള്ളയെ ആനകുത്തിയ പാട്ട് കൊയ്ത്ത് തുടങ്ങിയ ജോലി സമയത്ത് പാടുന്നു. കുഞ്ഞുണ്ണിയുടേയും ഇടശ്ശേരിയുടേയും മറ്റും കൃതികളിൽനിന്നും ഇത്തരം അറിവുകൾ നമുക്ക് ലഭിക്കുന്നു. കാഫ്കെയുടേയും മറ്റും കൃതികൾ വായിക്കുമ്പോൾ ലഭിക്കാത്ത സർഗ്ഗാത്മകത നമുക്കീകൃതികളിൽനിന്നും ലഭിക്കുന്നു. ഖസാക്കിന്റെ ഇതിഹാസം മറ്റൊരുദാഹരണമാണ്. ഒ.വി.വിജയന്റെ പാലക്കാടത്തം നാട്ടറിവാണ്.

*ചോദ്യം : കേരളത്തനിമ നാടൻകലകളിലാണോ പ്രതിഫലിക്കുന്നത്?*



എം. കെ. ഗോവിന്ദനും സംഘവും ഇഴാറ കൊട്ടിപ്പാടുന്നു

ഏതുനാടിൻേറയും തനിമ മണ്ണുമായി ബന്ധപ്പെട്ടുകൊണ്ടാണ് തിരയേണ്ടത്, നാടിൻെറ തനത് സംസ്ക്കാരം തകർത്തുകൊണ്ടാണ് നിലവിലുള്ള സംസ്ക്കാരം സ്ഥാപിച്ചിരിക്കുന്നത്. അമേരിക്കയിൽ പോലും അമ്പും വില്ലുമെടുക്കുന്ന സംസ്കാരത്തെ ക്രൂരമായി തകർത്തുകൊണ്ടാണ് ഇപ്പോഴുള്ള സംസ്ക്കാരം ഉടലെടുത്തിരിക്കുന്നത്. തെയ്യത്തെ ചെകുത്താൻെറ നൃത്തം (Devil dance) എന്നാണ് വിദേശികൾ പറഞ്ഞിരുന്നത്. Pseudo drama എന്ന് അവർ വിളിക്കുന്ന ഈ കലാരൂപങ്ങൾ അനുഷ്ഠാനത്തിൻെറ സ്വഭാവത്തിലാണ് നമുക്ക് ലഭിക്കുന്നത്. മുടിയേറ്റുപോലുള്ള കലാരൂപങ്ങളുടെ അടിവേരുകളിൽ ചെന്നെത്താൻ സാധിക്കാത്തവരാണ് പ്രാക് രൂപേണയുള്ള നാടകം എന്നതിനുപകരം Psuedo Drama (കപടനാടകം) എന്ന പേരിട്ടത്. കവിത ആഖ്യാനമാണ് എന്നതുപോലെ നാടകവുംനോവലും ആഖ്യാനമാണ്. ആഖ്യാനത്തിന് നാടകത്തിൽ വരുന്ന പുനർജനി ദൃശ്യതയിൽ കൂടിയാണ്, ഇതിൽ അർത്ഥത്തെ ക്രിയയാക്കുന്ന imagery സൃഷ്ടിക്കപ്പെടുന്നു. അതാണ് അർത്ഥക്രിയ. ചാക്ഷുകമായ തലത്തിലേക്ക് അർത്ഥത്തെ വ്യാപരിക്കുന്നതിനാണ് നാടകത്തിലെ കഥാകഥനം വരുന്നത്. കഥാകഥനത്തിനോ ആഖ്യാനത്തിനോ അതീതമായ ഭാവ പരിണാമമാണിത്. വെറും കഥ പറയലല്ല നോവൽ, കവിത, നാടകം എന്നീ സാഹിത്യരൂപങ്ങൾ. എല്ലാ കാര്യത്തിനും സൂക്ഷ്മാപഗ്രഥന ഏകകങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കടലിലെ ഒരു തുള്ളി വെള്ളമെടുത്തു പരിശോധിച്ചാൽ കടലിൻെറ ആകെ സ്വഭാവം ലഭിക്കും എന്നതുപോലെ ഓരോ ഘടകത്തിലും മൊത്തം സൃഷ്ടിയുടെ സവിശേഷതകൾ കാണുന്നു. നമ്മുടെ അസ്തിത്വത്തിൻെറ തനിമയെ ഇല്ലാതാക്കുവാൻ നമുക്ക് സാധിക്കുകയില്ല. പുതിയ ആവിഷ്ക്കാരത്തിന് ഏറ്റവും ആവശ്യമായി വരുന്നത് അത് ഒരു മിത്താക്കി മാറ്റുക എന്നതാണ്. സത്യവും ധർമ്മവും നിലനിന്ന് പോരുന്നു എന്നതിന് ഒരു പുരാവൃത്തമാനം ഉണ്ടാകണം. അതിന് ഒരു കെട്ടുകഥാ സ്വഭാവമുണ്ട്. ഗ്രീക്ക് സംസ് ക്കാരത്തിൽ അനവധി മിത്തുകളുണ്ടല്ലൊ. ഈ മിത്തുകളുടെ തനത് രൂപത്തിന് മാറ്റം വന്നിട്ടുണ്ടെങ്കിലും, അവിടവിടെയായി പലയിടത്തും അവ നിലനിൽക്കുന്നു. തീയാട്ടം പോലുള്ള പരിപാടികൾ ഇപ്പോഴും അവിടെയുണ്ട്. അവരുടെ പാട്ടുകളിലും ഒപ്പാരിപ്പാട്ടിൻെറ അംശങ്ങളുണ്ട്. മരണപ്പാട്ടുപാടുന്ന (mourn song) മൂന്ന് സഹോദരങ്ങളിൽ ഒരാൾ മരിച്ചപ്പോൾ മറ്റു രണ്ടുപേർ ചേർന്ന് സഹോദരന് മരണപ്പാട്ട്പാടിയ കരളലിയിക്കുന്ന കഥ ഇപ്പോഴും നിലനിൽക്കുന്നു. ഈ ലേഖകൻ ചൈന സന്ദർശിച്ചപ്പോൾ അവിടെ നിലനിൽക്കുന്ന, കൗതുകകരമായ ധാരാളം വിശ്വാസങ്ങളെക്കുറിച്ച് അറിവ് കിട്ടി. ബീജിങ്ങ് ഒപ്പേറചന്തയിൽ പണത്തിൻെറ ദേവതയെ പൂജിക്കുന്ന പതിവുണ്ട്. പഗോഡയിൽ മണിയടിച്ച് പ്രാർത്ഥിച്ചാൽ ഉദ്ദിഷ്ടകാര്യം സാധിക്കുമെന്ന് ചൈനക്കാർ വിശ്വസിക്കുന്നു. ഇങ്ങിനെ ഒട്ടേറെ വിശ്വാസങ്ങളും ആചാരങ്ങളും ഉണ്ട്. ഇതെല്ലാം സാമൂഹ്യവിശ്വാസങ്ങളായി പരിണമിക്കുന്നു. ഇതിൻെറ ശാസ്ത്രീയതയല്ല പ്രശ്നം. ഇവ കൂട്ടായ്മക്ക് പശിമ ചേർക്കുന്നു. ഒരു ഭൗതീകാതീതസങ്കൽപ്പം അടങ്ങുന്ന അനുഷ്ഠാന സ്വഭാവമുള്ള വിശ്വാസങ്ങളാണിവ.

*ചോദ്യം : മറ്റു രാജ്യങ്ങളിൽ ഫോക്ക് ആർട്ടിനെ കലയിലും രാഷ്ട്രീയത്തിലും പുനഃസൃഷ്ടി നടത്തിയിട്ടുണ്ട്. കേരളത്തിൽ ഉണ്ടായിട്ടുണ്ടോ?*

നമ്മുടെ സാമൂഹ്യസ്വത്വത്തെപ്പറ്റിയുള്ള സഞ്ചിതമായ ഈടിരിപ്പുകൾ നാം അറിഞ്ഞിരിക്കണം. അതിൻെറ പുറംതോട് പൊട്ടിച്ച് ഉൾക്കാമ്പ് കണ്ടെത്തണം. അന്വേഷിക്കില്ല എന്ന കൊടും വാദത്തിൻെറ ആവശ്യമില്ല. വിശ്വാസത്തെ കുറിച്ച് ചോദ്യം ചെയ്ത് അതിൻെറ യഥാർത്ഥ മൂല്യമെന്തെന്ന

റിയാതെ വിമർശിച്ചാൽ സത്യാന്വേഷണത്തിന് ഭംഗം വരും. ഇക്കാര്യത്തിൽ ഒരു വ്യത്യസ്ഥ മനോഭാവമാണ് യൂറോപ്യൻമാർക്കുള്ളത്, അവർ പഠിക്കാൻ ശ്രമിക്കും. അർത്ഥശൂന്യമെന്ന് വിധിയെഴുതി തള്ളുകയില്ല ഈ സമീപനം നമുക്കില്ല. ഇതുകൊണ്ടുവരുന്ന കുഴപ്പം നെല്ലും പതിരും നാം തിരിച്ചറിയുന്നില്ല എന്നതാണ്. തുടമുള്ള നെല്ലുകൾ നാം തിരിച്ചറിയണം. അതിന്റെ നരവംശശാസ്ത്രപരവും സൗന്ദര്യശാസ്ത്രപരവുമായ അംശങ്ങൾ കാണാതെ വളരെ ബാഹ്യമായ വിശ്വാസങ്ങളെമുറുകെ പിടിച്ചുകൊണ്ട് അവയെ നിഷേധിക്കുന്നത് ശരിയായ രീതിയല്ല അടി ക്കാട്ടങ്ങൾ എന്ന് മുദ്രകുത്തി തള്ളി ക്കളഞ്ഞവരുടെ വിജ്ഞാനങ്ങളാണ് വിലപിടിച്ചത്. പാശ്ചാത്യ വിദ്യാഭ്യാസമാണ് നാട്ടറിവിനോട് പുച്ഛം തോന്നുവാൻ കാരണം. നമ്മിലേക്ക് നോക്കാൻ നാം പഠിച്ചില്ല കൈമോശം വന്നാലും എവിടെ നിന്നെ ങ്കിലും നമ്മുടെ മുന്നിൽ വന്ന് അത് ചാടും - മറ്റൊരു context-ൽ - നശിക്കാതെ ചില കാര്യങ്ങൾ കിടക്കും ഫോക്ക്ലോറിനും പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നു. 2000 വർഷം മുൻപ് എങ്ങിനെയായിരുന്നോ അതുപോലെയല്ല ഇപ്പോൾ. അത് അപ്പാടെ നിലനിർത്താൻ നമുക്ക് സാധിക്കുകയില്ല. തനിമയായ ഒന്ന് ഇപ്പോൾ അന്വേഷിച്ചാൽ കിട്ടുമോ? കിട്ടുന്നതിന്റെ കാതലായ ഭാഗം,സത്ത്, അതിന്റെ ദാർശനിക ഭാവം തന്നെയാണ്. ഉറവ വറ്റാതിരിക്കുന്ന ഒരു സംസ്കൃതിക്ക് അതിന്റെ പ്രഭവഘട്ടത്തിലെ ശുദ്ധി എന്നും, എവിടെനിന്നും കണ്ടെത്താൻ സാധിക്കും. ലഭ്യമായ നാട്ടറിവുകൾ, സർക്കാരും 'കേരളീയതയുടെ നാട്ടറിവ്', പോലുള്ള പ്രസ്ഥാനങ്ങളും കിട്ടാവുന്നത്ര ശേഖരിക്കേണ്ടതാണ്. ഇവ സംരക്ഷിക്കുന്നതിൻേറയും സ്വായത്തമാക്കുന്നതിൻേറയും ആവശ്യത്തിലേക്ക് ബോധവൽക്കരണം വേണം. നാടകത്തിലും പാട്ടിലും (സിനിമാ പാട്ടിലും) ഇവ പുനർജനിക്കുന്നുണ്ട്. "നാഴൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം", "കായലരികത്ത് വലയെറിഞ്ഞപ്പോൾ" എന്ന് തുടങ്ങിയ ഗാനങ്ങൾ ഇതിനുദാഹരണം. ശ്രീ. പി.ഭാസ്കരനെപ്പോലുള്ളവർ ഈ രംഗത്ത് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. ആധുനികതയിൽ ഇതിന് പ്രാധാന്യം വരുന്നു. വൈദേശികത്തിൻ കീഴിലമർന്നാലും മലയാളത്തെ മറക്കാൻ പാടില്ല. ഭാഷാസ്നേഹവും ദേശസ്നേഹവും വീണ്ടും ഉണ്ടാ കുകയും വളർത്തിയെടുക്കുകയും വേണം. ഇക്കാര്യത്തിൽ ഒരു താത്വിക സമീപനം ഉണ്ടായേതീരൂ. D.P.E.P പോലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു മാറ്റമുണ്ടാക്കാൻ ശ്രമമുണ്ടാകുന്നത് സ്വാഗതാർഹമാണ്. നാട്ടറിവ് ഒരു source ആക്കുന്നത് നല്ലതാണ്. നാട്ടറിവിൽ അന്തർഭവിച്ചിട്ടുള്ള dynamicsലൂടെ (പ്രസരണത്തിലൂടെ) നമ്മുടെ വിദ്യാഭ്യാസം പ്രവർത്ത്യുൻമുഖമാക്കാൻ സാധിക്കും.

*ചോദ്യം : കേരളത്തിൽ നാടോടി സംഗീത പഠനം (enthnomusicology) എന്തുകൊണ്ട് വികസിച്ചില്ല.*

അടുത്ത കാലത്ത് 1960കൾ മുതലാണ് വംശീയ സംഗീതത്തെക്കുറിച്ച് താല്പര്യം കാണിച്ചു തുടങ്ങിയത്. ഈ വിഷയത്തിൽ ഒരു വിദുരതാല്പര്യം വെച്ചുകൊണ്ട് ഹംഗേറിയൻ യൂണിവേഴ്സിറ്റി പ്രൊഫസറായ Rudolfvig ethnomusicology യെപ്പറ്റി പഠിച്ചിരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേയും, ഇന്ത്യയിലേയും വംശീയ സംഗീതത്തിലുള്ള സാമ്യമാണ് ഇങ്ങിനെയൊരു പഠനത്തിന് പ്രേരണ നൽകിയത്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ സംഗീതം ഇന്ത്യയിലേക്ക് വന്നതല്ല. ഇവിടെനിന്നും പോയതാണ് എന്നതിന് അധിഷ്ഠിതമായി ഈ വംശീയ സ്വാധീനം കണ്ടെത്താനാണ് വിഗ് വന്നത്. 1969-ൽ കോട്ടയത്തെ പണിയൻമാരുടെ പാട്ട് ശേഖരിച്ചു, ജിപ്സി മ്യൂസിക്കുമായി അവരുടെ പാട്ടിന് വളരെ സാമ്യമുണ്ട്. ഗ്രീസിലെ പാട്ടും കുളത്തൂപ്പുഴയുള്ള ആദിവാസിപ്പാട്ടും തമ്മിൽ വലിയ സാദൃശ്യമുണ്ട്. കിഴക്കൻ യൂറോപ്പിലാകെ വികസിച്ചത് ഈ സംഗീതമാണ്. അതിനുശേഷം ഗ്രീസിൽ ബൈസാൻറയിൻ സംഗീതം വന്നു. ഈ സംഗീതം നിലനിൽക്കെ തന്നെ മെഡിറ്ററേനിയൻ സംഗീതം വന്നു. 1960കളിൽ തന്നെ കേരളസംഗീത നാടക അക്കാദമിയിൽ സോപാനസംഗീതത്തെക്കുറിച്ച് ചർച്ച ആരംഭിച്ചു. ആറ്റൂർ കൃഷ്ണപിഷാരടിയുടെ നേതൃത്വത്തിൽ, സോപാനസംഗീതം ഉണ്ടോ ഇല്ലയോ എന്നതായിരുന്നു തർക്കവിഷയം. സോപാനസംഗീതം ഉണ്ട് എന്ന് തന്നെ അംഗീകരിച്ചു.ഞരളത്തിന് സോപാനസംഗീതത്തിൽ അവാർഡ് നൽകുകവഴി ഇത് സ്ഥാപിക്കപ്പെട്ടു. സോപാനസംഗീതത്തിൽ ജീവസ്വരമാണ് ഉപയോഗിക്കുന്നത്. സോപാനസംഗീതം ഗ്രാമാന്തരങ്ങളിൽ ചിതറിക്കിടക്കുന്ന നാട്ടറിവിന്റെ അംശമാണ്. പ്രധാനം ഭാവഫലത തന്നെയാണ്. ഏത് പ്രവർത്തിക്കും ആ പ്രവർത്തിക്ക് അനുകൂലമായി, സമാന്തരമായി Vocalisation ഉണ്ട്. ഇത് ആ പ്രവർത്തിക്ക് ആവശ്യമായ ആക്കം നൽകുന്നു. സംഗീതത്തിന്റെ പ്രത്യേകതയാണത്. ഭാവത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ചുവട്. നമ്മുടെ ജീവിതചര്യകളുമായി ബന്ധപ്പെട്ട ഊന്നൽ പാട്ടിലുണ്ട്. ഭാവ സംഗീതത്തിന്റെ പ്രയുക്തമേഖലകളിൽ വ്യത്യസ്ഥ അളവുകളുണ്ട്. പ്രധാനമായും നാട്ടുവഴക്കത്തിലെ വിശാല പ്രകൃതി ബന്ധം കഥകളിയിലും യക്ഷഗാനത്തിലും വന്നു - ഒരാൾപ്പാട്ടിലും, കൂട്ടപ്പാട്ടിലും വന്ന ഈ thrust (സ്ലോഭം) ഇതിന്റെ പ്രത്യേകതയാണ്. അതിന്റെ പ്രായോഗിക വശത്തിന് നമുക്ക് നിറങ്ങളുടെ പാട്ടുണ്ടാക്കാം. നിറങ്ങളുടെ പാട്ടുണ്ടാക്കുന്ന ഘട്ടത്തിലേക്ക് വന്ന് അത് ക്ഷേത്രസോപാനത്തിൽ എത്തുമ്പോൾ ഈ ഭാവസംഗീതത്തെ abstract ആക്കി. മുടിയേറ്റിൽ ഇതിന്റെ അനുഷ്ഠാനപരത കൂടുന്നു. കളമെഴുത്ത് പാട്ടിന് 'നിറം പാടൽ' എന്ന് പേരുവന്നു. തിരുമാന്ധാംകുന്നിൽ ഘനസംഘം അയ്യടിപ്പാട്ടിൽ ദേവിയെ കേശാദിപാദം വർണ്ണിക്കുന്നു. നിയാതർത്ഥത്തിൽ അത്രയേ ഉള്ളു. □

# നാടോടിരംഗവേദി

ഡോ. വയലാ വാസുദേവൻപിള്ള

അരങ്ങ് എല്ലാ സംസ്ക്കാരങ്ങളിലും ആഘോഷവേദിയാണ്. ആനന്ദത്തിനും ആരാധനയ്ക്കും അതുപയോഗിക്കുന്നു. ആരാധനയാവണം അതിപ്രാചീനകാലം മുതൽക്കേ അരങ്ങിലേക്ക് വിശ്വാസിയെ അടുപ്പിച്ചത്. കാലദേശാതീതമായ ഒരു സമീപനമാണിത്. കൊട്ടിയുംപാടിയും താളം ചവുട്ടിയും ചിലപ്പോൾ ഉറഞ്ഞുതുള്ളിയും നിയതമായ ഒരു സ്ഥലത്ത് ആരാധകരെ ചുറ്റും കൂട്ടിയിരുന്ന ആഭിചാര-മന്ത്രവാദനൃത്തരൂപങ്ങളോ കുറേക്കൂടി 'പരിഷ്കൃത'മായ അനുഷ്ഠാനങ്ങളോ എന്താണെങ്കിലും സമൂഹജീവിയായ മനുഷ്യൻെറ കൂട്ടായ്മയുടെ പ്രക്രിയയും ഫലവുമായിരുന്നു ഈ രംഗപ്രയോഗങ്ങൾ. തെളിഞ്ഞ ആകാശച്ചോട്ടിൽ നിബിഡമായി വളർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ നടുവിൽ സമൂഹത്തെസാക്ഷി നിർത്തി ഒരാൾ മതിമറന്ന് തുള്ളുകയാണ്. പലപ്പോഴും ഇത് രാത്രിയിലാണ്. പകലും അസംഭാവ്യമല്ല. തുള്ളൽ കാണാൻ ഗ്രാമം മുഴുവനും ഇളകിയെത്തിയിട്ടുമുണ്ട്. വെറുതെയല്ല. തനിക്കും തൻെറ ഗ്രാമത്തിനും മോക്ഷം തേടണം. ഇതാണ് ഓരോ പ്രേക്ഷകൻേറയും ലക്ഷ്യം. മോക്ഷം ഇവിടെ രണ്ടുതരത്തിലുണ്ട്. ബ്രഹ്മസോദരമായ ആനന്ദാനുഭൂതിയിലൂടെയും ദൈവസായൂജ്യം ലക്ഷ്യമാക്കിയുള്ള വിശ്വാസപൂർവ്വമായ അനുഷ്ഠാനങ്ങളിലൂടെയും. എന്താണെങ്കിലും അത്യന്തം വിശാലമായൊരരങ്ങും (space) അരങ്ങിൽ ആടി (അഭിനയിച്ച്) ഫലിപ്പിക്കാനുള്ള ഒരു കഥാവസ്തുവും അതുകണ്ട് നിർവൃതിപൂണ്ട് ജീവിതം സഫലമാക്കുന്ന പ്രേക്ഷകരും ചേർന്നതാണ് നമ്മുടെ നാടോടി രംഗവേദി.

ഇവിടെ സൂചിപ്പിച്ച രംഗവേദി നിഷ്കൃഷ്ടമായ അർത്ഥത്തിൽ നാടോടിയാണ്. കാരണം, അത് നമ്മുടെ പ്രകൃതിജന്യമായ അടിസ്ഥാന ജീവിതശൈലിയിൽനിന്ന് ജൈവരൂപം പ്രാപിച്ചതാണ് എന്നതുതന്നെ. ഒരർത്ഥത്തിൽ അത്തരമൊരു ജീവിതശൈലിയെ രൂപപ്പെടുത്തുന്ന ഒട്ടനേകം ഘടകങ്ങളിൽ ഒന്നാണ് ഈ അരങ്ങ്. ജീവിതം പ്രകൃതിയുടെ എല്ലാഭാവങ്ങളുമായും പ്രതിപ്രവർത്തിച്ച് സ്വായത്തമാക്കിയ തനത് രീതിയാണ് നാടോടി കൊണ്ടർത്ഥമാക്കുന്നത്. അമ്മയുടെ ഗർഭപാത്രത്തിൽ കിട്ടുന്ന ശ്രദ്ധയും സംരക്ഷണവും പിറന്നുവീണ കുഞ്ഞിന് പ്രകൃതിയുടെ പരിലാളനയിൽ ലഭിക്കുന്നു. 'തേനും വയമ്പും'മുതൽ ആറടി മണ്ണിലേക്കുള്ള അവസാന യാത്ര വരെ അന്തരീക്ഷവും പരിതസ്ഥിതികളും ഊർജ്ജം നൽകിയാണ് മനുഷ്യനെ വളർത്തിയത്. മണ്ണിൽ ചവുട്ടുന്ന സുഖം, വെയിലുംമഴയും കൊള്ളുന്ന ആഹ്ലാദം! രോഗത്തിന്, ചുറ്റും വളർന്നു നിൽക്കുന്ന ചെടികളുടെവേരും തണ്ടും ഇലയും പൂവും കായും മരുന്ന്! സൂര്യചന്ദ്രന്മാർക്കും നക്ഷത്രജാലങ്ങളും ജീവൻെറ നാന്ദിയും ഭരതവാക്യവും രണ്ടിനുമിടയ്ക്കുള്ള ജയാപജയങ്ങളും നിമ്നോന്നതങ്ങളും നിർണ്ണയിക്കുന്നു. പഞ്ചഭൂതങ്ങൾ ജീവനെ സംരക്ഷിക്കുന്നു. മണ്ണും മനുഷ്യനും തമ്മിൽ അഭേദ്യമായ കൊള്ളക്കൊടുക്കൽ. നന്മതിന്മകളെ തിരിച്ചറിഞ്ഞ് ദേവാസുരന്മാർ മനുഷ്യനെ വലംവയ്ക്കുന്നു. എല്ലാം മുജ്ജന്മ സുകൃതം അഥവാ പാപഫലം. അതനുഭവിച്ചു തീർക്കുക ഈ ഭൂമിയിൽ. മരണശേഷവും ജീവിതകാലകർമ്മങ്ങളുടെ ഗുണദോഷങ്ങൾ ആത്മാവിനെ പിന്തുടരുന്നു. ആ മരണാനന്തര സുഖമോർത്തെങ്കിലും ജീവിതത്തിൽ സൽക്കർമ്മം ചെയ്യാൻ പ്രേരിതരാവുന്നു. എല്ലാറ്റിനുംദൈവം സാക്ഷി നിൽക്കുന്നു. അദൃശ്യമായ ആ അദ്ധ്യക്ഷസ്ഥാനം മാനിച്ചു കൊണ്ടേ മാലോകർക്ക് ആരേയും സംബോധന ചെയ്യാനാവൂ. അച്ഛനമ്മമാരും മുതിർന്നവരും ഗുരുജനങ്ങളും ആരാധ്യർ. അപ്രതീക്ഷിതമോ അകാരണമോ ആയ രോഗം, ക്ഷാമം, വരൾച്ച,പേമാരി എന്നീ പീഡനങ്ങൾക്ക് ദേവപ്രീതി പരിഹാരം. പ്രീതി വരുത്താൻ വ്രതാനുഷ്ഠാനങ്ങളിലൂടെയുള്ള ജീവിതവും പ്രകൃതി ശക്തിയുടെ അജയ്യതയെ അംഗീകരിക്കലും, വ്യക്തിയും ഗ്രാമവും ഉള്ളുണർന്ന് പരദേവതകളെ പ്രാർത്ഥിച്ച് അടിയറ പറയണം. അഹങ്കാരം അങ്ങനെ ഇല്ലാതാവുന്ന സമൂഹത്തിന് വന്ധ്യത, മഹാരോഗങ്ങൾ, പ്രകൃതിക്ഷോഭം, കൃഷിനാശം എന്നിങ്ങനെ അനേകം പീഡാനുഭവങ്ങളിൽനിന്ന് മോചനം ലഭിക്കും..... ഇങ്ങിനെ വൈയക്തികവും സാമൂഹികവുമായ ശുദ്ധീകരണ പ്രക്രിയ അരങ്ങേറുന്നതാണ് നമ്മുടെ മിക്ക നാടോടിരംഗവേദികളും.

തെയ്യവും മുടിയേറ്റും പടയണിയും പോലെയുള്ള വിശിഷ്ടങ്ങളായ നാടോടി 'കലാരൂപ'ങ്ങൾക്ക് പശ്ചാത്തലമായിവർത്തിക്കുന്ന രംഗമനസ്ഥിതിയാണ് ഇവിടെ സൂചിപ്പിച്ചത്. ഏതെങ്കിലും ഒരു പ്രത്യേക നാടോടി കലാരൂപത്തിൻെറ അരങ്ങ് വർണ്ണിക്കുകയല്ല ഇവിടെലക്ഷ്യം.

കേരളത്തിലെ നാടോടി രംഗവേദിയുടെ പൊതുസ്വഭാവം അന്വേഷിക്കാനാണ് ശ്രമിക്കുന്നത്. നൂറ്റാണ്ടുകളായി രൂപപ്പെട്ടുവന്ന ജീവിതശൈലിയുടെ ആത്മീയാവിഷ്ക്കാരമാണ് നമ്മുടെ നാടോടിരംഗവേദി. പ്രാദേശികമായി അതിന്റെ ഭൂമിശാസ്ത്രത്തിനും രൂപഘടനക്കും വ്യത്യാസങ്ങളുണ്ടാവും. ചിലയിടങ്ങളിൽ ചുറ്റമ്പലത്തിന് പുറത്ത് മാലോകർക്കെല്ലാം വന്നു കൂടാവുന്ന വിശാലമായൊരു മൈതാനത്തിലാവും. ആൽത്തറയോ വിളക്കുവയ്ക്കാവുന്ന കെട്ടിയുയർത്തിയ പീഠങ്ങളോ കേന്ദ്രസ്ഥാനത്തുണ്ടാവും. എന്നാൽ ചെറിയ കാവുകളോട് ചേർന്നാണ് മറ്റു പലയിടങ്ങളിലും രംഗവേദി രൂപപ്പെട്ടിട്ടുള്ളത്. നമ്മുടെ സംസ്ക്കാരത്തിന്റെ പരിസരബന്ധിയായ ഒരു ജൈവഘടകമാണ് കാവുകൾ. ആരാധനാമൂർത്തിയെ പ്രതിഷ്ഠിച്ച് നിത്യേനയോ വിശേഷദിവസങ്ങളിലെങ്കിലുമോ അവിടെ വിളക്കുവയ്ക്കും. പ്രാന്തപ്രദേശത്ത് ഒരു കുളവുമുണ്ടാവാം. വലുതും ചെറുതുമായ വൃക്ഷലതാദികളുടെ ഒരു ലഘുസമുച്ചയമാണ് കാവ്. ഈ ഭൗതികരൂപവർണ്ണനക്കപ്പുറം ദാർശനികമായി പറഞ്ഞാൽ മനുഷ്യനെപ്പോലെ സ്വതന്ത്ര അസ്തിത്വമുള്ള ഒരു ജൈവഘടകമാണ് കാവ്. വൃക്ഷലതാദികളുടെ ഒരു ലഘു സമുച്ചയം മാത്രമല്ല അകത്ത് തുടിക്കുന്ന ഒരു മനസ്സുമുണ്ട്! ഏറ്റവും ചെറിയ പ്രാണികൾ മുതൽ പലപ്പോഴും ഉരഗജന്തുക്കൾ വരെ കാവിനകത്തുണ്ടാവാം. ആരാധനക്കെത്തുന്ന മനുഷ്യൻ 'ഭൂമിയുടെ ഈ അവകാശികളെ' അവർക്കർഹമായ ആ സ്ഥലം കയ്യേറാതെ അവരേയും ഭരിക്കുന്ന 'ദൈവങ്ങളെ' വണങ്ങി വിനയപൂർവ്വം തിരിച്ചു പോരുന്നു. ഇവിടെ വിശേഷനാളുകളിലോ വർഷത്തിലൊരിക്കലോ നാടിന്റെ ഹൃദയത്തുടിപ്പ്കളിലോ വർഷത്തിലൊരിക്കലോ നാടിന്റെ ഹൃദയത്തുടിപ്പ് സാഘോഷം പ്രകടമാക്കുന്ന അനുഷ്ഠാന പരിപാടികളുണ്ടാവും. പവിത്രമായി പരിഗണിക്കപ്പെടുന്ന കാവും പരിസരവുമാണ് രംഗവേദി. ചെറിയൊരു പൂജയിൽ തുടങ്ങി പലപ്പോഴും വെളിച്ചപ്പാടിന്റെ ഉറഞ്ഞുതുള്ളലിലവസാനിക്കുന്ന ആരാധനയുടെ ഈ 'കളിയാട്ടം' കാണാൻ ആയിരങ്ങൾ പ്രാർത്ഥനാപൂർവ്വം ഓടിയെത്തുന്നു. ഈ വേദി ദേവപൂജയ്ക്കും അതിന്റെ തുടർച്ചയായ ആനന്ദനൃത്തത്തിനും ഒരുപോലെ ഉപയോഗിക്കപ്പെടുന്നു. അതിപ്രാചീനകാലം മുതൽക്കുള്ള ഈ വേദീസങ്കല്പം ഈഷൽ ഭേദങ്ങളോടെ ഇന്നും നിലനിൽക്കുന്നു. മനുഷ്യക്കുരുതിയിൽനിന്ന് ആടുമാടുകളിലേക്കും അവിടെനിന്ന് കുമ്പളങ്ങ മുറിക്കലിലേക്കും വരെ മനുഷ്യൻ വളർന്നപ്പോഴും വേദിയുടെ പവിത്രതയ്ക്ക് ഭംഗം വന്നിട്ടില്ല. ഭരതമുനി നാട്യശാസ്ത്രത്തിൽ അനു ശാസിക്കുന്നതുപോലെ വേദമന്ത്രോച്ചാരണങ്ങളോടെ നിലമൊരുക്കി അഷ്ടദിക് പാലകന്മാരുടെ സംരക്ഷണയിൽ രംഗനിർമ്മിതി നിർവ്വഹിക്കുന്നില്ലെങ്കിലും സമൂഹത്തിന്റെ ആരാധനാ - വിശ്വാസങ്ങൾ മൂലം പവിത്രീകരിക്കപ്പെട്ട നിശ്ചിത സ്ഥലം അർഹമായ രീതിയിൽ സജ്ജീകരിക്കുന്നു. മൺചിരാത്, ചുറ്റുവിളക്ക്, നിലവിളക്ക്, പന്തം, ചൂട്ട് തുടങ്ങിയ സ്വാഭാവിക ദീപവിതാന പ്രക്രിയയും അന്തരീക്ഷവും സൗകര്യവുമനുസരിച്ച് ഉപയോഗിക്കും. അവതരിപ്പിക്കുന്ന രംഗരൂപത്തിന് ഭാവാത്മകമായി അർത്ഥവും ചാരുതയും ചേർക്കുന്ന രീതിയിലാണ് ഇവിടെ തറയൊരുക്കി വെളിച്ചം വിന്യസിക്കുന്നത്.

നമ്മുടെ നാടോടി കലാരൂപങ്ങളിൽ ഏറിയ പങ്കും അനുഷ്ഠാനപരമാണ്. മുമ്പ് സൂചിപ്പിച്ചത് പോലെ കലയും ജീവിതവും താരതമ്യേന പ്രാർത്ഥനാമയമായ ഒരന്തരീക്ഷത്തിലാണ് ഈ അരങ്ങിൽ 'ആട്ടം' നടത്തുന്നത്. ഇതിന് സംസ്ക്കാരത്തിന്റെ അടിത്തട്ടോളമെത്തുന്ന ഒരു പുരാവൃത്തമുണ്ടാവും (Myth). ഈ പുരാവൃത്തത്തിന്റെ വിശ്വാസപൂർണ്ണമായ ആവർത്തന പ്രക്രിയയാണ് (Ritual) അരങ്ങിൽ നാം കാണുന്നത്. ഈ ആവർത്തിതമായ അനുഷ്ഠാനം ഒരു രംഗകലയുടെ അടിസ്ഥാനസ്വഭാവങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു (Theatre). ഈ മൂന്ന് ഘടകങ്ങളും - പുരാവൃത്തവും അനുഷ്ഠാനവും ദൃശ്യകലയും - ഉചിതസമവായത്തിൽ വിന്യസിക്കുമ്പോഴാണ് ഒരു നാടോടിരംഗരൂപം അനുഭവവേദ്യമാകുന്നത്. ഇവയിൽ ഏതെങ്കിലും ഒരംശം മുന്തിനിൽക്കുന്ന കലാരൂപങ്ങളുമുണ്ട്. പുരാണേതിഹാസങ്ങളിലെ ദേവീ-ദേവന്മാരേയും അസുരന്മാരേയും (മുടിയേറ്റ്, കാളിയൂട്ട്, പടയണി തുടങ്ങിയവ) സംബന്ധിക്കുന്ന നാടോടി കലാരൂപങ്ങളുണ്ട്. അതുപോലെ മനുഷ്യന്റെ വീരചരമംമൂലം ദൈവീകപദവിയിലേക്കുയർത്തപ്പെടുന്ന ഉദാത്തമായ അനുഷ്ഠാനങ്ങളുമുണ്ട്. തെയ്യം, തിറ, എന്നിവ ഇവയിൽപെടും. ഈ അനുഷ്ഠാനരൂപങ്ങളിലെല്ലാം സാധാരണ മനുഷ്യന്റെ ജീവിതത്തിലെ നന്മയും തിന്മയും പാപപുണ്യങ്ങളും ബന്ധനവും മോചനവുമെല്ലാം ദൃശ്യവൽക്കരിക്കപ്പെടുന്നു. അനുഷ്ഠാനപരമല്ലാത്ത പൊറാട്ട്, മാർഗ്ഗംകളി, സംഘക്കളി, കാക്കാരശ്ശിനാടകം തുടങ്ങിയ ഒട്ടനേകം ജനകീയ രംഗരൂപങ്ങളും നമ്മുടെ പൂർവ്വകാല ഗ്രാമ്യജീവിതത്തിന് ശുദ്ധിയും സമ്പന്നതയും നൽകിയിരുന്നു. ഈ നാടോടിരൂപങ്ങളിലെല്ലാം സ്വാഭാവികമായി ലയിച്ചുചേർന്നിട്ടുള്ള ദൃശ്യപ്പൊലിമയും നാടകീയതയുമാണ് ഇന്നത്തെ തലമുറയെ ഇവയോട് അടുപ്പിക്കുന്നത്. പ്രകൃതത്തിലും പെരുമാറ്റത്തിലും വൈവിദ്ധ്യമുള്ള കഥാപാത്രങ്ങളും അവയ്ക്കിണങ്ങുന്ന വാചികവും ആംഗികവും ആഹാര്യവുമായ അഭിനയ സമ്പ്രദായങ്ങളും ശ്രദ്ധേയമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണം മുടിയേറ്റ് ആണ്. ശിവനാരദ സംവാദം, ദാരികന്റെ പുറപ്പാട്, കാളിയുടെ വരവ്, കോയിമ്പടാരുടെ പ്രവേശം, കൂളിയുടെ പുറപ്പാട്, കാളിയും ദാരികനുമായുള്ളയുദ്ധം, ദാരികന്റെ പലായനം, കാളിയുടെ കലിയടക്കൽ, മുടിയെടുക്കൽ, മുടിയുഴിച്ചിൽ എന്ന നിർവ്വഹണം ഇങ്ങനെ എട്ട് അങ്കങ്ങളുള്ള ഒരു നാടകമാണ് മുടിയേറ്റ്. ഇതുപോലെഓരോ നാടോടിദൃശ്യരൂപത്തേയും അപഗ്രഥിച്ച് അവ

യുടെ നാടകീയതയും രംഗസാദ്ധ്യതകളും കണ്ടെത്താവുന്നതാണ്. എല്ലാ നാടോടി കലാരൂപങ്ങളിലും ശ്രദ്ധേയമായ ഒരു ഘടകം അവയിലെ പ്രേക്ഷകപങ്കാളിത്തമാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ ആധുനിക നാടകാസ്വാദകൻെറ മാനസികാവസ്ഥയല്ല ഇവിടെ പ്രേക്ഷകൻേറത്. 'പ്രേക്ഷകൻ' എന്ന പ്രയോഗവും അപൂർണ്ണമോ ചിലപ്പോൾ അർത്ഥരഹിതമോ ആകാം. കാരണം അമ്പലത്തിലോ, കാവിലോ അമ്പലപ്പറമ്പുകളിലോ പാടത്തോ ഒക്കെ പ്രാർത്ഥനാപൂർവ്വം ആടിയിരുന്ന ഈ നാടോടിരംഗരൂപങ്ങൾ കാണുവാനല്ല, ആരാധിക്കുവാനാണ് വിശ്വാസികൾ ഓടിയെത്തിയിരുന്നത്. അനുഷ്ഠാനാംശം കുറയും തോറും ഈ വിശ്വാസികൾ 'പ്രേക്ഷക'രായി മാറുകയും ചെയ്യുന്നു. ഉദാഹരണത്തിന്, തെയ്യത്തിന് ചുറ്റും നമ്രമനസ്ക്കരായി കൂടിയിരിക്കുന്ന 'വിശ്വാസി'കളല്ല, പൊറാട്ട് കണ്ട് ആസ്വദിക്കുന്ന 'പ്രേക്ഷകർ'. മുടിയേറ്റിലും വിശ്വാസത്തിൻെറ അംശം കൂടും. കളമെഴുത്ത് ആരംഭിക്കുന്നതോടെ തദ്ദേശവാസികൾക്ക് ദേവീ (കാളി) സാന്നിദ്ധ്യം അനുഭവപ്പെടുന്നു.ഇവിടെ പ്രേക്ഷകനും വിശ്വാസിയുമൊക്കെയായ ഗ്രാമീണർ രംഗസംഭവങ്ങളിൽ മനസ്സ് പൂർണ്ണമായി ലയിപ്പിക്കുന്നു എന്നതാണ് പ്രധാനം. അരങ്ങിലെ കഥാപാത്രങ്ങൾ പലപ്പോഴും അതീന്ദ്രിയാവസ്ഥയിലേക്ക് വഴുതിവീഴുമ്പോഴും പ്രേക്ഷകൻ അവരെ പിന്തുടരുന്നു. സ്ഥല-കാല സങ്കല്പങ്ങളിലും ക്രിയാപുരോഗതിയിലും ഈ അനുധാവനമാണ് സംഭവിക്കുന്നത്. ഭൂമിയും സ്വർഗ്ഗനരകങ്ങളും പാതാളവുമെല്ലാം നിത്യേന പരിചയമുള്ളതുപോലെ കഥാപാത്രങ്ങളോടൊപ്പം കാണിയും അനുഭവിക്കുന്നു. ഗ്രാമീണരിലൊരുവൻ - സ്വജാതീയനോ വിജാതീയനോ ആവാം, ദൈവ സാന്നിദ്ധ്യമുള്ള കഥാപാത്രമാവുന്നതും ആ കഥാപാത്രം തന്നെ പല ദേശ-കാലങ്ങളിലും രൂപഭാവങ്ങളിലും മാറി വളർന്ന് ആരാധനാ മൂർത്തിയാവുന്നതും ഗ്രാമം തന്നെ സാക്ഷ്യം വഹിക്കുന്നു. പ്രേക്ഷകൻെറ ഇന്ദ്രിയാനുഭവങ്ങളെ തൃപ്തിപ്പെടുത്താൻ പോന്ന ആഹാര്യഭംഗിയും മേളക്കൊഴുപ്പും അഭിനയ ഗാംഭീര്യവും നമ്മുടെ നാടോടി രംഗവേദിയുടെ സവിശേഷ ഘടകങ്ങളാണ്. പ്രേക്ഷകനിവിടെ പൂർണ്ണപങ്കാളിയാണ്.

നമ്മുടെ പാരമ്പര്യരംഗവേദിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം അതിൻെറ പരിസരമാണ് (Environment). പരിസരത്തിന് ക്രിയാത്മകമായ സ്വാധീനശക്തിയുണ്ടെന്ന് ആഢ്യവും അനാഢ്യവുമായ രംഗകലകൾ തെളിയിച്ചിട്ടുമുണ്ട്. അനാഢ്യമെന്ന് വിശേഷിപ്പിക്കപ്പെടുന്നനാടോടി ദൃശ്യകലകളിൽ പരിസരസ്വാധീനം വളരെ പ്രകടമാണ്. പരിസരത്തിൻെറ ഭൗതികവും ആത്മീയവുമായ തലങ്ങളിൽ പ്രേക്ഷകനേയും പ്രയോക്താവിനേയും സക്രിയമായി അതു ബന്ധിപ്പിക്കുന്നു. പ്രകൃതിയുടെ വിശാലമായ മടിത്തട്ടിൽ ആടിത്തിമർക്കുന്ന കുട്ടികളെപ്പോലെ, അമ്മയുടെ പാർശ്വപരിലാളനകളിൽ കളിച്ചുല്ലസിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ നമ്മുടെ നാടോടിരംഗവേദിയിൽ വേഷമണിഞ്ഞ കലാകാരൻ എല്ലാം മറന്നാടുന്നു. ഈ വിശ്വപ്രകൃതി വാത്സല്ല്യപൂർവ്വം അതു വീക്ഷിക്കുന്നു. പ്രേക്ഷകനെ സംബന്ധിച്ചിടത്തോളവും പരിസരം ഈ വിശ്വപ്രകൃതിയോളം വലുതാവുന്നു. മുന്നിലാടുന്ന ദേവാസുര കഥാപാത്രങ്ങളോ ധർമ്മാധർമ്മമൂർത്തികളോ കൂടുതൽ അർത്ഥമുണ്ടാക്കുന്നത് ഈ പ്രകൃതിയുടെ സാന്നിദ്ധ്യം മൂലമാണ്. ഇവിടെ 'പരിസര'ത്തിൽ സമനിലയിൽ വർത്തിക്കുന്ന മറ്റ് വിശ്വാസികളായ പ്രേക്ഷകരും കാണിയ്ക്കും കാഴ്ചയ്ക്കും പശ്ചാത്തലമൊരുക്കിനിൽക്കുന്ന വൃക്ഷലതാദികളും നീലാകാശവും ഭാവം മാറിക്കൊണ്ടിരിക്കുന്ന ചന്ദ്രനും നക്ഷത്രകൂട്ടങ്ങളും ഋതുഭേദങ്ങളുമെല്ലാം തന്നെ ഉൾപ്പെടുന്നു. ആധുനിക നാടകവേദിയിൽ പ്രേക്ഷകർ പല തട്ടുകളിലാണല്ലോ ഇരിപ്പിടമുറപ്പിച്ചിരിക്കുന്നത്. പ്രയോക്താവ് മറ്റൊരുയർന്നതലത്തിലും, പ്രൊസീനിയം നാടകവേദിയിലെ ഈ രാജാ-പ്രജാബന്ധമല്ല നമ്മുടെ നാടോടി രംഗവേദിയിലെ നടനും പ്രേക്ഷകനും പരിസരവും തമ്മിലുള്ള സന്തുലിതവും ആത്മീയവുമായ ബന്ധം. സാമൂഹികമായ ഒരനുഭവം പങ്കിടുകയാണ് പാരമ്പര്യ നാടകവേദിയിൽ. പുരാണവും പുരാവൃത്തവും പൊതുസ്വത്തായ ധർമ്മാധർമ്മ വിവേചനങ്ങളും ഇവിടെ പുനർവിചിന്തനം ചെയ്ത് ഓരോരുത്തരും പങ്കുവയ്ക്കുന്നു. ആധുനികനാടക (പ്രൊസീനിയം) വേദിയിലാണെങ്കിൽ അധീശവർഗ്ഗ പ്രതിനിധിപോലെയാണ് നടൻെറ പെരുമാറ്റം. പ്രേക്ഷകൻ സ്വീകർത്താവായ നിസ്സഹായനും ആഴത്തിൽ പഠന വിഷയമാക്കേണ്ടതാണ് ഈ (രാഷ്ട്രീയ) ബന്ധം. ഒരർത്ഥത്തിൽ സമത്വംസ്വപ്നം കണ്ട് എല്ലു മുറിയെ പണിയെടുത്തു ജീവിച്ച ഭൂരിഭാഗം ജനതയുടെയും ചൂഷണരഹിതമാർഗ്ഗങ്ങൾക്ക് സാമൂഹികവും കലാപരവുമായ പ്രകാശനോപാധിയായിരുന്നല്ലോ അവരുടെ അരങ്ങുകൾ. ഈ വേദിയിൽ ഉച്ചനീചഭാവങ്ങളില്ലാതെ മനുഷ്യർ ഏകാത്മകമായി സമ്മേളിക്കുകയും കൂട്ടായ്മ ഉറപ്പിച്ച് പിരിയുകയും ചെയ്തിരുന്നു.

കേരളത്തിൻെറ നാടോടിരംഗവേദിയെപ്പോലെ ഭാരതത്തിലെങ്ങും ഒരു കാലത്ത് സജീവവും അർത്ഥവത്തുമായ അരങ്ങുകൾ ഗ്രാമീണ ജീവിതത്തെ സമ്പന്നമാക്കിയിരുന്നു. ബി.സി.മൂന്നാം നൂറ്റാണ്ടു മുതൽ എ.ഡി.പത്താം നൂറ്റാണ്ടുവരെ ഭാരതത്തിൽ സംസ്കൃത നാടകവേദിയുടെ പ്രഭാവം പ്രകടമായിരുന്നു. എന്നാൽ അതുകഴിഞ്ഞ് ഏകദേശം പതിനാറാം നൂറ്റാണ്ടുവരെയുള്ള മുസ്ലീം ഭരണകാലത്തു ഔദ്യോഗികവും ഔപചാരികവുമായ സംസ്കൃതഭാഷാ പ്രചാരണത്തിനും പഠനത്തിനും മാന്ദ്യം സംഭവിച്ചതായി സാംസ്ക്കാരിക ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരുപക്ഷേ അങ്ങനെ സംസ്കൃത നാടകവേദിയുടെ ആഢ്യസങ്കല്പത്തിന് മങ്ങലേറ്റപ്പോഴും ഭാരതത്തി

ലെങ്ങോളമിങ്ങോളം തദ്ദേശീയ രംഗവേദികളിൽ ഒരു അനാഡ്യനാടകപ്രവർത്തനം വേരുറക്കുകയായിരുന്നു. ശാസ്ത്രീയ നിയമങ്ങളുടെ കർശനമായ പരിപാലനമോ ലക്ഷണയുക്തമായ നാടകഘടനയോ ഇല്ലെങ്കിലും ഇവയുടെ വിദൂരച്ഛായയുള്ള നാടോടി രംഗാവതരണങ്ങൾ നാടെങ്ങും നടന്നിരുന്നു. കേരളത്തിലെ മുടിയേറ്റ്, പടയണി, കാക്കരിശ്ശി, തെയ്യം, പൊറാട്ട് തുടങ്ങിയവ പോലെ മറ്റു പ്രദേശങ്ങളിലും ജനജീവിതത്തിൻെറ സ്രോതസ്സുകളിൽ നിന്നുയിർക്കൊണ്ട ദൃശ്യകലാരൂപങ്ങൾ കൂടുതൽ പ്രചാരത്തിൽ വന്നു. തെരുക്കൂത്ത് (തമിഴ്നാട്), യക്ഷഗാനം (കർണ്ണാടകം), വീഥി നാടകം (ആന്ധ്ര), തമാശ (മദ്ധ്യപ്രദേശ്), ജാത്ര (ബംഗാൾ), ഭാവായ് (ഗുജറാത്ത്) എന്നിങ്ങനെ ഒട്ടനവധി നാടോടിരംഗാവതരണങ്ങൾ പ്രാദേശികനാടകവേദികളെ സജീവമാക്കി. ഹരികഥ പോലുള്ള ആഖ്യാനരൂപങ്ങളും ഭാരതത്തിൽ ഗ്രാമീണരംഗവേദിയുടെ മുഖമുദ്രയായി. നാൽക്കവലകളും അമ്പലപ്പറമ്പുകളും കാവുകളും കൊയ്തൊഴിഞ്ഞ പാടങ്ങളും മറ്റും ഇത്തരം രംഗാവതരണങ്ങൾക്ക് വേദിയായി മാറുന്നു. ഇവയിലെല്ലാം ദൃശ്യമാവുന്ന ഭാരതീയ ദൃശ്യസംസ്ക്കാരത്തിൻെറ ചില പൊതുഘടകങ്ങളും ശ്രദ്ധേയമാണ്.

ഭാരതത്തിലെ എല്ലാ പ്രാദേശിക രംഗവേദികളിലും കഥാവസ്തുവായി മാറുന്നത് ഭാരതത്തിൻെറ പുരാണേതിഹാസങ്ങളിലും മിത്തുകളിലുമുള്ള സംഭവങ്ങളാണ്. കാളിയും ദാരികനും പാണ്ഡവന്മാരും കൗരവന്മാരും ദേവാസുരന്മാരും പ്രാദേശികചരിത്രങ്ങളിലെ വീരനായകന്മാരും മറ്റുമാണ് ഇവിടെ അരങ്ങ് തകർക്കുന്നത്. അതുപോലെ മിക്ക പ്രാദേശികനാടകവേദികളിലും രംഗാവതരണം രാത്രി മുഴുവനും നീണ്ടുനിൽക്കുന്ന ഒരു ഗ്രാമീണോത്സവമാണ്. ഒരു പക്ഷേ, സന്ധ്യക്ക് കുറേ ദൂരം നടന്നെത്തുന്ന, മലമടക്കുകളും പുഴകളും താണ്ടി തടിച്ചുകൂടുന്ന ഗ്രാമീണർക്ക് മടങ്ങിപ്പോകാൻ സൗകര്യമാകും വരെ - പലപ്പോഴും സൂര്യോദയം വരെ - കളി തുടരുക എന്നതായിരുന്നിരിക്കണം പ്രധാന കാരണങ്ങളിൽ ഒന്ന്. ആട്ടവും പാട്ടും കഥപറച്ചിലും ഫലിത പ്രയോഗങ്ങളും യുദ്ധവും സന്ധിയും എല്ലാം കണ്ടും കേട്ടും രസിച്ച് ഇടക്കിടെ അല്പമൊന്ന് കണ്ണുചിമ്മി കഴിഞ്ഞിരുന്ന പ്രേക്ഷകർക്ക് ഒരിക്കലും സമാനരല്ല ആധുനിക നാടകവേദിയിലെ അലസരായ ആസ്വാദകർ. മറ്റൊരു പ്രധാനപ്പെട്ട പൊതുഘടകം നമ്മുടെ പാരമ്പര്യം സംഗീതാത്മകമാണ് എന്നതാണ്. തൗര്യത്രികത്തിൻെറ ചിട്ടപ്പെടുത്തലുകളും വിശദാംശങ്ങളുമില്ലെങ്കിലും ഗാനാത്മകതയും സംഗീതമാധുര്യവും അകമ്പടി സേവിക്കാൻനൃത്തവും വാദ്യവും ഹൃദ്യമായ ചേരുവയിൽ രംഗരൂപം തേടുന്നു. ജീവിതശൈലിയിൽത്തന്നെ ഈ സംഗീതാത്മകത ലയിച്ചു ചേർന്നിട്ടുള്ളവരാണ് രംഗകലാകാരന്മാർ. പ്രഭാഷണപരത പിന്നീട് അരങ്ങിലേക്കു കടന്നുവന്ന ഒരു ഘടകമാണ്. അതുപോലെ ഭാരതത്തിലെ എല്ലാ നാടോടി നാടകവേദികളും വിശ്വാസവുമായി ബന്ധപ്പെട്ടിരുന്നു. കേവല വിനോദത്തിനപ്പുറം പ്രബോധനാത്മകത വിശ്വാസത്തിൻേറയോ ധർമ്മബോധത്തിൻേറയോ പേരിൽ കേന്ദ്രസ്ഥാനം കയ്യടക്കിയിരുന്നു. മതാത്മകതയേക്കാൾ സാമൂഹികവും ആത്മീയവുമായൊരു കൂട്ടായ്മയാണ് ഇതിനെ ഭരിച്ചിരുന്നത്. ഇതുപോലെ ശ്രദ്ധേയമായ ഒരു പൊതുഘടകമാണ് നാട്യശാസ്ത്രത്തിൻെറ പരോക്ഷ സ്വാധീനം. രംഗവേദിയുടെ സജ്ജീകരണം, പവിത്രീകരണം, പൂർവ്വരംഗം, തൗര്യത്രികം, ഭാവാഭിനയം, ആഹാര്യം, വാചികം, ആംഗികം എന്നിങ്ങനെ വിവിധ ഘടകങ്ങളിൽ ഭരതമുനി അനുശാസിക്കുന്ന അംശങ്ങൾ ഗുരുക്കന്മാർ വഴിയോ പൂർവ്വാചരങ്ങളും ശീലങ്ങളും മുഖേനയോ സ്വായത്തമാക്കിയ നാടോടി കലാകാരന്മാർ ഗൗരവപൂർവ്വം തനിക്കറിയാവുന്നതിനെ ചിട്ടപ്പെടുത്തി മനോഹരമാക്കിയിരുന്നു.

സമൂഹത്തിൻെറ അടിത്തട്ടിലുള്ളവരാണ് പൊതുവേ നാടോടിരംഗരൂപങ്ങളിൽ മുഴുകിയിരുന്നത്. മേൽത്തട്ടിലുള്ളവർക്ക് താരതമ്യേന ഉയർന്ന ആഢ്യകലാരൂപങ്ങളായിരുന്നു വിനോദോപാധികൾ. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ചൂഷണങ്ങൾക്കും അടിച്ചമർത്തലിനും വിധേയരായിക്കഴിഞ്ഞ ബഹുഭൂരിപക്ഷത്തിന് സമത്വസ്വപ്നങ്ങൾക്ക് വേദിയൊരുക്കിയത് മതാത്മകമോ മതേതരമോആയ നാടോടിരംഗവേദികളായിരുന്നു. ഇത്തരം രംഗാവതരണോത്സവങ്ങളിലെങ്കിലുംതങ്ങൾ പേറുന്ന നുകം വലിച്ചെറിയുകയും ചങ്ങലകൾ പൊട്ടിക്കുകയും സമൂഹത്തിൻെറഭക്തിക്കും ആദരവിനും പാത്രമായിത്തീരുകയും ചെയ്തിരുന്നു. മറ്റുള്ളവരെ അനുഗ്രഹിക്കുവാനുള്ള 'മേൽക്കോയ്മ' വരെ രംഗകലാകാരൻ (വെളിച്ചപ്പാട്, കോലം തുടങ്ങിയവർ) നേടിയിരുന്നു. രംഗാവതരണത്തിന് വളരെ മുമ്പുതന്നെ വ്രതാനുഷ്ഠാനം തുടങ്ങുന്ന ഈ 'നടൻ' ക്രമാനുഗതമായി തൻെറ ആത്മശക്തി വളർത്തി രംഗവേദിയിലെത്തുമ്പോഴേക്കും അജയ്യനും 'തെയ്യ'വും (ദൈവം) സമൂഹത്തിൻെറയാകെ ധർമ്മപാലകനുമായി വളർന്നുയർന്നു നിൽക്കുന്നു. ഗ്രാമം മുഴുവനും ഈ പരിവർത്തനം പൂർണ്ണായി അംഗീകരിക്കുകയും അരങ്ങിലുറഞ്ഞുതുള്ളുന്ന ഈ കോലത്തിൻെറ അനുഗ്രഹങ്ങൾക്കായി ശിരസ്സുകുനിക്കുകയും ചെയ്യുന്നു. നമ്മുടെ നാടോടിരംഗവേദിയും വിശ്വാസികളായ പ്രേക്ഷകരും തമ്മിലുള്ള അപൂർവ്വസുന്ദരമായ ഈ 'ധാരണ' ഇന്ന് ലോകത്തിൽ മറ്റൊരിടത്തും നിലനിൽക്കുന്നില്ല എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. നടൻെറ ദ്വന്ദ്വാത്മകതയെപ്പറ്റി (Duality) ഏറെ ഗവേഷണം നടത്തുന്ന ഇക്കാലത്ത് നമ്മുടെ നാടോടിരംഗവേദിയിലെ ഈ പാരസ്പര്യവും അതിന് പിന്നിലുള്ള പ്രകൃതിജന്യമായ ജീവിതവും സാമൂഹികബന്ധങ്ങളും പ്രത്യേകം പഠനവിഷയമാക്കേണ്ടതാണ്. □

# വസ്തുതാസമാഹരണത്തിൻെറ രീതിശാസ്ത്രം

ഡോ.എ.കെ.നമ്പ്യാർ

വസ്തുതാസമാഹരണത്തിൻെറ രീതിശാസ്ത്രത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ എന്താണ് 'ഫോക്‌ലോർ?' എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകേണ്ടത് അനുപേക്ഷണീയമാണ്. ഫോക്‌ലോറിൻെറ പ്രാധാന്യം, ധർമ്മം, പ്രസക്തി, വ്യാപ്തി, പ്രസാരണം തുടങ്ങിയവയെപ്പറ്റിയുള്ള സാമാന്യമായ അറിവും പഠിതാവിനുണ്ടായിരിക്കണം.

'ഫോക്‌ലോർ' എന്ന പദം ആദ്യമായി ഉപയോഗിച്ചുതുടങ്ങിയത് 1846-ലാണ്. ഒന്നരനൂറ്റാണ്ട് പിന്നിട്ടിട്ടും അതിന് തൃപ്തികരമായ ഒരു നിർവചനം കണ്ടെത്തുവാൻ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല. മറിയാ ലീച്ചിൻെറ 'സ്റ്റാൻഡേർഡ് ഡിക്ഷണറി ഓഫ് ഫോക്‌ലോർ, മിഥോളജി ആൻഡ് ലിജൻഡ്' എന്ന ഗ്രന്ഥത്തിൽ ഫോക്‌ലോറിന് 21 നിർവചനങ്ങൾ നൽകിയിട്ടുണ്ട് (1949 Vol.I, 398-408). അതിൽ 14 എണ്ണം പ്രാകൃതമായും (Primitive) ഗിരിവർഗ്ഗത്തിൻെറയും സാക്ഷരസമൂഹത്തിൻെറ ഉപസംസ്ക്കാരഗണങ്ങളുടെ കാര്യമായും ഗണിക്കപ്പെട്ടിരിക്കുന്നു. 18 പണ്ഡിതന്മാർ ഫോക്‌ലോറിനെ സാഹിത്യമായിക്കാണുന്നവരാണ്. 12 പേർ വിശ്വാസത്തെ ഫോക്‌ലോറിൽ ഉൾപ്പെടുത്തുന്നു. 4 പേർ ഫോക്‌ലോറിനെ 'ഗ്രാമീണം' (Rural) എന്നു വിശേഷിപ്പിക്കുന്നവരാണ്. ഫോക്‌ലോർ ഭൂതകാലത്തിൻെറ സൃഷ്ടിയാണെന്ന് വാദിക്കുന്നവരുണ്ട്. അവർ ജനകീയ പുരാവസ്തുക്കളായും (Popular antiquities) കഴിഞ്ഞ കാര്യങ്ങളായും (Bygones), അപൂർവതകളായും (Curiosities) ഫോക്‌ലോറിനെ കാണുന്നു. സമകാലനാടൻസമൂഹം ഫോക്‌ലോർ രൂപങ്ങൾ കൂടുതൽക്കൂടുതൽ വിസ്മരിച്ചുകൊണ്ടിരിക്കുകയാണെന്നും, താമസിയാതെ ഫോക്‌ലോർ പൂർണ്ണമായും നശിക്കുമെന്നും വിശ്വസിക്കുന്നവരുണ്ട്. എന്നാൽ ഈ വാദങ്ങളിൽ കഴമ്പില്ല. ഫോക്‌ലോർ ഭൂതകാലത്തിൻേറതു മാത്രമാണെന്ന വാദം, ആധുനിക കാലഘട്ടത്തിലെ നാടൻ സമൂഹത്തിൻെറ സർഗ്ഗാത്മകതയെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഫോക്‌ലോർ സാർവദേശീയമായി വ്യാപിച്ചുകിടക്കുകയാണെന്നും സർഗ്ഗാത്മകങ്ങളായ ആവിഷ്കരണത്തിനുള്ള ചോദന ഒരിക്കലും ഇല്ലാതാകുന്നില്ലെന്നും ഉള്ള വസ്തുത അവർ വിസ്മരിക്കുകയാണ്. ഫോക്‌ലോർ ഗണങ്ങളിൽ പലതും ഭൂതകാലത്ത് രൂപപ്പെട്ടതാണ്.എന്നാൽ അവ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. പുതിയ ഫോക്‌ലോർരൂപങ്ങൾ പിറവിയെടുക്കുകയും ചെയ്യുന്നുണ്ട്. ചില ഫോക്‌ലോർ രൂപങ്ങൾ തീർത്തും നാമാവശേഷമായി എന്നും വരാം. ചില ഉർവരതാച്ചടങ്ങുകൾ, മാന്ത്രികാനുഷ്ഠാനങ്ങൾ, വിലക്കുകൾ (Taboos) ആദിയായവ ഇതിനകം ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആ സ്ഥാനത്ത് പുതിയ സമൂഹത്തിൻെറ ആശയാഭിലാഷങ്ങൾക്കിണങ്ങും വിധത്തിൽ പുതിയവ പിറവിയെടുക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഫോക്‌ലോർ ഇന്നലെയുടേതും ഇന്നിൻേറതും നാളെയുടേതുമാണ്. 'പ്രാകൃത'മായതുമാത്രമല്ല ഫോക്‌ലോർ. ഗിരിവർഗ്ഗത്തിനും ഗ്രാമീണസമൂഹത്തിനും നഗരവാസികൾക്കുമെല്ലാം ഫോക്‌ലോർ ഉണ്ട്. ഫോക്‌ലോർ കൃഷിയുമായി ഒരു കാലത്ത് അഭേദ്യമായി ബന്ധപ്പെട്ടുകിടന്നിരുന്നുവെങ്കിലും അത് കർഷകരുടേതു മാത്രമാണെന്ന് പറയുകവയ്യ. കാർഷികേതര വിഭാഗത്തിന്, വിശേഷിച്ചും തൊഴിലാളികൾക്ക് അവരുടേതായ ഫോക്‌ലോർ ഉണ്ട്.

വാമൊഴിവഴക്കം (Oral tradition) മാത്രമേ ഫോക്‌ലോറിൽ ഉൾപ്പെടുകയുള്ളു എന്ന ഒരുധാരണ നിലവിലുണ്ട്. എന്നാൽ വ്യക്തികൾ രചിച്ചതും ലിഖിതരൂപത്തിൽ പ്രചരിച്ചുവരുന്നതുമായ ഫോക്‌ലോർരൂപങ്ങളുമുണ്ട്. ലിഖിതരചനയാണ് എന്നതുകൊണ്ടുമാത്രം ഒരു ഫോക്‌ലോർഗണം ഫോക്‌ലോർ അല്ലാതാകുന്നില്ല. ഫോക്‌ലോർ അല്ലാത്തവയും വാമൊഴിവഴക്കത്തിൻെറ രൂപത്തിൽ പ്രചരിച്ചുവരുന്നുണ്ട്. അതുകൊണ്ട് വാമൊഴിപാരമ്പര്യത്തിൻെറ മാനദണ്ഡം വെച്ചുകൊണ്ടുമാത്രം ഫോക്‌ലോറിനെയും ഫോക്‌ലോർ അല്ലാത്തതിനെയും വേർതിരിക്കാൻ കഴിയില്ലെന്ന് അലൻ ഡണ്ടിസ് വ്യക്തമാക്കിയിട്ടുണ്ട് (1965, 1). ബങ്കാളിലെ പ്രശസ്തമായ 'ബൗൾ' ഗാനങ്ങൾ ലിഖിതപാരമ്പര്യത്തിൽപ്പെട്ടവയാണെങ്കിലും 'ബൗൾ' ഗായകർ പാടി ജനമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയവയാണ്. അതുവഴി അവ നാടോടിപ്പാട്ട് എന്ന ഫോക്‌ലോർ രൂപമായിത്തീർന്നിരിക്കുകയാണ്. അലൻ ഡണ്ടിസ്സിൻെറ അഭിപ്രായപ്രകാരം, നാടൻമാതൃകയെ ആധാരമാക്കി രൂപപ്പെടുത്തിയ ഒരു ലിഖിതാവിഷ്ക്കാരമാണത് (1965, 1). വ്യക്തികളുടെ രചനകളും (Individual authorship) കൂട്ടായ്മയിൽനിന്നുടലെടുക്കുന്ന രചനകളും (Collective authorship) ഫോക്‌ലോ

റിൽ പെടുന്നതിൻെറ കാരണം ഇതാണ്.ഒരു പാട്ട് ലിഖിതമോ വാമൊഴിയോ ആകട്ടെ, സമൂഹം പാടി തങ്ങളുടേതാക്കി മാറ്റുമ്പോൾമാത്രമേ അത് ഫോക്‌ലോർ ആയിത്തീരുന്നുള്ളു. ഇതുതന്നെയാണ് അജ്ഞാതകർത്തൃകങ്ങളായ രചനകളുടെയും (Anonymous authorship), അറിയപ്പെടുന്ന രചനകളുടെയും പൊരുളും. കേരളത്തിലെ നാടൻപാട്ടുകളിലും ഇത്തരം രണ്ടുകൈവഴികളുണ്ട്. തെയ്യത്തിൻെറ പല തോറ്റംപാട്ടുകളും വ്യക്തികൾ രചിച്ചവയാണ്. വിഷ്ണുമൂർത്തി, പൊട്ടൻ ദൈവം, കതിവന്നൂർ വീരൻ, തിരുവർകാട്ട് ഭഗവതി, ബാലി എന്നിവ ഉദാഹരണം. ഇവയിൽ ചിലതിൻെറ കർത്തൃസ്ഥാനം നിക്ഷിപ്തമായിരിക്കുന്നത് പോത്തേര എഴുത്തച്ഛൻ, ആനിടീൽ എഴുത്തച്ഛൻ തുടങ്ങിയവരിലാണ്. അതോടൊപ്പം രചയിതാക്കളെക്കുറിച്ച് വിവരമില്ലാത്തതും എത്രയോ തലമുറകളായി വാമൊഴിവഴക്കമായി പ്രചരിച്ചുവന്നതുമായ പാട്ടുകളും പാടിവരുന്നുണ്ട്. ഇവയിൽ ലിഖിതരചനയേത്, വാമൊഴിവഴക്കമേത് എന്ന് തിട്ടമായിപ്പറയാൻ കഴിയാത്തവിധം ജനങ്ങൾ അവയെ സ്വീകരിച്ചു കഴിഞ്ഞു. മോയിൻകുട്ടി വൈദ്യർ, വി.എം.കുട്ടി തുടങ്ങിയവർ രചിച്ച മാപ്പിളപ്പാട്ടുകൾ ലിഖിതരചനകളാണെങ്കിലും ഇന്ന് അവ വാമൊഴിവഴക്കംപോലെതന്നെ നാടൻഗാനങ്ങളായി ജനങ്ങൾ അംഗീകരിച്ചിരിക്കുന്നു. വി.എം.കുട്ടി നമ്മുടെ സമകാലികനാണ് എന്ന വസ്തുത കൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. ബങ്കാളിലെ ലിഖിതപാരമ്പര്യത്തിലെ അറിയപ്പെടുന്ന ചില ഗാനങ്ങൾക്ക് സംഗീതം പകർന്നത് അബ്ബാസുദ്ദീൻ, നിർമ്മലേന്ദു ചൗധരി തുടങ്ങിയവരാണെന്നും, അവ രചിച്ചത് പ്രശസ്തരായ കവികളാണെങ്കിലും നാടൻസമൂഹത്തിൻെറ അംഗീകാരം പിടിച്ചുപറ്റിയ അത്തരം ഗാനങ്ങൾ ഭാവിയിൽ വാമൊഴിവഴക്കത്തിലൂടെ പ്രസരിക്കാനിടയുണ്ടെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട് (1985, 5). ഉച്ചാടനച്ചടങ്ങായ 'കളംപാട്ടി'നുപയോഗിച്ചുവരുന്ന പാട്ടുകളിൽ ലിഖിതസാഹിത്യവും ഉൾപ്പെടുന്നുണ്ട്. ഭീമൻകഥ, സന്താനഗോപാലം, നളചരിതം, കല്യാണസൗഗന്ധികം, ബാലിവിജയം, മാർക്കാണ്ഡേയപുരാണം തുടങ്ങിയവ കളംപാട്ടുകൾക്കു വേണ്ടി രചിക്കപ്പെട്ടിട്ടുള്ള രചനകളാണ്. 'സീതാദുഃഖ'വും 'കവളപ്പാറക്കൊമ്പ'നും ഒരു കാലത്ത് ഞാറ്റു പാട്ടായി (നാട്ടിപ്പാട്ട്) സ്ത്രീകൾ പാടി വന്നിരുന്നു. അതുകൊണ്ട് വ്യക്തികൾ രചിച്ചതുകൊണ്ടും ലിഖിത രചനകളായതുകൊണ്ടും ഒരു ഫോക്‌ലോർരൂപം ഫോക്‌ലോർ ആകാതെവരുന്നില്ല 'നാടൻ' (Folk) എന്ന പദത്തിന് വിശാലമായ അർത്ഥമാണ് നല്കപ്പെട്ടിരിക്കുന്നത്. ''തൊഴിൽ, ഭാഷ, മതം തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നിലെങ്കിലും പൊതുവായ ചില സമാനത പുലർത്തുന്ന ഒരു കൂട്ടായ്മ'', എന്ന് അലൻ ഡണ്ടിസ് 'ഫോകി'നെ നിർവചിച്ചിരിക്കുന്നു (1965, 2).

വാമൊഴിവഴക്കത്തിൻെറ രൂപത്തിലോ അനുഷ്ഠാനം, ചടങ്ങുകൾ തുടങ്ങിയവയുടെ രൂപത്തിലോ പരമ്പരാഗതമായി തലമുറകളിലൂടെ കൈമാറിവരുന്ന ഒന്നാണ് ഫോക്‌ലോർ എന്ന് ആർച്ചർ ടെയ്‌ലർ കരുതുന്നു (1948, 216). അത് നാടൻപാട്ടുകളോ നാടോടിക്കഥകളോ കടങ്കഥകളോ പഴഞ്ചൊല്ലുകളോ വാമൊഴിവഴക്കത്തിലൂടെ സംരക്ഷിക്കപ്പെടുന്ന മറ്റുപാധികളോ ആകാം; പാരമ്പര്യാധിഷ്ഠിതമായ ഉപകരണങ്ങളോ ഭൗതികവസ്തുക്കളോ ആകാം (1948, 216). നാടൻ ജീവിതം (Folk life), നാടോടി സംസ്കൃതി (Folk culture), ഫോക്‌ലോർ എന്നിവ പലപ്പോഴും പര്യായപദങ്ങളായി ഉപയോഗിച്ചുവരുന്നുണ്ട്. പരമ്പരാഗതമായി തലമുറകളിലൂടെ സംക്രമിക്കുന്നതും വംശീയവും തൊഴിൽപരവും മതപരവും പ്രാദേശികവും ആണ് ഫോക്‌ലോർ എന്ന് അമേരിക്കൻ ഫോക്‌ലോറിസ്റ്റുകൾ കരുതുന്നു (1990, 1). അനുഷ്ഠാനം, വിശ്വാസം, ചടങ്ങ്, സാങ്കേതികവൈദഗ്ദ്ധ്യം, ഭാഷ, നാടകം, കളി, നൃത്തം, ഘോഷയാത്ര, കരകൗശലം തുടങ്ങി വൈവിധ്യപൂർണ്ണമായ ഒട്ടേറെ ഗണങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ഒരു വിജ്ഞാനശാഖയാണ് ഫോക്‌ലോർ. അനുകരണം, പ്രകടനം തുടങ്ങിയ പല ഉപാധികളിലൂടെയാണ് ഇവ സ്വായത്തമാക്കുന്നതും നിലനിർത്തി, അനന്തര തലമുറകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതും (1990, 1). മാനവസംസ്ക്കാരത്തിൻെറ സൃഷ്ടി എന്ന നിലയിലാണ് മഷ്റുൽ ഇസ്ലാം ഫോക്‌ലോറിനെ കാണുന്നത്. നിശ്ചിതമായ ഒരു ഭൂമിശാസ്ത്രമേഖലയിൽ ജീവിക്കുന്നവരും ഒരേ ഭാഷയും സംസ്ക്കാരവും ഉപജീവനമാർഗ്ഗവും ജീവിതസാഹചര്യവും ഉള്ളവരും ജീവിതചര്യയും പാരമ്പര്യവും ഒരു പൊതുഘടകത്താൽ കൂട്ടിയിണക്കപ്പെട്ടവരും ആയ ഒരു ജനസമൂഹത്തിൻെറ സൃഷ്ടിയാണത് (1985, 6). ചുരുക്കത്തിൽ, കൂട്ടായ്മയിൽനിന്ന് ഉരുത്തിരിയുന്ന ഒരു ജനതയുടെ സ്വത്വത്തിൻെറ ആവിഷ്ക്കാരമാണ് ഫോക്‌ലോർ എന്നു പറയാം.

ഫോക്‌ലോർ രംഗത്തെ ആദ്യകാലപഠനങ്ങളിലധികവും ഗ്രന്ഥശേഖരങ്ങളിൽ വെച്ചാണ് നടന്നത്. ഈ മേഖലയിലെ പ്രാതഃസ്മരണീയരെന്ന് വിശേഷിപ്പിക്കാവുന്നവരുടെ കൂടത്തിൽപെടുന്ന, ജെ.ജി.ഫ്രേസറെപ്പോലും 'ഡസ്ക് സ്കോളർ' (Desk scholar) ആയാണ് വിശേഷിപ്പിക്കപ്പെടുന്നത്. കേരളത്തിലെ ഫോക്‌ലോർ പഠനങ്ങളിൽ ഗണ്യമായ സംഭാവന നൽകിയ ഇന്നിസ് (Malabar), ലോഗൻ (Malabar Manuel) തുടങ്ങിയവരുടെ പഠനങ്ങളും പ്രാഥമിക പ്രഭവങ്ങളെ (Primary sources) ആധാരമാക്കിയുള്ളവയല്ല. എന്നാൽ ഇന്ന് ഫോക്‌ലോർ പഠനത്തിൽ, പ്രാഥമിക പ്രഭവങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള മണ്ഡലവൃത്തിക്കും (Field work) വസ്തുതാശേഖരണത്തിനും (Collection) വളരെ യേറെ പ്രാധാന്യമുണ്ട്. ഇതിൽ ഏറ്റവും അഭികാമ്യമായിട്ടുള്ളത് ഫോക്‌ലോർ രൂപത്തിൻെറ നേരിട്ടുള്ള നിരീക്ഷണമാണ് (First hand observation).

ഗ്രന്ഥങ്ങളിൽ നിന്ന് ആർജ്ജിച്ച അറിവും കേവലം ആവേദകരിൽ (Informants) നിന്ന് ശേഖരിച്ച വിവരങ്ങളും ആധാരമാക്കിക്കൊണ്ടുള്ള ഫോക്ലോർ പഠനത്തിന് അത്രയൊന്നും പ്രാധാന്യം കല്പിക്കാറില്ല. അത്തരം വിവരങ്ങൾ നേരിട്ട്, ഫീൽഡിൽചെന്ന് നടത്തുന്ന വസ്തുതാശേഖരണത്തിന് പഠിതാവിനെ സഹായിച്ചെന്നിരിക്കുമെന്നുമാത്രം. മണ്ഡലവൃത്തിക്ക് തുനിയുന്നതിനുമുമ്പായി പഠിതാവിൻെറ ലക്ഷ്യം എന്താണെന്ന് വ്യക്തമായി തീരുമാനിച്ചുറപ്പിക്കണം. കേവലം കൗതുകത്തിനുവേണ്ടിയുള്ള മണ്ഡലവൃത്തിയാണോ ലക്ഷ്യം? ഗവേഷണത്തിൻെറ ഭാഗമായിട്ടുള്ള പ്രവർത്തനമാണോ? മറ്റാർക്കെങ്കിലും വേണ്ടിച്ചെയ്യുന്നതാണോ? ഏതെങ്കിലും പ്രോജക്ടിനുവേണ്ടിയുള്ള മണ്ഡലവൃത്തിയാണോ? ഗ്രന്ഥരചന ഉദ്ദേശിച്ചുകൊണ്ടുള്ളതാണോ? ആർക്കൈവ്സിനുവേണ്ടിയുള്ളതാണോ? ഇങ്ങനെ ഒട്ടേറെ ലക്ഷ്യങ്ങൾ മണ്ഡലവൃത്തിവഴി സാധിക്കാനുണ്ടായി എന്നുവരാം. എന്നാൽ ഇതിൽ തൻെറ ലക്ഷ്യം എന്താണെന്ന് സ്വയം ബോധ്യപ്പെട്ട ശേഷമേ വസ്തുതാശേഖരണത്തിന് ഇറങ്ങിത്തിരിക്കാവൂ. അത്തരം ലക്ഷ്യം ഏതാനും വാക്യങ്ങളിൽ രേഖപ്പെടുത്തിവെക്കുകയും വേണം. ഈ ലക്ഷ്യം ഒരു ഗ്രന്ഥാലയത്തിൻെറ അധിപനോടോ ആവേദകരോടോ അഭ്യുദയകാംക്ഷികളോടോ അധികാരസ്ഥാനത്തുള്ളവരോടോ വിശദീകരിച്ചുകൊടുക്കാൻ കഴിയുകയും വേണം. നിങ്ങൾ ആരാണ്? ആർക്കുവേണ്ടിയാണ് ഗവേഷണം നടത്തുന്നത്? ഏതൊക്കെ വസ്തുതകളാണ് സമാഹരിക്കാനുള്ളത് തുടങ്ങിയവക്ക് ആരും ചോദിച്ചാലും മറുപടി പറയാൻ കഴിയണം. സ്വന്തം ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് സമഗ്രവും സമയബന്ധിതവുമായ പരിപാടി ആസൂത്രണം ചെയ്യണം. ഒരു ഫോക്ലോർ ഗവേഷകന് അവശ്യം ഉണ്ടായിരിക്കേണ്ട യോഗ്യത തനിക്കുണ്ടോ എന്ന് സ്വയം ബോധ്യപ്പെടണം. ഗവേഷണത്തിൻെറ വിവിധഘട്ടങ്ങളിൽ വന്നുപെട്ടേക്കാവുന്ന പ്രതിബന്ധങ്ങളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും സങ്കല്പിക്കാനും അയാൾക്ക് കഴിയണം. അല്ലാത്ത പക്ഷം വസ്തുതാശേഖരണത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ ശ്രമം ഉപേക്ഷിച്ച് മടങ്ങേണ്ടിവന്നേയ്ക്കും. അങ്ങനെ പിന്തിരിഞ്ഞവർ എത്രയോ ഉണ്ട്. വളരെ ലളിതമായ ഒരു കാര്യത്തിനല്ല താൻ ഇറങ്ങിത്തിരിക്കുന്നത് എന്ന യാഥാർത്ഥ്യബോധം പഠിതാവിനുണ്ടായിരിക്കണമെന്നേ ഇവിടെ വിവക്ഷിക്കുന്നുള്ളു.

മണ്ഡലവൃത്തി നിർവഹിക്കുന്ന ഗവേഷകന് ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതുണ്ട്. നമ്മുടെ ഫോക്ലോർ ഗണങ്ങളിൽ ഏറിയകൂറും നിശ്ചിതമായചില അനുഷ്ഠാനസംഭവങ്ങളുമായി (Ritual events) കെട്ടുപിണഞ്ഞുകിടക്കുന്നവയാണ്. ചിലതിൻെറ സ്ഥലം, സമയം എന്നിവ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്; മറ്റു ചിലതാകട്ടെ ഇന്ന ദിവസം നടക്കും എന്ന് കൃത്യമായിപ്പറയാൻ കഴിയാത്തവയാണ്. ചില അനുഷ്ഠാനങ്ങൾ 'സ്വകാര്യാവതരണ'ങ്ങ (Private performances)-ളാണ്. മറ്റുള്ളവരെ അത് നിരീക്ഷിക്കുവാൻ അനുവദിക്കാറില്ല. മന്ത്രവാദകർമ്മങ്ങൾ (Magical rituals) ഇതിന്നുദാഹരണമാണ്. മറ്റുള്ളവർ പങ്കെടുക്കുമ്പോൾ അനുഷ്ഠാന സംഭവത്തിൻെറ സ്വാഭാവികതയും വിശുദ്ധിയും നഷ്ടപ്പെടുമെന്നും ചിലർ വിശ്വസിക്കുന്നു. ചില ഫോക്ലോർ രൂപങ്ങളെക്കുറിച്ച് അവയുടെ അവതാരകർ മറ്റുള്ളവർക്ക് പറഞ്ഞും കൊടുക്കാറില്ല. അടിയാന്മാരുടെ ഗദ്ദിക, ദൈവം കാണൽ, മലയരുടെ മന്ത്രവാദാനുഷ്ഠാനങ്ങൾ തുടങ്ങിയവയെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ അവർ തയ്യാറാകാറില്ല. മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്താൽ ഫലസിദ്ധി നഷ്ടപ്പെടും എന്ന് പറഞ്ഞാണ് അതിൻെറ അവതാരകർ ഒഴിഞ്ഞുമാറാറുള്ളത്.

സ്വകാര്യവതരണങ്ങളും (എണ്ണമന്ത്രം, മരണാനന്തരകർമ്മങ്ങൾ തുടങ്ങിയവ) മതപരമായ അനുഷ്ഠാനങ്ങളും നിരീക്ഷിക്കാൻ ചിലപ്പോൾ അനുവദിക്കാറുണ്ടെങ്കിലും അവ രേഖപ്പെടുത്താൻ (ഓഡിയോ, വീഡിയോ, ഫോട്ടോ ആദിയായവയിൽ) മിക്ക ആളുകളും അനുവദിക്കാറില്ല. തെയ്യം, മുടിയേറ്റ്, കാളികെട്ട് തുടങ്ങിയ മതാനുഷ്ഠാനങ്ങൾ സംഘടിപ്പിക്കുന്ന ഊരാളന്മാർ (Trustees) അവ രേഖപ്പെടുത്തുന്നതിന് ചിലപ്പോൾ അനുവാദം നൽകിയെന്നുവരും. എന്നാൽ അനുഷ്ഠാനവേദിയിൽ ഒത്തുചേരുന്ന സദസ്യരിൽ ചിലർ അതിനെ എതിർക്കാറുണ്ട്. അങ്ങനെ, 'രേഖപ്പെടുത്തൽ' മുടങ്ങിയ ഒട്ടേറെ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അത്തരം ആളുകളെ എതിർത്തതുകൊണ്ടോ വെല്ലുവിളിച്ചതുകൊണ്ടോ ഫലമില്ല. ഒന്നോ രണ്ടോ വ്യക്തികളുടെ അപ്രധാനമായ എതിർപ്പുകളെ അവഗണിക്കാവുന്നതാണ്. എന്നാൽ ആഴത്തിലുള്ളതും വൈകാരികത്വം കലർന്നതുമായ എതിർപ്പുകൾ ഉണ്ടാകുമ്പോൾ അവയ്ക്ക് വഴങ്ങി 'രേഖപ്പെടുത്തൽ' ഉപേക്ഷിക്കുന്നതാണ് ബുദ്ധി. കാവുകൾ, ക്ഷേത്രങ്ങൾ തുടങ്ങിയ മതാനുഷ്ഠാനകേന്ദ്രങ്ങളിൽനിന്ന് ഫോക്ലോർ രൂപങ്ങൾ രേഖപ്പെടുത്തുമ്പോൾ ഉത്തരവാദപ്പെട്ടവരിൽനിന്ന് രേഖാമൂലമുള്ള അനുവാദം കാലേക്കൂട്ടി വാങ്ങിയിരിക്കണം. ഗാർഹികച്ചടങ്ങുകളാണ് രേഖപ്പെടുത്തേണ്ടതെങ്കിൽ ഗൃഹനാഥൻെറ അനുവാദവും വാങ്ങിയിരിക്കണം. ഏത് ഫോക്ലോർ രൂപത്തിൻെറയും രേഖപ്പെടുത്തലിന് അനുവാദം വാങ്ങേണ്ടത് അനുപേക്ഷണീയമാണ്. ഒരു കുമ്മാട്ടി പ്രദർശനത്തിൻെറയോ പുലിക്കളിയുടെയോ ഫോട്ടോ എടുക്കുന്നതിനുപോലും ഇത്തരം അനുവാദം വാങ്ങിയേതീരൂ. വസ്തുതാശേഖരണത്തിനായി നടത്തുന്ന മണ്ഡലവൃത്തിക്ക് മൂന്നു ഭാഗങ്ങളുണ്ടായിരിക്കും.1. ഒരുക്കം (Preparation) 2. വസ്തുതാസമാഹരണം (Collection) 3. വസ്തുതകൾ വിശകലനം ചെയ്യൽ (Analysis)



അക്കിക്കാവ് ചിലമ്പൊലി അവതരിപ്പിച്ച ചാക്കാട്പാട്ട്

മുമ്പ് വ്യക്തമാക്കിയതുപോലെ, തനിക്ക് ശേഖരിക്കാനുള്ള വസ്തുതകളെക്കുറിച്ച് ഗവേഷകന് വ്യക്തതയുണ്ടായിരിക്കണം. ഏത് ഫോക്‌ലോർ രൂപമാണ് പഠനവിധേയമാക്കുന്നത്? അത് എവിടെ, ഏത് കാലത്ത് സംഭവിക്കും? കൈകാര്യം ചെയ്യുന്നവിഭാഗം (Folk) ആരാണ്? ഇവയുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും 'ഒരുക്ക'ത്തിൻെറ ഘട്ടത്തിൽത്തന്നെ ഉത്തരം കണ്ടെത്തണം. ഇതിന്നായി ഗ്രന്ഥാലയങ്ങളെ ആശ്രയിക്കാവുന്നതാണ്. ഈ വിഷയത്തിൽ ലഭ്യമായിട്ടുള്ള ഗ്രന്ഥങ്ങളും ആനുകാലികങ്ങളും കൈയെഴുത്തു പ്രതികളും പരിശോധിക്കണം. പഠനങ്ങൾ നടത്തിയിട്ടുള്ള പണ്ഡിതന്മാരും ഇതേക്കുറിച്ച് എന്തെങ്കിലും ധാരണയുള്ള വ്യക്തികളുമായും ആശയവിനിമയം നടത്തണം. അനൗപചാരികമായി ആളുകളോട് സംസാരിക്കുമ്പോൾ ലഭിക്കുന്ന പ്രസക്തവിവരങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്. ഫോക്‌ലോർ രൂപം കൈകാര്യം ചെയ്യുന്ന വിഭാഗത്തെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ഉദാഹരണത്തിന് തൃശൂർ ജില്ലയിലെ 'കാളികെട്ട്' എന്ന അനുഷ്ഠാനകലയെക്കുറിച്ച് പഠിക്കാൻ മിനക്കെടുമ്പോൾ അത് അവതരിപ്പിക്കുന്നവരായ 'പറയ'രെക്കുറിച്ച് മനസ്സിലാക്കണം. 'സാംബവർ' എന്നാണ് അവർ ഇന്നറിയപ്പെടുന്നതെന്ന വസ്തുതയും ഗ്രഹിക്കണം. കാളികെട്ട് ചുരുക്കം ചില സ്ഥലങ്ങളിൽ 'കുറപ്പന്മാരും' നടത്തിവരുന്നുണ്ട്. ഈ പ്രാഥമികകാര്യങ്ങൾ നേരത്തേ മനസ്സിലാക്കുകയാണെങ്കിൽ ഫീൽഡിൽ പ്രയോജനം ചെയ്യും. എഡ്ഗാർ തേഴ്സ്റ്റൻെറ Castes and Tribes of Southern India പോലുള്ള (1970) ഗ്രന്ഥങ്ങളിൽനിന്ന് 'പറയ'രെക്കുറിച്ചും 'കുറുപ്പന്മാ'രെക്കുറിച്ചും ഒട്ടേറെ പ്രസക്തവിവരങ്ങൾ ലഭിക്കും. ഒരേ പേരിൽ ഒന്നിലധികം ജാതിയിൽപ്പെട്ടവരുണ്ടായേക്കാം. വടക്കേ മലബാറിലെ മലയരല്ല, തൃശൂരിലെ ആദിവാസികളായ മലയർ. ഒരേ പേരിൽ ഒന്നിലധികം ഫോക്‌ലോർ രൂപങ്ങൾ ഉണ്ടായെന്നും വരാം. ഉത്തരകേരളത്തിലും ദക്ഷിണ കേരളത്തിലും 'സീതക്കളി' എന്ന നാടോടിനാടകമുണ്ട്. ഇതിവൃത്തവും അവതരണവും അവതാരകരും തികച്ചും വ്യത്യസ്തമാണ്. ഇത്തരം പ്രശ്നങ്ങൾ ഗവേഷകനെ ആശയക്കുഴപ്പത്തിലാക്കാനും വഴിയുണ്ട്. സാമാന്യമായി 'ഹോംവർക്ക്' ചെയ്തുവേണം ഫീൽഡിൽ ഇറങ്ങാൻ എന്നാണിക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്.

താൻ ആരാണെന്നുള്ള കാര്യം തെളിയിക്കുന്നതിനായുള്ള തിരിച്ചറിയൽകാർഡ്/സർട്ടിഫിക്കറ്റ് സംഘടിപ്പിക്കണം. സ്ഥാപനങ്ങൾ, വ്യക്തികൾ, ആവേദകർ എന്നിവരിൽനിന്ന് ഒപ്പിട്ടുവാങ്ങേണ്ട സമ്മതപത്രികകൾ ടൈപ്പ് ചെയ്തോ എഴുതിയോ തയ്യാറാക്കിവെക്കണം.തൻെറ ഗവേഷണലക്ഷ്യം പ്രകടമാക്കുന്നതും താൻ ഒപ്പിട്ടുകൊടുക്കേണ്ടതുമായ സാക്ഷ്യപത്രങ്ങളും കരുതണം. ആവേദകർക്കു കൊടുക്കേണ്ടിവരുന്ന പ്രതിഫല (Informant fee)ത്തെക്കുറിച്ച് സാമാന്യധാരണ വേണം. കൂടാതെ ഫീൽഡ്‌വർക്കിനിറങ്ങുമ്പോൾ കരുതേണ്ട സാമഗ്രികളും സംഘടിപ്പിച്ചുവെക്കണം. നോട്ട്ബുക്ക്, പെൻസിൽ, ക്യാമറ, ഫിലിം, ബാറ്ററി തുടങ്ങിയവ, ടേപ്പ്റക്കോർഡർ, ആവശ്യത്തിനുതക്കവിധമുള്ള മൾട്ടിപിന്നുകളുള്ള എക്സ്റ്റൻഷൻ കോഡ്, മൈക്രോഫോൺ, ആവശ്യമുള്ളത്ര ഓഡിയോ-വീഡിയോ ടേപ്പുകൾ, വീഡിയോ ക്യാമറ, കോഡ് വയർ, സമ്മതപത്രികകൾ, തിരിച്ചറിയൽകാർഡ്, സ്ഥലത്തിൻെറ മേപ്പ് തുടങ്ങിയവ കാലേക്കൂട്ടി ഒരുക്കിവെക്കണം. ഇലക്ട്രോണിക് മാധ്യമങ്ങൾ പരീക്ഷിച്ച് പ്രവർത്തനക്ഷമമാണെന്ന് ബോധ്യപ്പെടുകയും വേണം. കഴിയുന്നി

ടത്തോളം 'ഡിജിറ്റൽ' സൗകര്യവും കൗണ്ടറും (Counter) ഉള്ള ടേപ്പ്റെക്കോർഡർ തന്നെ ഉപയോഗിക്കണം. എന്നാൽ മാത്രമേ ഇന്ന നമ്പർ മുതൽ ഇന്ന നമ്പർ വരെ ഇന്ന വസ്തുതയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നറിയാൻ കഴിയുകയുള്ളൂ. ഉദാഹരണത്തിന് 'കുമ്മാട്ടി'യിൽ ടേപ്പ് 01 മുതൽ 100 വരെ 'തൃക്കാക്കരയപ്പൻെറ പൂജ'യുമായി ബന്ധപ്പെട്ട പാട്ടുകളാണെന്ന്നമുക്ക് കാർഡിൽ രേഖ പ്പെടുത്താനും പിന്നീട് അനായാസമായി, ആ ഭാഗം മാത്രം റിവൈൻഡ് ചെയ്ത് 'പ്ലേ' ചെയ്യാനും കഴിയും.

മണ്ഡലവൃത്തിയുടേതാണ് അടുത്ത ഘട്ടം. വസ്തുതാ സമാഹരണത്തിൻെറ ഏറ്റവും ഫലപ്രദമായ രീതി സ്വാഭാവികപശ്ചാത്തലത്തിൽ (Natural context) നടക്കുന്ന ഫോക്‌ലോർ രൂപത്തിൻെറ നിരീക്ഷണമാണ്. എല്ലാ ഫോക്‌ലോർ രൂപങ്ങളും സ്വാഭാവികപശ്ചാത്തലത്തിൽ നിരീക്ഷിക്കാൻ കഴിഞ്ഞെന്നുവരില്ല. ഉദാഹരണത്തിന് നിണബലി, കെന്ത്രോൻപാട്ട് തുടങ്ങിയ ഉച്ചാടനച്ചടങ്ങുകൾ സ്വാഭാവികപശ്ചാത്തലത്തിൽ നടക്കാതായിട്ട് ദശകങ്ങൾ കഴിഞ്ഞു. പ്രത്യേകം ഏർപ്പെടുത്തിയ അവതരണങ്ങളിലൂടെ (Arranged performances) മാത്രമേ ഇന്ന് അവ നിരീക്ഷിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ. ഇത്തരം അവതരണങ്ങൾ ഇന്ന് ലഭ്യമാകുന്ന ഫോക്‌ലോർ രൂപങ്ങളുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. തെയ്യം തിരുവനന്തപുരത്തും, കൊല്ലത്തും ഡൽഹിയിലും ലണ്ടനിലും അവതരിപ്പിച്ചിട്ടുണ്ട്. കാവുകളുടെ സ്വാഭാവിക സന്ദർഭത്തിൽനിന്ന് തുലോം വ്യത്യസ്തമായിരിക്കും മറ്റു സ്ഥലങ്ങളിലുള്ള തെയ്യത്തിൻെറ അവതരണം. കണ്ണൂരിലും ഡൽഹിയിലും പാരീസിലും അവതരിപ്പിച്ചുകഴിഞ്ഞ മുടിയേറ്റിനും ഇത് ബാധകമാണ്. രണ്ടാമത്തെ വിഭാഗത്തിലുള്ള അവതരണങ്ങൾ അവഗണിക്കേണ്ട കാര്യമൊന്നുമില്ല. പുതിയ രംഗകലാസിദ്ധാന്ത (Performance theory)മനുസരിച്ച് ഓരോ അവതരണവും അതിൻേറതായ വ്യക്തിത്വം പുലർത്തുന്നുണ്ട്. തെയ്യത്തിനും കൂടിയാട്ടത്തിനും നാടകത്തിനും ഇത് ബാധകമാണ്. വസ്തുതാശേഖരണം നടത്തുമ്പോൾ ഈ രണ്ടുവിഭാഗത്തിൽപ്പെട്ട അവതരണങ്ങളും പ്രധാനപ്പെട്ടതാണ്. എന്നാൽ അനുഷ്ഠാനബദ്ധമായ ഒരു ഫോക്‌ലോർ രൂപത്തിൽനിന്ന് നാടൻ കൂട്ടായ്മയുടെ പങ്കാളിത്തവും ഇഴകിച്ചേരലും അനുഷ്ഠാനപ്രക്രിയയുടെ ക്രമാനുഗതമായ വികാസവും അത് പങ്കാളികളിലുണ്ടാക്കുന്ന പ്രതികരണങ്ങളും പൂർണ്ണമായും ഗ്രഹിക്കാൻ കഴിയണമെങ്കിൽ സ്വാഭാവികമായ പശ്ചാത്തലത്തിൽ നടക്കുന്ന അവതരണംതന്നെ നിരീക്ഷിക്കേണ്ടിയിരിക്കുന്നു. താരതമ്യത്തിനായി രണ്ടാമത്തേതും ഉപയോഗപ്പെടുത്താമെന്നുമാത്രം.

മണ്ഡലവൃത്തിയിൽ 'ചോദ്യാവലി'ക്ക് (Questionnaire) വളരെ പ്രാധാന്യമുണ്ട്. വസ്തുതാശേഖരണത്തിനുതകുന്നവിധത്തിലുള്ള ഒരു ചോദ്യാവലി കാലേക്കൂട്ടി തയ്യാറാക്കിയിരിക്കണം. നിരീക്ഷിക്കാനുദ്ദേശിക്കുന്ന ഫോക്‌ലോർരൂപത്തിൻെറ ബാഹ്യവും ആഭ്യന്തരവുമായ സവിശേഷതകളിലേയ്ക്ക് വെളിച്ചം വീശാൻ കഴിയത്തക്കവിധത്തിലുള്ള ഒരു ചോദ്യാവലിയാണ് ആവശ്യം. ഫോക്‌ലോർരൂപം കാണാനുള്ള അവസരം അതിനുമുമ്പുണ്ടായിട്ടുണ്ടെങ്കിൽ ചോദ്യാവലി തയ്യാറാക്കുന്നതിന് കൂറേക്കൂടി എളുപ്പമുണ്ട്. സൂക്ഷ്മമായ വശങ്ങളെക്കൂടി സ്പർശിക്കത്തക്കവിധം ചോദ്യാവലി രൂപപ്പെടുത്തുവാൻ അതിലൂടെ കഴിയും. ആവേദകരുമായുള്ള അഭിമുഖം (Interview) രണ്ടുവിധത്തിൽ നടത്താവുന്നതാണ്. ഒന്നാമത്തേത് തികച്ചും അനൗപചാരികമായ സംഭാഷണമാണ്. രണ്ടാമത്തേത് ചോദ്യാവലിയുടെ അടിസ്ഥാനത്തിലും. ഗവേഷകൻ ആവേദകനുമായി കഴിയുന്നിടത്തോളം നേരത്തേതന്നെ അടുപ്പം സമ്പാദിച്ചിരിക്കുന്നത് അഭിലഷണീയമാണ്. അതിലൂടെ അനൗപചാരികസംഭാഷണം വഴി ആവേദകൻെറ അനുഭവപരിചയവും അറിവും തടസ്സമില്ലാതെ പുറത്തുവരും. ടേപ്പിൽ രേഖപ്പെടുത്തുന്ന കാര്യംപോലും ആവേദകൻ അറിയാതിരിക്കുന്നത് നല്ലതാണ്. വിവരങ്ങൾ നൽകുന്നതിൻെറ സ്വാഭാവികതയ്ക്കും ഒഴുക്കിനും അത് സഹായിക്കും. എന്നാൽ സംഭാഷണത്തിനുശേഷം ഓഡിയോകാസ്സറ്റ് പ്ലേ ചെയ്ത്, മുഴുവൻ ഭാഗവും ആവേദകനെ കേൾപ്പിക്കണം; അനുവാദവും വാങ്ങിയിരിക്കണം. അല്ലാത്തപക്ഷം അത് വഞ്ചനയാകും. അനുവാദമില്ലാതെ ഒരു പാട്ടോ രംഗാവതരണമോ വിവരണമോ രേഖപ്പെടുത്തി, കൈയിൽ വെക്കുവാൻ ഗവേഷകന്നധികാരമില്ല എന്ന വസ്തുത പഠിതാവ് ഓർമ്മിക്കണം; അത് കുറ്റകരവുമാണ്. ആവേദകനും ഗവേഷകനും തമ്മിലുള്ള പരിചയത്തിൻെറ അടിസ്ഥാനത്തിൽ പഠനത്തിന്നാധാരമായ ഫോക്‌ലോർ രൂപത്തെക്കുറിച്ചുള്ള വിവരങ്ങൾ ഓരോന്നായി തന്ത്രപൂർവം വെളിയിൽ കൊണ്ടുവരികയാണ് (Elicit) ചെയ്യേണ്ടത്.

രണ്ടാംഘട്ടം മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിലായിരിക്കണം.ഇതും ഔപചാരികമാവാതിരിക്കാൻ ശ്രദ്ധിക്കുന്നതുകൊള്ളാം. ചോദ്യാവലി തയ്യാറാക്കുമ്പോൾ, ഫോക്‌ലോർ കൂട്ടായ്മയുടെ സൃഷ്ടിയാണെന്നും കൂട്ടായ്മയെ തിരിച്ചറിയുന്ന ഘടകങ്ങളാണ് അതിനെ മറ്റു മാധ്യമങ്ങളിൽനിന്ന് വ്യാവർത്തിപ്പിക്കുന്നതെന്നും ഉള്ള ബോധം ഗവേഷകന്നുണ്ടായിരിക്കണം. കൂടാതെ എല്ലാ കൂട്ടായ്മകളും ഒരുപോലെയായിരിക്കും എന്ന ധാരണ പഠിതാവിന്നുണ്ടായിരിക്കുകയുമരുത്. ഫോക്‌ലോറിൻെറ പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് അതിൻെറ പ്രാദേശികവൈവിധ്യമാണ് (Regional variation). ഉദാഹരണത്തിന് തൃശൂർ ജില്ലയിൽ മാത്രം നിലവിലുള്ള ഒരനുഷ്ഠാനമാണ് കാളികെട്ട്. എന്നാൽ തൃശൂർ ജില്ലയുടെ എല്ലാ പ്രദേശങ്ങളിലും ഒരുപോലെ

യല്ല 'കാളികെട്ട്' അവതരിപ്പിച്ചുവരുന്നത്. കാട്ടകാമ്പാലിലും പേരാമംഗലത്തും കണ്ടുവരാറുള്ള 'കാളികെട്ട്'പ്രകടനം 'കാളികെട്ട്' എന്ന അനുഷ്ഠാന സംഭവത്തിൻെറ (Ritual event) വ്യത്യസ്തങ്ങളായ പ്രാദേശികഭേദങ്ങളായിക്കാണാൻ പഠിതാവിന് കഴിയണം. കാളികെട്ടിനെക്കുറിച്ച് ഒരു ലഘുഗ്രന്ഥം (Monograph) തയ്യാറാക്കുന്നത്, അതിൻെറ പൊതുസവിശേഷതകളെ ആധാരമാക്കി (Idealised) മാത്രം ആകരുത്. ഒരു പ്രത്യേക സ്ഥലത്തെ അനുഷ്ഠാനപ്രകടനത്തിൻെറ പഠനം വഴിയായിരിക്കണം (Contextual study). വിവിധ പ്രദേശങ്ങളിലെ അവതരണ വൈവിധ്യവും സൂക്ഷ്മാംശങ്ങളിലുള്ള വൈജാത്യവും സൂചിപ്പിക്കുകയും ചെയ്യാം. നാടകീയരൂപത്തിൻെറ/അനുഷ്ഠാനത്തിൻെറ അവതരണം, പൂർവരംഗക്രിയകൾ (pre-rituals), അനുഷ്ഠാനങ്ങൾ, ആട്ടച്ചിട്ടകൾ, ഇതിവൃത്തം, പാട്ടുകൾ, ചമയം, ഉപകരണങ്ങൾ, സംഗീതം, ഉപയോഗിക്കുന്ന വസ്തുക്കൾ തുടങ്ങിയ ഒട്ടേറെ വസ്തുതകൾ ചോദ്യകർത്താവിന് പുറത്തേയ്ക്ക് കൊണ്ടുവരേണ്ടിയിരിക്കുന്നു. അവതാരകരുടെ ജീവിതം, പാരമ്പര്യം, സാമൂഹികമായ നില തുടങ്ങിയവയും പ്രധാനപ്പെട്ടവയാണ്. ഇതിനുതകുന്ന തരത്തിലുള്ള വിശദമായ ഒരു ചോദ്യാവലിയാണ് തയ്യാറാക്കേണ്ടത്. അവതരണം നിരീക്ഷിച്ചതിനുശേഷമാണ് 'അഭിമുഖം' നടത്തുന്നതെങ്കിൽ കൂടുതൽക്കാര്യങ്ങൾ ചോദിക്കാനുണ്ടായെന്നുവരും. നിരീക്ഷിക്കുന്നതിന്മുമ്പാണ് അഭിമുഖം നടത്തിയതെങ്കിൽ അത് നിരീക്ഷിച്ചശേഷം അവതരണത്തിൻെറ ക്രമവും ചിട്ടയും മറ്റു വിശദാംശങ്ങളും ആവേദകരുടെ വിശദീകരണങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് സ്വയം ബോധ്യപ്പെടുകയും വേണം. ഒരു രംഗകലയുടെ/അനുഷ്ഠാനത്തിൻെറ അവതരണത്തിൻെറ നേരിട്ടുള്ള നിരീക്ഷണത്തിൽ അനുഭവപ്പെടുന്ന വസ്തുതകളാണ് ഫോക്ക്‌ലോർപഠനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വസ്തുത. നേരിട്ട് കണ്ടതിലും ആവേദകരിലൂടെ കേട്ടറിഞ്ഞതിലും അനുഭവപ്പെട്ട വൈജാത്യങ്ങളോ പൊരുത്തക്കേടുകളോ എങ്ങനെ സംഭവിച്ചുവെന്ന് തുടർന്നുള്ള അന്വേഷണത്തിൽനിന്ന് പഠിതാവിന് ഗ്രഹിക്കാൻ കഴിയും. ഒരു ഫോക്ക്‌ലോർരൂപത്തിൻെറ വസ്തുതാസമാഹരണത്തിന് ഒന്നിലധികം തവണ മണ്ഡലവൃത്തി നടത്തേണ്ടതായിവരും. കൂടാതെ, കേട്ടും നിരീക്ഷിച്ചും ഗ്രഹിച്ച വസ്തുതകൾ ക്രോഡീകരിക്കുമ്പോൾ ഒട്ടേറെ സംശയങ്ങൾ ഉയർന്നുവരാനും ഇടയുണ്ട്. ഇതിന്നായി ചോദ്യങ്ങൾ എഴുതി അയച്ചും, നേരിട്ട് പലരേയും കണ്ട് അന്വേഷിച്ചും സംശയനിവാരണം വരുത്തുകയും വേണം. ഫോക്ക്‌ലോർ രൂപങ്ങളുടെ വസ്തുതാസമാഹരണം ഒരു നിശ്ചിത സമയത്ത് ഒരിക്കൽമാത്രം നടത്തി അവസാനിപ്പിക്കേണ്ട ഒന്നല്ല. അതൊരു നീണ്ട പ്രക്രിയയാണ്.

വസ്തുതാസമാഹരണത്തിൻെറ ഘട്ടത്തിൽ ഗവേഷകൻെറ ഇഷ്ടാനിഷ്ടങ്ങളും പാണ്ഡിത്യവും ഒരുതരത്തിലും അവതാരകനിൽ/ആവേദകനിൽ (Performer/Informant) സ്വാധീനത ചെലുത്തിക്കൂടാ. നമുക്കാവശ്യമായിട്ടുള്ളത് വിവരങ്ങൾ നൽകുന്ന ആളിൻെറ അറിവും അനുഭവവും പുറത്തേക്ക് കൊണ്ടുവരലാണ്. അയാളെ സ്വതന്ത്രമായി പറയാൻ അനുവദിക്കണം. സ്ഥാനത്തും അസ്ഥാനത്തുമുള്ള ഇടപെടലുകൾ പഠിതാവിൽനിന്നുണ്ടാകാൻ പാടില്ല. നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള ഉത്തരം ലഭിക്കുവാനല്ല അവരെ സമീപിക്കുന്നത്; അവരുടേതു മാത്രമായ അഭിപ്രായം അറിയാനാണ് എന്ന വസ്തുത വിസ്മരിക്കരുത്. ഫോക്ക്‌ലോർ രൂപത്തെക്കുറിച്ചുള്ള പ്രാദേശികവ്യാഖ്യാനത്തിന് (Emic interpretation) വളരെ പ്രാധാന്യമുണ്ടെന്ന് ഫോക്ക്‌ലോറിസ്റ്റുകൾ കരുതുന്നു. അവരുടെ കലാരൂപത്തെക്കുറിച്ച് അവർ എന്തു പറയുന്നുവെന്നതാണ് സർവപ്രധാനമായിട്ടുള്ളത്. പ്രാദേശിക വ്യാഖ്യാനമാണ് (Native interpretation) പഠനത്തിൻെറ ആധാരശില. അതുവഴി ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി, പഠനത്തിൻെറ ഘട്ടത്തിൽ പഠിതാവിന് സ്വന്തം നിലയിൽ വ്യാഖ്യാനിക്കാനുള്ള (Etic interpretation) സ്വാതന്ത്ര്യമുണ്ട്. ഗവേഷകൻെറ വ്യക്തിമുദ്ര ഇവിടെ പതിയുകയും വേണം. പക്ഷേ അത് വസ്തുതാസമാഹരണത്തിൻെറ ഘട്ടത്തിലാകരുത്; പഠനം എന്ന അവസാനഘട്ടത്തിലായിരിക്കണം.

മണ്ഡലവൃത്തിക്കുള്ള ചോദ്യാവലി ഗവേഷകൻെറ പഠനലക്ഷ്യത്തിന്നനുസരിച്ചാണ് തയ്യാറാക്കുന്നത്. നിഷ്കൃഷ്ടമായ നിയമങ്ങളൊന്നും ഇതിനില്ല. സാമൂഹികശാസ്ത്രങ്ങളുടെ (Social Sciences) പഠനത്തിനുള്ള ചോദ്യാവലിയാണ് പൊതുവെ അഭികാമ്യമായിട്ടുള്ളത്. നരവംശശാസ്ത്രത്തിൻെറ (Anthropology) മണ്ഡലവൃത്തിയുടെ രീതി അഭിലഷണീയമാണ്. ഒരു നാടോടിരംഗകലയുടെ വസ്തുതാസമാഹരണത്തിന് രണ്ടുഭാഗങ്ങളുള്ള ഒരു ചോദ്യാവലി തയ്യാറാക്കാവുന്നതാണ്. ആദ്യത്തേതിൽ കലാരൂപത്തിൻെറ അവതരണപരമായ സവിശേഷതകളും രണ്ടാമത്തേതിൽ കലാരൂപവും സമൂഹവും തമ്മിലുള്ള ബന്ധത്തിൻെറ വിശദാംശങ്ങളുമാണ് ഉൾക്കൊള്ളിക്കേണ്ടത്. അത്തരത്തിലുള്ള ഒരു ചോദ്യാവലിയുടെ മാതൃക താഴെ ചേർക്കുന്നു :

### ഒന്ന് : കലാരൂപത്തിൻെറ സാമാന്യസ്വരൂപം

റഫ.നമ്പർ :

1. കലാരൂപത്തിൻെറ പേര്
2. ഏത് ഫോക്ക്‌ലോർ വിഭാഗത്തിൽപ്പെടുന്നു?
3. അവതരിപ്പിക്കുന്ന ജാതി
4. പ്രചാരത്തിലുള്ള പ്രദേശം
5. ഇന്ന് നിലവിലുണ്ടോ?

6. നിലവിലില്ലെങ്കിൽ അവസാനം നടന്നതെപ്പോൾ?
7. ഊരാളന്മാർ (Trustees)
8. കലാരൂപത്തിൻെറ മറ്റു പേരുകൾ
9. അവതരിപ്പിക്കാൻ അവകാശമുള്ള കുടുംബം
10. ഉത്പത്തികാലം എ) കലാകാരൻെറ ദൃഷ്ടിയിൽ
    ബി) മറ്റ് ആവേദകരുടെ ദൃഷ്ടിയിൽ
    സി) ഗവേഷകൻെറ ദൃഷ്ടിയിൽ
11. അവതരിപ്പിക്കുന്നതിന് നിശ്ചിതകാലം ഉണ്ടോ?
12. അനുഷ്ഠാനത്തിൻെറ ഭാഗമാണോ?
13. അനുഷ്ഠാനങ്ങളുണ്ടെങ്കിൽ വിശദാംശങ്ങൾ
14. പുരാവൃത്തം/വിശ്വാസം/ഐതിഹ്യം
15. കലാകാരന്മാരുടെ എണ്ണം
16. അവതരണസമയം
17. അവതരണത്തിൻെറ ഏകദേശരൂപം
18. ദീപവിധാനം
19. കെട്ടുകാഴ്ചകളുടെ സ്വഭാവം
20. മുഖാവരണം ഉണ്ടോ? 1) സ്വരൂപം
    2) സാമഗ്രികൾ
21. മുഖത്തുതേപ്പിൻെറ വിവരം
22. മെയ്യെഴുത്ത്
23. ഉടുത്തുകെട്ടിൻെറ വിവരം
24. സംഗീതോപകരണങ്ങൾ
25. ഈ രംഗത്തെ കലാകാരന്മാരുടെ പേരും വിലാസവും
26. ആവേദകൻെറ പേരും വിലാസവും
27. ഗവേഷകൻെറ പേരും ഒപ്പും

**രണ്ട് : കലാരൂപവും സമൂഹവും തമ്മിലുള്ള ബന്ധം**

റഫ.നമ്പർ :

1. ഫോക്‌ലോർ വിഭാഗം
2. ഉപവിഭാഗമുണ്ടെങ്കിൽ പേര്
3. കലാരൂപത്തിൻെറ പേര്
4. സ്ഥലം, ജില്ല
5. ഉണ്ടായ ഭൂമിശാസ്ത്രപരമായ സാഹചര്യം
6. കലാരൂപത്തിന് ജന്മം നൽകിയ സാമൂഹികസാഹചര്യം
7. കുലത്തൊഴിലാണോ?
8. വേറെ ജോലികൾ
9. എങ്ങനെ തനിക്ക് കൈവന്നു? പാരമ്പര്യമാണോ?
10. പ്രതിഫലം
11. പാരമ്പര്യമായി ലഭിച്ച 1) ആനുകൂല്യങ്ങൾ
    2) അവകാശങ്ങൾ
12. അനുഷ്ഠാനപരമായ പദവി
13. കലാരൂപത്തിൽ മാറ്റം വന്നിട്ടുണ്ടോ?
    എ) ഉണ്ടെങ്കിൽ എന്തെല്ലാം?
14. കലാകാരന് തൻെറ പ്രവൃത്തിയെക്കുറിച്ചുള്ള അഭിപ്രായം
15. തലമുറകളുടെ മാറ്റം കലാപ്രവർത്തനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ?
    എ) ഉണ്ടെങ്കിൽ എന്ത്?
16. കലാരൂപത്തിൽ പരിവർത്തനം വരുത്തുന്നതിനെക്കുറിച്ചുള്ള അഭിപ്രായം
17. മറ്റു പ്രസക്തവിവരങ്ങൾ
18. സ്ഥലം
19. ആവേദകൻെറ പേരും വിലാസവും
20. ഗവേഷകൻെറ പേരും ഒപ്പും

ഒരു ഫോക്‌ലോർ രൂപം നിരീക്ഷിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തുമ്പോൾ ഉപയോഗിക്കുന്നതിന് ഇതിൽനിന്നും അല്പം വ്യത്യസ്തമായ മറ്റൊരു ചോദ്യാവലി ഉപയോഗിക്കാവുന്നതാണ്. ഇത് മിക്കവാറും നിഷ്കൃഷ്ടമായ നിരീക്ഷണത്തിലൂടെ രേഖപ്പെടുത്തേണ്ട വസ്തുതകളാണ്. അവതാരകരെ/സംബന്ധിച്ച വിവരങ്ങൾ മാത്രമേ ചോദിച്ചറിയാനുള്ളൂ. കൂടാതെ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഉപകരണങ്ങളുടെയും റക്കോർഡ് ചെയ്തതിൻെറയും വിശദാംശങ്ങളും പൂരിപ്പിക്കണം. രേഖാലയത്തിലേക്കുള്ളതാണെങ്കിൽ (Archives) ഇവ കണിശമായും രേഖപ്പെടുത്തിയേ തീരൂ. ഫോക്‌ലോർ രൂപം കണ്ടുപിടിക്കാൻ സഹായിക്കുന്ന 'കോൾ കാർഡ്' (Call card) നമ്പർ, 'ആക്സെഷൻ നമ്പർ' (Accession number) തുടങ്ങിയവയും രേഖപ്പെടുത്തണം. കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുമ്പോഴും ഇവ കൂടിയേ തീരൂ.

വസ്തുതാസമാഹരണത്തിന് ശാസ്ത്രീയമായി തയ്യാറാക്കിയ ഏതാനും മാതൃകകൾ അനുബന്ധമായിച്ചേർത്തിരിക്കുന്നു. ഫോക്‌ലോർരൂപത്തിൻെറ സവിശേഷതകൾക്കനുസരിച്ച് ഗവേഷകന് അവരുടേതായ ചോദ്യാവലിയോ, ഫീൽഡ്കാർഡോ സ്വന്തമായി തയ്യാറാക്കാവുന്നതാണ്. അവതരണകലയുടെ (performing art) ഫീൽഡ് ഡാറ്റാ കാർഡിൻെറ ചോദ്യാവലിമാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്. സെൻറർ ഫോർ പെർഫോമെൻസ് (സ്കൂൾ ഓഫ് ഡ്രാമ, തൃശൂർ), റീജ്യനൽ റിസൊഴ്സ് സെൻറർ (RRC, ഉഡുപ്പി) എന്നിവയുടെ ഫീൽഡ് കാർഡുകളും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ഇവയ്ക്കുപുറമേ അമേരിക്കൻ ഫോക് ലൈഫ് സെൻററിൻെറ ഫോട്ടോലോഗ് (Photo Log) ടേപ്പ് ലോഗ് (Tape Log) എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു. മണ്ഡലവൃത്തി നടക്കുമ്പോൾ ഏറ്റവും പ്രധാനമായിട്ടുള്ളത് 'ഫീൽഡ് ഡയറി'യാണ്. ഒരു ഫോക്‌ലോർ രൂപത്തെക്കുറിച്ച് അവതാരകരോ ആവേദകരോ എത്ര പരത്തിപ്പറഞ്ഞാലും അത്തരം വിവരങ്ങൾ ഡയറിയിൽ കുറിച്ചിടണം. പിന്നീട് അവയിൽ പലതും ആവശ്യമായിവന്നേയ്ക്കും. ചോദ്യാവലിയിൽ ഒരു കലാരൂപത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചേർക്കാൻ കഴിയില്ല. സംക്ഷിപ്തമായി വസ്തുതകൾ എഴുതുകയാണ് ചെയ്യാറുള്ളത്. എന്നാൽ പിന്നീട്, ഗവേഷകന്നോ മറ്റേതെങ്കിലും ഒരാൾക്കോ ഈ വിഷയത്തെക്കുറിച്ച് കുടുതൽ വസ്തുതകൾ അറിയണമെന്നുണ്ടെങ്കിൽ ഫീൽഡ് ഡയറി ഉപയോഗപ്പെടുത്താവുന്നതാണ്. ചോദ്യാവലി, ഫോട്ടോ ലോഗ്, ടേപ്പ് ലോഗ്, ഫീൽഡ്ഡയറി എന്നിവ കണ്ടുപിടിക്കുന്നത് എളുപ്പമുള്ളതാക്കുവാൻ 'ക്രോസ്സ് റഫറൻസ് നമ്പറുകൾ നൽകേണ്ടതുമാണ്. ഫോക്‌ലോർ പഠനത്തിന് പ്രധാനപ്പെട്ട ചില ഘട്ടങ്ങളുണ്ട്. സർവെ, സമാഹരണം, വർഗ്ഗീകരണം (Classification) രേഖപ്പെടുത്തി രേഖാലയത്തിൽ സൂക്ഷിക്കൽ, വിശകലനാത്മകമായ പഠനം എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. ഇവയെക്കല്ലാറ്റിനും പുറമേ ഫോക്‌ലോർ ഗണങ്ങളുടെ പ്രസാരണവും (Dissemination) പ്രാധാന്യമർഹിക്കുന്നതാണ്. ഇവയുടെ അവതരണം, ലഘുഗ്രന്ഥങ്ങളുടെ (Monographs) രചന തുടങ്ങിയവ ഇതിൽപെടുന്നു. 'ഫീൽഡ് ഡാറ്റാ കാർഡി'ൻെറ മാതൃക താഴെ ചേർക്കുന്നു :

### ഫീൽഡ് ഡാറ്റാ കാർഡ് A

റഫ.നമ്പർ :

1. ഫോക് രൂപത്തിൻെറ പേര്
2. രേഖപ്പെടുത്തിയ 1) സ്ഥലം
   2) തിയ്യതി
3. ഓഡിയോ/വീഡിയോ ടേപ്പ് നമ്പർ
4. ക്രമനമ്പർ (Sequence No.)
5. ഫ്രെയിം നമ്പർ
6. ദൈർഘ്യം
7. ഉപകരണത്തിൻെറ വിവരം
8. റക്കോഡിംഗ് മേൽനോട്ടക്കാരൻെറ പേര്
9. രേഖപ്പെടുത്തിയ ആൾ
10. ആവേദകർ/അവതാരകർ

ഒപ്പ്

### ഫീൽഡ് ഡാറ്റാ കാർഡ് B

റഫ.നമ്പർ :

1. ഫോക്‌ലോർ രൂപത്തിൻെറ പേര്
2. ഏത് വിഭാഗം
   എ) ഉപവിഭാഗം
3. സ്ഥലം
4. ജില്ല
5. സമാന്തരദൃശ്യം/അനുഷ്ഠാനം
6. സന്ദർഭം
7. ഉദ്ദേശ്യം
8. കാലം
9. അവതരണത്തിനെടുക്കുന്ന സമയം
10. അവതരണ സമയം
11. കലാരൂപത്തിൽ/അനുഷ്ഠാനത്തിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾ/ദേവതകൾ
12. അവതാരകൻെറ/ആവേദകൻെറ പേര്
    വയസ്സ്, തൊഴിൽ, വിദ്യാഭ്യാസം, ആൺ/പെൺ, ജനനസ്ഥലം, വിലാസം
13. ജാതി
14. സാമൂഹ്യമായ/അനുഷ്ഠാനപരമായ പദവി
15. ഉപയോഗിച്ച വാദ്യങ്ങൾ
16. ഉപയോഗിച്ച വസ്തുക്കൾ

17. ഉപയോഗിച്ച ആയുധങ്ങൾ
18. മേക്കപ്പ്.
19. കോസ്റ്റ്യൂം
20. പൂർവരംഗക്രിയകൾ
21. കലാരൂപത്തെക്കുറിച്ചുള്ള/അനുഷ്ഠാനത്തെക്കുറിച്ചുള്ള വിവരണം
22. പ്രത്യേകമായി എന്തെങ്കിലും രേഖപ്പെടുത്താനുണ്ടെങ്കിൽ അത്.
23. അഭിപ്രായം

ഒപ്പ്

## ഗ്രന്ഥസൂചി


1. Barties, Peter, Folk Life and Field Work, Washington : Library Congress, 1990.
2. Coffin, Tristram P., American Folklore, Washington : Voice of American Lecturers, 1968.
3. Dundes, Alan (ed.) The study of Folkore, New York : Prentice - Hall Inc., 1965.
4. Innes, C.A., Madras District Gazatters, Malabar Vol.I, Madras : Govt. Press, 1951.
5. Islam, Mazhrul, Folklore : The Pulse of the People, New Delhi : Concept Publishing Company, 1985.
6. Leach, Maria, (ed.) Standard Dictionary of Folklore, Mythology and Legend, 2 Vols. New York : Funk and Wagnals Company, 1949.
7. Logan, William, Malabar, Vol. I, Trivandrum : Charithram Publications, 1967.
8. Tayler, Archer, ``Folklore and the Study of Literature", The Specific Spectator, Vol. II, 1948.
9. Thurston, Edgar, Castes & Tribes of Southern India, Delhi : Cosmos Publications, 1970.
10. നമ്പ്യാർ ഏ.കെ., കേരളത്തിലെ നാടൻകലകൾ, കോട്ടയം ; നാഷണൽ ബുക്ക്സ്റ്റാൾ, 1989
11. രാഘവൻ പയ്യനാട്, കേരള ഫോക്‌ലോർ, പയ്യന്നൂർ : ഫോക്‌ലോർ ഫെല്ലോസ് ഓഫ് മലബാർ, 1997. □


## അനുബന്ധം - I

FOR PERFORMANCE AND FOLKLORE

**<u>FIELD WORK DATA CARD</u>**

School of Drama
Calicut University
Aranattukara P.O.
Thrissur - 680 618

For Archives Use
Accession No.
Reserve No. -
Coll Card No.

---

001 Video/Audio Tape No. Card No.

002 Item No. 003 Collector

004 Name of the Item : (In native terms)

005 Ethnic Category :

---

006 Name of the Informant/Performer ------------------------------------------------
Age ----------- Sex --------------- Caste --------------- Religion ------------------------------------
Mother tongue ----------------------- Education --------------------- Occupation --------------------
Address ------------------------------------------------------------------------------------------
007 Name and address of accompanies ------------------------------------------------
008 Family information of the Informant ------------------------------------------------
009 Information about the occupation of the Informant ------------------------------------------------
010 Date of Recording ------------------------------------------------
011 Recording Context ------------------------------------------------
012 Item's Natural Context ------------------------------------------------
013 Notes on Recording Context ------------------------------------------------
014 Costumes, instruments, objects used in the performance ------------------------------------------------
015 Recording Place ------------------------------------------------
Village ------------------------------------------------
Panchayath ------------------------------------------------
Taluk ----------------------- Name and distance of nearest town in Kms ------------------------------
016 Additional observation by the Collector ------------------------------------------------
017 Corresponding other materials and references ------------------------------------------------
018 Recording media : Audio/Video ------------------------------------------------
019 Count description : Side A/B From ------------------------------------- To ---------------------------

Signature of the Collector

അനുബന്ധം – II

**RRC FIELD CARD**

(For RRC use only)
Accn No. :
Ma. No. :

Material ID
No. : ------------------------------------------

01 Genre Term :

02 Item Name :

03 Sub Item/Item type :

04 Performer/Informant :

Sex : (m/f) Age :

Caste :

Education : Occupation :

Birth Place : Mother Tongue : Full Address :

05 Acc. Performers* :

06 Rec. Language

07 Topographical data : Spot of Rec :

Village/Town Name :

Taluk : District :

Pin Code : State :

08 Date, From To :

09 Time, From To :

10 Rec. Media :

11 Simultaneous Collections :

12 Rec. Context :

13 Field Notes/Catalogue/Description : (Use back of Card)

* Use back of card for more details

1. Accession No. 2. Material No : 3. Material Identification 4. Recording Language collector

അനുബന്ധം – III

**PHOTO LOG**

COLLECTOR ------------------------------ CONTRACT SHEET NO ----
CORRESPONDING DATA SHEET NO ------------------------------------
TAPE LOG NO ----------- FIELD NOTES (DATES
OR OTHER RETRIEVAL NO) ----------------------------------------------
INTERVIEW/VISIT DATE ---------------------- TIME ----------- LOCATIONS ------------------------------
SETTING AND CIRCUMSTANCE -----------------------------------------

**TAPE LOG**

COLLECTOR ------------------------------------------- TAPE NO ------------------------------------------------
APE TITLE (INFORMANT OF EVENT) ------------------------------------------------------------------------
CORRESPONDING DATE SHEET NO ---------------------------------------------------------------------------
PHOTO LOG NO -------------------------------------------------------------
FIELD NOTES (DATES OR OTHER RETRIEVAL NO) -------------------------------------------------------
ASSETTE -------- REEL ------------ TO -------------------------------------- REEL ------------------------------
REEL SIZE -------------------------- CASSETTE ----------------------------------------------------------------
SIZE (in minutes) MONO ---------- STEREO -----------------------------
SPEED 7½ 3¾ 1- $\frac{7}{8}$ $\frac{15}{16}$ SIDES/TRACKS -------------------------------
INTERVIEW ------------------------ DATE --------------------------------- TIME -------------------------------
PLACE OF INTERVIEW(S) --------------------------------------------------------------------------------------
SETTING AND CIRCUMSTANCE -----------------------------------------
FOLKLORE RECORED -------------------------------------------------------------------------------------------

# ഐങ്കുടികമ്മാളരുടെ നാട്ടറിവുകൾ

വിജയകുമാർ മേനോൻ

കമ്മാളരെ പലപ്പോഴും തമിഴ് കമ്മാളരെന്നും മലയാളകമ്മാളരെന്നും തിരിക്കുന്നുണ്ട്. തെക്കൻ തിരുവിതാംകൂറിലും തമിൾനാട്ടിലെ ചെങ്കോട്ട ഭാഗത്തുമാണ് തമിഴ്കമ്മാളരെ കാണുന്നത്. വിശ്വപുരാണത്തിലെ ഒരു കഥയിൽ ശിവന്റെ തൃക്കണ്ണിൽനിന്നും വിശ്വബ്രഹ്മൻ ഉണ്ടായി. വിശ്വബ്രഹ്മന് അഞ്ചുമക്കൾ പിറന്നു. ഓരോരുത്തരും ഓരോ തൊഴിൽ സ്വീകരിച്ചു. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, കല്ലൻ എന്നിവരെല്ലാം ആ അഞ്ചുമക്കളുടെ പരമ്പരയിൽപ്പെടുന്നു എന്നാണ് കരുതുന്നത്. ഇതിൽ അഞ്ചുവിഭാഗങ്ങൾ പൂണൂൽ ധരിക്കാൻ അവകാശമുള്ളവരായിരുന്നു എന്ന് എൻ.എ.കൃഷ്ണയ്യർ[1] രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി.1004ൽ രാജചോളന്റെ തഞ്ചാവൂർ ലിഖിതങ്ങളിൽ ഇവർ അയിത്തമുള്ളവരായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കൃഷ്ണയ്യർ പറയുന്നു.

കമ്മാളർ കൃഷിപ്പണിക്കു തുല്യമായതോ അതിലും ശ്രേഷ്ഠമായതോ ആയ ക്രിയകൾ ചെയ്യുന്നതായിട്ടാണ് കരുതുന്നത്. കൃഷിയായുധങ്ങൾ നിർമ്മിച്ചാലേ കൃഷി നടത്താനാകൂ എന്നതു തന്നെ അതിന്റെ ആദ്യത്തെ ന്യായം. ആദ്യകാലത്ത് മരംകൊണ്ടുള്ള കലപ്പയും പിന്നീട് മരത്തിൽ ലോഹം പിടിപ്പിച്ച കലപ്പയും കൊയ്യാനും കിളക്കാനും മറ്റുമുള്ള ഉപകരണങ്ങളും ഉണ്ടാക്കുന്ന ഇവരെ കൃഷിയുടെ നെടുംതൂണുകളാക്കി മാറ്റി. കലപ്പക്ക് ഇന്നു നാം കാണുന്ന ആകൃതിയിലേക്കുള്ള പരിണാമം അതു നിർമ്മിച്ചവരുടെ രൂപബോധം, കലാമർമ്മജ്ഞത, ഉപയോഗിതയും രൂപവും തമ്മിൽ ബന്ധപ്പെടുത്തുക എന്ന ഡിസൈൻ ബോധം, ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ആയാസക്കുറവ് (Mechanical advantage) എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഉൾപ്പെട്ടതാണ്. ആദ്യകാലത്ത് തൊഴിൽ വിഭജനം വൈദഗ്ദ്ധ്യവുമായി ബന്ധപ്പെട്ടതായിരുന്നു. പിന്നീടതു കുലത്തൊഴിലായി. അതും കഴിഞ്ഞ് ചാതുർവർണ്യവുമായി ബന്ധപ്പെട്ട് ഉച്ചനീചത്വം വന്നുപെട്ടു. ഋഗ്വേദസൂക്തത്തിൽ അതു കാണാം : ''ഞങ്ങളുടെ ചിന്തകൾ വിഭിന്നങ്ങളാണ്. പ്രവൃത്തികളും വ്യത്യസ്തങ്ങളാണ്. ആശാരി മരം മുറിക്കാനാഗ്രഹിക്കുന്നു. വൈദ്യനു രോഗം വേണം. സോമവുമായി ദേവന്മാരെ ആരാധിക്കുന്നവരെ കവി സ്നേഹിക്കുന്നു. കൈവേലക്കാരൻ സ്വത്തുള്ളവനെ ഇഷ്ടപ്പെടുന്നു. ഉണങ്ങിയ ചുള്ളിക്കമ്പുകൾകൊണ്ടും പക്ഷികളുടെ തൂവൽകൊണ്ടും കല്ലുകൾ കൊണ്ടും പാറക്കഷണങ്ങൾകൊണ്ടും ഇവർ ആയുധങ്ങളുണ്ടാക്കുന്നു. ഞാൻ കവിയാണ്. എന്റെ അച്ഛൻ വൈദ്യനാണ്. അമ്മ ഉരലിൽ നെല്ലുകുത്തുന്നു. ഞങ്ങൾ വ്യത്യസ്തചിന്തകൾ ഉള്ളവരാണ്. ഞങ്ങളെല്ലാവരും സ്വന്തം തൊഴിലുകളെ ഒരു പശുവിനെ എന്നപോലെ, പിന്തുടരുന്നു''[2]. ഒരേ മരത്തെ വൈദ്യൻ ഔഷധത്തിനുതകുമോ എന്നും തച്ചൻ മരപ്പണിക്കുതകുമോ എന്നും നോക്കുന്ന വീക്ഷണവ്യത്യാസം വേലയുടെയും സാങ്കേതികജ്ഞാനത്തിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും വ്യത്യാസം കൂടിയാണ്. കല്ലൻ (കല്ലാശാരി, ശില്പി) ഓരോ കല്ലും പഠിച്ച് അതിനെ വേർതിരിച്ചു മനസ്സിലാക്കി ഓരോന്നിനു ചേർന്നതെന്തെന്ന് നിശ്ചയിക്കുന്ന ജ്ഞാനിയാണ്. കല്ലിനെ പ്രാഥമികമായി ആണ്, പെണ്ണ്, നപുംസകം എന്നു തിരിക്കുന്നുണ്ടല്ലോ. തച്ചനും വൈദ്യനും മരം നോക്കി സ്വന്തം വിജ്ഞാനവീക്ഷണത്തിലൂടെ കാര്യങ്ങൾ ഗ്രഹിച്ച് പ്രവർത്തിക്കുന്നപോലെ കല്ലനും തന്റെ മേഖലയിലെ കാര്യങ്ങൾ പഠിക്കുകയും ഗവേഷണം നടത്തി പിൻതലമുറയെ ഏല്പിക്കുകയും ചെയ്യുന്നു. ഈ പാരമ്പര്യം ഓരോ നാട്ടിലെ വിഭവത്തെയും കാലാവസ്ഥയെയും സമ്പത്തിനെയും ആവശ്യത്തെയും സൗന്ദര്യബോധത്തെയും ആശ്രയിച്ചിരിക്കും. ഓരോ നാട്ടിലെയും അറിവ് അതാതു നാട്ടിലെ വിദഗ്ദ്ധർക്കേ അറിയാൻ കഴിയൂ. ജ്ഞാനിയും തൊഴിലിനോട് ആത്മാർത്ഥതയും കഴിവും പ്രശസ്തിയും ഉള്ള ഒരു ആശാരിയോട് മറ്റൊരു ദേശത്തെ നാടുവാഴി കെട്ടിടം പണിഞ്ഞുതരാൻ ആവശ്യപ്പെട്ടപ്പോൾ തനിക്ക് ആ നാട്ടിലെ 'കാറ്റ്' അറിയില്ല എന്നു പറഞ്ഞതായി ഒരു ഐതിഹ്യമുണ്ടല്ലോ. ഓരോ നാട്ടിലെയും കാറ്റിനെക്കുറിച്ചുള്ള അറിവ് അന്നാട്ടുകാർക്കേ അറിയൂ. ഈ നാട്ടറിവ് നിരീക്ഷണത്തിന്റെയും ഗവേഷണത്തിന്റെയും ഫലമാണ്. പഴയ മട്ടിലുള്ള വാമൊഴി പഠനരീതിയെ (പഠിക്കുകയാണെന്നറിയാതെതന്നെ പഠിച്ചു പോകുന്ന, ശ്വാസോച്ഛ്വാസം ചെയ്യുന്നപോലെ സ്വാഭാവികമായ രീതി) അതിന്റെ ഗവേഷണ സമ്പ്രദായത്തിൽത്തന്നെ കാണേണ്ടതുണ്ട്. അതായിരിക്കും നാട്ടറിവു പഠന/ഗവേഷണ സമ്പ്രദായം.

മൂശാരിമാർ മറ്റൊരു ദേശത്തുചെന്ന് ലോഹം വാർക്കുമ്പോൾ തന്റെ ടെക്നോളജിയല്ല അവിടത്തേത് എന്ന് കൃത്യമായി അറിയുന്നവരാണ്. നാട്ടിലെ മണ്ണും കൂടെ അവർ കൊണ്ടുപോകുന്നു.

അവർ ചെല്ലുന്ന നാട്ടിലും മൂശാരിമാരുണ്ട്. അവരും അവിടെലോഹം വാർക്കുന്നുണ്ട്. അവർ അവിടത്തെ മണ്ണുപയോഗിക്കുന്നു. എന്നാൽ പുറത്തുനിന്നു വരുന്ന മൂശാരിക്ക് അവിടത്തെ മണ്ണിന്റെ ഘടന അറിയില്ല എന്നതിനാലും തന്റെ മണ്ണിന്റേത് കൃത്യമായി അറിയാമെന്നതിനാലുമാണ്, "അബദ്ധം പറ്റാതിരിക്കാൻ സ്വന്തംമണ്ണും" കൊണ്ടുപോകുന്നത്. ഒരസംസ്കൃത വസ്തുവിനെക്കുറിച്ചുള്ള അറിവാണിത്. ഓരോ പ്രാദേശിക വാർപ്പിലും ഉള്ള സാങ്കേതികതയുടെ അതിസൂക്ഷ്മ വ്യത്യാസമാണ് ഇതിൽ കാണാൻ കഴിയുന്നത്. ഈ നാട്ടറിവുകളുടെ സമഗ്രതയാണ് ശാസ്ത്രവും സാങ്കേതികവിദ്യയും ഗവേഷണവും. കേരളത്തിലെ ലോഹവിദ്യയെക്കുറിച്ച് പല പഠനക്കൂട്ടുകളും പരമ്പരാഗതമായി നമുക്കു ലഭിച്ചിരുന്നത് "നവീനശാസ്ത്ര"ത്തിന്റെ വരവോടെ പിൻതള്ളപ്പെട്ടു പോയി. നാട്ടറിവുകളിൽ നിന്നു പുരോഗതി പ്രാപിച്ച് നവീനതയിലേക്കു കുതിക്കുക എന്ന സ്വാഭാവികപരിണാമത്തിനു പകരം അതിനെ നിഷ്കാസനം ചെയ്തുകൊണ്ട് "നവീന സാങ്കേതികവിദ്യ" കടന്നു കയറി. അത് എല്ലാ മേഖലകളിലും സംഭവിച്ചു. അതിനാൽ പലതും അന്യം നിന്നു.

കേരളവും കമ്മാളരുടെ വിദ്യയും : ശ്രീനിവാസ അയ്യങ്കാരെപ്പോലുള്ളവർ ഐങ്കുടി കമ്മാളരെക്കുറിച്ചു പഠിച്ചപ്പോൾ കേരളത്തിലുള്ളവരുടെ പല കാര്യങ്ങളും നിരീക്ഷിച്ചു. എ.ഡി. 8-9 നൂറ്റാണ്ടോടെ കേരളത്തിൽ ബ്രാഹ്മണാധിപത്യം തുടങ്ങി. ഈ ആധിപത്യം ക്ഷേത്രനിർമ്മിതിയുമായി ബന്ധപ്പെട്ടതാണ്. ക്ഷേത്രം ആധിപത്യത്തിന്റെ സിംബലും അതുകൊണ്ടുതന്നെ സാമൂഹ്യ രാഷ്ട്രീയ ഘടനയുടെ ശക്തികേന്ദ്രവുമായി. അമൂർത്ത ദേവനെ മൂർത്തമാക്കിയാൽ മാത്രമേ അധികാരം എന്ന അമൂർത്ത ശക്തിയെ മൂർത്തമായി പ്രയോഗിക്കാനാകൂ. ക്ഷേത്രമില്ലാതെ ഇവർക്ക് സാമൂഹ്യ/രാഷ്ട്രീയാധിപത്യം നിലനിർത്താൻ സാദ്ധ്യമല്ലാത്ത അവസ്ഥയിൽ ക്ഷേത്രനിർമ്മാണം ഏറ്റവും പ്രധാന ആവശ്യമായിത്തീരുകയാണ്. വാസ്തുരൂപം, കരിങ്കൽപ്പണി, കല്പണി, ശില്പപ്പണി, ഇരുമ്പുപണി തുടങ്ങി എല്ലാ മേഖലകളും അതോടെ സജീവമായി. ഐങ്കുടിക്കമ്മാളർക്കല്ലാതെ മറ്റാർക്കും ഈ നിർമ്മിതികൾ സൃഷ്ടിക്കാനാവില്ല എന്നതിനാൽ ബ്രാഹ്മണർ ഇവർക്ക് തത്ക്കാലത്തേക്കുമാത്രം ശ്രേഷ്ഠത നല്കാനായി താത്ക്കാലിക പൂണൂൽ നല്കുന്ന സമ്പ്രദായത്തെക്കുറിച്ചു ശ്രീനിവാസ അയ്യങ്കാർ പറയുന്നുണ്ട്. ക്ഷേത്രനിർമ്മാണത്തിനുശേഷം നിർമ്മിച്ചവന് അതിൽ പ്രവേശനമില്ലാത്തവിധം സാമൂഹ്യനിയമങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. തമിഴ് - മലയാള കമ്മാളരെക്കുറിച്ച് പ്രാദേശികമായി വേർതിരിച്ചു പറയാമെങ്കിലും ഇരുകൂട്ടരും നാഗദ്രാവിഡപരമ്പരയിൽ പ്പെടുന്നവരാണ്. മലബാറിലെ കമ്മാളരെക്കുറിച്ചുള്ള വിവരം 9-ാം നൂറ്റാണ്ടിലെ സിറിയൻ ലിഖിതത്തിൽ കാണുന്നതായി പല ഗ്രന്ഥങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പഴയ സാമൂഹ്യ/കുടുംബ വ്യവസ്ഥ : മലബാർ ഗസറ്റിയറിലും എൽ.എ.കൃഷ്ണയ്യരുടെ ഗ്രന്ഥങ്ങളിലും മലയാളക്കമ്മാളരുടെ കുടുംബവ്യവസ്ഥയെക്കുറിച്ച് ചില വിവരങ്ങളുണ്ട്. മലബാർ ഗസറ്റിയറിൽ ഇവരുടെ ബഹുഭർതൃത്വത്തെക്കുറിച്ചു പറയുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ആദ്യത്തെഏതാനും ദശകങ്ങളിൽപ്പോലും അപൂർവ്വമായിട്ടെങ്കിലും സഹോദരന്മാർക്ക് പൊതുവായഭാര്യ എന്ന സാമൂഹ്യ ഘടന ചിലരിലെങ്കിലും നിലനിന്നിരുന്നുവത്രെ. പാണ്ഡവരുടെ പാരമ്പര്യമായ ബഹുഭർതൃത്വമായിട്ടാണ് ഇതിനെ പൊതുവെ ബന്ധപ്പെടുത്താറുള്ളത്. ഈ വ്യവസ്ഥയിൽ കുടുംബത്തിന്റെ കെട്ടുറപ്പ് അന്നത്തെ നാട്ടുനടപ്പനുസരിച്ച് കൃത്യമായി പാലിച്ചുപോന്നിരുന്നു. എന്നാൽ ഇവരുടെ മനോഭാവത്തെക്കുറിച്ച് പറയുന്ന മറ്റൊരു കേട്ടുകേൾവി എൽ.എ.കൃഷ്ണയ്യർ പറയുന്നുണ്ട്. ഒരിക്കൽ ഒരു പെരുമാൾ ഇവരോട് മുക്കുവ സമുദായവുമായി വിവാഹബന്ധത്തിലേർപ്പെടണമെന്ന് നിർബന്ധിച്ചുവത്രെ. ഇതിനു വഴങ്ങാതിരുന്ന ഇവർ ലങ്കയിലേക്കുപോയി. കമ്മാളർ നാടുവിട്ടാലുണ്ടാകുന്ന വിപത്തിനെക്കുറിച്ചു മനസ്സിലാക്കിയ പെരുമാൾ തന്റെ നിർദ്ദേശം പിൻവലിച്ചു. എന്നാൽ പോയവരാരും മടങ്ങിവരാൻ തയ്യാറായില്ലത്രെ.

കമ്മാളർ പൊതുവെ ആരുടെയും ശത്രുക്കളല്ല. അല്ലെങ്കിൽ ഇവരെ എല്ലാവർക്കും ആവശ്യമുണ്ട്. അരക്കില്ലമുണ്ടാക്കാൻ ദുര്യോധനൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തെ പിണക്കാതെ അതു ചെയ്തു കൊടുത്തു. എന്നാൽ പാണ്ഡവർക്കാപത്തുവരാതെ രക്ഷപ്പെടുവാനുള്ള വിദ്യയും അതേ തച്ചൻ തന്നെ ചെയ്തുവല്ലോ. ഈയൊരു മഹാഭാരതകഥ ഇവരുടെ ശത്രുരാഹിത്യത്തിനുദാഹരണമായി ചിലർ രസികത്തത്തോടെ പറയാറുണ്ട്. ഒരേ കൊല്ലൻ ഉണ്ടാക്കിയ കത്തിയും വാളും പരിചയും ഉപയോഗിച്ചാണല്ലോ ശത്രുക്കൾ പരസ്പരം ഏറ്റുമുട്ടുന്നത്.

ബ്രിട്ടീഷാധിപത്യവും നവീനപഠനവും : ബ്രിട്ടീഷുകാർ ഭാരതത്തിൽ വന്നപ്പോൾ ഭരണത്തിന്റെയും അധികാരം ഉറപ്പിക്കുന്നതിന്റെയും ഭാഗമായി പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആരംഭിച്ചു. അതിന്റെ ഫലമായി 1850 കളോടെ ഭാരതത്തിന്റെ ചില നഗരങ്ങളിൽ 'ഫൈൻ ആർട്ട്സ്' സ്കൂളുകൾ സ്ഥാപിച്ചു. ഭാരതീയരായ പലരുടെയും സഹായവും സഹകരണവും അതിനുണ്ടായിരുന്നു. ബോംബെ പോലുള്ള നഗരങ്ങളിലെ 'ഫൈൻ ആർട്ട്സ്' സ്കൂളുകളിൽ രണ്ടുതരം സിലബസ്സുണ്ടായി. ഒന്ന് ഫൈൻ ആർട്ട്സ്. മറ്റേത് ഇൻഡസ്ട്രിയൽ ആർട്ട്സ്. സുകുമാരകലകളും സോപയോഗകലകളും എന്ന ഈ വേർതിരിവ് ഭാരതത്തിലോ കേരളത്തിലോ ഉണ്ടായിരുന്നില്ല. കലയിലെ വേർതിരിവു

മാത്രമല്ല, കലയും ജീവിതവും തമ്മിലുള്ള വേർതിരിവുപോലും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർക്ക് ഭാരതത്തിലെ കലകൾ ''കൈവേല'' (Handicraft) മാത്രമായിരുന്നു. അതിൽ മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഭാരതത്തിൽ കൈവേല നൂറ്റാണ്ടുകളായി ഒരേ പാറ്റേൺ തുടർന്നുവരികയും പാശ്ചാത്യരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ ശൈലിവ്യത്യാസമോ ഗവേഷണ പരതയോ ഇല്ലാതെ നിലനില്ക്കുകയുമായിരുന്നു. ഒരുപക്ഷെ ഇതാകാം ബ്രിട്ടീഷുകാരെ ഈ വിധത്തിലുള്ള ചിന്തക്കു പ്രേരിപ്പിച്ചത്. ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ വ്യവസായകല (Industrial art) എന്നതിൽ നവീനാശയമോ ഭാവനയോ ഉണ്ടായിരുന്നില്ല. എങ്കിലും കൊളോണിയൽ വാസ്തുശില്പങ്ങളും നാടൻ മാതൃകകളുംചേർന്ന പല നിർമ്മിതികളും ഭാരതത്തിൽ പലയിടത്തു മുണ്ടായി. ബോംബെയിലെ വിക്ടോറിയ ടെർമിനൽ റെയിൽവെ സ്റ്റേഷനും തിരുവനന്തപുരത്തെ മ്യൂസിയവും ഈ വിധത്തിലുള്ള കൊളോണിയൽ വാസ്തുകലക്കുദാഹരണമാണ്. ബോംബെയിലെ ആർട്ട് സ്കൂളിൽ ഫീസിളവു ചെയ്ത് അവിടത്തെ കമ്മാളവിഭാഗത്തിലെ വിദ്യാർത്ഥികളെ പഠിപ്പിച്ചു. അവർക്ക് നവീനവിദ്യാഭ്യാസം ലഭിച്ചത് മറ്റൊരു തരത്തിൽ ഗുണകരമായി ബാധിച്ചു. നവീന വിദ്യാഭ്യാസത്തിലൂടെ ഇവർ സമൂഹത്തിൻെറ മുഖ്യധാരയിലേക്കു വന്നു. അതുവരെ തൊഴിലിൻെറ കാര്യത്തിൽ പതിത്വം അനുഭവിച്ചിരുന്ന ഇവർക്ക് ഇതോടെ സാമൂഹ്യമായ ഉയർച്ച ലഭിക്കാൻ ഇതു കുറെ കാരണമായി. എന്നാൽ മറ്റൊരു കാര്യത്തിൽ വലിയ ഒരു നഷ്ടം സംഭവിച്ചു. പരമ്പരാഗതമായി ഇവർക്കു ലഭിച്ച അവരുടെ നാട്ടറിവുകൾ മെല്ലെ അവരിൽനിന്നും ചോർന്നുപോയി. സമൂഹത്തിൻെറ മുഖ്യധാരയിൽ പ്രവേശിക്കാൻ കഴിഞ്ഞപ്പോൾ വിജ്ഞാനത്തിൻെറ തനതുശാഖ കൈമോശം വന്നതാണ് ആ ''നവീന വിദ്യാഭ്യാസ''ത്തിൻെറ ഏറ്റവും വലിയ ദുരന്തം. അന്ന് ബ്രിട്ടീഷുകാർ ആരംഭിച്ച വിദ്യാഭ്യാസം കാര്യമായ മാറ്റമൊന്നും വരുത്താതെ നാം കാത്തുസൂക്ഷിക്കുന്നുണ്ട് എന്നതാണ് ഇതിലെ ഏറ്റവും പരിഹാസ്യമായ കാര്യം.

ഭാരതത്തിലെ നെയ്തുവിദ്യപോലുള്ള ശ്രേഷ്ഠമായ കല/കരവിരുതുകൾ ക്രമേണ മങ്ങി.ഓരോ വിഷയത്തിലും മേഖലയിലുമുള്ള ഏകലവ്യന്മാരുടെ തള്ളവിരലുകൾ അറ്റുപോകുന്നത് ഭാരതീയർ കണ്ടില്ല. ഭാരതീയകലയെ മുഴുവൻ അലങ്കാരകല (Decorative art) എന്നു പറഞ്ഞു വകതിരിച്ചു പഠിപ്പിച്ച ബ്രിട്ടീഷ് വിദ്യാഭ്യാസം ഉടൻതന്നെ ചോദ്യം ചെയ്യപ്പെട്ടു. 1850കളിൽ ബ്രിട്ടനിൽ സംഘടിപ്പിച്ച കലാപ്രദർശനത്തിൽ ഭാരതീയ ഇനങ്ങളും ഉണ്ടായിരുന്നു. വ്യവസായവത്ക്കരണത്തിനെതിരെ കരവിരുതിനെക്കുറിച്ചു തത്വചിന്താപരമായ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്ന റസ്കിനും വില്യം മോറിസും മറ്റും ഭാരതീയ കരകൗശലത്തെ വാഴ്ത്തി. പിന്നീട് ദക്ഷിണ ഭാരതത്തിലെ ദ്രാവിഡ കമ്മാളർ ചെയ്തെടുത്ത നടരാജവിഗ്രഹങ്ങൾ പോലുള്ള ലോഹരൂപങ്ങൾ ലോകപ്രശസ്തി നേടി. റൊദാങ്ങിനെപ്പോലുള്ള ശില്പികൾ അവയെ വാനോളം പുകഴ്ത്തി.

ഐങ്കുടി കമ്മാളരിൽ തട്ടാനെയും കൊല്ലനെയും തമ്മിൽ സൗന്ദര്യശാസ്ത്രപരമായും (Aesthetics) കരകൗശലപരമായും താരതമ്യം ചെയ്യാവുന്നതാണ്. കാച്ചിക്കുറുക്കിയെടുത്തരൂപം (Intentioned) എന്നും അടിച്ചുപരത്തിയ രൂപം (Extended) എന്നും കാവ്യശില്പത്തെക്കുറിച്ചു പറയുമ്പോൾ അല്ലൻ ടേറ്റ് വിവരിക്കുന്നത് ശരിക്കും തട്ടാൻെറയും കൊല്ലൻെറയും ക്രിയകൾക്കു യോജിക്കും. തട്ടാൻ സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേക്കു കടക്കുന്ന പോലെയാണ്. കൊല്ലൻ അങ്ങനെയല്ല. സ്ഥൂലത്തെ വിസ്തൃതപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഈ ഐങ്കുടി കമ്മാളർ കൂടാതെ തുകൽ കൊല്ലൻ, നെയ്തുകാർ തുടങ്ങിയവരും കരവിരുതിൻെറയും കലയുടെയും മറ്റുദാഹരണങ്ങളാണ്. കല്ലനുണ്ടാക്കുന്ന ശിലാശില്പങ്ങളും വാസ്തുവും ആശാരി നിർമ്മിക്കുന്ന ദാരുശില്പങ്ങളും കൊത്തുപണികളും കൊല്ലൻ നിർമ്മിക്കുന്ന ഇരുമ്പായുധങ്ങളും മൂശാരിയുണ്ടാക്കുന്ന പാത്രങ്ങളും ലോഹവിഗ്രഹങ്ങളുമെല്ലാം പാരമ്പര്യമായി അവർക്കു ലഭിച്ച സാങ്കേതികവിദ്യയും കലാബോധവും കൂടിയാണ്. അതിനെ അതിൻെറ പാതയിലൂടെ അവരെക്കൊണ്ടുതന്നെ ഗവേഷണത്തിലൂടെ നവീകരിപ്പിക്കുക എന്നതാകണം അതിൻെറ രീതിശാസ്ത്രം. പുറത്തുനിന്നുള്ള രീതിശാസ്ത്രമല്ല, അവരുടെ നാട്ടറിവാണ് അതിൻെറ മുഖ്യകർമ്മം വഹിക്കേണ്ടത്. ആധുനിക ശാസ്ത്ര/സാങ്കേതികവിദ്യയും പരമ്പരാഗത നാട്ടറിവും തമ്മിലുള്ള പാരസ്പര്യമാണാവശ്യം. ☐

1. L.A.Krishna Iyer , Social History of Kerala Vol. II. Page 6.
2. ഋഗ്വേദം 1-113. കെ.ദാമോദരൻ, ഭാരതീയ തത്വചിന്ത, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പേജ്. 43.
3. Allan Tate, Tension in Poetry.

# ഗോത്രകലകൾ

**വി.കെ.ശ്രീധരൻ**

ജോലി ഭാരത്തിൻെയും തൊഴിൽവിവേചനത്തിൻെറയും ആരവങ്ങൾക്കിടയിൽ ശ്രമവും വിശ്രമവും തൊഴിലിൽ സമന്വയിക്കുന്നതാണ് ആദിവാസികളുടെ സർഗ്ഗവ്യാപാരങ്ങൾ. അവർക്ക് ജീവിതത്തിൽ നിന്നും വ്യതിരിക്തമല്ല കലകൾ. അവിടെ അരങ്ങും അണിയറയും പ്രത്യേകമായില്ല, അതുപോലെ തന്നെ പൊയ്മുഖങ്ങളും പ്രൊഫഷണലിസവും. പ്രകൃതി ജീവിതത്തിൻെറ സ്വരവർണ്ണചലനങ്ങൾ അവർ കലകളിലൂടെ ആവാഹിച്ചെടുക്കുന്നു. ഇത് സ്വത്വവിളംബരമുഹൂർത്തം. തൃശൂർ ജില്ലയിൽ പ്രധാനമായും മൂന്ന് ഗോത്രവിഭാഗക്കാരാണുള്ളത്.

ഉള്ളാടർ : ദയാവധത്തിൻെറ സങ്കീർണ്ണതകളു വൃദ്ധസദനങ്ങളുടെ നിർമ്മാണവും ചൂടേറിയ ചർച്ചക്കു വിഷയീഭവിച്ചിരിക്കുന്ന ആധുനിക മനുഷ്യനെ ഏറെ വിസ്മയ പ്പെടുത്തുന്നതാണ് കഞ്ഞിനേർച്ച. ശയ്യാവലംബിയായ ഒരാളുടെ മരണം നേരത്തെയാക്കാൻ ഉള്ളാടർ ചെയ്യുന്ന ആചാരമാണിത്. മറ്റു വിഭാഗത്തിൽപ്പെട്ട ആരെങ്കിലും മരിക്കാൻ കിടക്കുകയാണെങ്കിൽ ഒറ്റസംഖ്യയിൽപ്പെട്ട (പരമാവധി 41 പേർ) ആളുകളെയും കൊണ്ട് മന്ത്രവാദി അവിടെപോയി പ്രാർത്ഥിക്കുകയും ചടങ്ങുകൾ നടത്തുകയും ചെയ്യുന്നു. തുടർന്ന് ഉള്ളാടർക്ക് കഞ്ഞി നല്കലാണ്. ഇവർ വീട്ടിൽ തിരിച്ചെത്തുന്ന തോടെ ആ കഥാപാത്രം നാമാവശേഷമാകുമെന്നാണ് പ്രതീക്ഷ. ഇതിനു പിന്നിൽ കുലദേവതയുടെ സഹായമാണെന്നാണ് അവരുടെ വിശ്വാസം. വിശ്വാസങ്ങളും നാട്ടുവിജ്ഞാനവും കെട്ടുപിണഞ്ഞ് പ്രായോഗികവും കല്പിതവുമായ ഒട്ടേറെ അംശങ്ങളടങ്ങുന്നതാണ് ഗോത്രസംസ്കാരം. നാടൻ സാങ്കേതികവിദ്യയും നൈസർഗ്ഗിക കലയും ചികിത്സയും കൃഷിയും ജൈവതാളവുമായി നമ്മുടെ തിരക്കിനിടയിൽ നിശബ്ദരായി കഴിഞ്ഞു കൂടുന്ന ഒരു കൂട്ടരുണ്ട് - ആദിവാസികൾ. കാടും കാട്ടാറും മണ്ണും മാനവും എന്നന്നേക്കുമായി നഷ്ടപ്പെട്ട ഇക്കൂട്ടർ പാരമ്പര്യവിജ്ഞാനത്തിൻെറ നിറദീപങ്ങളാണ്. ആധുനിക ലോകത്തിൻെറ അപരിഹാര്യമായ പ്രതിസന്ധിയിൽ നിയതമായമാർഗ്ഗം തെളിക്കുന്നവർ. തൃശൂർ ജില്ലയിലെ മിക്കവാറും താലൂക്കുകളിൽ ചിതറികിടക്കുന്നഒരു വിഭാഗമാണ് ഉള്ളാടർ. ഭദ്രകാളി, കരിംകുട്ടിചാത്തൻ, മായാചാത്തൻ, കാപ്പിരി തുടങ്ങിയവരാണ് അവരുടെ ആരാധനാമൂർത്തികൾ. കുല മൂർത്തികളെ പ്രീതിപ്പെടുത്താനും ഉല്ലാസവേളകളിലുമായി അവർ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കുന്നു. കൈകൊട്ടികളി, കോൽക്കളി, പരിചമുട്ടുകളി എന്നിവ കൂടാതെ ധാരാളം പാട്ടുകളും അവരുടേതായിട്ടുണ്ട്. തത്തമ്മയെ വിളിച്ചുണർത്തി രാജകുമാരിയുടെ താലിപ്പോയ കഥ പറയുന്നത് നോക്കുക :

*ആറ്റിൻ കരയിലരയാലിൻ കൊമ്പത്ത്*
*ആനന്ദത്തോടെ വസിക്കും തത്ത .........*
*പാടത്തെ ചേറും പൊടിതൂളട്ടെ*
*തെക്കും തിരിഞ്ഞ് മതിലകം ചെന്നപ്പോൾ*
*രാജകുമാരീടെ താലിപ്പോയി ..........*
*തട്ടാനെ വരുത്തേണം പൊൻതൂക്കി കൊടുത്തല്ലോ*
*താലിക്കിണത്താലി പണിതീർത്തല്ലോ*
*താലി പണിതു ചരടുമ്മേ കോർത്തപ്പോൾ*
*സന്ധ്യ വിളക്കിൻെറ ശോഭപോലെ........*

മറ്റൊരു പാട്ട് : *'ഒന്നാം വള്ളി കിനാവള്ളി കെട്ടി ദേവൻെറ മുറ്റത്താടുന്നു.*
*എന്താ പൂമയിൽ ആടാത്തെ ആടുന്നു പൂമയിൽ പാടുന്നു പൂങ്കുയിൽ*
*ദേവൻെറ മുറ്റത്താടുന്നു രണ്ടാംവള്ളി കിനാവള്ളി കെട്ടി........*
*വാക പൂവ് വാഴും കാലം പൂ വിളർന്നു ഒരു ചെപ്പു കിട്ടി'* എന്നു തുടങ്ങുന്ന പരിചമുട്ടുകളി കായികഭ്യാസത്തിൻെറ ഉദാഹരണമാണ്. തദ്ദേശീയരുമായി വളരെയേറെ താദാത്മ്യം പ്രാപിച്ചുകൊണ്ടിരിക്കുന്നവരാണിവർ. അതുകൊണ്ടുതന്നെ സാംസ്ക്കാരിക സമന്വയത്തിൻെറ പല ഘടകങ്ങളും ഉള്ളാടരുടെ സമസ്ത മണ്ഡലങ്ങളിലും കാണാം. നാട്ടറിവുകളിലും അഗ്രഗണ്യ രാണ് ഇവർ. പതിനെട്ടോളം എലിപ്പെട്ടികൾ അവരുടെയിടയിൽ ഉണ്ടാക്കിയിരുന്നതായി അറി യാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ മറ്റൊരു വിഭാഗമായ മലയരെപ്പോലെ കോളനി സമ്പ്രദായ ത്തിൽ നിന്നും ഏറെക്കുറെ വിട്ട് നാട്ടിൻപുറങ്ങളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നതുകാണാം.




ടി.സി.കുഞ്ഞനും സംഘവും അവതരിപ്പിച്ച കോൽക്കളി

കാടർ : പ്രാകൃതഗോത്രവർഗ്ഗത്തിൽപ്പെട്ട കാടർ ചാലക്കുടിപ്പുഴയോര നിവാസികളാണ്. കുരിയാർകുറ്റിയിലും (പാലക്കാട്) തൃശൂർ ജില്ലയിലെ മറ്റത്തൂർ, അതിരപ്പിള്ളി പഞ്ചായത്തുകളിലുമാണ് ഇവരെ കണ്ടുവരുന്നത്. വനവും വന്യജീവികളുമായി ബന്ധപ്പെട്ടതാണ് ഏറിയ പങ്കും അവരുടെ കലകൾ. കൂരാൻകളി, മാൻകളി, കരടികളി, കോഴിപ്പാട്ട്, പന്നിപ്പാട്ട്, ആനപ്പാട്ട്, തവളപ്പാട്ട്, മൈലാഞ്ചിപ്പാട്ട് തുടങ്ങിയവ ഉദാഹരണങ്ങൾ.

*തനനനിനെ നനനിനെ നാനനിനെ നാനനിനെ*
*പാട്ടീവരും തവളേ പേരൻ വരും തവളേ*
*തനന നിന നിനെ തനന നിന നിനെ.....*
*അങ്ങോട്ടോടും തവളേ*
*മെക്കോട്ടോടും തവളേ.... തനന നിന നിന....* (തവളപ്പാട്ട്)

സംഘബോധത്തിൻെറ നിദർശനങ്ങളാണ് മാൻകളിയും കരടികളിയും കൂരാൻകളിയുമൊക്കെ.

*ലാല ലാല ലാലിലേ ലാല ലാലിലേ* (2)
*താൻറിക്കായ കൊണ്ടുവാ കൂരാനേ*
*നെല്ലിക്കായ കൊണ്ടുവാ കൂരാനേ.....*
*ലാല ലാല ലാലിലേ ലാലലാലിലേ* (2) (കൂരാൻപാട്ട്)

ആഘോഷവേളകളോടൊപ്പം മരണാനന്തര ചടങ്ങുകളിലും അവർ നൃത്തം ചെയ്യുന്നു; സ്ത്രീ പുരുഷഭേദമെന്യെ, ബാലവൃദ്ധ അന്തരങ്ങളില്ലാതെ പ്രകൃത്യുപാസനയുടെ ഹരിതശോഭക്കപ്പുറം ശോകാത്മകതയുടെ അരുണിമയും കാടർ അവരുടെ കലകളിലൂടെ പ്രതിഫലിപ്പിക്കുന്നു. കുടിയറക്കുപാട്ടിലും മരണസമയത്തുള്ളപ്പാട്ടിലും വേർപാട്പാട്ടിലും ഇതാണ് സൂചന. പുഴയോരങ്ങളിലാണ് ഉത്സവങ്ങളും ശേഷക്രിയകളും സാധാരണ നടത്തുക. കരിമ്പും ചെണ്ടയുമാണ് അവരുടെ വാദ്യോപകരണങ്ങൾ. സംഘനൃത്തത്തിൽ ലാഘവത്തോടെ കൈകൾ മുന്നിലേക്കും പിന്നിലേക്കും ആട്ടുന്നു.ഇടക്ക് കൈകൾ കൂപ്പുകയും കൈ തലക്ക് പിന്നിൽ പിടിക്കുകയും, അരക്കെട്ടിൽ വക്കുകയും ചെവിയുടെ മുകളിൽ വക്കുകയും ചെയ്യും. കിളിയെപ്പിടിക്കുന്ന അവസരത്തിൽ പാടുന്ന പാട്ടിൽ ജീവനോപാധിക്കുള്ള പരിശീലനംകൂടി ലക്ഷ്യമാക്കുന്നുണ്ട്.

*വില്ലുമെടുക്കണ് കല്ലുമെടുക്കണ്*
*ഏതേത് കൊമ്പിലാ പച്ചി പറക്കണ്*
*കല്ലുപെറുക്കണ് പച്ചിയിടുക്കണ്*
*ഏതേതു കൊമ്പിലാ, പച്ചി ഇരിക്കണ്.*

കാട്ടുകിഴങ്ങുകളും പഴങ്ങളും തേനും പ്രധാന ആഹാരമാണ്. വനവിഭവശേഖരണത്തിലും വനസസ്യങ്ങൾ ഉപയോഗിക്കുന്നതിലും പ്രവീണരാണിവർ.



കാഞ്ഞിരക്കോട് കുഞ്ഞിക്കുട്ടനും സംഘവും അവതരിപ്പിച്ച തിറ

മലയർ : പ്രസന്നതയുടെ കലകളാണ് മലയരുടേതെന്ന് പറയാം.

*പോലി പോലികേ നമ്മുടെ പന്തല് പോലീകേ*
*പോലി പോലികേ നമ്മുടെ പന്തല് പോലീകേ.....*
*കെട്ടിയിട്ട പച്ച പന്തലും പോലി വരുന്നേ*
*കെട്ടിയിട്ട പച്ച പന്തലും പോലി വരുന്നേ*
*ഈ നാട്ടിലെ മാന്യൻമാരെ പോലിക്കുന്നേ ഞാൻ*
*ഈ നാട്ടിലെ മാന്യൻമാരെ പോലിക്കുന്നേ ഞാൻ* (പോലി കളി)

ഉത്സവത്തോടനുബന്ധിച്ചും നാടുവാഴിയെ വാഴ്ത്താനും വനവാസത്തിനിടയിലും അവർ ആടുകയും പാടുകയും ചെയ്യുന്നു. കോഴിപ്പാട്ട്, പരുന്ത് പാട്ട്, ആനപ്പാട്ട്, കവരകളി തുടങ്ങിയവ പ്രകൃതിയിലെ ജീവിതങ്ങളെ പകർത്താനുള്ള അവരുടെ ശ്രമങ്ങളാണ്.

*ഓടോടേ ഓടോടേ ഓടോടും കോഴി കുളക്കോഴി* (2)
*ഓടുന്നകോഴി പതുങ്ങുന്ന കോഴി കുഞ്ഞനം കോഴി ചാത്തനം* (2)
*പുല്ലാനിക്കുറുവടി വെട്ടി കോഴിക്കെറിഞ്ഞേ... അയ്യയ്യ*
*അവിടന്നും കൊത്തി പറന്നേ പുല്ലാംകോഴി കുളക്കോഴി.....* (കോഴിപ്പാട്ട്)
*ആനമദിച്ചു മലയും കേറി - ലേ ലേലേ ലേ ല്ലേലേ*
*ഇത്ര ചിദമുള്ള കൊമ്പനാന - ലേ ലേലേ ലേ ല്ലേലേ*
*വായെൻെറ വായെൻെറ പൊനുകനേ ലേ ലേലേ ലേ ല്ലേലേ*
*ഇത്ര ചിദമുള്ള കൊമ്പനാന ലേ ലേലേ ലേ ല്ലേലേ* (ആനപ്പാട്ട്)

കുമ്മിയടിപ്പാട്ട്, സൂര്യഭഗവാനെ കുറിച്ചുള്ള പാട്ട്, കല്ല്യാണപ്പാട്ട്, സൊല്ലേലം കളി, മുടിയാട്ടം, പാമ്പ് കളി തുടങ്ങിയവ മലയരുടെ കലാബോധത്തിൻെറ മികവുകളാണ്. ഒറ്റമൂലികളുടെ പ്രയോഗങ്ങളും അനുഷ്ഠാനകലാരൂപമായ വിളക്കുമുറംപാട്ടുമെല്ലാം മലയരുടെ തനതു സംഭാവനകളാണ്. ജില്ലയുടെ തലപ്പിള്ളി, തൃശൂർ, മുകുന്ദപുരം താലൂക്കുകളിൽ ജീവിക്കുന്നു മലയർ.

ജില്ലയിലെ അതിർത്തി പ്രദേശമായ മലക്കപ്പാറയുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ എറണാകുളം ജില്ലയിൽ (പഴയ ഇടുക്കി ഇല്ല) അടിച്ചിൽ തൊട്ടി, അരേകാപ്പ് കോളനികളിൽ കഴിയുന്ന മുതുവാൻ, മന്നാൻ വിഭാഗക്കാർക്കും അവരുടേതായ സർഗ്ഗാത്മകരൂപങ്ങളുണ്ട്. അധിനിവേശത്തിൻെറയും ഉപഭോഗതൃഷ്ണയുടെയും വികലവികസനത്തിൻെറയും വേലിയേറ്റത്തിൽ അഭിരുചികൾ മാറുകയും ആവാസവ്യവസ്ഥകൾ തകിടം മറിയുകയും കുടികൂട്ടായ്മകൾ നഷ്ടപ്പെടുകയും നാട്ടറിവുകൾ അസ്തപ്രഭമാകുകയും ചെയ്തിരിക്കുന്നു. അവയുടെ പുനരുജ്ജീവനത്തിന് പ്രാദേശികമായ മുൻകൈ അനുപേക്ഷണീയം. ബോധപൂർവ്വമായ പ്രചോദനവും പ്രബോധനവും പ്രാചരണവു പശ്ചാത്തലപ്രവർത്തനങ്ങൾ. □

# കർക്കിടകത്തിലെ ആചാരങ്ങൾ

പി. ഇന്ദുശേഖരൻ

ശുചീകരണത്തിൻെറ മാസമാണ് കർക്കിടകം. കർക്കിടകം ഒന്നാം തീയതിക്കുമുൻപുതന്നെ വീടും പരിസരങ്ങളും വൃത്തിയാക്കുന്ന തിരക്കിലായിരിക്കും വീട്ടുകാർ. പരിസരം മാത്രമല്ല വീട്ടു പകരണങ്ങൾകൂടി കഴുകി വൃത്തിയാക്കുന്ന ഏർപ്പാടുണ്ടായിരുന്നു. മിഥുനം 31-ാംതീയതി സംക്രമം തുടങ്ങുന്നതിന് മുൻപ് ജ്യേഷ്ഠാഭഗവതിയെ പുറത്താക്കുക എന്നൊരുചടങ്ങ് നടക്കും. ലക്ഷ്മീദേവിയുടെ മൂത്തസഹോദരിയായ ഈ നിർഭാഗ്യദേവതയെ വൃത്തികേടിൻെറയും ദാരിദ്ര്യത്തിൻെറയും അധിഷ്ഠാനമൂർത്തിയായിട്ടാണ് സങ്കല്പിച്ചിരിക്കുന്നത്. 'ചേട്ട', 'മൂശേട്ട' എന്നും ഈ ദുർഭാഗ്യദേവത അറിയപ്പെടുന്നു. ചേട്ടയെ പുറത്താക്കൽ ചടങ്ങിന് ഒരു പഴയകുട്ടയിലും മുറത്തിലുമായി ചപ്പുചവറുകൾ ഇടും. അല്ലെങ്കിൽ ഓട്ടക്കലത്തിൽ അടിച്ചുവാരിയ അണ്ടകളും മറ്റുമലിനവസ്തുക്കളും നിറയ്ക്കും. അണ്ടകൾ നിറച്ച ഈ ഓട്ടക്കലമോ കുട്ടയോ ഇടതുകൈയിൽ പിടിച്ച് കുടുംബത്തിലെ ഒരംഗമോ ജോലിക്കാരിയോ വീടിന് വലംവയ്ക്കാൻ തുടങ്ങും. വലതുകൈയിൽഒരു ചൂട്ട് കത്തിച്ചുപിടിച്ചിരിക്കും. വീടിന് വലംവച്ച് അണ്ടക്കലവുമായി പുറത്തേയ്ക്കുപോകുന്നയാളിൻെറ പിന്നിൽ ഗൃഹനാഥ ചാണകവെള്ളം തളിച്ച് പോയവഴി ശുദ്ധമാക്കിക്കൊണ്ടിരിക്കും. ''ചേട്ടേം മക്കളും പുറത്തുപോ!'' ''ശ്രീഭഗവതീം മക്കളുംഅകത്തു വാ!'' എന്നിങ്ങനെ ചാണകവെള്ളം തളിക്കുന്നതോടൊപ്പം ഗൃഹനാഥ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കും. വീടിന് പുറത്ത് ഏതെങ്കിലും മൂലയിൽ അണ്ടക്കലം നിക്ഷേപിച്ച് തിരിച്ചുപോരും. ചേട്ടയെ ചുമന്നയാൾ കുളിച്ചിട്ടേ പിന്നെ വീട്ടിൽകയറാവൂ. ജ്യേഷ്ഠാഭഗവതിയെ പുറത്താക്കി ശ്രീഭഗവതിയ്ക്ക് വരുവാൻ വഴിയൊരുക്കുന്നു എന്നാണ് സങ്കല്പം.

കർക്കിടകം ഒന്നാം തിയ്യതി മുതൽ 7 ദിവസം അതിരാവിലെ വീടെല്ലാം വൃത്തിയാക്കി വിളക്കുകൊളുത്തി വെയ്ക്കും. അതോടൊപ്പം ദശപുഷ്പവും ഒരുക്കിവയ്ക്കുന്നു. ഒരുചെറിയ പലകയിൻമേൽ ഓട്ടുതാമ്പാളം വെച്ച് അതിൽ കാട്ടുതാളിൻെറ ഇലയിൽ ദശപുഷ്പങ്ങൾ - പൂവാംകുരുന്നില, മുക്കൂറ്റി, മുയൽചെവിയൻ, കറുക, കഞ്ഞുണ്ണി, ചെറുള, നിലപ്പന, കൃഷ്ണക്രാന്തി, തിരുതാളി എന്നിവ-ഒരുക്കിവെയ്ക്കും. ഇതോടൊപ്പം കൺമഷി, ചാന്ത്, ഭസ്മം, കുങ്കുമം, വാൽക്കണ്ണാടി, ഗ്രന്ഥക്കെട്ട്, ഒരു അലക്കിയ തോർത്ത് ഇവയെല്ലാം വിളക്കിനടുത്ത് വെയ്ക്കുന്നു. ഒരു ചെറിയകിണ്ടിയിൽ കുറച്ച് വെള്ളവും വയ്ക്കുന്നു. രാവിലെയും വൈകിട്ടും ഏഴുദിവസം ചകിരി, കൊട്ടത്തേങ്ങ, നെയ്യ്, ദശാംഗപ്പൊടി എന്നിവ നെരിപ്പോടിലിട്ടു പുകയ്ക്കുന്ന പതിവുണ്ട്. മുപ്പതു ദിവസം ദശപുഷ്പം വെയ്ക്കലും മറ്റു ചടങ്ങുകളും നടത്തുന്നവരുണ്ട്. ഏഴുദിവസം കൊണ്ട് അവസാനിപ്പിക്കുന്നവരുമുണ്ട്. ഉമ്മറപ്പടിമേൽ ഭസ്മം പൂശും. രാമായണമാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിലെമൈലാഞ്ചി അരച്ച് കൈയിൽ ഇടാറുണ്ട്. മംഗല്യത്തിനും മംഗല്യഭാഗ്യത്തിനും ഇതു വിശേഷമാണെന്നാണ് സങ്കല്പം. തുയിലുണർത്തുപാട്ടുകളിലൂടെ പരമ്പരാഗത ധർമ്മാചരണത്തിൻെറ ഈണങ്ങൾ മുഴങ്ങുന്നു. മിഥുനമാസ രാത്രിയിൽ വീടുകൾ കയറിയിറങ്ങി പാണൻമാർ പാട്ടുകൾപാടി ചേട്ടാഭഗവതിയെ അകത്തുകയറ്റുന്നു. പണം കൊണ്ടുവന്നിടാൻ വരുന്നുവെന്നാണ് ഇതിന് പറയുക. കർക്കിടകമാസത്തിലെ ഏഴാംതീയതിക്കുമുൻപ് വെളുപ്പാൻകാലത്ത് ചേട്ടാഭഗവതിയെ പുറത്തുകളയുന്ന പാട്ടുമായി പാണൻ വരും. പണം ഇറക്കാൻ വരിക എന്നു പറയും. തോർന്നൊഴിയാത്ത വർഷത്തിൽ പാട്ടുമായി കർക്കിടകപ്പുലരിയിൽ പാണസംഘം വീടുകൾതോറും കയറിയിറങ്ങും. നെൽപാടങ്ങളും ഇടവഴികളും താണ്ടി ഓരോകർക്കിടക രാത്രിയിലും അവരെത്തുമായിരുന്നു. കർക്കിടകം മഴക്കാലരോഗപീഡകളുടെ മാസമാണല്ലോ. ശരീരത്തിന് പ്രതിരോധശേഷി നൽകാനും രോഗശാന്തി കൈവരുത്താനും ഉതകിയ ആരോഗ്യസംരക്ഷണപദ്ധതികൾ പ്രയോഗത്തിൽ വരുത്താറുണ്ടായിരുന്നു. വാർദ്ധക്യസഹജമായ രോഗങ്ങളുള്ളവർ കക്കുംകായ ഇട്ട് തിളപ്പിച്ച ഔഷധക്കഞ്ഞി കുടിക്കുമായിരുന്നു. ഇത് വളരെ വിശേഷമാണ്. അതുപോലെ കുട്ടികൾക്ക് നൽകിയിരുന്ന ഒരു ഔഷധക്കഞ്ഞിയുണ്ട്. കൈതവേര് കഴുകി ച്ചതച്ച് കിഴികെട്ടി, രാത്രിയിൽ നല്ലപോലെ തിളപ്പിച്ച വെള്ളത്തിൽ, രാവിലെ കിഴിപിഴിഞ്ഞുമാറ്റി ഉണക്കലരിയിട്ട് കഞ്ഞിവെച്ച് വെന്തുവാങ്ങി നാളികേരപ്പാലു ചേർത്ത് 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വെറുംവയറ്റിൽ കൊടുക്കാറുണ്ട്. വർഷക്കാലരോഗങ്ങളിൽനിന്ന് വിടുതൽനേടാനും ശരീരംബലം വയ്ക്കാനും ശരീരപോഷണത്തിനും ഈ കഞ്ഞി വളരെ ഗുണം ചെയ്യുമെന്ന് പറയുന്നു. □

# മഴയുടെ നാട്ടറിവുകൾ

കെ.പങ്കജാക്ഷൻ

മഴ, മഴക്കാലത്തിൻെറ കൗതുകകരമായ ഒരനുഭവമല്ലാതായിട്ട് കാലം കുറച്ചായി. പഴമനസ്സുകളിൽ നിന്നു വേണം മഴയെ വായിച്ചറിയാൻ. ഭൗതിക സൗകര്യങ്ങളുടെ ധാരാളിത്തത്തിൽ കാർഷിക സംസ്ക്കാരത്തിൻെറ നേരും നെറിവും മണ്ണൊലിപ്പിൽപ്പെടുമ്പോൾ അസ്വസ്ഥമാകുന്നത് ഇവരുടെ മനസ്സുകളാണ്. കാലവർഷം, തുലാവർഷം എന്നിങ്ങനെ രണ്ടുഘട്ടങ്ങളിലായാണ് കേരളത്തിൽ മഴ ലഭിക്കുന്നത്. 'തുലാവർഷം കണ്ടുനിന്നവരും ഇടവപ്പാതി കണ്ടുപോയവരും' എന്ന നാടൻചൊല്ലിൽ നിന്നുതന്നെ രണ്ടുവർഷങ്ങളുടേയും സ്വഭാവം വ്യക്തമാകുന്നു. ഉച്ചതിരിയുന്നേരം മുതൽ തുടങ്ങി പിറ്റേന്ന് വെളുപ്പാൻ കാലം വരെ തോരാതെ പെയ്തുകൊണ്ടിരിക്കുന്ന ഒരുരീതിയാണ് തുലാവർഷത്തിലെ മഴയ്ക്ക് കണ്ടുവരാറുള്ളത്. മഴ തോർന്നതിനുശേഷം പുറത്തിറങ്ങാം എന്നു കരുതിയാൽ അവിടെ നില്ക്കുക മാത്രമായിരിക്കും ഫലം. എന്നാൽ ഇടവപ്പാതിയിലെ മഴ അങ്ങിനെയല്ല. കനത്ത ശക്തിയിൽഒന്നു പെയ്യും. പിന്നെ, കുറച്ചുനേരം ഒഴിവായിരിക്കും. ഇടവിട്ട് പെയ്യുന്ന മഴയുടെ ഈസ്വഭാവം കൊണ്ടുതന്നെയാണ് ഇടവപ്പാതി എന്നു പറയുന്നതും. അതുകൊണ്ട് മഴയത്തിറങ്ങി പോകണ്ട, തോർന്നതിനുശേഷം മാത്രം യാത്ര പുറപ്പെട്ടാൽ മതി എന്നു സാരം.

കാലവർഷത്തിൻെറ വരവ് കൃത്യമായി അറിയുന്നതിന് കർഷകർ അവലംബിച്ചു പോന്നിരുന്ന നാടൻരീതികൾ രസകരമായ ഒരു അനുഭവമാണ്. മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞ്മണ്ണും മനുഷ്യനും വിശ്രമിക്കുന്ന സമയം. ഉത്തരായനം തുടങ്ങി 28-ാം ദിവസം ഇരുപത്തെട്ടുച്ചാരൻ എന്ന് അറിയപ്പെടുന്നു. ആരൻ (ചൊവ്വ) അതിൻെറ ഉച്ചസ്ഥായിയിൽ നില്ക്കുന്ന ദിവസം എന്നതിനാലാണിത്. അന്നേ ദിവസം കാറ്റ് ഒരു പ്രത്യേക ഗതിയിൽ ആയിരിക്കും സഞ്ചരിക്കുക. പൊടിപടലങ്ങൾ പറത്തി ഭൂമിയെ അസ്വസ്ഥമാക്കി കൊണ്ട്. മുണ്ടകൻ വയ്ക്കോൽ കന്നുകൾ ഒരു പ്രത്യേകരീതിയിൽ തുമ്പ് മേല്പോട്ടും കടഭാഗം കീഴ്പോട്ടുമാക്കി സ്തുപാകൃതിയിൽ അടുക്കിവയ്ക്കും. ഇതിനെ 'തുറു' എന്നാണ് പറയുക.നൂറ് മുതൽ ആയിരക്കണക്കിന് വയ്ക്കോൽ കന്നുകൾ വരെ അടുക്കുന്ന തുറുകളുണ്ട്. മഴക്കാലത്ത് കേടുകൂടാതെ സൂക്ഷിക്കുന്ന രീതിയാണിത്. ഇരുപെത്തെട്ടുച്ചാരൻ ദിവസം ഏറ്റവും ഉയരത്തിലുള്ള തുറുവിൻെറ നെറുകയിൽ വെള്ളത്തുണികൊണ്ട് ഒരു കൊടികെട്ടും. അന്നത്തെ കാറ്റിൻെറ ഗതിക്കനുസരിച്ച് ഈ കൊടി ഏതു ദിശയിലേക്കാണോ തിരിഞ്ഞുനില്ക്കുന്നത് എന്നതിൻെറ അടിസ്ഥാനത്തിലാണത്രെ അടുത്ത ആണ്ടിലെ കാലവർഷത്തിൻെറ സ്ഥിതി. വൈകിയാണോ അതോ നേരത്തെയാണോ വർഷം കിട്ടുക എന്നു മനസ്സിലാക്കി കൊണ്ടു വേണം അടുത്ത ആണ്ടിലെ കൃഷിക്ക് കോപ്പു കൂട്ടുവാൻ.

ഗ്രഹങ്ങൾ സ്ഥാനം നിർണ്ണയിച്ചുകൊണ്ടാണ് ജ്യോതിശാസ്ത്രം മഴയുടെ അളവും തോതും കണക്കാക്കിപ്പോരുന്നത്. ബുധനും ശുക്രനും അടുത്തടുത്ത് വരുന്ന സമയത്താണത്രെ സമൃദ്ധിയായി മഴ ലഭിക്കുക. അവർക്കിടയിലൂടെ സൂര്യസഞ്ചാരം വന്നാൽ ശോഷിച്ച മഴയായിരിക്കും ഫലം. ഇതേപ്പറ്റി ഒരു പഴങ്കഥ അവർക്ക് പറയാനുണ്ട്. പ്രസിദ്ധനായ ഒരു ജ്യോത്സ്യൻ തൻെറ മകളുടെ വിവാഹത്തിന് തിരുവാതിര ഞാറ്റുവേലയിൽ തന്നെ ഒരു മുഹൂർത്തം കണ്ടെത്തി. തിരുതകൃതിയായി മഴ പെയ്യുന്ന ആ ഞാറ്റുവേലയിൽ അങ്ങിനെയൊരു സാഹസം വേണ്ടെന്ന് ബന്ധുജനങ്ങൾ അദ്ദേഹത്തെ വിലക്കി. പിന്മാറുക അദ്ദേഹത്തിന് പ്രയാസമുള്ള കാര്യമായിരുന്നു. മുഹൂർത്തദിവസം തോരാത്ത മഴ. ജ്യോത്സ്യൻ അമ്പരപ്പോടെ വീടിനുചുറ്റും നടന്നു. അപരിചിതരായ രണ്ടുവൃദ്ധന്മാർ പന്തലിൽ ഒരു ഭാഗത്ത് സുഖമായി കിടന്നുറങ്ങുന്നു. പന്തികേടു തോന്നിയ ജ്യോത്സ്യൻ അവർക്കിടയിൽ കയറി കിടന്നു. അത്ഭുതമെന്നോണം മഴ നിന്നുവത്രെ. ബുധനും ശുക്രനുമായിരുന്നു ആ വൃദ്ധന്മാർ. അവർക്കിടയിൽ സൂര്യസ്ഥാനത്ത് ജ്യോത്സ്യൻ കയറി കിടന്നപ്പോൾ മഴ അപ്രത്യക്ഷമാക്കുകയും ചെയ്തു.

ഞായറിൻെറ (സൂര്യൻെറ) സഞ്ചാരം ഓരോ നക്ഷത്രത്തിലും കടന്നുവരുന്നതിൻെറ അടിസ്ഥാനത്തിലാണ് ഞാറ്റുവേലകളെ വിഭജിക്കാറുള്ളത്. ഒരു മാസത്തിൽ രണ്ടുഞാറ്റുവേലകൾ വീതം ഉണ്ടായിരിക്കും. പത്തുമുതൽ പതിന്നാലുദിവസം വരെ ഒരു ഞാറ്റുവേല നീണ്ടുനിൽക്കാവുന്നതാണ്. ഏതാണ്ട് ഏഴ് ഞാറ്റുവേലകളിൽ കൂടിയാണ് കാലവർഷം കടന്നുപോകുന്നത്. ഓരോന്നിനും ഓരോരോ സ്വഭാവരീതികളാണുണ്ടായിരിക്കുക. പയറുകുത്താൻ രോഹിണി ഞാറ്റുവേല



കോലംകളി - എം.കെ.കോരനും സംഘവും

നന്ന്. മദിച്ചുപെയ്യുന്ന മകയീര്യം ഞാറ്റുവേലയിൽ കുത്തിയതൊക്കെ മതിച്ചു കിടക്കുകയേ ഉള്ളൂ. ഇടവിടാതെ തിരുതകൃതിയായി മഴ പെയ്യും തിരുവാതിരയിൽ. വിരലൊടിച്ചു കുത്തിയാലും തളിർക്കും എന്നൊരു പ്രത്യേകതയുള്ളതിനാൽ തിരുവാതിര ഞാറ്റുവേല കൊമ്പൊടിച്ചു കുത്തുന്ന സസ്യങ്ങൾക്ക് നല്ലതത്രെ. 'ആയില്യക്കള്ളൻ' എന്നാണ് ആയില്യം ഞാറ്റുവേല അറിയപ്പെടുന്നത്. നല്ല വെയില് തോന്നിക്കും ചിലപ്പോൾ. എന്നാലിറങ്ങിക്കളയാം എന്നു കരുതണ്ട. നിനച്ചിരിക്കാതെയാവും മഴയുടെ വരവ്. 'ആയില്യക്കള്ളനകത്തെന്നാൽ മുണ്ടകൻ കള്ളൻ പുറത്ത്'' എന്ന ചൊല്ലിൽ പതിയിരിക്കുന്ന അപകടം ചെറുതല്ല. ആയില്യം ഞാറ്റുവേലയിൽ ആയില്യം നക്ഷത്രം വന്നാൽ മുണ്ടകൻ വിളവെടുപ്പ് ശോഷിക്കാനിടയുണ്ട്. ചെറിയ സസ്യസമൂഹത്തിന് ഉയിർത്തെഴുന്നേല്പിൻെറ കാലം കൂടിയാണിത്. പുതുമഴ പെയ്യുന്നതോടെ വേനലിൽ അപ്രത്യക്ഷമായിക്കിടന്ന തുമ്പച്ചെടി, അപ്പ, കാശിത്തുമ്പ, ചെറുതാണി, മുക്കുറ്റി, മുത്തങ്ങ, തുടങ്ങി അനേകം ചെറുസസ്യങ്ങൾ 'ഇനി ഞങ്ങളുടെകാലം' എന്നു പറഞ്ഞുംകൊണ്ട് തലനീട്ടാൻ തുടങ്ങും. മഴക്കാലത്ത് ജീവൻെറ തുടിപ്പറിയുന്ന പക്ഷിക്കൂട്ടങ്ങളുമുണ്ട്. കുളക്കോഴി, മുണ്ടാങ്കോഴി, മഴക്കൊച്ച് തുടങ്ങിയ പറവകൾ തങ്ങളുടെ ദാമ്പത്യജീവിതം കെട്ടിപടുക്കുന്നത് മഴക്കാലത്താണത്രെ. മഴക്കാറ് കാണുമ്പോൾ പീലിവിടർത്തി ആനന്ദനൃത്തമാടുന്ന ആൺമയിലുകൾ, മഴയുടെ വരവ് വിളിച്ചറിയിക്കുന്ന പക്ഷികളാണ്.

''ഒരു കാട്ടുപൂച്ചയുടെ ശബ്ദത്തെ പത്തിരുപത് മടങ്ങ് പെരുക്കിയാൽ കിട്ടുന്നതാണ് മയിലിൻെറ 'കാഹളം'. പൂച്ചയെപ്പോലെ 'മ്യാവു' എന്നൊരു പദം തന്നെയാണ് മയിലും ഉച്ചരിക്കുന്നത്. വടക്കെ ഇന്ത്യക്കാർ ഈ ശബ്ദത്തിന്നർത്ഥം 'മഴേവാ' എന്നാണെന്ന് പറയുന്നു. കാരണം മയിലിൻെറ ശബ്ദം ഏറ്റവുമധികം മുഴങ്ങുന്നത് മഴയ്ക്ക് അല്പം മുമ്പാണ്. മയിലിൻെറ സന്താനോല്പാദനകാലമാണ് മഴക്കാലം. മഴ തുടങ്ങുന്നതിനല്പം മുമ്പുതന്നെ ഉറക്കെയുള്ള കരച്ചിലും പീലി വിടർത്തിയുള്ള ആട്ടവും തുടങ്ങും. ആൺമയിൽ മാത്രമാണ് ആടുന്നതെന്ന് പറയേണ്ടതില്ലല്ലൊ. മയിലിന് ആകാശം കാർമേഘങ്ങൾ കൊണ്ട് മൂടി നില്ക്കുമ്പോൾ നൃത്തം വയ്ക്കുന്നതിന് ഒരു പ്രത്യേക താല്പര്യം ഉണ്ട്''. (കേരളത്തിലെ പക്ഷികൾ - ഇന്ദുചൂഡൻ - പേ.226).

നാടോടി സംസ്ക്കാരം രൂപപ്പെടുത്തിയെടുത്ത്തിൽ മഴയുടെ സ്വാധീനം തള്ളിക്കളയാവുന്നതല്ല. പഴമക്കാരുടെ തത്വോപദേശരീതി വെളിപ്പെടുത്തുന്ന മഴയെക്കുറിച്ചുള്ള പഴഞ്ചൊല്ലുകൾ അതാണ് വ്യക്തമാക്കുന്നത്. 'മഴ ഇല്ലാഞ്ഞാൽ മരങ്ങൾ ഉണങ്ങും' എന്ന ചൊല്ലിൽ മരങ്ങളില്ലെങ്കിൽ മഴയുമില്ല എന്ന അറിയിപ്പുണ്ട്. 'മഴ നനയാതെ പുഴയിൽ ചാടി', 'മഴ നിന്നാലും മരം പെയ്യും'. 'മഴ പെയ്താൽ പുഴയറിയും', 'മഴ പെയ്തു നിറയാത്തത് കോരിയൊഴിച്ചാൽ നിറയുമോ', എന്നൊക്കെയുള്ള പഴഞ്ചൊല്ലുകളിൽ മനുഷ്യൻെറ ജീവിതരീതിയും മഴയുമായുള്ള ബന്ധം വിളിച്ചറിയിക്കുകയാണ് ചെയ്യുന്നത്. ഇനിയുമുണ്ട് മഴയുടെ പഴഞ്ചൊല്ലുകൾ :

*'മഴയത്ത് ഇട്ടാൽ നനയാ*
*വെയിലത്ത് ഇട്ടാൽ ഉണങ്ങാ'*

*'മഴയുമില്ല വിളയുമില്ല'*
*'മഴയെന്നു കേട്ടാൽ മാട് പേടിക്കുമോ'*

*'മഴയൊന്ന് പെയ്താൽ മരമേഴ് പെയ്യും'*
*'മഴയ്ക്കൊതുങ്ങാൻ വന്ന പിടാരി മനയ്ക്കു പോരാടുകയോ',*
*'മഴ വീണാൽ സഹിക്കാം, മാനം വീണാലോ'*
*'മഴേത്തപ്പനു സൈ്വരമില്ല'.*

*'മാക്രി കരഞ്ഞാൽ മഴ പെയ്യുമോ'* - തുടങ്ങി മഴയെക്കുറിച്ച് ഇനിയുമനേകം പഴഞ്ചൊല്ലുകളുണ്ട്. ('പഴഞ്ചൊൽ പ്രപഞ്ചം', പ്രൊഫ. പി.സി.കർത്താ)

*'മഴ പെയ്യുണ്, മദ്ദളം കൊട്ടുണ്*
*മരാൻെറച്ചിക്ക് തൂറാൻ മുട്ടുണ്'*
*'വെയിലും മഴയും ഒത്തുവന്നേ*
*കാട്ടിലെ കുറുക്കന് കല്യാണം'* തുടങ്ങിയ മഴപ്പാട്ടുകൾ - ഗ്രാമാന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ടിരുന്നു ഒരു കാലഘട്ടമുണ്ടായിരുന്നു. വേനലിൻെറ കൊടുചൂടൊഴിഞ്ഞ് പുതുമഴ കിട്ടുമ്പോഴുണ്ടാകുന്ന പുതുമണ്ണിൻെറ ഗന്ധം ശ്വസിച്ചെടുക്കുമ്പോൾ ആഹ്ലാദത്തിമിർപ്പോടെ പാടുന്ന ഇത്തരം പാട്ടുകൾക്ക് അർത്ഥം തേടിപോകേണ്ടതൊന്നുമില്ല. നമ്മുടെ കാവ്യസംസ്ക്കാരത്തിൽ മഴയെ ഒരു ബിംബമാക്കി കവിതയെഴുതാത്ത കവികൾ വിരളമാണ്. കുഞ്ഞുണ്ണി മാസ്റ്റർ പാടിയതു നോക്കാം.

*'കൊള്ളാമിമ്മഴ*
*കൊള്ളരുതിമ്മഴ*
*കൊള്ളാം, കൊള്ളാം പെയ്യട്ടെ'.* മഴത്തുള്ളികളോടൊപ്പം തുള്ളിക്കളിക്കാൻ കൊതിക്കാത്ത കുട്ടികളുണ്ടായിരുന്നില്ല പണ്ട്.

ഭാവവും താളവുമൊക്കെ മഴയ്ക്കും ഉണ്ട്. എത്രയോ കലാകാരന്മാർ അവരുടെ സൃഷ്ടികളിൽ മഴയുടെ വിവിധ ഭാവങ്ങൾ പകർത്തിയിരിക്കുന്നു. പ്രശസ്ത ചലച്ചിത്രകാരനായിരുന്ന സത്യജിത്റേ 'പഥേർ പാഞ്ചാലി' എന്ന സിനിമയിൽ സജീവമായഒരു ദൃശ്യബിംബമായി മഴയെ ഉപയോഗിക്കുന്നുണ്ട്. മഴയുടെ രണ്ട് അർത്ഥതലങ്ങൾ തേടുകയാണിവിടെ. ഒന്നിൽ, മഴ നനഞ്ഞുകൊണ്ട് അതിലെ ദുർഗ്ഗ എന്ന പെൺകുട്ടി ആഹ്ലാദത്തിമിർപ്പോടെ നൃത്തം ചെയ്യുന്നു. ജീവൻെറ താളവും സംഗീതവുമാണ് അവൾക്കപ്പോൾ മഴ. പിന്നീടുള്ളത് ദുർഗ്ഗയുടെ മരണത്തിന് കൂട്ടുനില്ക്കുന്ന മഴയാണ്. ഭയാനകമായ ഇടിമുഴക്കവും മത്ത് പിടിച്ച കാറ്റിൻെറ ഇളകിയാട്ടവുമാണ് മഴയൊടൊപ്പം റേ ചിത്രീകരിക്കുന്നത്. പ്രകൃതിയിൽ നിഗൂഢമായ മരണം ദുർഗ്ഗയെ തേടിയെത്തിയത് അവൾക്കേറെ പ്രിയപ്പെട്ട മഴയൊടൊപ്പമാണെന്ന് മാത്രം.

സംഗീതവും മഴയും തമ്മിലുള്ള ആത്മബന്ധവും തൊട്ടറിഞ്ഞവരുണ്ട്. കർണ്ണാടക സംഗീതത്തിൻെറ ത്രിമൂർത്തികളെന്നറിയപ്പെടുന്നവരിൽ രണ്ടാമതു നില്ക്കുന്ന മുത്തുസ്വാമി ദീക്ഷിതർ കീർത്തനം ആലപിച്ച് മഴ പെയ്യിച്ച ഒരു കഥയുണ്ട്. മധുര മീനാക്ഷി ക്ഷേത്രദർശനം കഴിഞ്ഞ് ദീക്ഷിതർ തൻെറ കനിഷ്ഠ സഹോദരൻ താമസിച്ചിരുന്ന എട്ടയാപുരത്തിലേക്ക് പോവുകയായിരുന്നു. വഴിയിൽ ഒരു സ്ഥലത്ത് മഴയില്ലാതെ ജനങ്ങൾ കഷ്ടപ്പെടുന്നത് കണ്ടുവത്രെ. അതു കണ്ട് മനസ്സലിഞ്ഞ ദീക്ഷിതർ 'അമൃതവർഷിണി' രാഗത്തിൽ 'ആനന്ദാമൃതകർഷിണി' എന്നാരംഭിക്കുന്ന ഒരു കീർത്തനം പാടുകയും അതിൽ 'വർഷയ വർഷയ' എന്ന സ്ഥാനം എത്തിയപ്പോഴേക്കും മഴ പെയ്തതായും പറയപ്പെടുന്നു. (സംഗീതശാസ്ത്ര പ്രവേശിക- ഡോ.എസ്.വെങ്കട സുബ്രഹ്മണ്യയ്യർ)

എന്തുതന്നെയായാലും മനുഷ്യൻെറ സംസ്ക്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ മഴയുടെ പങ്ക് ചെറുതായിരുന്നില്ല. അവൻ വ്യാപരിക്കുന്ന മേഖലകളിലെല്ലാം മഴയുടെ ആത്മാംശം പകർത്തിയേ പറ്റൂ. കാലം തെറ്റിയുള്ള മഴയുടെ വരവും പോക്കുമാവാം നമ്മുടെ ചുറ്റുപാടുകൾക്ക് നല്ലൊരു മഴക്കാലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുടകളുടെ പരസ്യങ്ങൾ സൃഷ്ടിക്കുന്ന ശബ്ദപ്രളയത്തിലൂടെ മഴയുടെ വരവ് അറിയേണ്ടി വരുന്നഒരു കാലഘട്ടത്തിൽ, ഓർമ്മ തെറ്റിനായെങ്കിലും മഴയുടെ പഴങ്കഥകളിലെ നാട്ടറിവുകൾ കരുതിവെക്കാതെ വയ്യ. □

# മഴയുമില്ല വിളയുമില്ല



പ്രതികരണം

# അടിയോരുടെ ചുവടുകൾക്കും ഒരു തറ

എൻ.പത്മനാഭൻ

തൃശൂർ : തമ്പുരാക്കന്മാരുടെ കലാരൂപങ്ങൾക്ക് പ്രാമാണ്യമുള്ള തൃശ്ശിവപേരൂരിൽ അടിയോരുടെ ചുവടുകൾക്കും ഒരിത്തിരി തറ. കഥകളിക്കും മോഹിനിയാട്ടത്തിനും പ്രശസ്തമായ ഇന്നാട്ടിൽ പൊറാട്ടുനാടകം, മുടിയാട്ടം, കുതിരകളി തുടങ്ങിയ അടിസ്ഥാനവർഗ കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിന് വേദിയൊരുങ്ങുന്നു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തൃശൂർ ജില്ലാ പഞ്ചായത്താണ് ആധുനിക സംസ്കാരത്തിന്റെ തേരോട്ടത്തിൽ തകർത്തെറിയപ്പെട്ട ജീവിതഗന്ധിയായ കലാരൂപങ്ങൾ പുനർജനിപ്പിക്കുന്നത്. ഇന്നും ഇന്നലെയും ഈ യത്നത്തിന്റെ ഭാഗമായി നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങളുടെ മേള സാഹിത്യ അക്കാദമിയിൽ അരങ്ങേറി. ജില്ലയിലെ അധഃസ്ഥിത വിഭാഗക്കാർക്കിടയിൽ നേരത്തേ പ്രചാരത്തിലുണ്ടായിരുന്ന ഇരുപതോളം കലാരൂപങ്ങൾഇതിൽ അവതരിപ്പിക്കപ്പെട്ടു. ഇതോടൊപ്പം അപൂർവമായ നാട്ടറിവുകളുടെയും സാങ്കേതിക വിദ്യകളുടെയും ശേഖരണവും നടക്കുന്നു.

ഇതര ജില്ലകളിൽ വികസനരംഗത്തുമാത്രം ജനകീയ കൂട്ടായ്മകൾക്ക് ജില്ലാ പഞ്ചായത്തുകൾ നേതൃത്വം കൊടുക്കുമ്പോഴാണ് തൃശൂരിൽ ഒരു വഴിമാറിച്ചവിട്ടൽ. അഭിജാത കലകൾക്ക്മാത്രം പ്രോൽസാഹനം ലഭിച്ചിരുന്ന ഒരവസ്ഥയാണ് മാറുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റത്താൽ നഷ്ടമാകുന്ന ജീവിത സാംസ്കാരിക മൂല്യങ്ങളുടെ സംരക്ഷണത്തിനായുള്ള ഒരു പ്രതിരോധം കെട്ടിപ്പടുക്കുകയാണ് ഈ ഉദ്യമം വഴി ലക്ഷ്യമിടുന്നതെന്ന് പദ്ധതിയുടെ സംഘാടകരായ ദിലീപും ഡോ. സി.ആർ.രാജഗോപാലും പറഞ്ഞു. അന്യംനിന്നുപോകുന്ന നാടൻകലകളും നാട്ടറിവുകളും മറ്റും സംരക്ഷിക്കാനുള്ള വികസനതന്ത്രം ഒമ്പതാം പദ്ധതിക്കാലത്ത് നടപ്പാക്കുകയാണ് ഉദ്ദേശ്യമത്രേ.

നാട്ടിൻപുറങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന കലാരൂപങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും അവ രേഖപ്പെടുത്തുകയുമാണ് ആദ്യപരിപാടി. ഇതിന്റെ ഫലമായി മറവിയിൽ മുങ്ങിപ്പോയ ധാരാളം നാടൻകലാരൂപങ്ങളെക്കുറിച്ചും സാങ്കേതികവിദ്യകളെക്കുറിച്ചും വിവരങ്ങൾ ലഭിച്ചതായി ഡോ. സി.ആർ.രാജഗോപാൽ പറഞ്ഞു. ഇതിന്റെ ഫലമായി ജില്ല യിൽ പ്രചാരത്തിലുണ്ടായിരുന്ന 25-ൽപരം നാടൻകലാരൂപങ്ങളുടെ പത്തുമണിക്കൂർ ദൈർഘ്യമുള്ള വീഡിയോഗ്രാഫ്, ആൽബം, നാട്ടറിവുകളുടെ വിവരശേഖരം എന്നിവ ജില്ലാ പഞ്ചായത്തിന് ലഭിച്ചു.

പറയരുടെ പ്രാചീന കലാരൂപമായ മലമായി ആട്ടം, പുലയസമുദായക്കാരുടെ ഇടയിലുള്ള മുടിയാട്ടം, പറയരുടെ മുടിയാട്ടം, വേട്ടുവരുടെ കലാരൂപമായ കുഴിത്താളം, മുറംകുത്തിപ്പാട്ട് തുടങ്ങിയ കലാരൂപങ്ങളും തൃശൂരിന്റെ കിഴക്കൻ മലമ്പ്രദേശങ്ങളിലെ ഉള്ളാടരുടെ കലകൾ, പുലയരുടെ കാർഷികോൽസവമായ നേർച്ചകൊട്ടുകളി തുടങ്ങിയവയും നിരവധി നാടോടിക്കഥകളും പാട്ടുകളും ഇങ്ങനെ ശേഖരിക്കാനായിട്ടുണ്ട്. വരേണ്യവർഗ കലാസാഹിത്യരൂപങ്ങൾക്ക് അക്കാദമികളുള്ളതുപോലെ നാടൻകലാരൂപങ്ങൾക്കുള്ള ഒരു അക്കാദമിയായി ജില്ലാ പഞ്ചായത്തിന്റെ 'നാടൻ കലാകളരി' പ്രവർത്തിക്കും. സംസ്ഥാനവ്യാപകമായിത്തന്നെ അന്യംനിന്നുകഴിഞ്ഞ നാടോടിവിജ്ഞാനത്തെയും സംസ്കാരത്തെയും തിരിച്ചെടുക്കാനുള്ള ഒരു യത്നമായാണ് ഈ ഉദ്യമത്തെ കാണുന്നത്.

മാധ്യമം
7-4-98

# FULL OF RUSTIC CHARM

**G.S.Paul**

Evolved through centuries and bequeathed from generation to generation, folklore has been essentially man's dialogue with Nature. More than art, if formed an integral part of his life, spiritual and physical. Perhaps this explains the relevance of the ritualistic traits that it embodies. And further, when stripped of these elements, it loses its intrinsic charm. Regrettably, ever since the emergence of classical art forms and their perennial process of perfection thanks to man's intellectual and aesthetic pursuits, the society in general has been myopic towards folk arts the very forms that are the progenitor of the refined ones of recent origin. For the same reason, most of them have already vanished and the surviving ones are on the threshold of extinction. It is really heartening to see that People's Plan Campaign launched by the present Kerala Government has ventured to address this problem. The two-day 'Naadan Kalaa Kalari' organised by the Thrissur District Panchayat manifested the commitment of the people to protect, preserve and disseminate the rare art forms and indigenous know how in respect of traditional crafts and technology.

Surprisingly, for two days in succession, the premises of Kerala Sahitya Akademi turned a festival ground where group after group of folk artistes vied with each other to exhibit the best of their talents. More than a score of art forms were presented during which the performers seemed not only inspired but also possessed. For instance, the four women who staged 'Mudiyattam' whirled their hair in ecstasy to the enthralling rhythms blared out by three thudis, one veekkan chenda and the music full of rustic charm that flowed from the 'kuzhal' – the short pipe used in melams. The Kali worship that runs as a common thread in all the folk arts was the mainstay for most of the performances including the former, 'Karimkali' and 'Manjakkali', etc., while 'Nerchakottukali', 'Kaala kali', etc. were expressions of strong agricultural backdrop. Interestingly, Nerchakottukali presented by Thankappan and party from Perinjanam staged some alluring circular movements with clapping of hands. In this respect, it had much in common with the traditional Kaikottikkali. Similarly Kolkkali, Parichamuttukali and Kaikottikkali had verve and zeal unparalleled.

'Malavazy aattam', 'Kuhtirakkali', 'Purattunatakam', 'Sarpam paattu', 'Thudippaattu', etc., were prominent among other items staged. Even as the Kalari provided a singular opportunity for the public to watch the rarely staged art forms from close quarters, it exhibited strong tendencies on the part of the artistes for modernisation.Face-powder, gilted paper, chappals and wrist watch used by some of the artistes and some of their movements appeared only anachronistic.Still the attempt was a great success as it provided enough opportunity for the public to interact with artistes and craftsmen, thereby enlightening themselves on some indigenous technology. Also elderly craftsmen Velayudhan (blacksmith), Vijayan (carpenter), Chandran (goldsmith) and Gopalan (moulder) were honoured with mementos by the District Panchayat President.

In the seminar held as part of the Kalari, Dr. A.K.Nambiar, Dr. S.Shanker and Dr. C.R.Rajagopal presented papers on the technique and methodology for collecting information and materials related to folkfore. □

THE HINDU, Friday, April 24, 1998



# തൃശൂർ ജില്ലയിലെ നാട്ടറിവുകൾ

## മൺപാത്രനിർമ്മാണം

**രേഖ സി.ജി.**

പരമ്പരാഗതമായി കാരണവന്മാരാൽ ലഭിച്ച ഉപജീവനമാർഗമാണ് മൺപാത്രനിർമ്മാണം. കുശവന്മാരാണ് സാധാരണ ഈ കൈവേലയിൽ ഏർപ്പെട്ടിരിക്കുന്നത്. ആദ്യകാലങ്ങളിൽ ഒട്ടുമിക്ക കുശവസമുദായങ്ങളുടെ വീടുകളിലും മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നു. വയലുകളിലെ മേൽമണ്ണ് മാറ്റി അടിയിൽനിന്നും കളിമണ്ണ് എടുത്താണ് മൺപാത്രങ്ങൾ ഉണ്ടാക്കിയിരുന്നത്. വീട്ടിലെ പുരുഷന്മാർ കളിമണ്ണ് കൊണ്ടുവരികയും വെള്ളമൊഴിഞ്ഞ് പാത്രത്തിൻെറ പാകം ആക്കുകയും ചെയ്യുന്നു. പിന്നീട് രണ്ടുദിവസത്തിനുശേഷമാണ് അവരുടെ ഭാവനയിൽ വിടരുന്ന ആകൃതിയിലുള്ള മൺപാത്രങ്ങൾ രൂപംകൊള്ളുന്നത്. ഇന്നത്തെ പോലെ പാത്രത്തിനു ഡിസൈൻ ചെയ്യാനുള്ള അച്ചുകളൊന്നും അന്ന് ഉണ്ടായിരുന്നില്ല. പാത്രങ്ങളുടെ ആകൃതികൾ രൂപീകരിച്ചതിനുശേഷമാണ് വേവിക്കുന്നതിനുവേണ്ടി ചൂളയിൽ വയ്ക്കുന്നത്. പത്തോ പതിനഞ്ചോ പാത്രങ്ങൾ ഉണ്ടാക്കി ചൂളയിൽ വയ്ക്കുന്നത് നഷ്ടമാണ്. അതുകൊണ്ട് നൂറോളം പാത്രങ്ങൾ നിർമ്മിച്ചതിനു (രണ്ടോ മൂന്നോ ദിവസം പിടിക്കും) ശേഷമാണ് ചൂളയിൽ വയ്ക്കുന്നത്. ചൂളയിൽ വയ്ക്കുന്ന പാത്രങ്ങളെല്ലാം വെന്തുകിട്ടണമെന്നില്ല. ചിലത് പൊട്ടിത്തെറിച്ചു പോകാം. പാത്രത്തിൻെറ കൂട്ടിൻെറ (വെള്ളവും കളിമണ്ണും) വ്യത്യാസം കൊണ്ടായിരിക്കും പൊട്ടിത്തെറിക്കുന്നത്. ചൂളയിൽ വച്ചതിനുശേഷം കത്തിയ്ക്കുന്നതിനുമുമ്പ് മറ്റുള്ളവരുടെ കണ്ണു തട്ടിയത് (കരിങ്കണ്ണ് പറ്റുക) മാറ്റി കളയുന്നതിന് മരുന്നു വെള്ളം വീടിൻെറ ചുറ്റും തെളിക്കുന്നു. കുറ്റിപാണലിൻെറ ഇല ചതച്ച് ചാരവും കൂടി മിശ്രിതമാക്കി വെള്ളമൊഴിച്ച് ആണ് ഈ 'മരുന്നു വെള്ളം' ഉണ്ടാക്കുന്നത്. ഭക്തിപൂർവ്വം ഇങ്ങനെ ചെയ്താൽ ചൂളയിൽവേവാൻ വെച്ച പാത്രങ്ങളെല്ലാം നശിച്ചുപോകാതെ ലഭിക്കുമെന്ന് അവരുടെ വിശ്വാസം. രാത്രികാലങ്ങളിലാണ് കൂടുതലും പാത്രങ്ങൾ ചൂളയിൽ വയ്ക്കുന്നത്. അതിനുശേഷം വെയിലത്ത് വച്ച് നന്നായി ഉണക്കിയെടുക്കുന്നു. മഴക്കാലമാണെങ്കിൽ വീടിനുള്ളിൽ വയ്ക്കുന്നു. കളിമൺപാത്രങ്ങൾക്ക് ധാരാളം ആവശ്യക്കാരുണ്ടായിരുന്നതിനാൽ പാത്രങ്ങൾക്ക് നല്ല ചിലവായിരുന്നു.

ആദ്യകാലങ്ങളിൽ കുശവസമുദായങ്ങൾക്കായിരുന്നു പൂണൂല് കളിമൺപാത്രങ്ങളുടെ നിർമ്മാണ സമയത്ത് പൂണൂല് ഊരിവയ്ക്കുന്നത് പതിവായിരുന്നു. ഒരിക്കൽ പൂണൂല് ഊരിവച്ചതിനുശേഷം പാത്രനിർമ്മാണത്തിനിരുന്നപ്പോൾ ബ്രാഹ്മണർ വന്ന് പൂണൂല് മോഷ്ടിച്ചു. അതിനുശേഷമത്രെ ബ്രാഹ്മണർ പൂണൂലുധാരിയായത് എന്ന് ഇവരുടെ വിശ്വാസം. അന്നെന്നും കുശവ സമുദായത്തിലുള്ള സ്ത്രീകളും പുരുഷന്മാരും പുറത്ത് (കൂലിപ്പണി) പണിക്കൊന്നും പോയിരുന്നില്ല. മൺപാത്രനിർമ്മാണം കുശവന്മാരുടെ കുലത്തൊഴിലാണ്. തൊഴിലനുസരിച്ചുള്ള കൂലി ഇവർക്ക് ലഭിക്കുന്നില്ല. നിരവധി ആളുകളുടെ പ്രയത്നഫലമായി നിർമ്മിച്ചെടുക്കുന്ന പാത്രങ്ങൾക്ക് വളരെ തുച്ഛമായ പ്രതിഫലമാണ് ലഭിക്കുന്നത്. അതിനാൽ ഇവർ വളരെ നിരാശരാണ്. അതുകൊണ്ടുതന്നെയാണ് യുവതലമുറ കുലത്തൊഴിൽ ഉപേക്ഷിച്ച് മറ്റു ജോലികളിൽ വ്യാപൃതരാകുന്നത്. വളരെ അപൂർവ്വമായാണ് ഇവിടെ കലങ്ങൾ നിർമ്മിച്ച് വിറ്റഴിക്കുന്നത്. കളിമൺപാത്രങ്ങൾക്ക് ആദ്യകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വില കുറവാണ്. അതുകൊണ്ടുതന്നെ യുവതലമുറ കുലത്തൊഴിൽ ഉപേക്ഷിച്ച് മറ്റു ജോലികളിൽ വ്യാപൃതരാകുന്നു. അലുമിനിയം പാത്ര ങ്ങളുടെ കടന്നുകയറ്റം കുശവസമുദായത്തിൻെറ മൺപാത്രനിർമ്മാണത്തെ സാരമായി ബാധിച്ചു. അലുമിനിയപാത്രങ്ങളെ അപേക്ഷിച്ച് മൺപാത്രങ്ങൾ വളരെ വേഗം നശിച്ചുപോകുന്നതിനാലാണ് ജനങ്ങൾ മൺപാത്രങ്ങളെ അകറ്റിനിർത്തുന്നത്. നിർമ്മാതാക്കളുടെയും ഉപഭോക്തക്കളുടെയും ആദ്യകാലത്തിൽ നിന്നും ഇപ്പോഴുള്ള മാറ്റം വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അലുമിനിയം, ഫൈബർ, പ്ലാസ്റ്റിക് തുടങ്ങിയ പാത്രങ്ങളുടെ കടന്നുകയറ്റം മൺപാത്രനിർമ്മാണത്തിൽ വളരെയധികം മാറ്റം ഉണ്ടാക്കി. ആദ്യകാലങ്ങളിൽ ഒട്ടുമിക്ക വീടുകളിലും കളിമൺപാത്രനിർമ്മാണം ഉണ്ടായിരുന്നു. പിന്നീട് വീടുകളിൽനിന്നും മാറി സൊസൈറ്റികളിലായി. ഇപ്പോൾ നമ്മുടെ നാട്ടിൽ മൺപാത്രങ്ങളെത്തുന്നത് തമിഴ്നാട്ടിൽ നിന്നുമാണ്. ഈ ദുരവസ്ഥ മനസ്സിലാകാനും മൺപാത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രയോജനം ജനങ്ങളിലെത്തിക്കുവാനും കഴിഞ്ഞില്ലെങ്കിൽ, ശരീരത്തിന് ദോഷം ചെയ്യുന്ന അലുമിനിയം, പ്ലാസ്റ്റിക് തുടങ്ങിയവ ഉപയോഗിച്ച് ആരോഗ്യം നശിക്കുന്നതിന് ഇടയാക്കുന്നു. മാത്രമല്ല ഒരു സമുദായത്തിൻെറ ഭാഗമായ, ഭാവനപൂർണ്ണമായ ഒരു കല നശിച്ചുപോയതിന് ഒരോരുത്തരം ഉത്തരവാദിത്വം വഹിക്കേണ്ടതായും വരുന്നു. □

# തുമ്പിതുള്ളൽ

രാജു കണ്ണത്ത്

തുമ്പിതുള്ളൽ പെൺകുട്ടികൾ മാത്രം കളിക്കുന്ന ഒരു കളിയാണ് ഇപ്പോൾ ആൺകുട്ടികളും കളിക്കുന്നുണ്ട്. എട്ടോ പത്തോ പേരടങ്ങുന്ന ഒരു സംഘം വട്ടത്തിൽ നിൽക്കുന്നു. ശേഷം തുമ്പിയാവേണ്ട കുട്ടി വട്ടത്തിൻെറ നടുവിൽ വേഷവിധാനത്തോടെ അതായത് തുമ്പിയുടെ ആകൃതിയിൽ പുള്ളിമുണ്ടു പുതച്ച് ചിറകുകെട്ടി കൈയിൽ പൂക്കുലയുമായി കിടക്കുന്നു. വട്ടത്തിൽ നിൽക്കുന്ന കുട്ടികൾ ഒരേ ഈണത്തിൽ തുമ്പിതുള്ളുന്ന പാട്ട് സാവധാനം പാടുന്നു. പാട്ട് മുറുകി മുറുകി വരുന്നതനുസരിച്ച് തുമ്പി ഉറഞ്ഞുതുള്ളുകയും ചെയ്യുന്നു. ഉറഞ്ഞുതുള്ളിയ തുമ്പിയെ ആ പാട്ട് ഇറക്കിപാടികൊണ്ട് തുമ്പിയുടെ കലിയിറക്കുകയുംവേണം. അല്ലെങ്കിൽ അപകടമാണ്. എന്തെന്നാൽ കലി തുള്ളിയ തുമ്പി വട്ടമിട്ടുപാട്ടുപാടികളിയാക്കുന്ന കുട്ടികളെ പൂക്കുലകൊണ്ട് തല്ലുകയും മറ്റും ചെയ്യും. അപ്പോൾ ഓടിപ്പോവാതെ ഇറക്കപ്പാട്ടുപാടി തുമ്പിയെ പഴയസ്ഥിതിയിലേക്ക് കൊണ്ടുവരികയും വേണം. ഇപ്രകാരം കലിതുള്ളിയ തുമ്പിയെ ഇറക്കികൊണ്ടുവരാത്തതുകാരണം പലയിടങ്ങളിലും അപകടം സംഭവിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഓണക്കാലത്ത് നായർതറവാട്ടിലെ പെൺകുട്ടികളാണ് ഈ കളി കളിക്കാറുള്ളത്. ഈ കല അന്യംനിന്നു പോവാനുണ്ടായ കാരണവും. ഈ കളിയുടെ ഒരുപാട്ട് ഇവിടെ ചേർക്കുന്നു. കളിയുടെ വിവരണം അടക്കം രണ്ടുവരി പാട്ടായും രണ്ടു വരി ചോദ്യപാട്ടായുമാണ്. രണ്ടിനും ഒരേ ഈണം തന്നെയാണ്. വട്ടത്തിൽ നിൽക്കുന്ന കുട്ടികൾ ആണ് പാട്ടുപാടുന്നതും കളിക്കുന്നതും.. അനങ്ങാതെ കിടക്കുമ്പോൾ പാട്ട് ആരംഭിക്കുന്നു.

*ഒരു നറുക്കില ഒരു ചെറുതിരി ഒരായിരം തുമ്പി തേരുകേറ്റം*
*രണ്ടു നറുക്കില രണ്ടു ചെറുതിരി രണ്ടായിരം തുമ്പി തേരുകേറ്റം*
*എന്താ തുമ്പീ തുള്ളാത്തെ കിണ്ണത്തിലെണ്ണ പോരാഞ്ഞോ?*
*മൂന്നു നറുക്കില മൂന്നു ചെറുതിരി മൂവായിരം തുമ്പി തേരുകേറ്റം*
*നാലു നറുക്കില നാലു ചെറുതിരി നാലായിരം തുമ്പി തേരുകേറ്റം*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ മുറ്റമടിക്കാഞ്ഞോ*
*അഞ്ചു നറുക്കില അഞ്ചു ചെറുതിരി അഞ്ചായിരം തുമ്പീ തേരുകേറ്റം*
*ആറു നറുക്കില ആറു ചെറുതിരി ആറായിരം തുമ്പീ തേരുകേറ്റം*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ പ്ലാവില കുത്താഞ്ഞോ*
*ഏഴു നറുക്കില ഏഴു ചെറുതിരി ഏഴായിരം തുമ്പി തേരുകേറ്റം*
*എട്ടു നറുക്കില എട്ടു ചെറുതിരി എണ്ണായിരം തുമ്പി തേരുകേറ്റം*
*എന്താ, തുമ്പീ തുള്ളാത്തെ പറയൻെറ കഞ്ഞി കുടിക്കാഞ്ഞോ*
*ഒമ്പതു നറുക്കില ഒമ്പതു ചെറുതിരി ഒമ്പതായിരം തുമ്പി തേരുകേറ്റം*
*പത്തു നറുക്കില പത്തു ചെറുതിരി പത്തായിരം തുമ്പീ തേരുകേറ്റം*
*എന്താ തുമ്പീ തുള്ളാത്തെ കിണ്ണത്തിലെണ്ണ പോരാഞ്ഞോ*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ മുറ്റമടിക്കാഞ്ഞോ*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ പ്ലാവില കുത്താഞ്ഞോ*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ കഞ്ഞി കുടിക്കാഞ്ഞോ*
*എന്താ തുമ്പീ തുള്ളാത്തെ പറയൻെറ പാത്രം മോറാഞ്ഞോ*

ഇറക്കപ്പാട്ട് : *പത്തു നറുക്കില പത്തുചെറുതിരി പത്തായിരം തുമ്പീ തേരിറക്കം*
*ഒമ്പതു നറുക്കില ഒമ്പതു ചെറുതിരി ഒമ്പതായിരം തുമ്പീ തേരിറക്കം*
*എന്താ തുമ്പി തുള്ളിയത് പറയൻെറ പാത്രം മോറീട്ടോ*
*എട്ടു നറുക്കില എട്ടു ചെറുതിരി എണ്ണായിരം തുമ്പീ തേരിറക്കം*
*ഏഴു നറുക്കില ഏഴു ചെറുതിരി ഏഴായിരം തുമ്പീ തേരിറക്കം*
*എന്താ തുമ്പി തുള്ളിയത് പറയൻെറ കഞ്ഞി കുടിച്ചിട്ടോ*
*ആറു നറുക്കില ആറു ചെറുതിരി ആറായിരം തുമ്പി തേരിറക്കം*
*അഞ്ചു നറുക്കില അഞ്ചു ചെറുതിരി അഞ്ചായിരം തുമ്പി തേരിറക്കം*
*എന്താ തുമ്പീ തുള്ളിയത് പറയൻെറ പ്ലാവില കുത്തീട്ടോ*
*നാലു നറുക്കില നാലു ചെറുതിരി നാലായിരം തുമ്പി തേരിറക്കം*
*മൂന്നു നറുക്കില മൂന്നു ചെറുതിരി മൂവായിരം തുമ്പി തേരിറക്കം*
*എന്താ തുമ്പീ തുള്ളിയത് പറയൻെറ മുറ്റമടിച്ചിട്ടോ*
*രണ്ടു നറുക്കില രണ്ടു ചെറുതിരി രണ്ടായിരം തുമ്പി തേരിറക്കം*
*ഒരു നറുക്കില ഒരു ചെറുതിരി ഒരായിരം തുമ്പീ തേരിറക്കം*
*എന്താ തുമ്പീ തുള്ളിയത് കിണ്ണത്തിലെണ്ണ നിറഞ്ഞിട്ടോ.* □





ഊരകം രാമകൃഷ്ണനും സംഘവും അവതരിപ്പിച്ച തുടികൊട്ട്പാട്ട്

# കുറത്തിനാടകം

## രാജു കണ്ണത്ത്

നാട്ടിൻപുറത്തെ പുലയരും കണക്കരും ഓണക്കാലത്ത് അവതരിപ്പിച്ചിരുന്നതാണ് കുറത്തിനാടകം. കുറവൻ, കുറത്തികൾ, പൂക്കാരികൾ, ബഫൂൺ തമാശക്കാരൻ, പോലീസ്, ചെണ്ടക്കാരൻ തുടങ്ങി പതിമൂന്നോളം പേർ ഈ നാടോടി നാടകത്തിലുണ്ടാകും. ഈ നാടകം മുഴുവനായി അവതരിപ്പിക്കാൻ 10 മണിക്കൂർ വേണം. നാട്ടിൻപുറങ്ങളിൽ ഉത്സവം പോലെയാണ് ഇതൊക്കെ നടന്നിരുന്നത്. അന്ന് എല്ലാ സമുദായക്കാരും പങ്കെടുക്കുമായിരുന്നു. അവതരണത്തിൽ കാണികൾക്ക് പങ്കാളിത്തമുണ്ട് (പിന്നെ തോർത്തുമുണ്ടിൽ പണക്കിഴിയുണ്ടാക്കി കളിക്കാർക്കു നേരെ എറിഞ്ഞുകൊടുക്കുന്ന ഒരു പതിവുമുണ്ട്). ചെണ്ടയും, ഇലത്താളവുമാണ് വാദ്യങ്ങളായി ഉപയോഗിച്ചിരുന്നത്. താളമേതാണ് എന്ന് അവർക്കറിയില്ല ഇതിൻെറ വായ്ത്താരി ഇപ്രകാരമാണ്.

*തരുണ തത്തുനെ തരുണതത്തുന്നെ തരുണ്ണെതത്തുനെ തരുണാ* ---(2)

തൃശൂർ പുരം കാണാൻ വരുന്ന കുറത്തിയും കുറവനും ഇടയ്ക്ക് കൂട്ടം തെറ്റിയ കുറത്തിയെ വീണ്ടും കണ്ടുമുട്ടി തിരിച്ചുപോവുന്നതാണ് ഈ കഥയുടെ പുരാവൃത്തം. മുഖംമിനുക്കാൻ മനയോല, കണ്ണെഴുതാൻ വാഴപ്പോളയിൽ വിളക്കു കാണിച്ച് കിട്ടുന്നകരി, വെളുത്ത പൊടി. പിന്നെ ഇന്ന് വേണമെങ്കിൽ കടയിൽനിന്ന് വാങ്ങാവുന്നവ ഉപയോഗിക്കാം. ഇന്ന് പനയോല കിട്ടാൻ ബുദ്ധിമുട്ടാണ്. നാട്ടിൻപുറത്തുള്ള ഏതെങ്കിലും മുറ്റമായിരിക്കും ഇതിൻെറയൊക്കെ അരങ്ങ്. നിലവിളക്ക് കൂടാതെ വെളിച്ചം നല്ലതുപോലെ കിട്ടാവുന്ന തരത്തിൽ വൈദ്യുതിയലങ്കരിക്കാവുന്നതാണ്. ഈ കലയുടെ അവതരണഘടനയെന്നു പറഞ്ഞാൽ രംഗപ്രവേശനം ചെയ്യുന്ന ആൾ കളിയരങ്ങിൽ എത്താതെ കാണികൾക്ക് മുഖം കൊടുക്കില്ല അതിനുവേണ്ടി ആ കലാകാരൻെറ മുഖം മറയ്ക്കുവാൻ മുണ്ടുകൊണ്ട് കർട്ടൻ ഉണ്ടാക്കി കഥാപാത്രത്തെ മറപിടിച്ച് ആനയിക്കുകയാണ് പതിവ്

തൃശൂർ പൂരം കാണുന്നതിനുവേണ്ടി തിത്തു തിരുപ്പാണ്ടി ചേലക്കര കൊക്കാല -------- ഇങ്ങനെ ഒരുപാടു സ്ഥലമൊക്കെ ചുറ്റിയാണ് കുറവനും കുറത്തിയും വരുന്നത്. തൃശൂർ പൂരത്തിൻെറ വെടിക്കെട്ടിൻെറ ഇടയ്ക്ക് കൂട്ടം പിരിഞ്ഞു. കൂട്ടം പിരിഞ്ഞ കുറത്തി വടക്കുള്ള ഏതോ നാട്ടില് എത്തിപ്പെടുകയാണുണ്ടായത്. അവിടെ പൂക്കാരികളുമായി നടന്നു. കാട്ടിൽ പൂപ്പറിക്കാൻ പോകും നേരത്ത് കള്ളൻമാർ വരികയും കള്ളനെപ്പിടിക്കാൻ പോലീസുവരികയും ചെയ്യുന്നുണ്ട്. ഇതിനിടയ്ക്ക് ബഫൂൺ കഥാപാത്രവും തർക്കക്കാരനും (തമാശക്കാരൻ) വന്നുകയറി ഇറങ്ങിപ്പോവുന്നുമുണ്ട്. ഇങ്ങനെയൊക്കെയായി നാടായ നാടൊക്കെ അന്വേഷിച്ച് നടന്ന കുറുവൻ തൻെറ കുറത്തിയെ അവസാനം കണ്ടെടുത്തു തിരിച്ചു വീട്ടിലേക്ക് പോവുന്നതാണ് ഈ നാടകത്തിൻെറ കഥാസാരം. ഇതിലെ പെൺവേഷങ്ങൾ ആണുങ്ങൾ തന്നെയാണ് കെട്ടാറുള്ളത്.

കുറവൻ വരുന്ന പാട്ട് : *തിത്തു തിരുപ്പാണ്ടി ചേലക്കര കൊക്കാല*

*വെക്കം വയനാട് കൊല്ലം കോഴിക്കൊടുവ-*
*കൊച്ചിയെർണാകുളം പന്തപന്തവുവം*
*തിന്ത്രി മന്ത്രിത്താളം തരികിടന്തത്താളം*
*കട്ടിച്ച കാപ്പ് കടുക്കൻ കയ്യിൽ സമ്മാൻ ചില*
*വട്ടത്തലപ്പാവ് കൊട്ടും മാക്കൊടുകൻ*
*കുറുവൻ ഭാവരണെ ഇന്തത്തെയും അഭയം തരണേ.......*
*തിക്കു തിരുവനന്തപുരം തന്നിൽ പട്ടണം വിട്ടു ഞാനും*
*തെക്കുന്നു ഞാൻ വരുന്നേൻെറച്ചമ്മാരെ ദിക്കൊന്നും ഞാനറില്ല*
*കാക്കച്ചി നാട്ടിനാണ് തമ്പുരാനെ കാക്കക്കുറുവനാണ്*
*കുട്ടിക്കുറുവനാണ് ൻെറച്ചൻമ്മാരെ കുറ്റം പറഞ്ഞിടല്ലേ*
*താണു ഞാൻ ദാവരണുസഭയിൽ നാണം വിട്ടുവരുന്നു*
*നാണം വിട്ടുവരുന്നു നാണുവിനെ നാണക്കേടാക്കിടല്ലേ*
*കുമ്പിടുന്നു കുറവൻ നാട്ടുവാഴി തമ്പുരാനെ വഴങ്ങി*
*തരുണതത്തുന്നെ തരുണതത്തുന്നെ തരുണ്ണെതത്തുന്ന (2)*
*ജാലം പലതറിയാം നാണുവിനു കമ്പിക്കളിയറിയാം*
*കമ്പിക്കളിയറിയാം നാണുവിനു കൈവിടാതെമറിയാം*
*കൈവിടാതെ മറിയാം നാണുവിനു പകിടകളിയറിയാം*
*തരുണതത്തുന്നെ തരുണ തത്തുന്നെ തരുണതത്തുന്നെ തരുണാ (2)*
*പന്തണിഞ്ഞ തറയുടെ മുകളിൽ ചെന്നുഞാൻ കേറി ശംബോ....*
*പന്തലിൻെറ അധിശമെല്ലാം ഇന്നു ഞാൻ കണ്ടു*
*വിട്ടുപോകും പകരികൾ വാണം*
*കെട്ടുമാറാപ്പ് ശംബോ കുത്തലിൻെറ പൊങ്കലിനിന്ന് കെട്ടു മാറാപ്പ്*

അങ്ങനെയാണ് ഞാൻ തൃശൂർ പൂരം കണ്ടത്. തൃശൂർ പൂരം കണ്ടപ്പോൾ തൻെറ കുറത്തി കൂട്ടം പിരിഞ്ഞുപോയി (കുറുവൻ) കള്ളൻമാരുടെയും പൂക്കാരികളുടെയും തർക്കപ്പാട്ട് രണ്ട് തരത്തിലാണ് പാടുന്നത്.

കള്ളൻമാർ പുക്കാരികൾ :

കള്ളൻ : *മണ്ഡലത്ത് മാരിയമ്മ ഊക്ക് എന്നാ വേണം*
*ഏതൈയ് വേണം നാനും കൊടുപ്പേ*
*ചെപ്പു കുപ്പി ചാരായം ഊക്ക് എന്നാ വേണം*
*ഏതൈയ് വേണം നാനും കൊടുപ്പേ----*
*ആടറ്ത്ത് പന്തലില് വച്ച് കുടിപ്പേൻ*
*മണ്ഡലത്ത് മാരിയമ്മ ഊക്ക് എന്നാ വേണം*
*ഏതൈ വേണം നാനും കൊടുപ്പേ-----*
*കോഴിറത്ത് പന്തലില് വച്ച് വറുത്തേ*
*മണ്ടലത്ത് മാരിയമ്മ ഊക്ക് എന്നാ വേണം*
*ഏതൈ വേണം നാനും കൊടുപ്പേ-----*

പൂക്കാരി : *കുടിക്കാൻ കഞ്ഞിയുണ്ടോ കള്ളാ കഞ്ഞിയുണ്ടോ-*
*കള്ളാ വടമധുര രാജ പാണ്ടിയോനെ*

കള്ളൻ : *ഏഴു കപ്പല് അരിയിരിക്കെടി തങ്കമേ തങ്കം*
നിൻെറ ഇഷ്ടം പോലെ എടുത്തു കൊള്ളടി *തങ്കമേ---- തങ്കം*

പൂക്കാരി : *തേക്കാൻ എണ്ണയുണ്ടോ കള്ളാ എണ്ണയുണ്ടോ*
*കള്ളാ വടമധുര രാജപാണ്ടിയോനെ*

കള്ളൻ : *ഏഴു ശോദന എണ്ണയിരിക്കെടി തങ്കമേ തങ്കം*
നിൻെറ ഇഷ്ടം പോലെ എടുത്തുകൊള്ളെടി *തങ്കമേ----- തങ്കം*

പൂക്കാരി : *കുളിക്കാൻ തണ്ണിയുണ്ടോ കള്ളാ തണ്ണിയുണ്ടോ-*
*കള്ളാ വടമധുര രാജൻ പാണ്ടിയോനെ*

കള്ളൻ : *നാലുചുറ്റും തപ്പാകുളം തങ്കമെ തങ്കം*
നിൻെറ ഇഷ്ടം പോലെ കുളിച്ചു കൊളെളടി *തങ്കമേ ----- തങ്കം-----*

പൂക്കാരി : *ചുറ്റാൻ ചേലയുണ്ടോ കള്ളാ*
*ചേലയുണ്ടോ വടമധുര രാജൻ പാണ്ടിയോനെ*

*കള്ളൻ : ഏഴു കുതിര [illegible] തങ്കമേ തങ്കം*
*നിൻെറ ഇഷ്ടം പോലെ എടുത്തു കൊള്ളെടി തങ്കമേ ----- തങ്കം*
*പൂക്കാരി : പാർക്കാൻ വീടാതുണ്ടോ കള്ള വീടതുണ്ടോ*
*തെൻ മധുര രാജ പാണ്ടിയോനെ*
*കള്ളൻ : ഏഴുനില മാളിക ഇരിക്കെടി തങ്കമേ തങ്കം*
*നിൻെറ ഇഷ്ടംപോലെ പാർത്തു കൊള്ളെടി തങ്കമേ----- തങ്കം (അപൂർണ്ണം)* □

# ദേശനാട്ടയ്യ

രാജു കണ്ണത്ത്

തമ്പ്രാനെ സ്നേഹിച്ച തമ്പുരാൻ സ്നേഹിച്ച ദേശനാട്ടയ്യയുടെയും തമ്പുരാൻെറയും ജീവിതവും അന്ത്യവുമാണ് ഈ പാട്ടിൻെറ പുരാവൃത്തം. പാട്ടിന് എഴുതപ്പെട്ട രൂപമില്ല ഈ പാട്ടത്രയും കേട്ടു പഠിച്ചതാണത്രേ. കാരണവൻമാരിൽനിന്ന് കൈമറിഞ്ഞുവന്നു പഠിച്ചതാണ് എന്നു പറയുവാൻ ഈ പാട്ട് പാടി തരുവാൻ സഹകരിച്ച ബഹുമാന്യയായ കാർത്ത്യായനി മണിയന്തറക്ക് അഭിമാന മുണ്ട്.ജൻമിത്തം നിലനിന്നിരുന്ന കാലത്ത് തമ്പ്രാക്കള്ടെ പടിപ്പുരവരെ കേറി ചെല്ലാൻ പറ്റാണ്ടിരുന്ന കാലത്ത് അവിടത്തെ തമ്പ്രാനെ സ്നേഹിക്കുകയും തമ്പ്രാൻ തിരിച്ച് ദേശനാട്ടയ്യയെ സ്നേഹിക്കുകയും ചെയ്തു. എന്നാൽ ഇവരുടെ സ്നേഹത്തിൽ അസൂയയുണ്ടായ മറ്റു പെലികളും തമ്പ്രാട്ടിയും കൂടി ദേശനാട്ടയ്യയെ കൊന്ന് പാടത്ത്ചവിട്ടി താഴ്ത്തുകയും ചെയ്തു. ഇതറിഞ്ഞ തമ്പ്രാൻ ദേശനാട്ടയ്യയെ എടുത്തുകൊണ്ട് വന്ന് നായൻമാർ മരിച്ചാൽ ചെയ്യുന്ന ചടങ്ങുകളൊക്കെ അയ്യക്കും ചെയ്ത് ചന്ദന മുട്ടിയിൽ ദഹിപ്പിച്ചു. എന്നിട്ട് ആ എരിതീയിൽ ചാടി തമ്പുരാനും മരിച്ചു എന്നതാണ് ഈ പാട്ടിൻെറ ഇതിവൃത്തം. ഈ പാട്ട് എനിക്കു പാടി തരുമ്പോൾ കേട്ടിരുന്ന അമ്മായിമാർ ഇന്നും കരയുന്നു. അത്രയ്ക്കും വിശേഷമാണ് അവരുടെ പ്രിയപ്പെട്ട ദേശനാട്ടയ്യക്ക്.

*പുലരുവാനേഴര വിളപ്പുള്ളപ്പോഴെ ഞെട്ടിയുണരുന്നു തമ്പുരാനല്ലേ*
*തമ്പ്രാൻെറ വടിയും കുടയുമെടുത്തു അയ്യേടെ പടിക്കൽ വരുന്നുണ്ട് തമ്പ്രാൻ*
*നാലു മൂന്നേഴ് തിരുവിളി വിളിച്ചു വിളിച്ച വിളികേട്ടു ദേശനാട്ടയ്യ*
*ഞെട്ടിപ്പിടഞ്ഞങ്ങ്ഴെന്നുന്നേൽക്കുന്നയ്യ എന്താ വിളിച്ചത് ഏതാ വിളിച്ചേ*
*അപ്പോൾ പറയുന്നു തമ്പുരാനല്ലേ ഇന്നിണ്ടു കേൾക്കെൻെറ ദേശനാട്ടയ്യേ*
*ചന്ദ്രത്തിപാടത്ത് നാളെണ് നാട് പത്തുപേര് പെലിയോളെ വിളിക്കണെൻെറയ്യേ*
*വേഗത്തിൽ പോരുന്നു തമ്പുരാനല്ലേ നേരമെ നന്നായ് പുലർന്നൊരു നേരം*
*ഉമ്മർത്ത് പണിയും കഴിക്കുന്നുണ്ടയ്യ പത്തുപേര് പെലിയോളെ വിളിക്കുന്നുണ്ടയ്യ*
*എല്ലാ പെലിയോൾക്കും പാടത്തുപണീൻെറ ദേശനാട്ടയ്യക്ക് കളത്തിൽ പണിയും*
*എല്ലാ പെലികൾക്കും പാളേലികഞ്ഞി ദേശനാട്ടയ്യക്ക് പൊൻതളികേൽചോറും*
*എല്ലാ പെലികൾക്കും നെല്ലാണു വല്ലി ദേശനാട്ടയ്യക്ക് അരിയാണു വല്ലി*
*എല്ലാ പെലികൾക്കും മുണ്ടു കൊടുക്കും ദേശനാട്ടയ്യക്ക് തമ്പ്രാൻെറ പട്ടും*
*പണിയില് പത്തുപേര് പെലിയോളുണ്ടല്ലോ നാല്പത്തെട്ടുതരം വിത്തുമുണ്ടല്ലോ*
*വിത്തിൻെറ അടിപൊടിയൊക്കെ അയ്യക്കാണല്ലോ*
*അപ്പോൾ ചോദിക്കുന്നു പണിയാളരല്ലേ*
*എന്താണു തമ്പ്രാനെ ഇത്രയ്ക്കും പോര് അപ്പോൾ പറയുന്നു തമ്പുരാനല്ലേ*
*നിങ്ങൾക്കെല്ലാവർക്കും ആളും തോളുണ്ട് ൻെറ ദേശനാട്ടയ്യക്ക് ആരോരുമില്ല*
*അങ്ങനെ പത്തുപേര് പെലിയോളെ വിളിക്കുന്നുണ്ടയ്യ*
*ഞാറ്റും പട്ടയിൽ വരിക്കുന്നവര് അപ്പോൾ പറയുന്നു തമ്പുരാട്ട്യല്ലേ*
*ഒന്നിണ്ടു കേൾക്കണം നിങ്ങളോടല്ലേ ഇന്നത്തെ പണിയിപ്പിക്കാൻ ഞാനങ്ങുപോവാം*
*നിങ്ങളുടെ വടിയും കുടയും തരിക തമ്പ്രാൻെറ വടിയും കുടയും കൊടുത്തു*
*ഞാറ്റും പട്ടയിൽ വരുന്നു തമ്പ്രാട്ടി പത്തുകെട്ട് ഞാറങ്ങ് വയ്ക്കുന്നുണ്ടയ്യ*
*പത്താൾക്കും ഞാറേറ്റി കൊടുക്കുന്നുണ്ടയ്യ മുട്ടുമ്മേൽ വച്ചങ്ങ് ആഞ്ഞേറ്റുന്നയ്യ*
*മുമ്പേ നടക്കുന്നു ദേശനാട്ടയ്യ പിമ്പേ നടക്കുന്നു തമ്പുരാട്ട്യല്ലേ*
*പിന്നെ നടക്കുന്നു പണിയാളരല്ലേ ചന്ദ്രത്തി നടുപാടത്തൊരറ്റത്തു കൊണ്ട്*
*ഞാറും കെട്ടിട്ടടും ദേശനാട്ടയ്യ പത്തുപേര് പെലിയോളും ഞാറുകെട്ടിട്ടു*
*ഞാറഴിച്ചു ചിന്നുന്നു ദേശനാട്ടയ്യ പത്ത്പേര് പെലിയോളും ഞാറഴിച്ചുചിന്നി*
*നാടുകുത്തുന്നുണ്ട് ദേശനാട്ടയ്യ പത്ത്പേര് പെലിയോളും നാടു കുത്തുന്നു*
*ആ കണ്ടം നാടു കഴിഞ്ഞു ഒരായ്യ മറു കണ്ടത്തിൽ കടന്നയ്യ നാടു കുത്തുന്നു*

ചന്ദ്രത്തിനടുപാടത്ത് ഒരേറിയസ്ഥലമൊക്കെ നാടുകുത്തുന്നു പണിയാളരല്ലേ
ചന്ദ്രത്തിനടുപാടത്ത് നാലിൻെറ നടുകണ്ടത്തിൽ വട്ടക്കണ്ടത്തിലയ്യ നാടുകുത്തുന്നു
അപ്പോൾ ചോദിക്കുന്നു തമ്പുരാട്ട്യല്ലേ ഒന്നിണ്ടു കേൾക്കെൻെറ ദേശനാട്ടയ്യേ
ഒരിക്കെ മുറുക്കാൻ തരികെയെൻെറയ്യേ അടിയത്തിൻെറ കയ്യിൽ മുറുക്കാനുമില്ല
കരിയും പൊരിയൊക്കെയാണു തമ്പ്രാട്ട്യേ കൊട്ടയാടക്ക്യാണ് കോറചുണ്ണാമ്പ്
കരിയും പൊരിയും മതിയെടിൻെറയ്യേ കുരുത്തോല വട്ടിങ്ങട് എടുക്കേടിൻെറയ്യേ
കുരുത്തോല വട്ടിങ്ങെടുക്കുന്നുണ്ടയ്യ അപ്പോൾ കാണുന്നു തമ്പ്രാൻ പൊന്നരിഞ്ഞാണം
അപ്പോൾ ചോദിക്കുന്നു തമ്പുരാട്ട്യല്ലേ
തമ്പുരാൻ പൊന്നരിഞ്ഞാണം നിനക്കെങ്ങനെകിട്ടി
തമ്പ്രാൻെറ മുറിയടിച്ചപ്പോഴെ മുറിയിന്നുകിട്ടി
തമ്പുരാൻ പൊൻ കത്തി നിനക്കെങ്ങനെ കിട്ടി തമ്പുരാൻ കുളിക്കും കുളകടവിന്നും കിട്ടി
തമ്പുരാൻ പൊൻ മോതിരം നിനക്കെങ്ങനെ കിട്ടി
മുറ്റമടിച്ചപ്പോൾ മുറ്റത്തുന്നും കിട്ടി തമ്പുരാൻ പൊൻ കരണ്ടം നിനക്കെങ്ങനെ കിട്ടി
കന്നുപൂട്ടിക്കാൻ തമ്പ്രാൻ പോയൊരു നേരം വരമ്പത്തിരുന്ന് മുറുക്കി മറന്നു
ചാണം കൊണ്ടു ഞാൻ ചെന്നപ്പോൾ കിട്ടിയെനിക്ക് മൂലവരമ്പീന്നു കിട്ടിയെനിക്ക്
ഈ വകയൊരു ചോദ്യങ്ങൾ ചോദിച്ചു തമ്പ്രാട്ടി
അയ്യേടെ മുടിക്കെട്ടിൽ പിടിച്ചു തമ്പ്രാട്ടി
ചന്ദ്രത്തിനടുപാടത്ത് നാലിൻെറ നടുകണ്ടത്തിൽ വട്ടകണ്ടത്തിലങ്ങ് ചവിട്ടി താഴ്ത്തി
പത്തുമുടിഞ്ഞാറു വേഗം നടെടി പെല്ല്യോളെ ആ കണ്ടം നട്ടവര് കൂട്ടുന്നതുണ്ട്
മുമ്പു നടക്കുന്നു തമ്പുരാട്ട്യല്ലേ പിമ്പേ നടക്കുന്നു പണിയാളരല്ലേ
വല്ലിയിടങ്ങഴി നറച്ചങ്ങും വച്ച് അയ്യേടെ വരവും നോക്കിയിരിക്കുന്നു തമ്പ്രാൻ
അതു താനെ കാണുന്നു തമ്പുരാനല്ലേ അയ്യയെവിടേക്കായ് പോയി പെല്ല്യോളെ
അപ്പോൾ പറയുന്നു തമ്പുരാട്ട്യല്ലേ ഒന്നിങ്ങു കേൾക്കണം നിങ്ങളോടല്ലേ
അയ്യേനെ കാവലിനാക്കി ഞാൻ പോന്നു അതുതാനെ കേൾക്കുന്നു തമ്പുരാനല്ലേ
വല്ലിയിടങ്ങഴി വലിച്ചങ്ങു വീക്കി അയ്യേനെ തേടി വരികുന്നു തമ്പ്രാൻ
ചന്ദ്രത്തിനടുപാടത്ത് വരികുന്നു തമ്പ്രാൻ ചന്ദ്രത്തിനടുപാടത്ത് ഒരേറിയവരമ്പൊക്കെ
നടന്നങ്ങുനോക്കുന്നു തമ്പുരാനല്ലേ ചന്ദ്രത്തിനടുപാടത്ത് നാലിൻെറ നടുകണ്ടത്തിൽ
അയ്യേടെ മുടിയൊന്ന് പതിഞ്ഞു കണ്ടു നെഞ്ഞത്തു കയ്യും പതിക്കുന്നു തമ്പ്രാൻ
എന്നേ ചതിച്ചോടിൻെറ ദേശനാട്ടയ്യേ അയ്യേനെ ചെളിയിന്ന് എടുക്കുന്നു തമ്പ്രാൻ
അയ്യേനെ കോരി പുണരുന്നു തമ്പ്രാൻ തമ്പ്രാൻെറ തോളിൽ കിടത്തുന്നുണ്ട് തമ്പ്രാൻ
തമ്പ്രാൻ കുളിക്കും കുളികളത്തിൽ കൊണ്ടന്നു അയ്യേനെ നന്നായ് കുളിപ്പിച്ചു തമ്പ്രാൻ
തമ്പ്രാൻെറ മഞ്ഞപട്ടണിയിച്ചു തമ്പ്രാൻ തെക്കു വടക്കു കെടുത്തുന്നു തമ്പ്രാൻ
ന്യായകർമ്മങ്ങൾ ഒക്കെ ചെയ്യുന്നു തമ്പ്രാൻ
ഒന്നിങ്ങു കേൾക്കണം നായമ്മാരെ നിങ്ങൾ അയ്യേനെ നന്നായ് ദഹിപ്പിക്കവേണം
അതിനൊള്ള ഒരുക്കങ്ങൾ ചെയ്യടോ വേഗം ചന്ദനമുട്ടി വരുത്തെടോ വേഗം
പാവലും കൂളം വരുത്തടോ വേഗം അതിനൊള്ള ഒരുക്കങ്ങൾ ഒരുക്കെടോ വേഗം
അതു താനെ കേൾക്കുന്നു നായൻമാരല്ലേ ഓടുന്നു മണ്ടുന്നു നായൻമ്മാരല്ലേ
അയ്യേടെ അരികത്തിരിക്കുന്നു തമ്പ്രാൻ ഈ വക ചതിയെന്നെ ചതിച്ചില്ലെൻെറയ്യേ
ഓരോരോയെണ്ണൽ പറയുന്നു തമ്പ്രാൻ ചങ്ങല കണ്ണിൽ ചുളിഞ്ഞമുടിയും
ആരാരെ കണ്ടു മറക്കും ഞാനയ്യേ ചന്ദ്രൻ വളഞ്ഞുള്ള നെറ്റഴകെൻെറയ്യേ
ഏതേതു ജന്മം മറവി വരെൻെറയ്യേ ഓന്തിന് പുറമൊത്തുള്ള മൂക്കഴകെൻെറയ്യേ
ഏതേതു ജന്മം മറവിവരയ്യേ കണ്ണിമാങ്ങ കീറിയുള്ള കണ്ണഴകൻെറയ്യേ
ആരാരെ കണ്ടു മറക്കും ഞാനയ്യേ തത്തമ്മ ചുണ്ടും പവിഴ പല്ലല്ലേ
ആരാരെ കണ്ടു മറക്കും ഞാനയ്യേ ഉടുക്കു കടഞ്ഞുള്ളൊരു കഴുത്തഴകെൻെറയ്യേ
ആരാരെ കണ്ടു മറക്കും ഞാനയ്യേ നെഞ്ചോട് മാറോടൊരു തിണ്ണപോലയ്യേ
ഏതേതു ജന്മം മറക്കും ഞാനയ്യേ കൈരണ്ടിളർവാഴ തണ്ടുപോലയ്യേ
ഏതേതു ജന്മം മറവിവരയ്യേ കോരിതെളിച്ചോരു പാൽചുണങ്ങയ്യേ
ആരാരെ കണ്ടു മറക്കും ഞാനയ്യേ കുണുപരിശൊത്തൊ പൂചുണങ്ങയ്യേ
ഏതേതു ജന്മം മറക്കുമെൻെറയ്യേ നെറ്റിചുഴിക്കൊത്തൊരു പൂക്കിൾചുഴിയും
ആരാരെ കണ്ട് മറക്കും ഞാനയ്യേ ആലിലക്കൊണി വയറാണെൻെറയ്യേ
ഏതേതു ജന്മം മറവിവരെൻെറയ്യേ കട്ള് കടഞ്ഞൊരു മുട്ടഴകല്ലേ



കുഞ്ചൻ നാരായണനും സംഘവും അവതരിപ്പിച്ച മുറംകുലുക്കിപ്പാട്ട്

*ആരാരെ കണ്ടു മറക്കുമെൻറയ്യേ ആ പുറമൊത്താരു പാദഴകയ്യേ*
*ഏതേതു ജന്മം മറവി വരൻെറയ്യേ ഈ വകയൊരണ്ണങ്ങൾ പറയുന്നു തമ്പ്രാൻ*
*ഒരുക്കങ്ങൾ ഒക്കെയൊരുക്കുന്നവരും അയ്യേനെ തീയില് വെക്കുന്നതുണ്ട്*
*തീയുമെ നന്നായ് എരിയുന്നതുണ്ട് അപ്പോൾ പറയുന്നു തമ്പുരാനല്ലേ*
*ഇതു കണ്ടോയിതുകണ്ടോ ബഹുജനം നിങ്ങൾ*
*ഈ വകയതിശയം ഞാൻ കണ്ടതില്ല ഈ നട്ടുച്ചനേരത്ത് നക്ഷത്രംപൊട്ടി*
*ആളുകൾ ആകവെ മേൽപ്പോട്ടും നോക്കി എരിയുന്ന തീയില് ചാടുന്നു തമ്പ്രാൻ.* □

# ഐവർകളി

## വി.വി.വിജയൻ

ഒരു കലാരൂപം അനുഷ്ഠാനമോ കേവലമായ വിനോദോപാധിയോ ആകുന്നത് അത് അവതരിപ്പിയ്ക്കുന്ന വേദിയും ചടങ്ങുകളും കേവലം പ്രകടനാത്മകമോ, ദൈവികപരിവേഷപരമോ എന്നു വിലയിരുത്തുമ്പോഴാണ്. ഇതിവൃത്തം ഭക്തിയിൽപ്പൊതിഞ്ഞുള്ള പ്രകടനം ദൈവികവും; താളബോധശുദ്ധിയുള്ളതാകുമ്പോൾ കലാപരവുമാകുന്നു. ഭക്തിയും കലയും സമരസപ്പെടുമ്പോൾ ഏതുതരം ആരാധകനേയും അതാകർഷിക്കും. അത്തരമൊരു കലയാണ് 'ഐവർകളി'. തൃശൂർ ജില്ലയിലെ പട്ടികജാതിയിൽപ്പെടുന്ന പടന്ന സമുദായംഗങ്ങളാണ് ഐവർകളി അവതരിപ്പിച്ചുപോരുന്നത്.

ഉല്പത്തി : വ്യാസവിരചിതമായ മഹാഭാരതത്തിൽനിന്നുമാണ് ഐവർകളി രൂപം പൂണ്ടതെന്നു പഴമക്കാർ പറയുന്നു. കലയുടെ പേരു സൂചിപ്പിക്കുന്ന 'ഐവർ' പഞ്ചപാണ്ഡവരാണ്. കുരുവംശജരുടെ ചതിപ്രയോഗത്താൽ അരക്കില്ലത്തിൽനിന്നും ഒരുവിധം രക്ഷപ്പെട്ട പാണ്ഡവന്മാർ വനത്തിൽ ഒളിച്ചു കഴിയേണ്ടിവന്ന കാലത്ത്, രാഷ്ട്രപ്രതാപത്തിൻെറ വേദനയിൽ, എന്നെങ്കിലും പൂവണിയാവുന്ന സ്വന്തം രാജ്യമെന്ന മോഹവുമായിരിക്കുമ്പോൾ മനഃശാന്തിയ്ക്കായി ഈശ്വരസ്തുതി ഗീതങ്ങൾ പാടി ചുവടുവച്ചു കളിച്ചിരുന്നു എന്നാണ് സങ്കല്പം. പരാശക്തിയിൽ അഭയം കണ്ട അവരുടെ ഭക്തിമയമായ സ്തുതീഗീതങ്ങളാണിതിലെ പാട്ടുകൾ. 'അമ്മദൈവസങ്കല്പം' പാട്ടിൻെറ കാതലാണ്. ഈ കല അവതരിപ്പിച്ചു പോരുന്നത് ദേവീക്ഷേത്രനടകളിൽ തന്നെയാണ്. തൃശൂർ ജില്ലയിൽ ചിറയ്ക്കൽ തിരുവാണിക്കാവ് ഭഗവതി ക്ഷേത്രത്തിൽ, കുംഭമാസത്തിലെ 'മഹാശിവരാത്രി' കഴിഞ്ഞ് ഏഴാം ദിവസം ഐവർകളി അവതരിപ്പിച്ചു വരുന്നു. വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ പൂമംഗലം വില്ലേജിൽ പതിയാംകുളങ്ങര ഭഗവതി ക്ഷേത്രനടയിലും ഇതേ കാലത്തുതന്നെ ഈ കല അവതരിപ്പിച്ചു വരുന്നു. ഇവിടെയും പടന്ന സമുദായാംഗങ്ങൾ തന്നെയാണിതവതരിപ്പിയ്ക്കുന്നത്.

അരങ്ങും ചടങ്ങും : ഏഴുനാൾ വ്രതമനുഷ്ഠിക്കുന്ന സംഘാംഗങ്ങൾ ആദ്യനാൾ മുതൽ (ശിവരാത്രിനാൾ) അവരുടെ വീടുകളിൽ കളി പരിശീലനം നടത്തുന്നു. 6 ദിവസത്തെ പരിശീലനാനന്തരം 7-ാംനാൾ ക്ഷേത്രനടയിലെ വേദിയിലെത്തുന്നു. ക്ഷേത്രത്തിലേക്കു വഴിപാടായി നൂറുമാറ് കയറ് (ഉദ്ദേശം 53

മീറ്റർ) നല്കി ക്ഷേത്രാധികാരികളിൽനിന്നും 'മുത്തുക്കുട' വാങ്ങുന്നു. കളിയവതരണാനുമതിയുടെ പ്രതീകമാണീ കുട. അരയാൾ പൊക്കത്തിൽ തീർത്ത ചതുരാകൃതിയിലുള്ള കൽത്തറയുടെ മദ്ധ്യത്തിലായി കുട നാട്ടുന്നു. തറയുടെ നാലുമൂലകളിലും നാട്ടിയ മുളത്തൂണുകളിലായി മുകളിൽ ഓല മേഞ്ഞിരിയ്ക്കും. കുരുത്തോലാലംകൃതവുമായിരിക്കും. കുടയ്ക്ക് അരികിലായി നിലവിളക്കു കൊളുത്തുന്നതോടെ കളി തുടങ്ങാമെന്നായി. മുപ്പതിനും അമ്പതിനും ഇടയ്ക്കു പ്രായമുള്ളവരാണ് കളിക്കാർ. വെള്ളവസ്ത്രങ്ങളാണ് ധരിയ്ക്കുക. പുരുഷന്മാരാണ് ഇതവതരിപ്പിയ്ക്കാറ്. സ്ത്രീകൾ കാണികൾ മാത്രമായിരിയ്ക്കും. ക്ഷേത്രദർശനം നടത്തിവരുന്ന കലാകാരന്മാർ വേദിയിലെത്തുന്നു. അഞ്ചുപേരിൽ കുറയാതെ അംഗങ്ങൾ വേണമെന്നുണ്ട്. എന്നാൽ മേളക്കൊഴുപ്പിനായി അതിലധികം, പന്ത്രണ്ടുപേർവരെ കളിയ്ക്കാറുണ്ട്.

വാദ്യം : ഇലത്താളവും പൊന്തി (ഏകദേശം 30 സെ.മി നീളമുള്ള മരദണ്ഡിന്മേൽ പിച്ചളവളയങ്ങൾ കോർത്തിട്ട ഉപകരണം) യുമാണ് പ്രധാന വാദ്യ ഉപകരണങ്ങൾ, പാട്ടിനനുസൃതമായി ഇത് കിലുക്കുകയാണ് ചെയ്യുക. (എന്നാൽ ഒരാൾ 'പൊന്തി'യും രണ്ടാമത്തെയാൾ ഇലത്താളവും മറ്റു മൂവ്വർ ഈരണ്ടു കോലുകൾ വീതവും താളത്തിന്നായി ഉപയോഗിക്കുമെന്ന് പ്രായമേറിയവർ പറയുന്നു. തിരുവാണിക്കാവിലും പതിയാംകുളങ്ങരയും ഈ പതിവില്ല). ഗണപതി സ്തുതിയോടെ ആശാൻ (ഗുരു) പാട്ടു തുടങ്ങുന്നു. സംഘാംഗങ്ങൾ 'അ'കാരത്തിൽ മൂളിക്കൊണ്ട് തുടങ്ങുന്നു. ഗുരു പാടുകയും മറ്റുള്ളവർ ഏറ്റുപാടുകയും ചെയ്യുന്നു. കൽത്തറയിൽ ഒരു വൃത്തത്തിലെന്നപോലെ നിരന്നുനിന്ന് ചുവടുവയ്ച്ചുകൊണ്ടാണു കളി. സ്തുതിഗീതങ്ങൾ കഴിഞ്ഞാൽ പാട്ടുകൾക്കു ക്രമമില്ല. കാളി-ദാരിക കഥയാണ് പ്രധാന വിഷയം.

*"ശിവശങ്കര ഗൗരിപത ജയ*

*ശിവശങ്കര ഗൗരിപത ജയ*

*ശങ്കര ശംഭോ"* എന്ന് ഭക്തിപൂർവ്വം പാടിക്കൊണ്ട് ഓരോ പാട്ടും തുടങ്ങുന്നു. ശിവസ്തുതിയ്ക്കു ശേഷമാണ് ഭഗവതി കഥാകഥനം നടത്തുക. തിന്മയെ ജയിയ്ക്കുവാൻ ഖഡ്ഗവുമായെത്തുന്ന അമ്മ ദൈവത്തെ ഭക്തിപൂർവ്വം സ്മരിയ്ക്കുന്ന ഗാനങ്ങൾ ഹൃദ്യമാണ്. എന്നാൽ മഹാഭാരതവും, രാമായണത്തിലെ മായപ്പൊന്മാൻ, സീതാപഹരണം, സേതുബന്ധനം ഇവയെല്ലാം ഓരോരോ പാട്ടുകളിലൂടെ അവതരിപ്പിക്കുന്നു. വൃത്തപ്രാസനിബദ്ധമായ പാട്ടുകൾ ശ്രദ്ധേയമാണ്. സേതുബന്ധനത്തിലെ മഞ്ജരിവൃത്തത്തിലുള്ള വരികൾ ഉദാഹരിയ്ക്കുന്നു.

*വാരിധി കണ്ടൊരു വാനരസൈന്യങ്ങൾ*

*വാലുകൾ മെല്ലെയുയർത്തിനിന്നു*

*കള്ളക്കുരങ്ങന്മാർ വെള്ളത്തിൽച്ചാടിയും*

*തള്ളിത്തിരയിൽ മറിയുകയും.....*

ഈ കല ഒരു വഴിപാടായി നടത്തുകയാണു ചെയ്യുന്നത്. എന്നാൽ മറ്റിടങ്ങളിൽ അവതരിപ്പിയ്ക്കുവാൻ ആളില്ലാതെ വരുമ്പോൾ പണം കൊടുത്തുകൊണ്ട് കലാകാരന്മാരെ വരുത്തിയും അവതരിപ്പിയ്ക്കാറുണ്ട്. അതിനു വരുന്ന ചെലവ് ഏകദേശ 2000 രൂപ ആയിരിക്കും. യുവതലമുറയ്ക്കു ഇതു പഠിയ്ക്കുവാൻ താല്പര്യമില്ലെന്നതു ശ്രദ്ധേയമാണ്. കലാകാരന്മാരെ സർക്കാരോ മറ്റു സംഘടനകളോ ശ്രദ്ധിയ്ക്കാറില്ല. ഒരനുഷ്ഠാനമെന്നതിൽപരം ഈ കല ഒരധഃകൃത സമുദായത്തിന്റെ കലാപ്രകടന വൈഭവം കാണിയ്ക്കുന്നു. വായ്ത്താരികളിലൂടെ മാത്രമാണ് ഇത് പകർന്നു പോകുന്നത്. ഒരു മൂലഗ്രന്ഥമില്ല. ചടുലമായ കാൽവയ്പുകളിലൂടെ കാണികളെ ആകർഷിയ്ക്കുന്ന ഐവർകളി അന്യംനിന്നു പോകാതെ സംരക്ഷിയ്ക്കപ്പെടേണ്ടതാണ്. വർഷങ്ങളായി ഇതവതരിപ്പിച്ചുപോരുന്ന സംഘത്തിന്റെ ആശാൻ കാറളം പഞ്ചായത്തിലെ ചെമ്മാപ്പുള്ളി വേലാണ്ടിയുടെ മകൻ ശങ്കരനാണ്. മുരിയാട് പഞ്ചായത്തിലെ ഈശ്വരൻകുട്ടിയും സംഘവും ഈ കല അവതരിപ്പിച്ചു പോരുന്നു. രാത്രിയോ പകലോ ഭേദമില്ലാതെ ഏതു ദേവീക്ഷേത്രത്തിലും അവതരിപ്പിയ്ക്കുന്നു എന്നതാണ് ഒരു പ്രത്യേകത. സമയദൈർഘ്യം 3 മുതൽ 5 വരെ മണിക്കൂറുകളാണ്. □

# സർപ്പവിഷ ചികിത്സ

**വി.വി.വിജയൻ**

പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം തുടങ്ങിയ കാലം മുതൽ ചരാചരങ്ങളെ പൂജിച്ചും പരിപാലിച്ചും ജീവൻ നിലനിർത്തുവാനും ആരോഗ്യം സംരക്ഷിയ്ക്കുവാനും പ്രാകൃത മനുഷ്യൻ ശ്രദ്ധിച്ചുപോന്നു. പുല്ലും പൂവും കൗതുകത്തോടെ വീക്ഷിച്ച് അവയുടെ ഉപയോഗവും പരിരക്ഷയും മനസ്സിലാക്കി; തന്റെ നിലനില്പിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്നും അവൻ കണ്ടെത്തിയിരുന്നു. ആ തിരിച്ചറിവിൽനിന്നാണ് നാട്ടുവൈദ്യം ഉടലെടുത്തത്. വിഷചികിത്സയ്ക്കു നാട്ടുവൈദ്യത്തിൽ പ്രഥമസ്ഥാനമാണുള്ളത്. പാരമ്പര്യമായി പകർന്നുകിട്ടിയ വിഷചികിത്സാരീതി പുതുതലമുറയ്ക്കന്യമാവുമ്പോൾ; ഏറ്റെടുക്കുവാൻ ആരെങ്കിലും വരുമെന്ന ശുഭപ്രതീക്ഷയുമായിരിയ്ക്കുന്ന, അറുപതിലെത്തിയിരിയ്ക്കുന്ന



അഷ്ടനാഗക്കളം - മുള്ളൂർക്കര അംബുജാക്ഷിയും സംഘവും

ശ്രീമതി രത്നമണി വേലായുധൻ വാചാലയാകുന്നു. അരനൂറ്റാണ്ടുകാലമായി യാതൊരു പ്രതിഫലവും വാങ്ങാതെ ശ്രീമതി രത്നമണി വിഷചികിത്സ നടത്തിവരികയാണ്. ഔഷധങ്ങളും, നിമിത്തങ്ങളും ജ്യോതിഷപരമായ വിശ്വാസങ്ങളും ബന്ധപ്പെട്ടതാണു ചികിത്സാരീതി. ചികിത്സകനെ 'വിഷഹാരി' യെന്നാണു പറയുക. പ്രാണനും, ദൂതനും (സർപ്പദംശനമേറ്റയാളും കൂടെ വരുന്നയാളും) വരുന്ന തോടെ ചികിത്സക തയ്യാറാവുന്നു. വിഷഹാരി (ഹാരിണി) യുടെ മനസ്സിൽ എപ്പോഴും ഒരു രാശി ചക്രം ഉണ്ട്.ദൂതൻ വിവരം പറയുവാൻ വരുന്ന ദിക്ക് (ദിശ) രാശി ചക്രത്തിലൂടെ മനസ്സിലാക്കി, അപകടകരമോയെന്നാദ്യം മനസ്സിലാക്കുന്നു. മേടം മുതൽ മീനം വരെ 12 രാശികളും വിഷത്തിൻെറ കാഠിന്യത്തിൻെറ ആരോഹണാവരോഹണങ്ങൾ സൂചിപ്പിയ്ക്കുന്നതിനാൽ രോഗിയുടെ സ്ഥിതി ആശ ങ്കാജനകമോ അല്ലയോയെന്നു വിഷഹാരിണി മനസ്സിലാക്കിയിരിക്കും. ദൂതൻ വിവരം പറയുവാൻ 'വായ്' തുറക്കുന്നതോടെ എത്ര പല്ലുകൾ കൊണ്ടുള്ള കടി (ദംശനം)യാണ് ഏറ്റിരിയ്ക്കുതെന്നു മറിയാം. "മുൻപിനാൽ ചൊന്നൊരക്ഷരം" കൊണ്ട് ഇതറിയാമെന്നു ശ്രീമതി രത്നമണി പറയുന്നു. ദൂതൻ പറയുന്ന ആദ്യക്ഷരം ഏതാണെന്നറിഞ്ഞ് ആ അക്ഷരം സൂചിപ്പിയ്ക്കുന്ന ലക്ഷണത്തിലൂടെ, പാമ്പ് എത്ര പല്ലുകൾകൊണ്ട് കടിച്ചിരിയ്ക്കുന്നു എന്നറിയുന്നു. അ, ഇ, എ, ഇ, ഒ. ഇവയിലേതെങ്കിലും അക്ഷരത്തിലായിരിക്കും മിക്കവാറും ദൂതൻ സംഭാഷണമാരംഭിക്കുക. ഉദാ: 1 അവനെ കടിച്ചു. അച്ഛനെ കടിച്ചു,2 ഇപ്പൊത്തന്നെ,3 എലിയാണെന്നു തോന്നുന്നു...4 ഉറങ്ങുമ്പോൾ...5 ഓലയെടുത്തപ്പോൾ... ഈ സംഭാഷണത്തിലെ ആദ്യാക്ഷരങ്ങളിൽനിന്നുംഒരു പല്ല്, രണ്ട് പല്ല്, മൂന്നു പല്ലുകൾ എന്നിങ്ങനെ അനുക്രമമായി പല്ലുകളുടെ എണ്ണവും, മുറിവിൻെറ ആഴവും മനസ്സിലാക്കാം. ഒ യെന്നു തുടങ്ങിയാൽ കുഴപ്പമില്ലെന്നാണു വിശ്വാസം. മേൽപ്പറഞ്ഞ രണ്ടു 'നിമിത്ത'ങ്ങളിലൂടെ ഏതുതരം പാമ്പാണ് കടിച്ചതെന്നു വിഷഹാരി മനസ്സിലാക്കുന്നു. വിഷഹാരിയ്ക്കു മാത്രമേ ഈയനുഭവമുണ്ടാകു യെന്നതാണത്ഭുതം! പാമ്പേതെന്നറിഞ്ഞാലുടൻ വിഷചികിത്സ നിർണ്ണയിക്കുന്നു. ആശ്വാസവചന ങ്ങൾ മുതൽ വെള്ളത്തിൽ മുക്കിയെടുത്തു മർദ്ദിയ്ക്കുന്ന രീതിവരെയുണ്ട് ചികിത്സയിൽ.

പ്രധാനമായും മൂന്നുരീതികളാണവലംബിയ്ക്കുന്നത്. ഒന്ന് 'വിഷക്കല്ലു'വയ്ക്കലാണ്. വിഷക്കല്ല് ലാടവൈദ്യന്മാർ വനത്തിലെ ചെടികളിലെ ഔഷധങ്ങൾ ചേർത്തുരുട്ടിയെടുക്കുന്ന ഖരരൂപമാണ്. അതിൻെറ നിർമ്മിതയെപ്പറ്റി വിഷഹാരിയ്ക്കു രൂപമില്ല. കടിയേറ്റ മുറിവായ് വൃത്തിയാക്കി കല്ലുവയ്ക്കുന്നു. മണിക്കൂറുകൾക്കുശേഷംവിഷം വലിച്ചെടുത്തകല്ല് താനേ താഴേ വീഴുമ്പോൾ വിഷമൊഴിഞ്ഞെന്നറിയാം. രാത്രിയിൽ കടിയേറ്റയാൾ ഉറങ്ങരുതെന്നുണ്ട്. മുറിവിനു മുകളിൽ ചരടുബന്ധിച്ച് രക്തപ്രവാഹം തടഞ്ഞിട്ടാണ് വിഷക്കല്ലുവയ്ക്കുന്നത് ഇത് ശാസ്ത്രീയ രീതിയാണ്. വിഷം വലിച്ചെടുത്തുവെന്നു ബോദ്ധ്യമായിട്ടും കല്ല് വീഴുന്നില്ലെങ്കിൽ കിണ്ടിയുടെ മുരലിലൂടെ ജലധാരയുണ്ടാക്കി കല്ലിൽ വീഴ്ത്തി വിടുവിയ്ക്കാറുണ്ട്. വിഷക്കല്ലു വയ്ക്കുമ്പോഴും എടുക്കുമ്പോഴും 'ഗരുഡമന്ത്രം' ജപിയ്ക്കാറുണ്ട്. കദ്രു-വിനത-നാഗ ഗരുഡാരുണോൽപ്പത്തിയിലുള്ള വിശ്വാസമാണ് 'ഗരുഡമന്ത്രം' കൊണ്ടു മനസ്സിലാകുന്നത്. ഊതിവിഷമിറക്കുകയാണ് മറ്റൊരു വിധി. ചുക്ക്, വെറ്റില, രഹസ്യ ഔഷധങ്ങൾ എന്നിവ വായിലിട്ടു ചവച്ച് രണ്ടുപേർ രോഗിയുടെ ഇരുകർണ്ണങ്ങളിലും, വിഷഹാരി രോഗിയുടെ നെറുകയിലും ഊതുകയാണു ചെയ്യുക. ഓരോ തവണ ഊതുമ്പോഴും വിഷഹാരി 'ഗരുഡമന്ത്ര'മുരുവിടുന്നു. 101 തവണ ഇതു ചെയ്യുമ്പോൾ നിർജ്ജീവാസ്ഥയിൽ നിന്നുംരോഗി ഉണരുന്നു. ചിലപ്പോൾ 1001 തവണയും ചെയ്യേണ്ടിവരുന്നു. ശിരോരോമംപിഴുതു നോക്കുന്ന വിദ്യയിലൂടെ രോഗിയുടെ നവദ്വാ

രങ്ങൾ പ്രവർത്തന ക്ഷമമാണോയെന്നു പരിശോധിയ്ക്കുന്നു. ശിരോരോമം അനായാസം പൂർണ്ണമായി പിഴുതെടുക്കുവാനായാൽ നവദ്വാരങ്ങൾ പ്രവർത്തനക്ഷമമാണെന്നറിയാം.രോഗി രക്ഷപ്പെടുമെന്നു തീർച്ച വിഷബാധ മൂർദ്ധന്യാവസ്ഥയിലാണെങ്കിൽ രോഗി മൃതപ്രായമായിരിയ്ക്കും. ജീവൻെറയാതൊരു ലക്ഷണവും കാണുകില്ല. ഈയവസ്ഥയിൽ രോഗിയുടെ കണ്ണിൽ അരിമുളക് (തൊലികളഞ്ഞ കരുമുളക്) അരച്ചു തേയ്ക്കുന്നു. കണ്ണു മിഴിയ്ക്കുകയോ ജീവലക്ഷണം കാട്ടുകയോ ചെയ്യും. തുടർന്നും പൂർവ്വാവസ്ഥയിലാണെങ്കിൽ രോഗിയെ പൂർണ്ണമായും കുളത്തിലോ (ടാങ്കിലോ) മറ്റോ വെള്ളത്തിൽ താഴ്ത്തുന്നു. ജീവനുണ്ടെങ്കിൽ ഉടനെ പൊന്തിവരും. പൊന്തിവന്നാൽ കരയ്ക്കെടുത്ത് ഏഴു പച്ച ഈർക്കിൽ വള്ളച്ചുകെട്ടി അടിയ്ക്കുന്നു. അടിയ്ക്കുമ്പോൾ ശരീരം "തിണർക്കും". (അടിയേൽക്കുന്ന ശരീരഭാഗം നിറംമാറി തടിച്ചുവീർക്കും) ഉടനെത്തന്നെ ഔഷധചികിത്സയും ഗരുഡമന്ത്രവും കൊണ്ട്രോഗിയെ രക്ഷപ്പെടുത്തുന്നു. "ഇക്കാലത്തിനിടയിൽ ഒരു കുട്ട്യേ മാത്രേ അങ്ങനെ ചെയ്യണ്ടി വന്നുള്ളു. അതൊട്ടു വെള്ളത്തിന്നു പൊന്തിവന്നൂല്ല്യ" രത്നമണി പറയുന്നു.

ഔഷധങ്ങൾ : രഹസ്യൗഷധങ്ങളായ പച്ചമരുന്നുകൾ, ഗോമൂത്രം, ചാണകം, നെയ്യ്, തുളസീ പത്രം ഇവയാണ് ഒറ്റമൂലികളായുപയോഗിയ്ക്കുന്നത്. തുളസി, ചുക്ക്, കുരുമുളക് എന്നിവയ്ക്ക്വിഷ ചികിത്സയിൽ പ്രധാനപങ്കുണ്ട്. 'ആർത്രോപോഡു'കളിൽപ്പെടുന്ന, കാലുകളുള്ള ഇഴയുന്ന ജീവികളായ തേരട്ട, പഴുതാര (പാറുകാലി, കൽക്കുന്നൻ, ചെതുമ്പൂരൻ) തേൾ എന്നിവയുടെയും എലിയുടെയും വിഷത്തിനു പ്രതിവിധിയായി മേൽപ്പറഞ്ഞ 'മൂലിക' ഉപയോഗിക്കുന്നു. പാരമ്പര്യമായി പകർന്നുകിട്ടിയ ഈ വിദ്യയിലൂടെ അനേകം ജീവൻ രക്ഷിയ്ക്കുവാൻശ്രീമതി രത്നമണിയ്ക്കു കഴിഞ്ഞിട്ടുണ്ട്. യാതൊരു പ്രതിഫലവുമിച്ഛിയ്ക്കാതെ ചെയ്യുന്നതാകാം മറ്റാരും ഇതഭ്യസിയ്ക്കുവാനെത്താതിരിയ്ക്കുവാൻ കാരണം. വായ്ത്താരിയിലൂടെ മാത്രമാണീ വിദ്യ നിലനില്ക്കുന്നത്. മുത്തച്ഛനായ പനങ്ങാട്ട് രാമൻകുഞ്ഞിൻെറ ശിഷ്യത്വത്തിലാണ് ചികിത്സക 12-ാം വയസ്സിൽ ഈ വിദ്യ നേടിയത്. പ്രായാധിക്യംകൊണ്ട് 4 വർഷമായി ചികിത്സ ചെയ്യാറില്ല. പുതുതലമുറയ്ക്ക് ഈ വിദ്യ കൈമാറുവാൻ 'വിഷഹാരിണി' തയ്യാറാണ്. പക്ഷെ ആരും ശ്രദ്ധിക്കുന്നേയില്ല എന്നതാണുസത്യം. മതിലകത്ത്, തൃക്കണാമതിലകത്ത്, പാപ്പിനിവട്ടം പഞ്ചായത്തിൽ പൊയ്യാറ വീട്ടിൽ വേലായുധൻ ഭാര്യ രത്നമണി സർപ്പവിഷചികിത്സാരംഗത്തെ അമൂല്യരത്നമാണെന്ന സത്യം ഇനിയെങ്കിലും യുവതലമുറ മനസ്സിലാക്കാത്തത് ഖേദകരമാണ്. □

# കൂവനൂറ് ശേഖരണം

**വി.വി.വിജയൻ**

പ്രകൃതിയിൽ നിന്നും നേരിട്ടു ലഭിയ്ക്കുന്ന ഫല പക്വമൂലാദികൾ പ്രാചീനകാലം മുതൽ മനുഷ്യർ ഭക്ഷ്യവസ്തുവാക്കിയിരുന്നു. ഇത് രണ്ടുതരത്തിലായിരുന്നു.

1. നേരിട്ടു ലഭിയ്ക്കുന്നവ : പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഇതിനുദാഹരണമാണ്. 2. നേരിട്ടു ഭക്ഷിയ്ക്കാനാവാത്തവയെ പാകപ്പെടുത്തി ഉപയോഗിയ്ക്കൽ. മാങ്ങയണ്ടിപ്പൊടി, കൂവപ്പൊടി മുതലായവ രണ്ടാമത്തെ ഗണത്തിൽപ്പെടുന്നു. പടിയൂർ പഞ്ചായത്തിലെ കുഡുംബി സമുദായാംഗങ്ങളാണ് കൂവപ്പൊടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നത്. ഏകദേശം ഒരടിയോളം ഉയരത്തിൽ വളരുന്ന, കാഴ്ചയിൽ തൃണവർഗ്ഗത്തിലെന്നു തോന്നുന്ന, കാണ്ഡത്തിനു ബലമില്ലാത്ത, നീളത്തിലുള്ള ഇലകളോടുകൂടിയ സസ്യമാണ് കൂവച്ചെടി. Curcuma Anguistifolia (കുർകുമ ആംഗിസ്റ്റിഫോളിയ) എന്നാണിതിൻെറ ശാസ്ത്രീയനാമം. ഈ ചെടിയുടെ വേരുകൾ വലുതായി കിഴങ്ങുകളായി രൂപപ്പെടുന്നു. കിഴങ്ങുകൾ ഏകദേശം ½ ഇഞ്ച് വണ്ണത്തിലും 6 ഇഞ്ച് നീളത്തിലും ലഭ്യമാണ്. കാഴ്ചയിൽ ഇഞ്ചിയാണെന്നു തോന്നുന്ന ഇവയ്ക്ക് ഇഞ്ചിയേക്കാൾ വലിപ്പമുണ്ട്. 'കുഡുംബി' സമുദായത്തിലെ സ്ത്രീകളാണിവ പറിച്ചെടുത്ത് പാകപ്പെടുത്തുന്നത്. പാകമായ കൂവച്ചെടിയിൽ നിന്നും കായ്കൾ (കിഴങ്ങുകൾ) പറിച്ചെടുത്ത് കഴുകി വൃത്തിയാക്കുന്നു. പിന്നീട് തോൽ (തൊലി) കളഞ്ഞ് ശുദ്ധമാക്കിയകിഴങ്ങ് (വെളുത്ത നിറമായിരിയ്ക്കും). കല്ലിനു മുകളിൽ ഉരസി (ഉരച്ച്)യെടുക്കുന്നു. വെള്ളം ചേർത്ത് ഉരയ്ക്കുമ്പോൾ വെളുത്ത കുഴമ്പായി ഇതു രൂപപ്പെടുന്നു. കുറെയേറെ കിഴങ്ങുകൾ ഇങ്ങനെ ഉരച്ചെടുത്താൽ ദ്രവരൂപത്തിലുള്ള വെളുത്ത പദാർത്ഥം ലഭിയ്ക്കുന്നു. ഇത് തെളിഞ്ഞ ശുദ്ധമായ ജലത്തിൽ കലർത്തി അനക്കാതെ വയ്ക്കുകയാണടുത്ത പടി. കുറെ സമയശേഷം ദ്രവപദാർത്ഥം (കൂവനൂറ്) ജലത്തിന്നടിയിൽ ഊറി നിൽക്കുന്നു. സാവധാനത്തിൽ മുകൾഭാഗത്തെ വെള്ളം ഊറ്റിക്കളയുമ്പോൾ കട്ടിയായ കുഴമ്പ് ലഭിയ്ക്കുന്നു. കാഴ്ചയിൽ ഒരു white paste ആണിത്. ഈ കുഴമ്പിനെ പരന്ന ചെമ്പുപാത്രത്തിൽവച്ച് തണലിൽ ഉണക്കിയെടുക്കുകയാണടുത്തത് .ഇങ്ങനെ രൂപപ്പെടുന്നത് ഒരു വെളുത്തപൊടിയാണ്. ഇതാണ് കൂവപ്പൊടി. സുതാര്യവും വളരെ നേർത്തതും വെളുത്തതുമായ ഈ പൊടി വളരെ ഔഷധമൂല്യമുള്ളതാണ്. വാതം, ചുമ, വായുമുട്ടൽ (ശ്വാസംതടസ്സം), വ്രണം, പിത്തം, തണ്ണീർദ്ദാഹം, രക്തദോഷം, കുഷ്ഠം, മൂത്രകൃച്ഛ്റം, പാണ്ഡ്, ക്ഷയം, ജ്വരം, തളർച്ച, കാമല തുടങ്ങിയ രോഗങ്ങൾക്ക് കൂവപ്പൊടി നല്ലൊരൗഷധമാണ്. ജലത്തിൽ കലർത്തി കുറുക്കിയെടുത്ത് ഭക്ഷിയ്ക്കുയാണു ചെയ്യുക. മെലിഞ്ഞ ദേഹം തടിപ്പിയ്ക്കുവാൻ കൂവപ്പൊടിയ്ക്കു കഴിയും. ശരീരത്തിലെ പേശികൾക്ക്ശക്തി പകരുവാൻ ഇതിനു കഴിയുമത്രേ. മറ്റു ഭക്ഷണപദാർത്ഥങ്ങളിൽ കലർത്തിയും ഇതുപയോഗിയ്ക്കുന്നു. പാശ്ചാത്യഭക്ഷണമായ 'കേക്ക്' നിർമ്മാണത്തിന് കൂവപ്പൊടി

ഉപയോഗിയ്ക്കാറുണ്ട്. ഭക്ഷണപദാർത്ഥം മൃദുവായിരിക്കുന്നതിനും രുചികൂട്ടുന്നതിനുമാണ് ഇതു ചേർക്കുന്നത്. കായലോര പ്രദേശങ്ങളിലും ചിലപ്പോൾ ചതുപ്പു തടങ്ങളിലും, ജലാംശം കുറഞ്ഞ മണ്ണിലും വളരുന്നു എന്നത് ഈ ചെടിയുടെ പ്രത്യേകതയാണ്. പ്രകൃതി നല്കുന്ന ഈ ഭക്ഷ്യവസ്തു സംരക്ഷിയ്ക്കപ്പെടാത്തുതുകൊണ്ടും; പരിരക്ഷിച്ചുപോരുവാനും, കൂവപ്പൊടി നിർമ്മാണത്തിനു സമയമേറെയെടുക്കുന്നതുമൂലവും നല്ലൊരൗഷധം നശിച്ചുപോകുന്ന അവസ്ഥയിലാണിപ്പോൾ. ഇത് സംരക്ഷിയ്ക്കപ്പെടേണ്ട സിദ്ധൗഷധമാണ്. □

# കാളക്കളി

## സന്തോഷ് സി.കെ.

കാള എന്നത് ശിവന്റെ വാഹനമാണ്. എല്ലാ ശിവക്ഷേത്രങ്ങളിലും കാളയുടെ ബിംബം കാണാവുന്നതാണ്. കാളയെ കൊണ്ടാണ് നിലം പൂട്ടി കൃഷി ചെയ്യുന്നത് കൊയ്ത്തുകാല ഉത്സവമാണിത്. കലാചാതുരിയോടെ കാളകളുടെ തേരുകൾ ഉണ്ടാക്കി അവയെ വാദ്യഘോഷങ്ങളോടെ ഉത്സവകാലങ്ങളിൽ നൃത്തം ചവുട്ടി ക്ഷേത്രങ്ങളിലേക്ക് കൊണ്ടുപോകാറുണ്ട്. ഇത് ആധികാരികമായി ചെയ്തു വരുന്നത് പുലയരും പറയരുമാണ്. ഇന്ന് കേരളത്തിൽ ക്ഷേത്രങ്ങളിലുപരിയായിട്ട് മച്ചാട്ട് മാമാങ്കത്തിലെ കുതിരകളി, കാളകളി പ്രസിദ്ധമാണ്. മരംകൊണ്ടുണ്ടാക്കിയ തേരുകൾ (കാളകൾ) അനേകം പേർ ചേർന്ന് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ പാട്ടുപാടി അമ്പലങ്ങളിലേക്ക് എഴുന്നള്ളിക്കാറുണ്ട്.

ദൈവികമായും വയലേലകളിൽനിന്നും സമൃദ്ധമായി വിളവ് ലഭിച്ചതിലുള്ള സന്തോഷം പാട്ടിന്റെ അകമ്പടിയോടെ ആടികളിക്കുകയാണ് ചെയ്യാറ്. മുളകൊണ്ടുണ്ടാക്കിയ കാളകൾ രണ്ടുപേർ തോളിലേറ്റുന്നു. മുന്നിലുള്ളവർ താളത്തിനൊത്ത് ചുവടുവച്ചുകളിക്കുന്നു. കാട്ടൂരിന് സമീപത്തുള്ള പൊഞ്ഞനം അമ്പലത്തിൽ ഈ കാളകളി ഇന്നും നടന്നുവരുന്നു. സാധാരണ മകരം കുംഭം മാസങ്ങളിൽ നടക്കുന്ന ഉത്സവങ്ങളിൽ കർഷകതൊഴിലാളികളായ ഇവർ കാളകളി നടത്തുന്നു. പുലയർ അതായത് വള്ളോ പുലയരാണ് കാളകളി നടത്താറുള്ളത്. ദാരികനേയും കാളിയേയും പറയർ അതാതു വേഷമിട്ട് വാദ്യഘോഷങ്ങളോടെ അവതരിപ്പിക്കുന്നു. മറ്റു സമുദായങ്ങൾക്ക് ഈ കലാരൂപവുമായി യാതൊരു ബന്ധവു മില്ല ശിവനുണ്ടായകാലം മുതൽക്ക് ഈ കലയ്ക്ക് പഴക്കമുണ്ട്. പാക്കനാർ ചരിതവുമായും ഇതിന് ബന്ധ മുണ്ട്. ദേവീ പ്രീതിക്കാണ് അതായത് ദൈവകോപം ഇല്ലാതിരിക്കാൻ വേണ്ടിയാണ് ഇത് നടത്തുന്നത്.

അനുഷ്ഠാനങ്ങളും മറ്റും : വ്രതാനുഷ്ഠാനങ്ങൾ നടത്തണം - ദാരികനും കാളിക്കും വേഷമിടുന്നവർ വ്രതാനുഷ്ഠാനങ്ങൾ നോൽക്കണം, മത്സ്യമാംസാദികൾ വർജിക്കണം. സ്ത്രീകളുമായുള്ള ബന്ധം ഉപേക്ഷിക്കണം. പുറപ്പെടുന്ന സ്ഥലത്ത് ദേവിക്ക് കളമെഴുതണം. രണ്ടുവിധത്തിലുണ്ട് കളം. ഒന്ന് നാട്ടുദേവിക്ക് മറ്റൊന്ന് കൊടുങ്ങല്ലൂർ ദേവിക്ക്. ഇതിൽ 14-ഖണ്ഡം കളം നാട്ടുദേവിക്കും 64 ഖണ്ഡം കളം കൊടുങ്ങല്ലൂർ ദേവിക്കും വരക്കുന്നു.കള്ള്, തവിട്, മലര്, ശർക്കര, കുരുതി (കോഴി) മഞ്ഞളും ചുണ്ണാമ്പും വെള്ളത്തിൽ ചേർത്ത് ഗുരുതി കൂട്ടുകയാണ് ചെയ്യുന്നത്. ഇതു രണ്ടും (മഞ്ഞളും, ചുണ്ണാമ്പും) ചേരുമ്പോൾവെള്ളം രക്തവർണമാകുന്നു. രക്തമെന്ന് തോന്നത്തക്കവണ്ണം അതിന് ചുവപ്പുനിറമുണ്ടാ യിരിക്കും. കളം വരച്ചു കഴിഞ്ഞാൽ കളം പൂജിക്കുന്നു.

*"ഓം കാളി കാളി മഹാകാളി ശ്രീപരമേശ്വര മൂന്നാംതൃക്ക-*
*ണ്ണിൽനിന്നും പൊട്ടിപ്പിളർന്നു ശ്രീഭദ്രകാളി ദാരികനെ കൊന്നു;*
*ശ്രീകൈലാസം വലത്തുംവെച്ച് ഭൂമി ഭരതേ തീർത്ത്*
*എന്നെയും നിന്നെയും ഭൂതപ്രേത പിശാച്ചുക്കളേയും*
*വെട്ടിവെട്ടി വരം ചെയ്ത് തരിക ഉാഭദ്രകാളിയാണേ സ്വഹഃ*

ഈ മന്ത്രം ഉരുവിട്ടുകൊണ്ടാണ് കാളിപൂജ നടത്തുന്നത്.

വേഷങ്ങളുടെ പ്രത്യേകതകൾ : ദാരികൻ. ദാരികന് ചിലമ്പില്ല പൊയ്മുഖം വെച്ചിട്ടുണ്ടായിരിക്കും (മുളയും മരവും ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്). കച്ച, കച്ചയ്ക്കു മീതെ അരമണി, രണ്ടു കുറുവടി (ഇതു ഉപയോഗിച്ച് ദാരികൻ കൊട്ടി കളിക്കും), കുറികൾ (വരകുറി), മുടി എന്നിവയുണ്ടായിരിക്കും കാളി വേഷം. വട്ടമുടി (മുളകൊണ്ടും പീലികൊണ്ടും ഉണ്ടാക്കിയത്), വട്ടമുടിയിൽനിന്ന് പിന്നോട്ട് ഇട്ട കുരുത്തോല, മുടിശ്ശീല (കറുത്തതുണിയിൽ കവിടികൊണ്ട് തുന്നിപിടിപ്പിച്ചത്), തേക്കുറുപ്പ് (ഓടുകൊണ്ട് നിർമ്മിച്ചത്), മുലകൾ (പകുതി ഓടുകൊണ്ട്) കാമത്തം, വഞ്ചി, മരത്തിന്റെ ചെറിയ നാരിഴ, അരമണി, ആട (മൂന്നു നിറത്തിലുള്ള തുണികൊണ്ട് ഞൊറിഞ്ഞുണ്ടാക്കിയത്), ചിലമ്പ്

വാദ്യങ്ങൾ : വട്ടചെണ്ട (വലംതല ചെണ്ട) മദ്ദളം (ഇതിനെ കാളികളിക്കാർ മരം എന്നാണ് വിളിക്കാറ്) കുഴൽ, ഇത്രയുമാണ് വാദ്യങ്ങൾ.

കാളകളിയിൽ അവതരണ ചാതുരിക്കനുസരിച്ചാണ് കാണികളുടെ പങ്കാളിത്തം ഭക്തിയോടുകൂടിയുള്ളതായിരിക്കും കാണികളുടെ പങ്കാളിത്തം. അവതരണസമയം നിശ്ചിതമായി പരിമിതപ്പെടുത്തിയിട്ടില്ല കാണികളുടെ ഇഷ്ടാനുസരണം അവർ അവതരിപ്പിക്കും. കൂടാതെ സ്ഥലങ്ങളുടെ അകലമനു

സരിച്ച് സമയം നീളും. വേഷക്കാരുടെ കായികശക്തി കണക്കിലെടുക്കാറുണ്ട്. പല സ്ഥലങ്ങളിലും പലരീതിയിലാണ് ഇതിന്റെ അവതരണം. പ്രധാന ഉത്സവങ്ങളുടെ സമാപനചടങ്ങായിട്ടാണ് (സമർപ്പണമായിട്ട്) ഇത് അവതരിപ്പിക്കുന്നത്. ഇപ്പോൾ ഇതൊരു ചടങ്ങുമാത്രമായി. ചാരം മാറി ചടങ്ങുമാത്രമായി ചുരുങ്ങി. വടക്കൻ പ്രദേശങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കാണികളെ ആകർഷിക്കാനും സാമ്പത്തിക നേട്ടത്തിനുമാണ് ഈ വ്യത്യയാനം. □

# വയൽക്കളം

### സന്തോഷ് സി.കെ.

പണ്ട് കൊയ്ത്തു കഴിഞ്ഞവയലുകളിൽ വേട്ടുവ സമുദായക്കാർ കളമെഴുത്തും മറ്റു അനുഷ്ഠാനങ്ങളും നടത്തി കാവൊഴിച്ച് കൊടുങ്ങല്ലൂർക്ക് യാത്ര പുറപ്പെടാറുണ്ട്. ഇന്ന് ഇത് വയലുകളിലല്ല പ്രത്യേകം ഒരുക്കപ്പെട്ട മറ്റു സ്ഥലങ്ങളിലാണ് നടത്തുന്നത്. കൊടുങ്ങല്ലൂർ ദേവിയുടെ ആട്ടപ്പിറന്നാളിനോടനുബന്ധിച്ച് രേവതി നാളിൽ, അതായത് കൊടുങ്ങല്ലൂർ ഭരണിക്ക് മൂന്നുദിവസം മുമ്പ് വയലുകളിൽ പ്രത്യേക സജ്ജമാക്കപ്പെട്ടകല്ലിനു മുന്നിൽ കളമെഴുതി - കളം പൂജയും മറ്റു അനുഷ്ഠാനങ്ങളും നടത്തി കാവൊഴിഞ്ഞ് അശ്വതിയുണർന്നാൽ കൊടുങ്ങല്ലൂരിലേക്ക് പോകുന്നു.

കൊടുങ്ങല്ലൂരമ്മയ്ക്കുള്ള കളം : വടക്കൻ വാതില്ക്കലാണ് കൊടുങ്ങല്ലൂർ ദേവിക്കുള്ള കളം വരക്കുന്നത്. ബെലിത്തറയുടെ വടക്കുവശം എന്നാണ് വടക്കൻ വാതിൽ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു വീട്ടിൽനിന്ന് വാഴപ്പിണ്ടി (കുരുത്തോലകൊണ്ട് അലങ്കരിക്കപ്പെട്ടത്) വാദ്യഘോഷങ്ങളോടും ദേവിയെ സ്തുതിക്കുന്ന വായ്ത്താരികളുടേയും മറ്റ് ദീപവിതാനത്തോടുകൂടി വയൽകല്ലി നടുത്തെത്തി ആ വാഴപിണ്ടി അവിടെ നാട്ടുന്നു. ഇതാണ് പ്രാരംഭ ചടങ്ങ്. അറുപത്തിനാല് ഖണ്ഡങ്ങളുള്ള കളമാണ് കൊടുങ്ങല്ലൂർ ദേവിക്ക്. അതോടൊപ്പം ബലി കല്ലിന്റെ കിഴക്കേനടയ്ക്കൽ തട്ടകത്തെ (നാട്ടുചൈതന്യം) ദേവിക്ക് പ്രത്യേകകളമെഴുതുന്നു.

കളം പൂജ : വാഴയില മുറിച്ച് നുറുക്കുകളാക്കി അതിൽ തിരി വെച്ച് അറുപത്തിനാലു ഖണ്ഡങ്ങളിലും വെയ്ക്കുന്നു. തുടർന്ന് കളമെഴുതിയവരും കൂട്ടുകുടുംബാദികളും മറ്റുള്ളവരും കളം വലത്തിടുന്നു. ദേവിയുടെ വായ്ത്താരികൾ ഉരുവിട്ടുകൊണ്ടായിരിക്കും ഈ പ്രദക്ഷിണം. ഇളനീർ, കോഴി, തിരികൾ, പന്തങ്ങൾ എന്നിവ എന്തി വലത്തിടുന്നവർ 'ആർപ്പൂ' എന്ന വിളികളോടെ മൂന്നു തവണ പൂർത്തീകരിക്കുമ്പോൾ നിർത്തുന്നു. ''ദേവി നട.... നടൈ.... നട'' എന്നു ഉറക്കെ വിളിച്ച് മൂന്നു തവണ വലംവെച്ചു കഴിഞ്ഞാൽ തിരികൾ കളത്തിൽ വെയ്ക്കുന്നു. ചെണ്ട വലംതലമുട്ടിയാണ് കളം പൂജിക്കുന്നത്. കളംപൂജ കഴിഞ്ഞാൽ തായമ്പക അഞ്ചുകാലം കൊട്ടി നിർത്തുന്നു. പിന്നീട് ദേവിയെ തോറ്റിയുണർത്താനുള്ള തോറ്റംപ്പാട്ടുകൾ തുടങ്ങും. ചെറിയ ഇലത്താളം മുട്ടി അഞ്ചാറു പേർ (പ്രായം ചെന്നവർ) ചേർന്ന് കൊടുങ്ങല്ലൂരമ്മയെ തോറ്റിയുണർത്താൻ തോറ്റം പാട്ടുകൾ പാടുന്നു.

ഗുരുതിതർപ്പണം : ഗുരുതിതർപ്പണം ഉരുളിയിൽ കലക്കി വെച്ചിരിക്കും. ചുണ്ണാമ്പും മഞ്ഞളും കൂടി ചേർത്തിട്ടാണ് ഗുരുതി കൂട്ടുന്നത്. ഗുരുതി മറിക്കുമ്പോൾ ഒരു മന്ത്രം ഉരുവിടുന്നു.

*'മൂവന്തി നേരമെല്ലാം*
*മുക്കാല് പെരുവഴിയിൽ*
*നീയിട്ടപടയും തീയ്യും'* ഈ മന്ത്രം ചൊല്ലി ഗുരുതി മറിച്ച് പന്തം കത്തിച്ച് അതിലേക്ക് തവിടുവാരിയെറിയുന്നു. തുടർന്ന് പന്തകാള്യേക്ക് ചൊല്ലണം.

*'കത്തുന്നു പന്തം കാളുന്നു പന്തം*
*കാളികളേഴും തെളിഞ്ഞുള്ള പന്തം*
*പായുന്നു പന്തം പറക്കുന്നു പന്തം*
*ദേവവാരികളെ മുടിച്ചുള്ള പന്തം'*

പിന്നീട് വടക്കൻ വാതില്ക്കൽ കോഴിയെ വെട്ടി നിണം കൊടുത്ത് കർമ്മമവസാനിപ്പിക്കുന്നു. ബെലിപ്പറമ്പിൽനിന്ന് പോരുന്നതിനുമുമ്പ് വടക്കൻ വാതില്ക്കൽ നാളികേരമുടയ്ക്കുന്നു. എന്നിട്ട് ദേവിസ്തുതി ഉറക്കെപ്പാടി കാവൊഴിയുന്നു.പിറ്റേ ദിവസം അശ്വതിയുണർന്നാൽ എല്ലാവരും കൊടുങ്ങല്ലൂരിലേക്ക് പോകുന്നു. □

# കുഴിത്താളം

### വിനോദ് കെ.ആർ.

വേട്ടുവസമുദായക്കാർ അവതരിപ്പിക്കുന്ന ഒരനുഷ്ഠാനമാണ് കുഴിത്താളം ഒരു തോറ്റത്തോടുകൂടിയാണ് ഇത് നടക്കുന്നത്. ഒരു രാത്രി മുഴുവനും വേണ്ടിവരും. ദേവികഥ മുഴുവനും പാടി തീരണമെങ്കിൽ ദിവസങ്ങളും വേണ്ടിവരും. മകരമാസത്തിൽ ഇരുപത്തെട്ടുച്ചാലിനു ശേഷമാണ് മിക്കവാറും

അവതരിപ്പിക്കുന്നതാണിത്. കൊടുങ്ങല്ലൂർ ദേവി പ്രസാദിക്കുന്നതിനുവേണ്ടി കാർണവൻമാർ നടത്തിക്കൊണ്ടുവന്നിരുന്നതാണ്. അത് ഒരു പിൻതുടർച്ച അടിസ്ഥാനത്തിൽ തുടർന്നു പോകുന്നു. കൂട്ടമായി അവതരിപ്പിക്കുന്നത്. ആണുങ്ങളും പെണ്ണുങ്ങളും ഉൾപ്പെടുന്ന അഞ്ചിലും കുറയാത്ത ഒരു സംഘമാണ് അവതരിപ്പിക്കുന്നതാണ്. ഓട് കൊണ്ടുള്ള കുഴിത്താളം മൂശാരിമാരാണ് നിർമ്മിക്കുന്നത്. ഓടുകൊണ്ടുണ്ടാക്കിയ ഉൾഭാഗം കുഴിഞ്ഞ് ഒരു പന്തിനെ നെടുകെ കീറിയതുപോലുള്ള ഒരുജോടി താളങ്ങൾക്ക് വായ്ഭാഗത്തിനുചുറ്റും പുറത്തേക്ക് മടങ്ങിയ ഒരു ചെറിയ തോതിലുള്ള തിണ്ടുണ്ട്. പുറത്ത് മധ്യത്തിലായി പുറത്തേക്ക് തള്ളിനിൽക്കുന്ന ഭാഗത്ത് ഒരു ദ്വാരമുണ്ട്. ഇതിലൂടെ ഒരു വള്ളികോർത്ത് രണ്ടുതാളങ്ങളേയും ഒന്നിച്ചു നിർത്തുന്നു. ഇതിനെ കുഴിത്താളം എന്നു പറയുന്നു. ഒരു താളത്തിനുള്ളിൽ മറ്റൊരു താളം അടിച്ചാണ് പാടുക. മുഖ്യമായും രണ്ടുതരത്തിലാണ് ഇതിൻെറ താളം. യാതൊരുവിധത്തിലുള്ള ലിഖിതങ്ങളായ രേഖകളും ഇതിൻെറ പാട്ടുകൾക്കില്ല. ആശാൻമാരെന്ന് വിളിക്കാവുന്ന പൂർവികർമാരിൽനിന്നും പിൻതുടർച്ചയായി ലഭിച്ചിട്ടുള്ള ഇതിൻെറ പാട്ടുകളും താളങ്ങളും കൊടുങ്ങല്ലൂർ ഭഗവതിയെ വാഴ്ത്തിക്കൊണ്ടുള്ളതാണ്. ദേവിയുടെ ജനനംമുതൽ പാടിതുടങ്ങും. തുടർച്ചയായി എല്ലാവർഷവും തോറ്റം നടത്തുന്ന വീടുകളിൽ, ഈവർഷം പാടി നിറുത്തിയിടത്തുനിന്നായിരിക്കും അടുത്തവർഷം ആരംഭിക്കുക.

കുഴിത്താളം എന്നു പറയുന്ന ഒറ്റപേരുകൊണ്ട് അതിൻെറ അർത്ഥം പൂർണമാകുന്നില്ല. ഇതിന് കൊടുങ്ങല്ലൂർ ദേവിയുമായി വേർതിരിക്കാനാവാത്ത ബന്ധമുണ്ട്. ദേവീപ്രീതിക്കുവേണ്ടി വേട്ടുവർ നടത്തുന്ന തോറ്റങ്ങളിലാണ് ഇത് ഉപയോഗിച്ചു വരുന്നത്. ഇത് നടത്തുന്നതിന് പ്രത്യേകരീതിയിൽ കളം കെട്ടണം. മുത്തപ്പൻ നട (മുല്ലത്തറ)യുടെ മുൻപിലായി ഓലകൊണ്ട് പന്തലിട്ട് അതിനടിയിൽ ഓലമറച്ചുകൊണ്ട് മുണ്ട് കെട്ടും അതിനുചുറ്റും ചതുരത്തിൽ വള്ളികെട്ടി അതിൽ കുരുത്തോല തൂക്കിയിടും. ആദ്യം പതിനാറു ചെറുകള്ളികളിൽ കളം കെട്ടും. തുടർന്ന് അതിനുചുറ്റും വലിയ കളങ്ങൾവരച്ച് കളത്തിന് മോടിക്കൂട്ടും. അതിൻെറ നടുവിലായി വരുന്ന ഒരു കള്ളിയിൽ തെക്കുഭാഗത്ത് വാൾ, വടക്ക് ചിലമ്പ്, പടിഞ്ഞാറ് കുന്തം കിഴക്ക് കൊടിക്കുറ എന്നിങ്ങനെ അടയാളപ്പെടുത്തും. ഇതേ കള്ളിയിൽ തെക്ക് കിഴക്ക് മൂലയിൽ ശംഖ്, വടക്ക് കിഴക്ക് മൂലയിൽ താമര, വടക്ക് പടിഞ്ഞാറ് മൂലയിൽ പൂവ്, തെക്ക് പടിഞ്ഞാറ് മൂലയിൽ ചക്രം എന്നിങ്ങനെ വരയ്ക്കും. ഇതിൽ ആദ്യം വരയ്ക്കുന്ന പതിനാറുകള്ളിക്കും ദിശകളിൽ വരയ്ക്കുന്ന അടയാളങ്ങൾക്കും മാത്രമെ സ്ഥിരമായ സ്വഭാവമുള്ളു. മറ്റുള്ളവ കലാകാരൻെറ സൃഷ്ടിക്കനുസരിച്ച് മാറികൊണ്ടിരിക്കും. മറ്റൊരിടത്ത് കളം വരയ്ക്കുമ്പോൾ ഇവിടെ കണ്ടതുപോലുള്ളതായിരിക്കില്ല. ഇത് വരയ്ക്കാനായി അരിപൊടി, മഞ്ഞൾപൊടി, വാകപൊടി, ഉമിക്കരി, പലനിറത്തിലുള്ള കുങ്കുമങ്ങൾ എന്നിവയാണ് ഉപയോഗിക്കുന്നത്. ഇതിനു പുറമെ ഇപ്പോൾ കടകളിൽനിന്നുംവാങ്ങുന്ന ഒരു തരം തിളങ്ങുന്ന പൊടികളും ഉപയോഗിച്ചുവരുന്നു. കളത്തിനുപുറത്ത് കിഴക്കുഭാഗത്ത് പറയിൽ നെല്ലുനിറച്ച് അതിൽ തെങ്ങിൻ പൂക്കുല കുത്തിവയ്ക്കുന്നു. അതിനു കീഴെ ഒരു നാളികേരം ഉടച്ച് പറയുടെ രണ്ടുവശത്തും വയ്ക്കുന്നു. അവിടെ കളത്തിലേക്ക് (മുരൽ) കൊമ്പായി ഒരു കിണ്ടിയും ഉണ്ടാകും.

തെക്കുഭാഗത്ത് പുറത്ത് കളത്തിനു മധ്യത്തിലായി നാക്കിലകളിൽ നെല്ല് അവില്, വെള്ളരിഎന്നിവ നിറയ്ക്കും. അതിൽ ഓരോ നാളികേരവും പൂവും ഉണ്ടാകും. അതിനു കുറച്ചുകൂടി കിഴക്കോട്ടു നീങ്ങി പതിനാറ് ചെറുകള്ളികളിൽ ചതുരത്തിൽ വാഴയിലയിൽ വെട്ടിയനറുക്ക് വെച്ച് വെളിച്ചപ്പാട് വീത് നടത്തും. അതിന് കുറച്ചുകൂടി കിഴക്കോട്ടു നീങ്ങി വെളിച്ചപ്പാടിൻെറ വാളും ചിലമ്പും അരമണിയും കച്ചയും നാക്കിലയിൽ വയ്ക്കും. ഈഭാഗം വെളിച്ചപ്പാടിൻെറ അവകാശമാണ്. പടിഞ്ഞാറുഭാഗത്ത് നടുക്കായി പീഠത്തിൻമേൽ ഗണപതിയെസങ്കൽപ്പിച്ച് നാക്കിലയിൽ വെള്ളരിയും അതിൽ നാളികേരവും അടക്ക, വെറ്റില, പൂവ്, നാണയം എന്നിവയും വെയ്ക്കും. പീഠത്തിനു താഴെ മറ്റൊരു നാക്കിലയിൽ മലരും നാളികേരവും വയ്ക്കും. ഇവിടെയും കളത്തിലേക്ക് കൊമ്പായി ഒരു കിണ്ടിയുണ്ടാകും. വടക്കുഭാഗത്ത് നടുവിലായി പാട്ടുകാർ അവരുടെ മുത്തപ്പൻമാരെ സങ്കൽപ്പിച്ച് ഒമ്പത്കള്ളി വരച്ച് അതിൽ നറുക്കുകൾവെച്ച് വീത് നടത്തും. ഇതിന് ഇടത്തുവശത്തായി നാക്കിലയിൽ അവില് നിറയ്ക്കും. ഇതിന് ഇരുവശങ്ങളിലായി വാട്ടിയെടുത്ത ഇലയിൽവെട്ടിയ ചക്രങ്ങൾ വെച്ച് അതിലും അവിലും മലരും നിറയ്ക്കും. ഈ ഭാഗം പാട്ടുകാർക്ക് അവകാശപ്പെട്ടതാണ് ഇവിടെ തെക്കോട്ട് തിരിഞ്ഞിരുന്നാണ് പാടുക. കളത്തിൻെറ നാലുഭാഗങ്ങളിലും അഞ്ചുതിരിയിൽ കത്തുന്ന ഓരോ നിലവിളക്കുകളുണ്ടാകും. കളത്തിൻെറ തെക്കും വടക്കും ഭാഗങ്ങളിൽ വരയ്ക്കുന്ന ചെറിയ കളങ്ങൾ അരിപൊടികൊണ്ടാണ് വരയ്ക്കുന്നത്. ഈ കളത്തിനെ ദേവികളം എന്നു പറയും. കളത്തിനു ചുറ്റും നിറയ്ക്കുന്ന നിറകൾ എല്ലാം പാട്ടുകാർക്ക് അർഹതപ്പെട്ടതാണ്. കളം കെട്ടി കഴിഞ്ഞാൽ പാട്ടുകാർ കുടുംബക്കാരെ വിളിച്ച് കളം അവരെ ഏൽപ്പിക്കും. ആചാരപ്രകാരംകളം അവരെ ഏൽപ്പിച്ചു കഴിഞ്ഞാൽ “ഞങ്ങൾ സ്വീകരിച്ചു” എന്ന് സൂചിപ്പിക്കാൻ വേണ്ടി പാട്ടുകാരന് ദക്ഷിണ കൊടുക്കും. പിന്നെ പാട്ടുകാർ ദേവിയെ വിളിച്ചു വരുത്താൻ പൂജനടത്തും പൂജ തീരുമ്പോൾ ദേവി ഭൂതഗണങ്ങൾക്കൊപ്പം കളത്തിലെത്തും തുടർന്ന്ദേവിയെ കളത്തിലിരുത്തുന്നതിനുവേണ്ടി വെളിച്ചപ്പാടിൻെറ വീതുകളത്തിൽ കോഴിയെഅറുത്ത് ചോര കൊടുക്കും.

ഏതു തറവാട്ടിലെ ആളാണോ പാട്ടു നടത്തുന്നത്, ആ കുടുംബക്കാർക്ക് ഏഴു ദിവസത്തെ വ്രതം വേണം. മത്സ്യം, മാംസം, സ്ത്രീ സംസർഗ്ഗം എന്നിവ വർജ്ജിക്കണം തീണ്ടാരികളായ സ്ത്രീകളെ തൊടാൻ പാടില്ല. ഇത്തരം സ്ത്രീകൾ കളത്തിൻെറ അരുകിലേക്ക് വരാൻ പാടില്ല. അതേ വീട്ടിലെ ആളുകളായിരിക്കും മിക്കവാറും തുള്ളക്കാർ. അവർ 31 ദിവസത്തെവ്രതം എടു

ക്കണം. തയ്യാറായ തുള്ളക്കാർ അവിടെ ഇല്ലാത്ത സന്ദർഭത്തിൽ പാട്ടുകാർ തന്നെ തുള്ളക്കാരെ കൊണ്ടുചെല്ലും. ഇനി പാട്ടു തുടങ്ങുകയായി. സന്ധ്യക്ക് ഏഴുമണിയോടുകൂടി ഗണപതി സരസ്വതി പാടി പാട്ട് ആരംഭിക്കും. തുടർന്ന് ദേവിയുടെ ജനനം മുതൽ പാടിതുടങ്ങുകയായി. ഇടക്കിടക്ക് പാട്ടു നിറുത്തി വിശ്രമിക്കും. പിന്നെ തുള്ളൽ പാട്ടുപാടിതുള്ളൽ ആരംഭിക്കുകയായി. ഇപ്പോൾ മൂന്നാൾ തുള്ളും. ദേവിക്കും, മുത്തപ്പനും, തറവാടിനും വേണ്ടിയാണത്. തറവാടിനും ദേവിക്കും തുള്ളുന്നവർക്ക്, ചുവന്ന കച്ചയും, അരമണിയും, ചിലമ്പും അക്ഷരമാലയിലെ "പ"യുടെ തലപോലുള്ള വാളും ഉണ്ടാകും. മുത്തപ്പന് നാലടിയിലുംനീളം വരുന്ന ഒരു ചൂരൽ മാത്രമെ ഉണ്ടാകൂ. പാട്ടു നടത്തുന്നിടത്ത് രണ്ട് മുല്ലത്തറയുണ്ടാകും ഒന്ന് ദേവിക്കും, മറ്റൊന്ന് മുത്തപ്പനുമായിരിക്കും. വെളിച്ചപ്പാടിൻെറ അവകാശപ്പെട്ട സ്ഥലത്തുനിന്ന് ദേവിക്കു തുള്ളുന്നയാളും മുത്തപ്പൻ നടക്കുനേരെ നിന്ന് മുത്തപ്പനു തുള്ളുന്നയാളും കളത്തിനു പടിഞ്ഞാറുഭാഗത്തുനിന്ന് കിഴക്കോട്ടു തിരിഞ്ഞുനിന്ന് തറവാടിനു തുള്ളുന്നയാളിനും കലികയറും. (തുള്ളുന്നത് ആദ്യമായി തുള്ളുന്നയാളാണെങ്കിൽ വാളിൻെറ തുമ്പിൻ വെച്ചുപിടി ക്കുന്നതിനുവേണ്ടി ഒരുതിരി കത്തിച്ച് ഇലയിൽ വെച്ച് കൊടുത്ത് ഇതിലേക്ക് നോക്കി നിൽക്കാൻ പറയും).

ഈ തുള്ളൽ ആരംഭിച്ചാൽ പാട്ടുകാർ പാട്ടുനിർത്തും. ഈ സമയത്ത് തുള്ളുന്നവർ കൽപ്പന പറയും. കുടുംബത്തിലെ പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും പറഞ്ഞശേഷം കലിയിറങ്ങും. ഇപ്പോൾ സമയം പത്ത് മണി കഴിഞ്ഞിരിക്കും. ഭക്ഷണം കഴിച്ച് വീണ്ടും പാടാനിരിക്കും ഇങ്ങിനെ പാട്ടു പാടി രണ്ടുമണിയോടടുത്ത് തുള്ളാനുള്ളവർ (മുൻപ് തുള്ളിയവർ) കുളിച്ച് വരും. മുൻപ് പറഞ്ഞതുപോലെ വെളിച്ചപ്പാടൻമാർ അണിഞ്ഞൊരുങ്ങിവന്ന് തുള്ളൽപാട്ടുകേട്ട് തുള്ളിതുടങ്ങും. പാട്ടുകാർ പാട്ടുനിർത്തും. എന്നിട്ട് ദേവിക്കു തുള്ളുന്നയാൾ കളത്തിനു പടിഞ്ഞാറുഭാഗത്തായി രണ്ടുപറകളിൽ ഒന്നിൽപൂവും മറ്റൊന്നിൽ മലരും നിറയ്ക്കും.

ഈ സമയത്ത് മുൻപ് ഉണ്ടാക്കിവെച്ചിട്ടുള്ള നാലടിയോളം നീളം വരുന്ന പച്ചപോളകളഞ്ഞ് അതിൻെറ നിറ (അറ്റം) മുതൽ കുരുത്തോലയിൽ നിന്ന് "അമ്പ്" ആകൃതിയിൽ വെട്ടിയെടുത്തകതിര് കുത്തി ചുറ്റികയറുന്ന കോണിപോലെയുള്ള പിണ്ടി കളത്തിൻെറ വടക്കുഭാഗത്ത് കുത്തിനിർത്തും. ഇതിൻെറ കടയ്ക്കലായി ഒമ്പതു കള്ളിയിൽ കളം വരച്ച് നറുക്ക് വെച്ച്അതിൽ തവിടും കള്ളും കൊണ്ട് വീത് നടത്തി പാട്ടുകാരിൽ നിയോഗിക്കപ്പെട്ടിട്ടുള്ള രണ്ടാൾ കോഴിയുടെ തലയും കാലും പിടിച്ച് കുനിഞ്ഞ് നിന്ന്, "ഭദ്രകാളിക്കുവേണ്ടി ഞങ്ങളീകോഴിയെ അറുക്കുന്നു" എന്ന് അർത്ഥം വരുന്ന മന്ത്രവാക്യങ്ങൾ ചൊല്ലി കോഴിയെ അറുത്ത് ചോര ഈ വീതുകളത്തിലൊഴിക്കുന്നു. പിന്നെ ദേവിക്ക് തുള്ളുന്ന വെളിച്ചപ്പാട് ഈ പിണ്ടിവാളുകൊണ്ട് വെട്ടുന്നു. തുടർന്ന് പുറംകളത്തിലേക്കുള്ള യാത്രയാണ്. മുറിഞ്ഞപിണ്ടി ഒരു മുറത്തിലാക്കി ഒരാൾ പിടിക്കും ഇവിടെക്ക് പോകുമ്പോൾ മുറിതവിട്, കള്ള്, ചാരായം, കോഴി, അവില്, മലര്, ഓലചൂട്ട്, പന്തം, കുരുതി (ചുണ്ണാമ്പും മഞ്ഞൾപൊടിയും കലക്കിയെടുത്ത വെള്ളം) എന്നിവയുമുണ്ടാകും.

മൂന്നും കൂടിയ കവലയിൽ ചെന്ന് മുറിഞ്ഞ പിണ്ടി നാട്ടി ചൂട്ടും പന്തവും കത്തിച്ച് പന്തം പിണ്ടിയിൽ ചാരിവയ്ക്കും. പിന്നെ രണ്ടു ചീന്തിലയെടുത്ത് കത്രപൂട്ടാക്കി (X) വെച്ച്അതിൽ വീത് നടത്തും പിന്നെ തവിടെടുത്ത് പന്തത്തിലേക്ക് എറിയും അപ്പോൾ പെട്ടൊന്നൊരു നിമിഷം അന്തരീക്ഷത്തിൽ തീ കത്തിപടർന്നവസാനിക്കും. ഇതിനുശേഷംമുൻപ് പറഞ്ഞതുപോലെ കോഴിയെ അറുത്ത് ചോരകളത്തിൽ വീഴ്ത്തും. വെളിച്ചപ്പാട് അരിയും പൂവും അന്തരീക്ഷത്തിലേക്കെറിഞ്ഞ് അറുത്ത കോഴിയെ കടിച്ചുപിടിച്ച് ചോരകുടിക്കും. പിന്നെ വാളുകൊണ്ട് പിണ്ടിയുടെ അരുകിൽ വച്ചിട്ടുള്ള കുരുതി മറിയ്ക്കും ചടങ്ങ് കാണാൻ വന്നവരെയെല്ലാം മുൻപെ നടത്തി വെളിച്ചപ്പാട് പിറകേ വരും. (ദേവിയോടുകൂടി വന്നിട്ടുള്ള ഭൂതഗണങ്ങളെ കുടുംബത്തിന് ദോഷമില്ലാത്ത വിധത്തിൽ പുറത്തുകൊണ്ടു പോയി അവസാനിപ്പിക്കുന്നതിനെയാണ് പുറംകളം എന്നു പറയുന്നത്. വെളിച്ചപാട് ഇവിടെ ചെയ്തതിൽ എന്തെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ അദ്ദേഹം പുറം കളം കഴിഞ്ഞ് ദേവകളത്തിലേക്ക് എത്തുന്നതിനു മുമ്പ് എന്തെങ്കിലും സംഭവിക്കും. ഒരുപക്ഷേ മരണം തന്നെ സംഭവിച്ചേക്കാം എന്നാണ് പറയുന്നത്). ദേവികളത്തിൽ കയറുന്നതിനുമുൻപ് എല്ലാവരും കാലിൽ വെള്ളമൊഴിക്കും. വെളിച്ചപാട് തലയിലും കൂടി വെള്ളമൊഴിക്കും കളത്തിൽ കടന്ന് കടിച്ചുപിടിച്ചിരിക്കുന്ന കോഴിയെ പുറകോട്ടെറിഞ്ഞ് അവില് പറകുട്ടയിലേക്ക് ചെരിഞ്ഞ് അതെടുത്ത് എല്ലാവർക്കും കൊടുത്തശേഷം പൂപറ കളത്തിൽ ചെരിഞ്ഞ് അതിൽനിന്ന്, തുള്ളി കളം മായ്ക്കും. വാളുംചിലമ്പും താഴെവെച്ച് കച്ചയഴിച്ച് കലിയിറങ്ങും. ഇങ്ങിനെ കുഴിത്താളം ഇവിടെ അവസാനിക്കുന്നു. □

# ഓലക്കുട നിർമ്മാണം

**വിനോദ് കെ.ആർ.**

പറയസമുദായക്കാരുടെ ഒരു കൈവേലയാണ് ഓലക്കുട നിർമ്മാണം. ഇത് പഴയകാലങ്ങളിലേതു പോലെ പ്രചാരത്തിലില്ല. എങ്കിലും ഭഗവതി ക്ഷേത്രങ്ങളിലേക്ക് വേല കൊണ്ടു പോകുന്നതിനായി വേട്ടുവ സമുദായക്കാർ വർഷാവർഷങ്ങളായി വാങ്ങിക്കൊണ്ടു പോകുന്നു. ആധുനികരീതിയിലുള്ള കുടകൾ വന്നതോടെ ഇവ പാടെ പുറംതള്ളപെട്ടു. നിർമ്മിക്കുമ്പോൾതന്നെ നിവർന്നവയാണ്



കാളക്കളി - രാമകൃഷ്ണനും സംഘവും

ഈ കുടകൾ. ഇത് ചുരുക്കുവാൻ കഴിയില്ല. ആയതിനാൽ കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ടുകാരണം ഇത് നാമാവശേഷമായി. ഇവക്ക് ഇനിയൊരുദയം സ്വപ്നം കാണാൻ പോലും കഴിയുന്നില്ല. വേലകൊണ്ടു പോകാൻ വേണ്ടി കുട കൊടുക്കുകയാണെങ്കിൽ ദൈവ പ്രീതി ലഭിക്കും. സാധാരണഗതിയിൽ പഴയ കാലങ്ങളിൽ ഇന്നത്തെ കുടകൾക്ക് പകരം ഉപയോഗിച്ചിരുന്ന മുള, പനയോല, വഴ (തെങ്ങിൻപട്ടയിൽനിന്നും അടർത്തിയെടുത്ത വള്ളി) എന്നിവയാണ് ഇത് നിർമ്മിക്കുന്നതിനുവേണ്ട സാധനങ്ങൾ.

കനം വളരെ കുറഞ്ഞ നീളം കൂടിയ മൂത്ത മുളയെടുത്ത് തലകീഴായി നിറുത്തി അതിൻെറ കടയിൽനിന്നും 5 സെ.മി. താഴെ ഓട്ടകൾ കുത്തുന്നു. ചുറ്റും കുത്തിയ ഈ പതിനാറ് ദ്വാരങ്ങളിലും "കുറ്റികൽപ്പ" കുത്തി നിറുത്തുന്നു. (മുളപൊളിച്ച് കനം കുറച്ച് ഉഴിഞ്ഞെടുത്ത കൈമുട്ടുമുതൽ വിരൽ തുമ്പുവരെ നീളമുള്ള വടികളാണ് കുറ്റികൽപ്പ) ഇപ്പോൾ ചുറ്റുഭാഗങ്ങളിലേക്ക് വിടർന്നു നിൽക്കുന്ന കുറ്റികൽപ്പ ഒന്ന് ഒതുക്കി ഉയർത്തി കുറച്ചുഭാഗം മുളയുടെ അളികൊണ്ട് നെയ്തുകേറ്റും. (മുളയെ കനംകുറച്ച് ചീന്തിയെടുക്കുന്ന വള്ളിയാണ് അളി). കുടയുടെ അറ്റം വരെ നെയ്തു കേറ്റേണ്ടതില്ല ഒരു "അലിക്" എടുത്ത് വട്ടത്തിലാക്കി കുറ്റികൽപ്പയുടെ അറ്റത്ത് വെച്ചു കെട്ടും. ഇതിനെ "ചുറ്റലക്" എന്നു പറയും പിന്നെ ഒരലകു കൂടിയെടുത്ത് കുറ്റികൽപ്പയുടെ നടുവിൽ വെച്ചുകെട്ടി കോട്ടംതീർക്കും. (മുളയുടെ കനം കുറച്ച് ഉഴിഞ്ഞെടുത്ത നീളം കൂടിയ വടിയാണ് അലക്. ഇവ നിഷ്പ്രയാസം വളയുന്ന വിധത്തിൽ തരപ്പെടുത്തിയിട്ടുണ്ടാകും). ഇപ്പോൾ ചട്ടകൂടുണ്ടാക്കൽ കഴിഞ്ഞു. ഇനി ഓല മേയലാണ്. പനനൊങ്ക് പനയുടെ ഓലവെട്ടിയെടുത്ത് തണ്ടും കേടുകളും കളഞ്ഞ് വെയിലത്തുണക്കും. ഉപയോഗിക്കുന്നതിനുമുമ്പ് ഓല കീറാതെ ഈർക്കിലി അടർത്തിയെടുക്കും. ഇതിന് അഞ്ചുമിനിറ്റുമുൻപ് ഇതിൽ വെള്ളം തെളിച്ച് പശിമ വരുത്തും. ചുറ്റലക് പിടിപ്പിച്ച കാല് ഉയരത്തിൽനിന്നും നിലം മുട്ടിച്ച് തലകീഴായി കെട്ടിയിടും. പിന്നെ ഓല അടിയിലൂടെതിരുകി കയറ്റും. തിരുകി കയറ്റിയ ഓല അകത്തേക്കു മടക്കി, മുൻപൂരിയെടുത്ത ഈർക്കിലിയെ ചെറിയ കഷണങ്ങളാക്കി മുനപ്പിച്ചെടുത്ത് കുത്തി അഴിഞ്ഞു പോകാതെ നിർത്തും. ഈർക്കിലി കുത്തുന്നത് യാതൊരുവിധേനയും പുറം ഭാഗത്തുള്ള ഓലയിൽ എത്തില്ല ഇവ ചെരിച്ച് കുറ്റികൽപ്പയുടെ അടിയിലേക്ക് തിരുകി വയ്ക്കും. എല്ലാ ഭാഗത്തുംവട്ടം എത്തിയാൽ "പുറംങ്ങാട് ചില്ലൽ" പൊളിച്ചെടുത്ത് അകത്തും പുറത്തും ചിറ്റു വെക്കും. (മുളയുടെ പുറംതൊലി ഉൾപ്പെടുന്ന ഭാഗം വളരെ കനം കുറച്ച് എടുത്ത് ഓലമൂടിയ വട്ടത്തിൻെറ ചുറ്റും അകത്തും പുറത്തും വയ്ക്കും ഇതാണ് പുറംങ്ങാട് ചില്ലൽ) പട്ടവഴയെടുത്ത് അകത്തും പുറത്തും വച്ചിട്ടുള്ള ഈ ചിറ്റുകളെ ഓലയിലൂടെകോർത്ത് തുന്നികെട്ടും (വലിച്ചുമുറുക്കും). പിന്നെ കുത്തിവയ്ച്ച ഈർക്കിലികൾ എടുത്ത് കളഞ്ഞ്, ചുറ്റുകൾക്ക് പുറമെയുള്ള മാല മുറിച്ചു കളയും. ഇപ്പോൾ ഓല കുട തയ്യാറായി. വേലക്കുവേണ്ടിയുള്ള കുടയാണെങ്കിൽ ഇതിൽ മഞ്ഞൾ, ചുണ്ണാമ്പ്, കരി, എന്നിവകൊണ്ട് നിറം കൊടുക്കും. വേലക്കുവേണ്ടി കുട നിർമ്മിക്കുമ്പോൾ ഏഴു ദിവസത്തെ പൂർണ്ണ വ്രതം വേണം. ഈ സമയത്ത് മത്സ്യം, മാംസം, മദ്യം എന്നിവ കഴിക്കാൻ പാടില്ല വളവു തീർക്കാൻ വേണ്ടി കല്ലുകേറ്റി വച്ചിട്ടുള്ള മുളകാലിൽ പോലും പുറത്തായ പെണ്ണുങ്ങൾ തൊടാൻ പാടില്ല കുട വേട്ടുവൻമാരുടെ കയ്യിൽ കൊടുക്കുമ്പോൾ അവർ അവരുടെ മുത്തപ്പൻമാർക്ക് വീതു കൊടുക്കുന്നു. ഇതിൽ പങ്കെടുത്ത് മാറ്റി വെച്ചിട്ടുള്ള ഊണരിയും വാങ്ങി സ്വന്തം വീട്ടിൽചെന്ന് കള്ളും തവിടും മലരും കൂട്ടി സ്വന്തം മുത്തപ്പൻമാർക്ക് വീത് കൊടുക്കും. വേലക്കു കൊണ്ടുപോകാ

നാണ് കുട കൊടുക്കുന്നതെങ്കിൽ ഇതിന് പ്രതിഫലം ചോദിച്ചുവാങ്ങുകയില്ല. അവർ ദക്ഷിണയായി തരുന്ന എന്തും വാങ്ങും. എങ്കിലും അവർ മിക്കവാറും "ഊണരിയാണ്" നൽകാറുള്ളത്. ഇതിൽ ഇടങ്ങഴി അരിയും, പച്ചകറികളും, പപ്പടം, നാളികേരം എന്നിവയും ഉണ്ടാകും. ഇതിനു പുറമെ 51/- രൂപയും നൽകും. ഇവർക്ക് കുട കൊടുക്കുന്നത് ഒരു പ്രത്യേക കുടുംബത്തിൻെറ മാത്രം അധികാര മാണ്. അതുകൊണ്ട് ഇതേ കുടുംബക്കാർ തന്നെ എല്ലാവർഷവും കുട കൊടുക്കണം. കാർന്നവൻമാർ തുടങ്ങിവെച്ച പ്രക്രിയയാണിത്. □

# പോത്തോട്ടം

വിനോദ് കെ.ആർ.

ഇതൊരു അനുഷ്ഠാന കലയാണ്. പുലയ സമുദായത്തിൽപെട്ടവരാണ് ഈ കല അനുഷ്ഠിക്കുന്നത്. കരുവന്നൂർ വെട്ടുംകുന്നത്ത് കാവ് ഭഗവതിക്ഷേത്രത്തിൽ ഈ കലാരൂപം ഇപ്പോഴും അവതരിപ്പിക്കുന്നു. കന്നിമാസത്തിലെ തിരുവോണനാളിലാണിത് അവതരിപ്പിക്കുന്നത്. ഇതിനെ പോത്തോട്ട ഓണം എന്നും പറയാറുണ്ട്. ദേവി പ്രീതിക്ക് വേണ്ടിയാണ് ഈ അനുഷ്ഠാനം നടത്തുന്നത്. ഇതൊരു വിളവെടുപ്പ് ഉത്സവമാണ്. കർഷകകുടുംബങ്ങൾ അവരുടെ കൃഷിക്ക് പ്രകൃതിക്ഷോഭത്താലും കേടുകളാലും നഷ്ടം സംഭവിക്കാതിരിക്കാൻ വേണ്ടി ദേവിയുടെ സംരക്ഷണം ഉണ്ടാകുന്നതിനുവേണ്ടി ദേവിക്ക് നൽകുന്ന വഴിപാടാണ്. പോത്തോട്ടം. പോത്തോട്ടത്തിൻെറ നായകന്മാർ പുലയൻമാരാണെങ്കിലും പോത്തോട്ടത്തിന് എല്ലാ ജാതിക്കാർക്കും പോത്തിനെ കൊണ്ടുവരാം. പോത്താർക്കുന്നതിന് ചെണ്ട യാണ് ഉപയോഗിക്കുന്നത്. വെട്ടുംകുന്നത്തുകാവ് ക്ഷേത്രാങ്കണത്തിൻെറ വടക്കുഭാഗത്തായി നിൽക്കുന്ന ഏഴോ എട്ടോ അടിയോളം നീളം വരുന്ന നാലുഭാഗവും ചെത്തിമിനുക്കിയെടുത്ത ഒരു കല്ലാണ് "പോത്തട്ടാം കല്ല്". കല്ലിൽ കയറേണ്ട വള്ളുവൻ (പുലയൻ) ഏഴു ദിവസത്തെ വ്രതമെടുക്കും. ഈ സമയത്ത് അരിഭക്ഷണം കഴിക്കാൻ പാടില്ല. ഗോതമ്പോ ചാമയോ മാത്രമെ കഴിക്കാൻ പാടുള്ളു. തിരുവോണനാളിൽ കാലത്ത് നേരത്തെ തന്നെ വള്ളുവൻ കുളിച്ച് കുടുംബക്കാരും വീതിനുവേണ്ട സാധനങ്ങളും കൊണ്ട് അവരുടെ മടവതിമാരിരിക്കുന്നിടത്ത് പോയി അവർക്ക് വീത് കൊടുക്കും. ഈ കർമ്മത്തിന് വെള്ളോൻെറ കുടുംബത്തിലെ എല്ലാവരും ചെണ്ടക്കാരും എല്ലാം ഉണ്ടാകും. ഈ വീതിന് തവിട്, കള്ള്, അവില്, മലർ എന്നിവയെല്ലാം ഉപയോഗിക്കും. നറുക്ക് ചതുരത്തിലും ചക്രം ആകൃതി യിലും വെട്ടി അതിലാണ് വീത് നടത്തുന്നത്. ഈ വീതു കഴിഞ്ഞാൽ അവിടെ തന്നെ ഒരു കുടുക്ക യിൽ കുഴിച്ചിട്ടുള്ള ചെറിയ കല്ലുകൾ കുഴിച്ചെടുത്ത് കഴുകി, അവിടെ കള്ളും തവിടും അവിലും മലരും ഇതിനു പുറമെ പച്ചമീൻ ഉപ്പും മുളകുമില്ലാതെ ചുട്ട് കൊണ്ടുവന്നിട്ടുള്ളതും ഉപയോഗിച്ച് അവരുടെ "ചത്ത് കെട്ട്" പോയിട്ടുള്ളവരെ മനസ്സിൽ സങ്കൽപ്പിച്ച് വീത് നടത്തി ഈ കല്ലുകൾഅവിടെ തന്നെ കുഴിച്ചിടും. അവിടെ നിന്ന് കുറച്ചു നേരം കൊട്ടിപാടി അവിടെനിന്നുംപുറത്ത് വരും.

പിന്നെ വെള്ളോൻ കുളിച്ച് വരും. അവിടെയുള്ള വെട്ടുകാട്ടിൽ നായർ കുടുംബത്തിൽചെന്ന് അവില് പറ നിറയ്ക്കും. അവിടെനിന്ന് കൊട്ടി ആർത്ത് ലഭിക്കാനുള്ള അവകാശം വാങ്ങും. അതിൽ ഉടുക്കാനുള്ള മുണ്ടും തലകെട്ടാനും, ഏത്താപ്പ് കെട്ടാനുമുള്ള തോർത്തും ഒരു പറനെല്ലും ഉണ്ടാകും. പിന്നെ അവിടെയുള്ള മറ്റു വെട്ടുക്കാട്ടിൽ ഭവനങ്ങളിൽ ചെന്ന്കൊട്ടി ആർത്ത് വിത്തും, മുണ്ടും, പണവും വാങ്ങി അമ്പലത്തിൽ പോരും. വെട്ടുകാട്ടിൽനിന്ന് മുണ്ട് ലഭിച്ചാൽ അവിടെനിന്നുതന്നെ അത് പാളത്താറുടുത്ത് അണിഞ്ഞിറങ്ങും. അമ്പലത്തിൽവന്ന് തൊഴുത് കുറിതൊട്ട് അവിടെനിന്നും ലഭിക്കുന്നപൂമാല ചൂടി കൊട്ടയും ചൂടി പോത്തട്ടാംകല്ലിൻെറ അരുകിൽ വരും. പിന്നെ കല്ലിനെമൂന്ന് പ്രദക്ഷിണം വച്ച് അവകാശപ്പെട്ട ഒരാളുടെ തോളിൽ ചവുട്ടി കല്ലിൽ കയറും. ഇതിനുമുമ്പ് ഇളനീർ ഉടച്ച് കല്ലിൽ തെളിച്ച് കല്ലിനെ ശുദ്ധമാക്കും. കല്ലിൽ കിഴക്കോട്ട് തിരിഞ്ഞുനിന്ന് ഏഴു ചുരുട്ട് നാലുഭാഗത്തേക്കും കതിരായി വെച്ച് അതിൽ ഇരിക്കും.എന്നിട്ട് ഓലകുടയും ചൊവ്വ വടിയും (വെള്ളി കെട്ടിയ ചൂരൽവടി) വാങ്ങി കിഴക്കോട്ട് തിരിഞ്ഞിരിക്കും. ഈ ദിവസം വെള്ളോൻ പാലും പഴവും മാത്രമേ കഴിക്കാൻ പാടുള്ളു.പിന്നെ കല്ലിൽനിന്നും ഇറക്കുന്നതുവരെ മറ്റുള്ളവർ അടിയിൽനിന്ന് കൊട്ടിപാടി വടിതല്ലിയും മുടിയാടിയും കളിക്കും. പോത്തോട്ടത്തിന് കൊണ്ടുവരുന്ന പോത്തുകൾക്കും അതിൻെറ ഉടമസ്ഥ കുടുംബത്തിനും ഏഴുദിവസത്തെ വ്രതം വേണം. പോത്തിനെ ദിവസവും കുളിപ്പിക്കണം. കുളിപ്പിക്കാനല്ലാതെ പോത്തിനെ തൊഴുത്തിന് പുറത്ത് ഇറക്കാൻ പാടില്ല. വയ്ക്കോൽ മാത്രമെ കൊടുക്കാൻ പാടുള്ളു. പച്ചപുല്ല് തിന്നാൻ അനുവദിച്ചുകൂടാ. ഈ പോത്തുകൾക്ക് നിത്യവും കറുപ്പും കഞ്ചാവും കൊടുക്കും (ഇപ്പോഴില്ല). കൂടാതെ എന്നും സന്ധ്യക്ക് തൊഴുത്തിൻെറ പടിക്കൽ വിളക്കും നിറയും വെച്ച് "പോത്താർക്കും". "പോത്തായിരിക്കിരോയ ആവോയ, ഇന്ന വീട്ടിലെ ഇന്ന വ്യക്തിയുടെ പോത്താണെ" എന്നൊക്കെ പാടി കുറച്ച് നേരം കൊട്ടി കളിക്കും. ഇവർക്ക് നിത്യവും ചിലവ് കൊടുക്കണം.

തിരുവോണ നാളിൽ കാലത്ത് അമ്പലത്തിൽ പോയി പൂമാലയും പ്രസാദവും വാങ്ങികൊണ്ടു വന്ന് പോത്തിനെ അണിയിക്കും എന്നിട്ട് രണ്ടു കയർ തുല്യനീളത്തിൽ പോത്തിൻെറ കഴുത്തിൽ കെട്ടും. പോത്തിനെ കൊണ്ടുപോകാൻ വന്നിട്ടുള്ള എല്ലാവർക്കും ഭക്ഷണം കൊടുത്ത് പോത്തിൻെറ കഴുത്തിൽ മണികെട്ടി തൊഴുത്തിൽ നിന്നിറക്കും. കഴുത്തിൽ കെട്ടിയ കയറിൻെറ ഒന്ന് മുൻപിലേക്കും മറ്റൊന്ന് പിറകിലേക്കും നീട്ടിപിടിക്കും. ഈ കയറിൽ നിറയെ ആളുകൾ പിടിച്ച് പോത്തിനെയും

കൊണ്ട് കൊട്ടും പാട്ടുമായി അമ്പലത്തിലേക്കു പോകും. പോത്തിനെ കൊണ്ടുപോകുന്നതിനോടൊപ്പം ഒരു ചുരുട്ടും ഒരു നാളികേരവും കൊണ്ട് കല്ലിൽ കൊടുക്കണം. പോത്തിനെ ക്ഷേത്രനടയിൽ കൊണ്ടുചെന്ന് ആർപ്പുവിളിച്ച് ഒരു വഴിപാട് ചെയ്ത് വെള്ളോൻ കല്ലിൽ കയറുന്നതുവരെ ഒതുക്കി നിർത്തും. വെള്ളോൻ കല്ലിൽ കയറിയാൽ പോത്തിനെ ഓടിച്ചുകൊണ്ട് കല്ല് മൂന്ന് പ്രദിക്ഷണം വെയ്ക്കും. പിന്നെ കുറച്ചുനേരം പോത്തിനെ എവിടെയെങ്കിലും ഒതുക്കിനിറുത്തി പോകാൻ നേരത്ത് മൂന്ന് പ്രദിക്ഷണം കൂടി വയ്ക്കും. കല്ലിനെ പ്രദിക്ഷണം ചെയ്യുമ്പോൾ പോത്ത് കല്ലിൽ തൊടാതെ നോക്കണം. പോത്തെല്ലാം പോയി കഴിഞ്ഞാൽ കല്ലിൽനിന്നും ചുരുട്ടെടുത്ത് താഴെയിറക്കി വെള്ളോൻ കല്ലിൽനിന്നും ഇറങ്ങും. മുൻപ് കല്ലിൽ കയറ്റിയ ആൾതന്നെ വേണം കല്ലിൽ നിന്നിറക്കാനും. താഴെ വന്ന് കല്ല് പ്രദക്ഷിണം വെച്ച് ചുരുട്ടിൽനിന്നും രണ്ടുചുരുട്ടെടുത്ത് കല്ലിൻെറ കടക്കൽ വെച്ച് കൊട്ടി പാടി തല്ലി മണിയെടുക്കും പിന്നെ ഒരു മണി ഒരു കൊമ്പൊറത്തിൽ എടുത്ത് വെള്ളോൻെറ തലയിൽ വെച്ച് അമ്പലനടയിൽ ചെന്ന് ഇത് അവിടെ കൊടുക്കും. ശേഷം അവിടെനിന്ന് അവകാശം വേടിച്ച് (1501/- രൂപ) കള്ളുഷാപ്പിൽ ചെന്ന് മുത്തപ്പൻമാർക്ക് ഒരു വീത് വെച്ചതിനുശേഷം മാത്രമേ വെള്ളോൻ എന്തെങ്കിലും ഭക്ഷണം കഴിക്കാൻ പാടുള്ളു. വിത്ത് ക്ഷേത്രത്തിൽ ഏൽപ്പിച്ചാൽ മേത്തപ്പും തലകെട്ടും അഴിക്കും. ഇതോടെ ''പോത്തോട്ടോണം'' അവസാനിക്കും.

കല്ലിൽ കയറാനുള്ള അവകാശം വെള്ളോനിൽനിന്നും മരുമക്കത്തായ വ്യവസ്ഥയിലാണ് കൈമാറപ്പെടുന്നത് (പെങ്ങളുടെ മക്കൾക്ക്). ഈ പോത്തട്ടാം കല്ല് ഒറ്റ കല്ലായിരുന്നു. പണ്ടെന്നോ ഒരു പോത്ത് വെട്ടിവീഴ്ത്തിയാണ് ഇത്മൂന്ന് കഷണങ്ങളായി മാറിയത്. ഈ കല്ല് നിവർത്തിവെച്ച് പണിയാൻ വേണ്ടി നാട്ടുകാരും ദേവസ്വംകാരും ആനയും കിണഞ്ഞുപരിശ്രമിച്ചിട്ടും നടന്നില്ല നടക്കാതെ വന്നപ്പോൾ അഷ്ടമംഗല്യം പ്രശ്നം വെച്ച് നോക്കിയപ്പോൾ പറഞ്ഞത്, പാടത്ത് ഇരുപത്തൊന്നേറ് പൂട്ടുന്നതിൽ ആദ്യം പൂട്ടുന്ന 'കോരനെ' വിളിച്ചുകൊണ്ടു വരാനാണ്. അങ്ങനെ കോരനെ കൊണ്ടുവന്ന് കോരൻെറ കൈ തൊടുവിച്ച് കല്ലുയർത്തിയപ്പോൾ കല്ല് 'പുഷ്പ' പോലെ ഉയർന്നു. അങ്ങിനെ മൂന്ന് കഷണങ്ങളും ഒന്നാക്കി പണിതു. ഈ സംഭവം ആരുടെ കാലത്താണ് ഉണ്ടായതെന്ന് പറയുന്ന ആൾക്കുപോലും അറിയില്ല ആദ്യകാലത്ത് പോത്ത് കല്ലിൽ തൊട്ടാൽ ആ പോത്തിനെ ക്ഷേത്രത്തിലേക്ക് കൊടുക്കണമായിരുന്നു. ഇപ്പോൾ എന്തെങ്കിലും പ്രായശ്ചിത്തം ചെയ്താൽ മതി. കല്ലിൻെറ കടയിൽനിന്ന് ആദ്യം വിത്ത് കൊമ്പൊറത്തിലാണ് നടയിലേക്ക് കൊണ്ടു പോകാറുള്ളത്. ഇപ്പോൾ ചൂടിയിരുന്ന ഓലകുട തലകീഴായി അതിൽ വിത്ത് നിറച്ച് അതിനെ തലയിൽ വെച്ചാണ് കൊണ്ടുപോകുന്നത്. □

# പഴഞ്ചൊല്ലുകൾ

സീന എൻ.വി.

ദേശസംസ്ക്കാരത്തിൻെറ നീതിബോധത്തിൻെറ അടയാളങ്ങളാണ് പഴഞ്ചൊല്ലുകൾ. സൂക്ഷ്മമായ പ്രകൃതിജ്ഞാനത്തിൻേറയു പരിസരബോധത്തിൻേറയും വിരലടയാളങ്ങൾ അതിൽ കാണുന്നു. ഈ വാങ്മയപ്രമാണങ്ങൾ ഗ്രാമീണരുടെ നീതിരേഖകളാണ്. വെറും ആനന്ദത്തിനുവേണ്ടിയുള്ള വ്യവഹാരമായിരുന്നില്ല പഴഞ്ചൊല്ലുകൾ. ഇവ ജീവിതസന്ദർഭങ്ങളിൽ (context) ഉപയോഗിച്ചുവന്നതായിരുന്നു. ഭാഷണതലത്തിൽ സത്യത്തിൻേറയും കർമ്മത്തിൻേറയും യോഗമുള്ള പഴഞ്ചൊല്ലിലും ദേശ്യഭേദങ്ങൾ, പാഠഭേദങ്ങൾ കാണുന്നുണ്ട്

1. പണ്ടത്തെ ശങ്കരൻ തെങ്ങുമ്മേൽതന്നെ. 2. നായ നടുകടലിൽ ചെന്നാലും നക്കിയേ കുടിക്കൂ. 3. നായയുടെ വാല് പതിറ്റാണ്ടുകാലം കുഴലിലിട്ടാലും വളഞ്ഞു തന്നയേ ഇരിക്കൂ. 4. അപ്പനു വച്ച ചട്ടി മക്കൾക്ക് 5. അമ്മ വേലി ചാടിയാൽ മോള് മതില് ചാടും. 6. അണ്ടിയോടടുത്താലേ മാങ്ങയുടെ പുളി അറിയൂ. 7. അകത്തു കത്തി പുറത്തു പത്തി. 8. ആരാൻറമ്മയ്ക്ക് പ്രാന്ത് വന്നാൽ കാണാൻ നല്ല ചേല്. 9. വായിതോന്നീത് കോതയ്ക്കുപാട്ട്. 10. കാട്ടുപോത്തിനെന്ത് ചങ്കരാന്തി. 11. മോങ്ങാനിരിക്കണ നായയുടെ തലയിൽ തേങ്ങ വീണ പോലെ. 12. ഇരുന്നുനിരങ്ങണ അമ്മായിയമ്മയ്ക്ക് കിടന്ന് നിരങ്ങുന്ന മര്യോള്. 13. കൊക്കിന് വെച്ചത് ചക്കിന് കൊണ്ടു. 14. ശീലിച്ചതേ പാലിക്കൂ: ചൊട്ടയിലെ ശീലം ചുടല വരെ 15. മുത്തി ചത്താൽ മതി കട്ടിലൊഴിയാൻ. 16. കണ്ടാലറിയാത്തവൻ കൊണ്ടാലറിയും. 17. മനംപോലെ മംഗല്യം 18. മിണ്ടാപ്പൂച്ച കലമുടയ്ക്കും. 19. മുറ്റത്തെ മുല്ലയ്ക്ക് മണമില്ല 20. അച്ഛൻ ഇച്ഛിച്ചതും പാല് വൈദ്യൻ കല്പിച്ചതും പാല്. 21. പെണ്ണ് മതിച്ചാലൊരു കുട്ടി. ആണ് മതിച്ചാലൊരു വെട്ട്. 22. നമുക്ക് വെച്ചത് നാമനുഭവിക്കണം. 23. ചെറുപ്പത്തിൽ കട്ടാൽ ചെറുവിരൽ കൊത്തണം. 24. അങ്ങോട്ടുള്ള വഴി തന്നെ ഇങ്ങോട്ടും. 25. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമൊ. 26. മേയ്ക്കണോൻ ചത്താൽ തൊഴുത്തിലടച്ചിടാൻ പറ്റ. 27. ചെമ്പ് ഉടഞ്ഞാലും ചെരിച്ച് വെയ്ക്കാം. 28. കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിലേക്ക്. 29. അങ്ങാടിയിൽ തോറ്റാൽ അമ്മയോട്. 30. കാലം നീളെ ചെല്ലുമ്പോൾ നേര് വെളിച്ചത്താകും. 31. പല നാള് കട്ടാൽ ഒരു നാള് കണ്ടെത്തും. 32. കാക്ക കുളിച്ചാൽ കൊക്കാകുമോ. 33. ആനയ്ക്ക് മണി കെട്ടണ്ട. 34. അരിയെറിഞ്ഞാൽ ആയിരം കാക്ക. 35. മുറിവൈദ്യൻ ആളെ കൊല്ലും. 36. കൂനൻ മതിച്ചാൽ ഗോപുരം കുത്തുമോ. 37. പലതുള്ളി പെരുവെള്ളം. 38. ആ പരിപ്പ് ഇവിടെ വേവില്ല 39. അതിന് വെച്ച വെള്ളം ഇറക്കി വെച്ചോളെ. 40. വാശിക്ക് നാശം. 41. തൊറക്കുമ്പോൾ കരയുന്ന വാതിലും മിണ്ടുമ്പോൾ കരയുന്ന പെണ്ണും വീടിന് നന്നല്ല 42. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. 43. താൻ കുഴിച്ച



മഞ്ഞകാളി - തൊയ്ക്കാവ് രവീന്ദ്രവും സംഘവും

കുഴിയിൽ താൻ തന്നെ ചാടും. 44. പൊന്നും സൂചികൊണ്ട് കുത്ത്യാലും കണ്ണ് പോകും. 45. പൊന്ന് കാക്കണമരമായാലും പുരയോട് അടുത്താൽ മുറിച്ചു കളയണം. 46. അമിതമായാൽ അമൃതും വിഷം. 47. മുറത്തിൽ കേറി കൊത്തരുത്. 48. കുരയ്ക്കും പട്ടി കടിക്കില്ല 49. പയ്യെ തിന്നാൽ പനയും തിന്നാം. 50. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുക. 51. അകലെ കിടക്കുന്ന ബന്ധുവിനേലും നല്ലത് അടുത്തു കിടക്കുന്ന ശത്രു. 52. ആരും തുണയില്ലാത്തവർക്ക് ദൈവം തുണ. 53. അടി തെറ്റിയാൽ ആനയും വീഴും. 54. പിടക്കോഴി കൂവിയാൽ നേരം വെളുക്കില്ല 55. വെളുത്തതൊക്കെ പാലല്ല 56. മിന്നുന്നതെല്ലാം പൊന്നല്ല 57. ഏറെ ചിത്രം ഓട്ടപാത്രം. 58. ഇന്നെയ്ക്കുള്ളത് കുന്നോളം. എന്നേയ്ക്കുള്ളത് കുന്നിയോളം. 59. കലം അടുപ്പത്ത് വെച്ചാൽ ചോറാകുമോ. 60. പഴകെ പഴകെ പാലും പുളിക്കും. 61. ഗതി കെട്ടാൽ പുലി പുല്ലും തിന്നും. 62. അ്ള മുട്ടിയാൽ ചേരയും കടിക്കും. 63. കണ്ണുള്ളപ്പോൾ കാഴ്ചയറിയില്ല 64. കണ്ണു പോയാലേ കണ്ണിൻെറ വിലയറിയൂ. 65. ചക്കിക്കൊത്ത ചങ്കരൻ. 66. സ്നേഹിച്ചാൽ നായര് നക്കി കൊല്ലും ദേഷിച്ചാൽ മുക്കി കൊല്ലും. 67. അങ്കവും കാണാം താളിയും ഒടിക്കാം. 68. അമ്മായി ഉടച്ചത് മൺകുടം : മരുമകളുടച്ചത് പൊൻകുടം. 69. ഒന്നുകിൽ ആശാൻെറ നെഞ്ഞത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത്. 70. ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം. 71. പുത്തനച്ചി പെരപ്പുറം തുക്കും. 72. പൊന്നും കുടത്തിനെന്തിനാണു പൊട്ട്. 73. ഉപ്പു തിന്നവൻ വെള്ളം കുടിക്കും. 74. ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കഞ്ഞി കുമ്പിളിൽതന്നെ. 75. കച്ചിട്ടിറ ക്കാനും വയ്യ മധുരിച്ചിട്ടു തുപ്പാനും വയ്യ. 76. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്. 77. നനയാതെ ഈറൻ ചുമക്കുക. 78. കൈനനയാതെ മീൻപിടിക്കുക. 79. കൊലയാനയുള്ളപ്പോൾ കുഴിയാനാരിക്കുക. 80. താൻ പിടിച്ച മുയലിനു മൂന്നുകൊമ്പ് 81. പടപേടിച്ച് പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളുത്തിപ്പട. 82. വേലി ചാടുന്ന പശുവിന് കോലുകൊണ്ട് മരണം. 83. പഴഞ്ചൊല്ലിൽ പതിരില്ല 84. കയ്യിലിരിക്കുന്ന പണം കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങുക. 85. ആറ്റിൽ കളഞ്ഞാലും അളന്നുക ളയണം. 86. ഇണങ്ങിയാൽ പൊട്ട് പിണങ്ങിയാൽ വെട്ട്. 87. പുകഞ്ഞ കൊള്ളി പൊറത്ത്. 88. എലിയെ പേടിച്ച് ഇല്ലം ചുടുക. 89. താനിരിക്കുന്നിടത്ത് താനിരുന്നില്ലെങ്കിൽ അവിടെ നായയിരിക്കും. 90. ആന വായിൽ അമ്പഴങ്ങ. 91. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം. 92. വിശന്നാൽ പുലി പുല്ലും തിന്നും. 93. കാള പെറ്റൂന്ന് കേൾക്കുമ്പോഴേക്കും കയറെടുക്കുക. 94. അരിയെറിഞ്ഞാൽ ആയിരം കാക്ക. 95. ഈരെടുത്താൽ പേൻ കൂലി കൊടുക്കും. 96. എട്ടിലെ പശു പുല്ലു തിന്നുമൊ? 97. കുന്ന് കുലുങ്ങിയാലും കുഞ്ഞായി കുലുങ്ങില്ല 98. പത്തമ്മ ചമഞ്ഞാലും കെട്ടിലമ്മയ്ക്ക് ഒക്കില്ല 99. കാണം വിറ്റും ഓണം ഉണ്ണണം. 100. അത്താഴം മുടക്കാൻ നീർക്കോലി മതി. 101. അമ്മ ചമഞ്ഞാലും ഉമ്മ ചമഞ്ഞാലും ഒന്ന്. 102. ഓണത്തിന് കൊടുക്കുന്നതാണ് ഓണപ്പുടവ. 103. ഉണ്ടവനേ പായ കിട്ടാഞ്ഞിട്ട്. ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്. 104. പണമില്ലാത്തവൻ പിണം. 105. നനഞ്ഞയിടം കുഴിക്കുക. 106. കുതിരയെ കാണുമ്പോൾ കാലു കഴയ്ക്കുക. 107. ചാഞ്ഞമരത്തിൽ ഓടിക്കയറുക. 108. മുക്കില്ലാരാ ജ്യത്ത് മുറിമൂക്കൻ രാജാവ് 109. അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുമൊ? 110. അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട. 111. തോക്കിൽ കയറി വെടിവെയ്ക്കുക. 112. താണ നിലത്തേ നീരോടൂ. 113. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട. 114. വല്ലവരുടെ പല്ലിനേലും നല്ലത് അവനവൻെറ തൊണ്ണ്. 115. മുഖം ചീത്തയായതിന് കണ്ണാടി തല്ലി പൊളിക്കുക. 116. ഒരുമയുണ്ടെങ്കിൽ ഉലയ്ക്കമേലും കിട ക്കാം. 117. ഒത്തുപിടിച്ചാൽ മലയും പോരും. 118. ഐക്യമത്യം മഹാബലം. 119. തീയിൽ മുളച്ചത് വെയിലത്ത് വാടുമോ? 120. അഴകുള്ള ചക്കയിൽ ചുളയില്ല 121. അക്കര നില്ക്കുമ്പോൾ ഇക്കരെ പച്ച

122. ഇടിവെട്ടേറ്റവനെ പാമ്പു കടിക്കുക. 123. ഏച്ചുകെട്ടിയാൽ മുഴച്ചു നില്ക്കും. 124. അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയും കുട പിടിക്കും. 125. അരമന രഹസ്യം അങ്ങാടിപ്പാട്ട്. 126. അടിതെറ്റിയാൽ ആനയും വീഴും. 127. വേലിതന്നെ വിളവു തിന്നുക. 128. ഒരു വെടിക്ക് രണ്ടുപക്ഷി. 129. ചത്ത കുഞ്ഞിന്റെ ജാതകം നോക്കുക 130. എരിതീയിൽ എണ്ണയൊഴിക്കുക 131. കാക്കക്കൂട്ടിൽ തലയിടുക. 132. കടുവാക്കൂട്ടിൽ തലയിടുക. 133. ഉർവ്വശീ ശാപം ഉപകാരം. □.

# കടങ്കഥകൾ

## സീന എൻ.വി.

കടവും കഥയും നിറഞ്ഞ കടങ്കഥയിൽ പരിസരബോധത്തിന്റെ വ്യാകരണമാണു കാണുന്നത്. രണ്ടോ അതിലധികമോ പേർ ചേർന്നു നടത്തുന്ന കളിയാണ് കടങ്കഥകൾ. അലങ്കാരശാസ്ത്രത്തിലെ ബിംബയോജനയുടെ സ്ഥാനംവഹിക്കുന്ന കടങ്കഥയിലെ പ്രതീകങ്ങൾ നാടോടിഭാവനയിൽനിന്ന് ജന്മമെടുത്തതാണ്. പ്രകൃതി പരിസരത്തെ ഉൾക്കൊള്ളാൻ കാവ്യാത്മകമായ ഭാഷ നാടോടികൾ ഉപയോഗിച്ചിരുന്നു. ഈ കാവ്യ വിവേകത്തെ ദേശി സൗന്ദര്യബോധത്തിലൂടെ മാത്രമേ തിരിച്ചറിയാനാകൂ. പശ്നം, പ്രതീകം, ഉത്തരം, പരിസരപഠനം, സാമാന്യബോധം, അനുമാനം തുടങ്ങിയ മാനങ്ങൾ കടങ്കഥയ്ക്കുണ്ട്. കുട്ടികളുടെ സൗന്ദര്യബോധമാണിതിൽ നിഴലിക്കുന്നത്.

1. മണ്ണിന്നടിയിൽ പൊന്നാണി - മഞ്ഞൾ 2. ഒരമ്മ പെറ്റതൊക്കെ തൊപ്പിക്കാര് - അടക്ക 3. ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നില്ക്കും കുതിര - ചെരിപ്പ് 4. മുറ്റത്തെ ചെപ്പിനടപ്പില്ല - കിണറ് 5. കിക്കിലുക്കും കിലുകിലുക്കും ഉത്തരത്തിൽ ചത്തിരിക്കും - താക്കോൽകൂട്ടം 6. മുക്കണ്ണൻ ചന്തക്കുപോയി - നാളികേരം 7. ഒറ്റക്കാലൻ ചന്തക്കുപോയി - കാലൻകുട 8. കാള കിടക്കും കയറോടും - മത്ത 9. ഉണ്ടപെണ്ണിന് സിൽക്ക് സാരി - സബോള 10. ചത്താലും കുത്തും ജീവനുണ്ടെങ്കിലും കുത്തും - ചെമ്മീൻ 11. കറുത്തപാറക്ക് വെളുത്ത വേരോടി - ആന 12. വെള്ളിക്കിണ്ണത്തിൽ ഞാവൽപഴം - കണ്ണ് 13. കാട്ടിലപ്പിടി കുഞ്ഞിക്കിണ്ണം - ആനയുടെ കാലടി 14. ഒരു കുപ്പിയിൽ രണ്ടെണ്ണ - കോഴിമുട്ട 15. കാൽ കറുപ്പ് മുക്കാൽ ചുവപ്പ് - കുന്നിക്കുരു 16. അമ്മ കറുത്തത് മോളു വെളുത്തത് മോളുടെ മോളതിസുന്ദരി - വെള്ളില 17. അമ്മ കല്ലിലും മുള്ളിലും മോള് കല്ല്യാണ പന്തലിലും - വാഴക്കുല 18. കൊറ്റിരുന്നു കുളം വറ്റി - വിളക്ക് 19. ആനകേറാമല ആളുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി - നക്ഷത്രങ്ങൾ 20. പച്ച ഡപ്പീൽ പല്ലി മുട്ട - പപ്പക്കായ 21. ഞെട്ടില്ലാവട്ടയില - ചന്ദ്രൻ, പപ്പടം 22. ഉരുട്ടാം പെരെട്ടാം എടുത്തു കൂടാ - കണ്ണ് 23. അഴിം കുറ്റിം ഇട്ട അമ്പലത്തില് തത്തയിരുന്ന് കൂത്താടുക - നാവ് 24. അകത്ത് രോമം പുറത്തിറച്ചി - മൂക്ക് 25. പലക കീഴെ പച്ച ഇറച്ചി - നഖം 26. ആശാരി പണിതില്ല തഴുതിട്ട് പൂട്ടില്ല തിത്തൈ എന്നൊരു പത്തായം - ഞൗഞ്ഞി 27. പിടിച്ചാലൊരു പിടി വിട്ടാൽ പലതരം താനും തിന്നും മറ്റുള്ളോർക്കും കൊടുക്കും - വല, മീൻപിടിത്തം 28. നാക്ക് നാല്, നടകാല് പത്ത് മുഖത്താറ് കണ്ണ് - കന്നാലി പൂട്ടുന്നത് 29. പട്ടുകുട പിടിച്ചായിരം തൊങ്ങലിട്ടു - മുളംകൂട് പൂക്കുന്നത് 30. ആകാശത്തെത്തുന്ന തോട്ടികോല് - കണ്ണ് 31. അച്ഛനെനിക്കൊരു പായതന്നു മടക്കിയാലും മടക്കിയാലും തീരില്ല - റോഡ് 32. ഒരമ്മ കുളിക്കാൻ പോകുമ്പോൾ മൂന്ന് മക്കളെ അടച്ചിട്ടു - അടുപ്പ് 33. കാട്ടു ചേന പൂത്തതും - നക്ഷത്രം കരിമ്പടം വിരിച്ചതും - കാർമേഘം, കീരി പോയൊളിച്ചതും - ചന്ദ്രൻ, അമ്പു വന്നു വീണതും - മഴത്തുള്ളി, ഗുഢമായി തടുത്തതും - ഭൂമി 34. ചെറ്റപ്പെരിള്ളത് കെട്ടൂല - ആകാശം, പൊട്ടകുളമത് വറ്റൂല - കടൽ, പൂള മൂരിള്ളേനെ പൂട്ടൂല - ആന 35. കറുത്ത മുണ്ടൻ കാര്യക്കാരൻ - താക്കോല് 36. ഇത്തിരി പോന്നോൻ കുട്ടിയെ കരയിപ്പിച്ചു - ചീന മുളക് 37. ചെച്ചെലക്കും ചിലചിലക്കും വട്ടംവീശും വഴി നടക്കും - വെളിച്ചെണ്ണപ്പം 38. നാല് മൂലപ്പെട്ടി നടുക്കിരിക്കും മഞ്ഞപെട്ടി കൊണ്ടോടും കുതിരപ്പെട്ടി - അമ്മിയിൽമഞ്ഞള് 39. നിർത്തികുത്തി കെടത്തി പണിതു പോരുമ്പോൾ തേച്ചു കഴുകി പോന്നു - അമ്മി 40. അച്ഛൻ തന്നൊരു പുല്ലായ നനച്ചാലും നനച്ചാലും നനയില്ല - ചേമ്പില 41. ആയിരംതിരിയുടെ ഉള്ളിലിക്കുന്ന ഉണ്ണികൃഷ്ണന്റെ പേര് പറയാത്തോർക്ക് 12000 കടം - ഉണ്ണിപ്പിണ്ടി 42. നക്കാം നുണയാം എടുത്തുകൂടാ - നാവ് 43. കാട്ടിൽ കരിംകുറ്റി വീട്ടിൽ കണക്കപ്പിള്ള - പറ, നാഴി 44. കായ്ക്കില്ല പൂക്കില്ല കടക്കൽ ചെന്നാൽ പറക്കി തിന്നാം - അവില് ഇടിക്കുക 45. മഞ്ഞകാളക്ക് പള്ളയ്ക്ക് കൊമ്പ് - കിണ്ടി 46. കുത്തിട്ടാൽ മുളയ്ക്കില്ല വേലിമേൽ പടരില്ല ആ കറി കൂട്ടാത്തവർ ആരുമില്ല - ഉപ്പ് 47. അകത്തിരുന്ന് പുറത്തേക്ക് തലനീട്ടി - ചിരവ 48. കുഞ്ഞിക്കിണ്ണം തുള്ളി തുള്ളി - അരി തിളക്കുന്നത് 49. അമ്മേം മക്കളും തുള്ളി വരുമ്പോൾ ആശാരി ചെക്കൻ തടുത്തുനിർത്തി - അട പലകവെച്ച് തിളച്ച അരി വാർക്കുന്നത്. 50. ആകാശം മൂടുന്ന മുറം; ഭൂമി അളക്കുന്ന കോല്; ഗംഗയിലടിക്കുന്ന ചൂല് - കണ്ണ്,കാല്, മുടി 51. അടി പാറ, നടു വടി മീതെ കുട - ചേന 52. നാവു കുത്തി നടക്കുന്ന ഉണ്ണികൃഷ്ണന്റെ പേര് പറയാത്തവർക്ക് 12000 കടം - ഞൗഞ്ഞി 53. നീലവെള്ളത്തിൽ ചാടൻ നീന്തി - വിമാനം 54. കാട്ടിലൊരമ്മ കുടചൂടി നിൽക്കുന്നു - കൂൺ 55. പലതരം നൂലിന്മേൽ തിരിഞ്ഞു കൊണ്ടിരിക്കുന്ന ചിരിക്കുടുക്ക - മിഷ്യൻ 56. ഇല്ലിക്കാട്ടിൽ എലികുഞ്ഞ് - പേൻ. □

# ചാക്കാട്

## എരുമേലി വിജയൻ

തൃശൂർ ജില്ലയിലെ പറയരുടെ മരണാനന്തര ആചാരാനുഷ്ഠാന ചടങ്ങാണ് 'ചാക്കാട്ട്'. പുലയർക്കിടയിൽ കാണുന്ന 'ചാവു തുള്ളൽ' തന്നെയാണ് 'ചാക്കാട്' എങ്കിലും അനുഷ്ഠാന രീതിയിലും കർമ്മാദി കാര്യങ്ങളിലും വ്യത്യാസങ്ങൾ ഏറെയുണ്ട്. തറവാട്ടിലെഏറ്റവും പ്രായം ചെന്നവർ മരിക്കുമ്പോൾ മാത്രമാണ് 'ചാക്കാട്' നടത്തുന്നത്. മരണം നടന്നതു മുതൽ 16-ാം ദിവസമോ 41-ാം ദിവസമോ, പുല വീടുന്നതിനോടനുബന്ധിച്ചാണ് ചാക്കാട്. നിശ്ചിതദിവസ ത്തിനുള്ളിൽ മറ്റൊരു മരണം കൂടി തറവാട്ടിൽ സംഭവിച്ചാൽ രണ്ടാമത്തെ പുല വീടുന്ന ദിവസമേ ചാക്കാട് നടത്താൻ പാടുള്ളു. ഇപ്പോൾ ഈ കർമ്മം നടത്തുന്നത് വളരെ അപൂർവ്വമായിട്ടാണ്. പഴയ തലമുറയിലെ കാരണവന്മാർ മരിക്കുന്നതിനുമുമ്പ് തനിക്ക് ''കൊട്ടും പൂശയും'' വേണം എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽമാത്രമേ ഇപ്പോൾ ചാക്കാട് നടത്തുകയുള്ളു. മരിച്ച ആളിന്റെ വീട്ടുമുറ്റത്തോ പറയർ കൂട്ടമായി താമസിക്കുന്ന അധിവാസകേന്ദ്രത്തിൽ ഉള്ള പൊതു സ്ഥലമായ 'മലവായിത്ത റ'യിലോ പന്തൽ ഇട്ടാണ് ചാക്കാട് നടത്തുന്നത്. സന്ധ്യയ്ക്കു തുടങ്ങുന്ന ചടങ്ങുകൾ അടുത്ത ദിവസം വൈകുന്നേരത്തോടെ അവസാനിക്കും. പന്തലിന്റെ കിഴക്കുഭാഗത്ത്, പടിഞ്ഞാറോട്ട് തിരിയിട്ടു കത്തിച്ച നിലവിളക്കും നിറപറയും. പരേതന്റെ (പരേതയുടെ) 'തൂമം' (പ്രതിമ) വെച്ച് രണ്ടു മരം, രണ്ടു ചെണ്ട, കുഴൽ എന്നീ പരമ്പരാഗത വാദ്യോപകരണങ്ങളുടെ അകമ്പടിയോടു കൂടി കിഴക്കോട്ട് തിരിഞ്ഞിരുന്ന് 'എണങ്ങൻ' ചാക്കാട് പാട്ട് പാടും. 'എടങ്ങഴി നെറച്ച്' (നെല്ല്) 'നാഴി നെറച്ച്' (അരി) 2 നിലവിളക്ക്, ഒരു കിണ്ടിയിൽ വെള്ളം, കിണ്ണത്തിൽ ഗുരുതി (മഞ്ഞളും, ചുണ്ണാമ്പും കലക്കി രക്തനിറത്തിൽ ഉണ്ടാക്കുന്ന ലായനി), 'വെള്ളത്തൊട്ടി' (മുളകൊണ്ടുണ്ടാ ക്കിയ പുതിയ കുട്ട)യിൽ അവിൽ എന്നീ 'ഒരുക്കുകൾ' എണങ്ങന്റെ മുൻപിൽ ഇടത്തുഭാ ഗത്തും നിലവിളക്ക്, നിറപറയും അതിൽ ഒരു നാളികേരവും, 'വെള്ളത്തൊട്ടി'യിൽ അവിൽ, മുറുക്കാൻ, ഒരു കിണ്ണത്തിൽ ഗുരുതി ഇത്രയും വലതുഭാഗത്തും ഒരുക്കിവെച്ചിരിക്കും.

'എണങ്ങൻ' പാടുമ്പോൾ മേളക്കാരും കൂടെപ്പാടും. ഏറ്റുപാടാൻ മൂന്നുനാലുപേരും ഉണ്ടാ യിരിക്കും. മേളക്കാർ എണങ്ങന് അഭിമുഖമായി തിരിഞ്ഞിരുന്നാണ് കൊട്ടുന്നത്. മഹാഭാരത കഥയാണ് പാടുന്നത് എന്നാണ് പറയുന്നത്. വാക്കു കടതിരിയാത്തതു കാരണം കഥയും പാട്ടും അവ്യക്തമാണ്. വൈകുന്നേരം 6 മണിക്കു തുടങ്ങുന്ന ചാക്കാട് അടുത്തദിവസം വൈകു ന്നേരം 3 മണിയോടെ അവസാനിക്കും. പന്തലിൽ നിറപറയും നിലവിളക്കും, തൂമയും വെച്ചിരി ക്കുന്ന ഭാഗത്ത് ഒരു പിണ്ടിത്തൂൺനാട്ടി അതിന്റെ മുകളിൽ മുറുക്കാനും ഒരു നാളികേരവും വെച്ചിരിക്കും. രണ്ടു പച്ചകായ് (പൊന്തൻ കായ്) പിണ്ടിതൂണിൽ കെട്ടിതൂക്കിയിരിക്കും. 'എണ ങ്ങൻ' എന്നാൽ അടുത്ത കരയിലെ ഒരു തറവാട്ടുകാരൻ എന്നർത്ഥം. ഒരു കരയിലെ തറവാ ട്ടുകാർ മറ്റൊരു കരയിലെ തറവാട്ടുകാർക്ക് എണങ്ങന്മാരായി അങ്ങോട്ടുമിങ്ങോട്ടും അംഗീക രിച്ചിട്ടുണ്ടായിരിക്കും. ഒരു തറവാട്ടിലെ ചാക്കാട് തുടങ്ങിയ ആവശ്യങ്ങൾ 'നടത്തിക്കെട്ടി' കൊടു ക്കേണ്ടത് എണങ്ങന്റെ ചുമതലയും അവകാശവുമാണ്; അതിനു പ്രതിഫലവും കിട്ടും. പന്തൽ, സദ്യ തുടങ്ങി എല്ലാ കാര്യങ്ങളും എണങ്ങന്റെ മേൽ നോട്ടത്തിൽ വന്നുനിന്നു ചെയ്യിപ്പി ക്കണം എന്നാണ് നിയമം. വാദ്യക്കാരും എണങ്ങന്മാർ തന്നെ. എന്നാൽ പാട്ടുപാടുന്ന ആളാണ് പ്രധാന എണങ്ങൻ. ചാക്കാട് ആരംഭിക്കുന്ന ദിവസം രാത്രിയിൽ സദ്യ ഉണ്ടായിരിക്കും. സാമ്പാറും ഇഞ്ചിപ്പുളിയും നാരങ്ങാക്കറിയും മാത്രമേ കറികൾ പാടുള്ളു. എന്നാൽ എണങ്ങന്മാർക്ക് ചെമ്മീൻ പൊടി (സ്പെഷ്യൽ) കൊടുക്കും. മദ്യം അവിഭാജ്യ ഘടകമാണ്. പന്തലിലെ വായു പോലും മദ്യസാന്ദ്രമായിരിക്കും. സദ്യ സമയത്തെ ഇടവേളയ്ക്കുശേഷം വീണ്ടും ചാക്കാട് പാട്ട് തുടരുകയായി. എണങ്ങന്റെ ശരീരത്തിൽ പരേതന്റ ആത്മാവ് (ചാവ്) സന്നിവേശിച്ച് തുള്ളി കല്പന പറയും. മക്കളെയും വേണ്ടപ്പെട്ടവയും കാണണമെന്ന് ആവശ്യപ്പെടും. ഓരോരുത്തരും വന്ന് കെട്ടിപ്പിടിച്ച്, ചുംബിച്ച് നമസ്കരിച്ചു മാറി നില്ക്കും. കിടമത്സരങ്ങളും 'വഴക്കും പെണ ക്കോം' 'പോട്ടപെട്ടിയും' കൂടാതെ 'നഞ്ഞിലും നായാട്ടിലും' ഒന്നിക്കണമെന്ന് പരേതന്റെ പ്രേതം ആജ്ഞാപിക്കും. അങ്ങിനെ ചെയ്തോളാം എന്ന് മക്കളും മരുമക്കളും വേണ്ടപ്പട്ടവരും വന്ന് കാൽക്കൽ വീണു പറയും. പൂർവ്വികരുടെ അസന്തുഷ്ടികൊണ്ട് കുടുംബത്ത് അനർത്ഥ ങ്ങൾ ഉണ്ടാകാതിരിക്കാൻ, അല്ലെങ്കിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനർത്ഥങ്ങൾക്ക് പരിഹാരം, 'ഊട്ടും പൂശ്ശയും' മുടക്കരുത് എന്നും കാവിലേക്ക് 'കെട്ടുകാഴ്ചകൾ' കൊണ്ടുപോകണമെന്നും പരേതാത്മാവ് കല്പിക്കും. എല്ലാം പരേതാത്മാവ് പറഞ്ഞ പ്രകാരം ചെയ്തുകൊള്ളാം എന്ന് ബന്ധപ്പെട്ടവർ ഉറപ്പു കൊടുക്കും. അതിനുശേഷവും പാട്ടും കൊട്ടും തുടർന്നുകൊണ്ടേയി രിക്കും, നേരം പുലരുവോളം. നേരം പുലർന്നു കഴിഞ്ഞാൽ 'പന്തപ്പൊറ' ചാക്കാട്ട് എന്ന ചടങ്ങു തുടങ്ങുകയായി. 'പന്തപ്പൊറ' ചാക്കാടിന് അഞ്ചു 'നെറ'(നിറ)വേണം. അവിൽ, മുറു ക്കാൻ, നെല്ല്, അരി,ഗുരുതി ഇത്രയുമാണ് അഞ്ചുനിറകൾ. ഉയരത്തിൽ തട്ടുണ്ടാക്കി അതിൽ അഞ്ചുനിറകളും നിരത്തിവാദ്യക്കാർ നാലുഭാഗത്തും അണിനിരക്കുന്നു. തട്ടിൽ നിറകളുടെ സ്ഥാ നവും വാദ്യമേളക്കാരുടെ സ്ഥാനവും താഴെ കാണുന്ന ചാർട്ടിൽ കാണും വിധമാണ്.




[illegible]

| | | | | |
|---|---|---|---|---|
| കിഴക്ക്<br>മരം കൊട്ടുക്കാരൻ | അവിൽ<br>മുറുക്കാൻ<br><br>അവിൽ | തെക്ക്<br>മരം കൊട്ടുകാരൻ<br>(നിലവിളക്ക്)<br>നെല്ല്<br>(ഉടച്ച നാളികേരം)<br>മുറുക്കാൻ<br>മരംകൊട്ടുകാരൻ<br>വടക്ക് | അരി<br>ഗുരുതി<br>(കിണ്ണത്തിൽ)<br>അരി | പടിഞ്ഞാറ്<br>മരംകൊട്ടുകാരൻ<br><br>കുഴൽ ഊത്തുകാരൻ |

നിറകളോരോന്നും തൂശനിലയിലാണ് നിരത്തുന്നത്. കിഴക്കും പടിഞ്ഞാറും നില്ക്കുന്ന മരക്കാരും തെക്കും വടക്കും നില്ക്കുന്ന മരക്കാരും മുഖത്തോടുമുഖം തിരിഞ്ഞുനിന്നാണ് കൊട്ടുന്നത്. കുഴൽക്കാരന്റെ സ്ഥാനം പടിഞ്ഞാറുഭാഗത്തു നില്ക്കുന്ന മരക്കാരന്റെ സമീപത്താണ്. പാട്ടു തുടങ്ങുമ്പോൾ നാളികേരം ഉടച്ച് നെല്ല് 'നിറ'യിൽ വെക്കും. അതിനുസമീപം പൂർവ്വികരുടെ എണ്ണത്തിനനുസരിച്ച് മുറുക്കാൻ നിരത്തും. പരേതന്റെ പ്രേതത്തെവിളിച്ചു വരുത്തി പ്രസാദിപ്പിക്കുകയാണ് ഈ ചടങ്ങുകൊണ്ട് ഉദ്ദേശിക്കുന്നത്. ആൺമക്കളെ നിരത്തി ഇരുത്തി അരിമാവുകൊണ്ട് നെറ്റിയിൽനിന്നും ഇരുവശത്തെയുംതാടി എല്ലാവരെ ഒരു വളഞ്ഞ വര വരയ്ക്കും. പിന്നീട് നെറ്റിയുടെ നടുഭാഗത്തു നിന്നും മൂക്കിന്റെ അഗ്രം വരെ ഒരു നേർരേഖയും വരയ്ക്കുന്നു. ഒരു മുറത്തിൽ കുറെ നെല്ലു കൊണ്ടുവന്നു വെക്കും. ഓരോരുത്തരുടേയും വലതു കൈപ്പത്തി ചുരുട്ടി കുമ്പിളാക്കിഅതിൽ നെല്ലു വാരി നിറച്ച് ഏഴു പ്രാവശ്യം അളപ്പിക്കും. പിന്നീട് പച്ചപ്ലാവില കൊണ്ടുള്ള കുമ്പിളിൽ നെല്ലുനിറച്ച് ഏഴുതവണ അളപ്പിക്കും. അതിനുശേഷം രണ്ടു കയ്യിലും നെല്ലുവാരി മലർത്തിപ്പിടിച്ച് മുകളിലേക്കെറിയണം. താഴേക്ക് വരുന്ന നെല്ല് കൈപ്പത്തിയുടെ പുറത്തു പിടിക്കണം. ഇതും ഏഴുപ്രാവശ്യം ആവർത്തിക്കണം. ഓരോ പ്രാവശ്യവും ഈ പ്രക്രിയ നടക്കുമ്പോൾ

*"എന്റെ അപ്പനേ, ....................* (പേര്) എന്ന് പറഞ്ഞ് എണങ്ങൻ തോറ്റം പാടുന്നു.

*"എന്റെ അപ്പനേ, കാഞ്ഞിരക്കോട്ടു ചക്കനേ,*
*കുംഭം പത്തിനേ, അനിഴം നാളിൽ*
*ചാക്കായ അപ്പനേ.................... നെല്ലളക്കുന്നോ......"*

അതിനുശേഷം ഒരു കിണ്ണത്തിൽ എണ്ണയിൽ നനച്ച അരികൊണ്ട് ഒരാൾരൂപം പരത്തി ഉണ്ടാക്കും. എല്ലാ മക്കളുടേയും നെറ്റിയിൽ ഒരു കുമ്പിൾകൊണ്ട് എണ്ണയെടുത്ത് ഇറ്റിച്ച് മൂക്കിലൂടെ ഒഴുകി വരുന്ന എണ്ണ കിണ്ണത്തിലെ ആൾ രൂപത്തിൽ വീഴ്ത്തും. അനന്തരം ബന്ധുക്കൾ കോടി മുണ്ടുകൾ കൊണ്ടുവന്നു കർമ്മത്തിന് നിരന്നിരിക്കുന്ന മക്കളുടെ തലയിൽ കെട്ടും. ഒന്നിനു മുകളിൽ ഒന്നായി ഓരോ ബന്ധുക്കളും കൊണ്ടു വരുന്ന മുണ്ടുകൾ കെട്ടും. ബന്ധുക്കളുടെ എണ്ണം അനുസരിച്ച് തലേക്കെട്ടിന്റെ വലിപ്പവും ഭാരവും ഏറും. പിന്നീട് അവരെ എഴുന്നേല്പിച്ചുനിർത്തും. ഒരു കോലിന്റെ



ഉറുതലയ്ക്കലും രണ്ടു പൊന്തൻ കായ വീതം കെട്ടിതൂക്കി തലേകെട്ടുകാരുടെ ചുമലിൽ കൊടുക്കും. പന്തലിൽ നിലത്ത് ഒരു നേർരേഖയിൽ ഏഴിടത്ത് കുറച്ചു നെല്ലും ഓരോപൊന്തൻ കായയും വെയ്ക്കുന്നു. (ഏഴു പാലം എന്നാണ് സങ്കല്പം) മക്കൾ ഓരോ പാലം കടക്കാൻ വരുമ്പോഴും എണങ്ങൻ അട്ടഹ സിച്ച് തടഞ്ഞ് തല്ലി പിമ്പോട്ട് ഓടിക്കും. വീണ്ടും അവർ മുമ്പോട്ടു വരും രണ്ടാം പാലത്തിൽ വെച്ച് തടഞ്ഞു പിമ്പോട്ട് അടിച്ചോടിക്കും.വീണ്ടും അവർ മുമ്പോട്ടുവരും. മൂന്നാമത്തെ പാലത്തിൽവെച്ച് എണങ്ങൻ തടയും പുറകോട്ട് ഓടിക്കും. ഈ പ്രക്രിയയുടെ ആവർത്തനത്തിലൂടെ ഏഴുപാലവും കടന്ന് പുഴയിലേക്ക് കുളിക്കാൻ പോകുന്നു. തലേക്കെട്ടുകളും പൊന്തൻ കായ കെട്ടിയ വടിയും പന്തപ്പുറത്ത് വെച്ചിട്ട് മൂത്ത മകൻ മുൻപിൽ ഓലക്കുടയും പിടിച്ച് അടുത്തുള്ള പുഴയിലേക്കോ തോട്ടിലേക്കോ പോകും. അതോടെ പുലകുളി കഴിയും. മക്കൾ കുളികഴിഞ്ഞു തിരിച്ചുവരുമ്പോൾ പതിനാറടിയന്തിര സദ്യ ആരംഭിക്കുകയായി. പച്ചക്കറികൾ മാത്രമേ ഉപയോഗിക്കുകയുള്ളു. പറയൻ മരിച്ചുകഴിഞ്ഞാൽ ബ്രാഹ്മണനായി തിരിച്ചുപോകുന്നു എന്നാണ് സങ്കല്പം. കേരളത്തിലെ മറ്റു ജില്ലക ളിലെ പറയരുടെ (സാംബവരുടെ) ആചാരാനുഷ്ഠാനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തവും പ്രത്യേ കതകൾ ഏറെ ഉള്ളതുമാണ് തൃശൂർ ജില്ലയിലെ പറയരുടെ ആചാരാനുഷ്ഠാനങ്ങൾ. 'തേര്' 'പൂതനും തിറയും' തുടങ്ങിയ 'പതിനെട്ടു കോലാട്ടങ്ങൾ', 'മലവായിത്തറ', 'മലവായി ആട്ടം', 'ചാക്കാട്'. അനുഷ്ഠാ നത്തിൻെറ ഭാഗമായിട്ടുപോലും ഓലക്കുട പിടിക്കാനുള്ള സ്വാതന്ത്ര്യം ഇവയൊന്നും തെക്ക് പതി വുള്ള ആചാരാനുഷ്ഠാനങ്ങൾ അല്ല ☐

# മലവായി ആട്ടം

## എരുമേലി വിജയൻ

ജില്ലയിലെ പറയരുടെ കുലദേവതയാണ് 'മലവായി'. മിക്ക പറയത്തറവാടുകളിലും മലവായി ത്തറ ഉണ്ടായിരിക്കും. ഒരു മരത്തിൻെറ ചുവട്ടിൽ സമചതുരാകൃതിയിൽ കെട്ടിയുയർത്തിയ തറയിൽ 'മലവായി' (മലവാഴി) എന്ന ദേവിസങ്കല്പമായി ഒരു കരിങ്കൽ കഷണം നാട്ടിനിർത്തിയിരിക്കും. അവിടെ വിശേഷദിവസങ്ങളിൽ വെളിച്ചെണ്ണത്തിരി കത്തിച്ചുവെക്കും.

*"അഞ്ഞൂറുകല്ലുവെട്ടിയടിപാറ്റി, മൂന്നൂറുകല്ലുവെട്ടിമുടിപറ്റി"*യാണ് മലവായിത്തറ ഉണ്ടാക്കുന്നതെ ന്നാണ് പഴമ്പുരാണം. "ആടിപാറ്റുക" എന്നാൽ തറകെട്ടുകയെന്നും "മുടിപാറ്റുക"യെന്നാൽ മുകൾപ്പ രപ്പ് നിരപ്പാക്കുകയെന്നുമാണ് അർത്ഥം. മലവാഴിത്തറയോടനുബന്ധിച്ച് തറകളുടെ ഒരു സമുച്ചയം തന്നെയുണ്ട് - 'ചാത്തൻതറ', 'മുല്ലത്തറ', 'പുത്തരിത്തറ', 'മുത്തപ്പൻ തറ', എളവതിത്തറ' (കൊടുങ്ങ ല്ലൂരമ്മത്തറ).

ചാത്തൻതറ : ചാത്തന് പൂജ നടത്തുന്ന തറയാണ് ചാത്തൻതറ. ഈ തറയിൽ ഒരു കരിങ്കൽ കഷണം പ്രതിഷ്ഠിച്ചിരിക്കുന്നു.

മുല്ലത്തറ : അയ്യപ്പസ്വാമിയുടെ തറയാണ് മുല്ലത്തറ. ഈ തറയ്ക്കുമുമ്പിൽ നാലുകോലം കെട്ടി പന്തലാട്ടം നടത്തുന്നു. ഭദ്രകാളി ദാരികൻെറ ശിരസ്സറുക്കുന്ന കഥയാണ് കോലങ്ങൾ കെട്ടി ആടുന്നത്. മുല്ലത്തറയിൽ 101 പന്തങ്ങൾ കത്തിച്ച് കുത്തിനിർത്തിയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്.

പുത്തരിത്തറ : വിളവെടുപ്പ് കാലത്ത് ആദ്യം കിട്ടുന്ന നെല്ലുകുത്തി ഊട്ടുനടത്തും. പൂർവ്വികരുടെ സങ്കല്പത്തിൽ അവരുടെ എണ്ണത്തിനനുസൃതമായി ചെറിയ ചെറിയ ഉരുളൻ കല്ലുകൾ കൂട്ടിവെച്ചിട്ടുണ്ടായിരിക്കും പുത്തരിത്തറയിൽ.

മുത്തപ്പൻതറ : വളരെ പ്രധാനപ്പെട്ട ഒരു തറയാണിത്. സമചതുരാകൃതിയിലാണ് ഇതു നിർമ്മിച്ചിട്ടുള്ളത്. ഉൾവശം പൊള്ളയും മുകൾവശം മൂടിയതുമാണ്. മുൻവശത്ത് (കിഴക്ക്) അഴിയിട്ട ഒരുചെറിയ ദ്വാരം (ഉദ്ദേശം 6 ഇഞ്ച് സമചതുരം) ഉണ്ട്. ഇത് തുറക്കുന്നതോ അടയ്ക്കുന്നതോഅല്ല. ഉള്ളിൽ തെക്കുഭാഗത്ത് ഓടുകൊണ്ടുണ്ടാക്കിയ ഒരുതല, വടക്കുഭാഗത്ത് ഒരു തോണികുറുകെ മുറിച്ച ആകൃതിയിൽ ഉള്ള ഒരു ലോഹ (ഓട്) പ്രതലത്തിൽ വലതു കയ്യിൽ വാളുംഇടതു കയ്യിൽ ഓലക്കുടയും പിടിച്ചു നില്ക്കുന്ന ഒരാൾ രൂപം നടുവിൽ ഒരു കരിങ്കൽകഷണം ഇത്രയും കാണാം.

മുത്തപ്പൻതറയ്ക്കു മുമ്പിൽ അരിമാവു കലക്കി സമചതുരത്തിൽ ഒരു കളം വരയ്ക്കും. ചതുരംഗ കളം പോലെ 16 കള്ളികളും വരയ്ക്കും. അവിലുംമലരും പൊടിയുംനറുക്കും തിരിയും വെച്ചാണ് പൂജ. കുംഭമാസത്തിൽ മങ്ങാട്ടുകാവിലെ വേല ദിവസം മുത്തപ്പൻതറയിൽ പൂജയും കോഴിവെട്ടും നടത്തും. അതിനു മൂന്നു ദിവസം മുൻപ് പറയെടുപ്പ് ആരംഭിച്ചിരിക്കും. തറവാട്ടിലെ ഏറ്റവും പ്രായം കൂടിയ കാരണവരാണ് പറയെടുക്കാൻ പോകുന്നത്. ചുവന്ന പട്ടുടുത്ത് അരമണിയും കാൽച്ചിലമ്പും കെട്ടി വാളും പിടിച്ചാണ് (വെളിച്ചപ്പാട്) പറയെടുക്കാൻ പോകുന്നത്.

എളുപതിതറ (കൊടുങ്ങല്ലൂരമ്മത്തറ) : കൊടുങ്ങല്ലൂരമ്മയെ കുടിയിരുത്തിയിട്ടുള്ള തറയാണിത്. ഈ തറയിലും ഒരു മരം ഉണ്ടായിരിക്കും. നീളത്തിൽ ഉള്ള ഒരു കരിങ്കൽ കഷണം മരത്തിൻെറ ചുവട്ടിൽ കുത്തിനിർത്തിയിരിക്കും. ഈ തറയ്ക്കു മുമ്പിൽ 18 കോലങ്ങൾ കെട്ടി ആടണം എന്നാണ് പഴമക്കാർ പറയുന്നത്. ഇവിടെനിന്നും 18 കോലാടി (18 കോലങ്ങൾ ആടി) കൊടുങ്ങല്ലൂർ ഭരണിക്കു



മലവായി

പോയിരുന്നു. ഇപ്പോൾ 18 കോലങ്ങൾ ആടാറില്ല കൊടുങ്ങല്ലൂർ ഭരണിനാളിൽ ഈ തറയിൽ ഇപ്പോഴും കോഴിവെട്ടു നടത്താറുണ്ട്.

'പതിനെട്ടുകോലാടി', അതായത് 18 തരം കോലങ്ങൾ കെട്ടി ആടിയിരുന്നു എന്ന് പഴമക്കാർ പറയുന്നുണ്ടെങ്കിലും 18 കോലങ്ങൾ ഏതെല്ലാം എന്ന് ആർക്കും നിശ്ചയമില്ല പൂതൻ, തിറ, കർക്കിടകക്കാളി (കരിങ്കാളി), 'പിള്ളതീങ്കാളി', മഞ്ഞക്കാളി, അന്തിക്കാമൻ, മൂക്കൻചാത്തൻ (മാണിക്കാരൻ), മലവായി, ഒലക്കക്കാമം എന്നീ കോലങ്ങൾ മാത്രമേ വയോവൃദ്ധരായ പലരുമായി നടത്തിയ അന്വേഷണങ്ങളിൽനിന്നും ലഭിച്ചിട്ടുള്ളു. ഇതിൽനിന്നും ഒരേ കോലങ്ങൾ (വേഷങ്ങൾ) ഒന്നിലേറെ ആൾക്കാർ കെട്ടി ആകെ 18 കോലങ്ങൾ ആടിയിരുന്നു എന്നനുമാനിക്കാനേ കഴിയുകയുള്ളു. പൂതൻ ദാരികനും, തിറ ഭദ്രകാളിയും ആണ്. കർക്കിടകക്കാളി, കരിങ്കാളി, പിള്ളതീങ്കാളി, മഞ്ഞക്കാളി എന്നിവയെല്ലാം കാളിയുടെ വിഭിന്ന രൂപങ്ങളാണ്. അന്തിക്കാമൻ, മൂക്കൻചാത്തൻ (മാണിക്കാരൻ) ഇവയും ഒരാളുടെ തന്നെവിഭിന്ന രൂപങ്ങളാണെന്നു തോന്നുന്നു. മൂക്കൻചാത്തൻ ശിവനും, മലവായി പാർവ്വതിയും ആണെന്നു ചിലർ പറയുന്നു. 'ഒലക്കക്കാമം' കേറുന്നത് നാലാളുകളുടെ തോളിൽ രണ്ട് ഉലക്കകൾ വെച്ച് അതിൽ ഭദ്രകാളിയുടെ വേഷം കെട്ടി ഒരാൾ കയറിനിന്നു കളിക്കുന്നതാണ്.വൈധവ്യം മൂലം കാമവെറിപൂണ്ട സംഹാരരുദ്രയായ കണ്ണകിയെ (കൊടുങ്ങല്ലൂരമ്മയെ) സംതൃപ്തയാക്കുന്നതിനാണ് സ്ത്രീ-പുരുഷലിംഗാവയവങ്ങളുടെ ഗുപ്തനാമങ്ങളും പ്രയോഗങ്ങളും പച്ചയായി വർണ്ണിക്കുന്ന ഭരണിപ്പാട്ടുകൊണ്ട് ലക്ഷ്യമാക്കുന്നതെന്നൊരു വിശ്വാസവുമുണ്ടല്ലൊ. ഒലക്കക്കാമത്തിൽ ഉലക്ക പുരുഷലിംഗ പ്രതീകമാണ്. കൊടുങ്ങല്ലൂരമ്മ അതിൽ കയറിനിന്നു നൃത്തംചവിട്ടി സംതൃപ്തയാകുന്നു എന്നാണ് വയ്പ്പ് അമ്മ വന്ന വഴിപ്പുരാണം കമ്പോടുകമ്പും പാടിയാടി അപ്പനപ്പൂപ്പന്മാർ പണ്ടുപണ്ടേ കൊണ്ടാടിവന്ന 'വേല'യുമായി ക്ഷേത്രമതിൽക്കെട്ടിനു പുറത്ത് തങ്ങൾക്ക് അനുവദിച്ചിട്ടുള്ള സ്ഥലത്ത് ചെന്നു നിന്ന് അവർ പാടി തുടങ്ങുന്നു -

*"കെഴക്ക് ഉദമാനം*
*പടിഞ്ഞാറത്തമനം*
*തെക്കുതിരുവണ്ടം*
*വടക്ക് വാ വണ്ടം*
*ആണെന്നൊരാകാശം*
*പെണ്ണെന്നൊരു പൂമി",*

അമ്മേ, ഭഗവതീ, എങ്ങളെ കുഞ്ഞുകുട്ടി പരാതീങ്ങളെ കാത്തു കൊള്ളണം. അമ്മയുടെ അകമലക്കാടുകളിൽ ഈറയും മുളയും വെട്ടി, വള്ളിയും ചൂരലും പറിച്ച്, കാട്ടുകിഴങ്ങുകളും മരുന്നും മാന്തി വിറകും ചുള്ളിയും ശേഖരിച്ച് ഇരതേടുന്ന അടിയങ്ങൾക്ക് 'പേടിപയങ്ങൾ' വരുത്തരുതേ. തന്നെയുമല്ല, അമ്മ തിരുവടി കോപംകൊണ്ട് വാരിവിതയ്ക്കുന്ന വസൂരി വിത്ത് എങ്ങടെ മേല്ലൊന്നും ഏശുകയുമരുത്. സന്തതി ഒന്നിരിക്കുന്ന കാലത്തോളം കെട്ടുകാഴ്ചകൾ മുടക്കം കൂടാതെ തിരുനടയിലെത്തിച്ചുകൊള്ളാം എന്ന് 'പടിയും പട്ടാങ്ങേടം' പറഞ്ഞ് അവർ മടങ്ങും.

മലവായി ആട്ടം : 'മലവായി' സ്ത്രീവേഷവും 'മൂക്കൻചാത്തൻ' (മണിക്കാരൻ) പുരുഷവേഷവുമാണ്.





മുക്കാൻചാത്തൻ

മലവായിയുടെ വേഷവിധാനങ്ങൾ : ഓടുകൊണ്ടുള്ള നീണ്ടുകൂർത്ത പോർമുലകൾ, കഴുത്തിൽ വീതിയുള്ള മാല. പുക്കിൾ വരെ വൃത്താകൃതിയിലുള്ള ലോക്കറ്റുകൾ, കാലിൽ ചിലമ്പ്, ഉരങ്ങളിലും മണിബന്ധങ്ങളിലും ഈറ്റ തല്ലിച്ചതച്ച് മയം വരുത്തി അഗ്രങ്ങളിൽ ചുവന്ന ചായം മുക്കി ഉണ്ടാക്കിയ തൊങ്ങലുകൾ; നെറ്റിയിൽ അരിമാവു കലക്കി വരയ്ക്കും. കണ്ണുകളും അരിമാവുകൊണ്ടു വരയ്ക്കും. കവിളിൽ കഥകളി വേഷക്കാരന്റേതുപോലെ ഓടുകൊണ്ടുള്ള ഒരാഭരണം. ഓടു കൊണ്ടുതന്നെ ഉണ്ടാക്കിയിട്ടുള്ളതും പക്ഷിയുടെ ചിറകിന്റെ ആകൃതിയിലുള്ളതുമായ കർണ്ണകവചം, തലയിൽ ചുവന്ന തുണികൊണ്ടുള്ള തലപ്പാവ്,ഓട്ടം തുള്ളൽക്കാരന്റേതുപോലുള്ള ഉടുത്തുകെട്ട്. ഇത്രയുമാണ് വേഷഭൂഷാദികൾ.

മുക്കൻചാത്തന്റെ വേഷം : മുഖംമൂടി, വിടർന്ന താമര ദളത്തിന്റെ ആകൃതിയിലുള്ള കിരീടം, തറ്റുടുത്ത് ചുവന്നപട്ട്,പിന്നിൽ ത്രികോണാകൃതിയിൽ വരത്തക്കവണ്ണം അരയിൽ കെട്ടി അതിനുമുക ളിൽ അരമണിയും; മാറിൽ അരിമാവുകലക്കി വരച്ച മാല, ഭുജത്തിലും കൈത്തണ്ടയിലും കാലുക ളിലും ഭസ്മക്കുറി വരയ്ക്കും പോലെ കുറുകെ വരകൾ ഇത്രയുമാണ് മുക്കൻചാത്തന്റെ വേഷവിധാ നങ്ങൾ

മലവായി പൂജ : ആട്ടം തുടങ്ങുന്നതിന് മുൻപ് മലവായിത്തറയിൽ പൂജയുണ്ട്. ദേവീസങ്കല്പമായി നാട്ടിനിർത്തിയിട്ടുള്ള കരിങ്കൽ കഷണത്തിൽ അരിമാവു കലക്കി നീളത്തിൽ വരകൾ വരയ്ക്കും. അതിനുസമീപം ഒരു വെട്ടുകത്തിയും നാട്ടിനിർത്തും. അതിനു മുൻപിൽകുറച്ചു നെല്ല് കൂട്ടിയിരിക്കും. സമീപം ഒരു ഓല വട്ടിയും. ഒരു ചിരാതിൽ തിരി കത്തിച്ച് വലതുഭാഗത്തും ഒരു നിലവിളക്ക് ഇടതുഭാഗത്തും. നിലവിളക്കിനു മുൻപിൽ ഒരു കിണ്ണത്തിൽ മഞ്ഞളും ചുണ്ണാമ്പും കലക്കി ഗുരുതി ഉണ്ടാക്കിവെക്കും. പെണ്ണുങ്ങൾ മടിതുമ്പിൽ നെല്ലുകൊണ്ടുവന്ന് തറയിൽ കയറി വന്നു ചൊരിയും. മുറത്തിൽ, സ്വന്തം വീടുകളിൽ ഉണ്ടാക്കിയ അപ്പം, മലർ പൊടി ഇവ കൊണ്ടുവന്നു ചിരാതിനു മുമ്പിൽവെക്കും. ഈ മുറങ്ങളിൽ ഓരോ നാളികേരവും വെച്ചിരിക്കും.

അരിപ്പൊടികൊണ്ട് ഒരു വലിയ വൃത്തവും അതിനുള്ളിൽ ചിത്രത്തിൽ കാണുന്നതുപോലെ മറ്റൊരു വൃത്തവും ആരക്കാലുകളും വരയ്ക്കുന്നു. മുൻഭാഗത്ത് വൃത്തത്തിന്റെ ഏതാണ്ടുപകുതി വരെ ത്രികോണാകൃതിയിൽ കള്ളികൾ വരയ്ക്കും. വൃത്താകൃതിയിലുള്ള കളത്തിന്റെ ചുറ്റളവ് അഞ്ച് അടിയോ ഒൻപതടിയോ ആയിരിക്കണം. ഇതിൽ കൂടുതൽ വലിപ്പമുള്ള കളങ്ങൾ പതിവില്ല. സാധാ രണയായി 5 അടികളമാണ് ഇടുന്നത്. കളത്തിന്റെ ചുറ്റളവും കള്ളികളുടെ എണ്ണവും ഇരട്ട സംഖ്യ ആകരുത് എന്ന് പ്രത്യേക നിഷ്കർഷയുണ്ട്.എല്ലാ കള്ളികളിലും നറുക്കിലയിൽ മലരും പൊടിയും നിരത്തും. വൃത്തത്തിനുപുറത്ത് അരിപ്പൊടികൊണ്ടുതന്നെ ഒരു വെട്ടുകത്തിയും വരച്ചുവെക്കും. (ഇടതു ഭാഗത്ത്) ഓരോ നാളികേരവും ഉടച്ച് വെട്ടുകത്തിയുടെ ചുണ്ടുകൊണ്ട് അല്പം പൂളെടുത്ത് എല്ലാ നറുക്കിലയിലും അർപ്പിക്കും. രണ്ടുമുറി നാളികേരത്തിനു മുകളിൽ അഞ്ച് അപ്പം വീതംഅടുക്കി വെക്കും. അതിനു മുകളിൽ മലരും പൊടിയും വെളിച്ചെണ്ണതിരിയും കത്തിച്ചുവെക്കും. ഒരു കുടത്തിൽ മദ്യവും. പിന്നീട് കോഴിയെ വെട്ടി ഗുരുതി കഴിക്കും. കാർമ്മികൻ ഈ പൂജകൾ ചെയ്യുമ്പോൾ കൊട്ടും പാട്ടും തുടർന്നു കൊണ്ടിരിക്കും. പൂജയുടെ അവസാനം കാർമ്മികൻ 'മലവായി' ആയി വേഷം കെട്ടുന്ന ആൾക്ക് ശിരോവസ്ത്രം കെട്ടും. മലവായി കാർമ്മികന്റെ പാദങ്ങളിൽ കുമ്പിട്ട് നമസ്കരിച്ച്



ആടാൻ തുടങ്ങും. സാധാരണ സന്ദർഭങ്ങളിൽ മരം കൊട്ടിന്റെ വായ്ത്താരി

1-ാം മരം - *'കിത്താം കിത്താം*
*തകിന്തോം കറിന്താങ്ക കിന്താങ്ക*

2-ാം മരം - *താന്താം താന്താം കറിന്താങ്ക*
*കിന്താങ്ക കറിന്താങ്ക കിന്താങ്ക"*
എന്നും പാട്ടിന്റെ വായ്ത്താരി -
*"പോലാ ലോം പോലാ ലോം*
*പോല ലാലേ പോലാ ലെ*
*പോലാലോം പോലാലോം*
*പോല ലാലേ പോലാലെ"* എന്നുമാണ്.

മലവായി ആട്ടം തുടങ്ങുമ്പോൾ കൊട്ടിന്റെ താളവും വായ്ത്താരിയും മാറും.

1-ാം മരം - *"ധിം ധിം ന്താ തടിം ധിന്ത ടിം താ*

2-ാം മരം - *തന്തരികിട് തന്തരികിട് താതാ"*
മരം, ചെണ്ട, കുഴൽ ഇത്രയുമാണ് വാദ്യോപകരണങ്ങൾ.
*"ആദി മലവാരോം കല്ലടിക്കോടല്ലോ....*
*കല്ലടിക്കോടല്ലോ.... മാണിക്ക മലനാട്...."*

തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പറയരുടെ ആദിമ അധിവാസകേന്ദ്രമാണ് കല്ലടിക്കോട് മലവാരം എന്നും അവിടെയാണ് മലവായി (ചെറുനീലി)യും മൂക്കൻചാത്തനും (മാണിക്കാരൻ) അധിവസിച്ചിരുന്നതെന്നും സൂചിപ്പിച്ചുകൊണ്ടാണ് 'മലവായിപ്പാട്ടു' തുടങ്ങുന്നത്. മൂക്കൻചാത്തൻ ഒരു നാൾ മലയടിവാരത്തിലൂടെ സഞ്ചരിക്കുമ്പോൾ തന്റെ തറയിൽ നൃത്തം ആടുന്ന മദാലസയായ മങ്കയെ കണ്ടപ്പോൾ-

*"........................പുഞ്ചിരിച്ചേൻ പാടിയേ"*

മലവായി ഉണ്ടോ മൂക്കൻചാത്തന്റെ പുഞ്ചിരിയിലും പാട്ടിലും മയങ്ങുന്നു! അപ്പോൾ മൂക്കൻചാത്തൻ ബലാൽക്കാരത്തിനു മുതിരുന്നു. എന്നാൽ "നിന്നെ ഒരു പാഠം പഠിപ്പിച്ചിട്ടേ ഉള്ളു" എന്നു മലവായിയും. തമ്മിൽ പൊരിഞ്ഞ യുദ്ധം,. വക്കാണം, വാക്കേറ്റം "കടുത്ത പോട്ടപ്പെട്ടി". ഒടുവിൽ ആരും ആരും പരാജയപ്പെടാതെയും എന്നാൽ ആരും ആരും ജയിക്കാതെയും തങ്ങൾ തുല്യശക്തികളെന്ന് അന്യോന്യം അംഗീകരിച്ച് സമരസപ്പെട്ട് "നഞ്ഞിലും നായാട്ടിലും" ഒന്നിച്ച് ഒന്നായിതീരുന്നു. ഇതാണ് കഥ. മലവായി ആട്ടത്തിനിടയ്ക്ക് സ്ത്രീകളുടെ മുടിയാട്ടവും നടത്തുന്നു. ആട്ടത്തിനിടയ്ക്ക് ചില നാടകരംഗങ്ങളുമുണ്ട് - മലവായിയും മൂക്കൻചാത്തനും വൈക്കോൽ തല്ലുന്നതും മുക്കൻചാത്തൻ അമ്പെയ്തു അപ്പ കോർക്കുന്നതും. രണ്ടുപേരും രമ്യതയിലായി എന്നു സൂചിപ്പിക്കുവാനാണിത്.

കൊടുമ്പ് അയ്യപ്പസ്വാമി ക്ഷേത്രത്തിലെ വേലക്ക് തലേന്നാണ് കാഞ്ഞിരക്കോട്ടെ മലവായിആട്ടം. ഒരു രാത്രി മുഴുവനും നീണ്ടു നില്ക്കുന്ന കൊട്ടും പാട്ടും ആട്ടവും. ഇടയ്ക്കു ക്ഷീണിക്കുമ്പോൾ ഇരിക്കാൻ ഉരലും കുടിക്കാൻ മദ്യവും ഉണ്ട്. മദ്യം മൃതസഞ്ജീവനിപോലെയാണ്. തീരെ തളരുമ്പോൾ തറയിൽ ശിരസ്സു മുട്ടിച്ചു നമസ്കരിച്ച്വേഷം അഴിക്കാം. അപ്പോൾ മറ്റൊരാൾ വേഷം കെട്ടി ആട്ടം തുടരും. അടുത്തദിവസം ഉച്ചകഴിഞ്ഞ് മലവായിയും മുക്കൻചാത്തനും തേരിലേറി കൊടുമ്പിലെ വേലയ്ക്കു പോകും.

മലവായിപ്പാട്ട്

*"ഒരുകണ്ണി വെറ്റിലാ ഒരുക്കു മരങ്ങളേ*
*ഒരുക്കി വെക്കേണെൻറപ്പൻ മക്കളേ....*
*മുപ്പത്തൊട്ടു പണോം കോടിമുണ്ടായിരോം*
*ഒരുക്കി വെക്കേണെൻറപ്പൻ മക്കളേ....*
*ഒരു മലരു മലയും ഒരു മലരാനോം*
*ഒരുക്കി വെക്കേണെൻറപ്പൻ മക്കളേ....*
*എളനീരായിരോം നാളികേരങ്ങളും*
*ഒരുക്കി വെക്കേണെൻറപ്പൻ മക്കളേ....*

പാട്ടുകാരന് വായിൽ വരുന്നതുപോലെ അങ്ങു പാടും. അടുക്കും ചിട്ടയും ഒന്നുമില്ല വാക്കുകൾക്ക് വ്യക്തതയും തീരെ കുറവ്. എങ്കിലും നീട്ടിയും കുറുക്കിയും എങ്ങിനെയെങ്കിലും താളം ഒപ്പിക്കും. തറവാട്ടിലെ ആബാലവൃദ്ധം ജനങ്ങളും അന്യദേശങ്ങളിൽ നിന്നെത്തുന്ന ബന്ധുമിത്രാദികളും ഈ പൂജയിലും, ആട്ടത്തിലും കൊട്ടിലും പാട്ടിലും എല്ലാം ഭാഗഭാക്കാവുന്നു. കുട്ടികളുടേയും യുവജനങ്ങളുടേയും സജീവ പങ്കാളിത്തം ഏറെ ശ്രദ്ധേയമാണ്. ഇത്രയേറെ താളബോധമുള്ള, ആചാര



നുഷ്ഠാനങ്ങളിൽ വ്യഗ്രതയുള്ള ഒരുസമൂഹം വേറെ ഉണ്ടോ എന്നു സംശയമാണ്. പരസ്പരം എന്തെല്ലാം കിടമത്സരങ്ങളും കലഹങ്ങളും ഉണ്ടായിരുന്നാൽ കൂടിയും എല്ലാം മറക്കുവാനും പൊറുക്കുവാനും വീണ്ടും യോജിക്കുവാനും ഇതൊരു വേദിയായിട്ടു കൂടി പ്രയോജനപ്പെടുത്തുന്നു എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. □

# നാടൻകഥ

## മോഹനൻ ടി.പി.

ഒരു പാവപ്പെട്ടവൻ ഉണ്ടായിരുന്നു. പത്തുവിരലിൽ ശർക്കര പുരട്ടുന്നു. ഇടക്കിടയ്ക്ക്വിരൽ നക്കുന്നു. ഇടക്കിടയ്ക്ക് ഒരു കൊട്ട് (അടി) കൊട്ടുന്നു. അങ്ങനെ ഒരു ദിവസം പുറത്തേയ്ക്ക് പോയപ്പോൾ പത്ത് ഈച്ച വന്ന് പിടിയ്ക്കുന്നു. കുറെശ്ശേയായി പത്തിൽ എട്ട് ഈച്ച ചത്തുപോകുന്നു. അന്നത്തെ രാജാവ് യുദ്ധം തോറ്റ് നിൽക്കുന്ന സമയത്ത്, ഒരുകിണർ ഉണ്ടായിരുന്നു. ഈ കിണറിൽ വെള്ളം കോരാൻ പല ആളുകൾ വരിവരിയായി പോയിരിയ്ക്കുന്നു. പോയി ഇരിയ്ക്കുന്ന സമയത്ത് എട്ട് ഈച്ചയെ കൊന്നവൻ പറഞ്ഞു. ഏടി എനിയ്ക്ക് ഒരു കാര്യം പറയുവാൻ ഉണ്ട്. പെണ്ണ് ചോദിച്ച ഞാനത് എങ്ങനെ പറയണ്ടെ. ഏടി ഒരടി എട്ടു ആളെ കൊന്നു പുറത്ത് ഈ കാര്യം മിണ്ടരുത്. കാരണം നീ മിണ്ടി കഴിഞ്ഞാൽ ഒരടി ഞാൻ ഒരാളെ കൊന്നു. ഈ കാര്യം ഈ രാജ്യത്ത് ഈ വിവരം പറയാതെ, രാജാവിനോട് നീ പറഞ്ഞു കഴിഞ്ഞാൽ എന്നെ രാജാവ് വിളിയ്ക്കും. നമ്മുടെ രാജ്യം തോറ്റ് നിൽക്കുന്നു എന്ന് രാജാവ് പറഞ്ഞു നമ്മുടെ രാജ്യം ജയിച്ചാൽ രാജകൽപ്പന പറഞ്ഞു. അപ്പോൾ രാജാവ് പറഞ്ഞു. എൻെറ രാജ്യത്തോട് എൻെറ സ്വന്തം ഇളയമകളെ കല്യാണം കഴിച്ചുതരാമെന്ന് പറഞ്ഞു, ചെമ്പോട്ടി. അങ്ങനെ ഈ ചെമ്പോട് (അതായത് ഈ പാവപ്പെട്ടവൻ) കുതിരപ്പുറത്ത് കയറാൻ പറഞ്ഞുന്ന്. രാജാവിൻെറ ഭടൻമ്മാർ ചെമ്പോട്ടിയെ കുതിരപ്പുറത്ത് പിടിച്ചു കയറ്റി. ഈ ചെമ്പോട്ടി അങ്ങനെ യുദ്ധകളത്തിലേയ്ക്ക് പോകുന്നു. അതേ സമയത്ത് ചെമ്പോട്ടിക്ക് വിവരമില്ല പോകുന്ന വഴിയ്ക്ക്, ഒരു തെങ്ങ് കെട്ടിപിടിച്ച് അങ്ങനെ ചെമ്പോട്ടി യുദ്ധകളത്തേയ്ക്ക് പോകുന്നു. അപ്പോൾ രാജാവ് പേടിച്ച് ഞങ്ങളുടെ രാജാവ് ജയിച്ചു. യുദ്ധക്കളത്തിൽ കുതിരയെ നിർത്തുവാൻ പറഞ്ഞു.

കുതിര നിറുത്തുവാൻ പറഞ്ഞപ്പോൾ ചെമ്പോട്ടിയ്ക്ക് അറിഞ്ഞുകൂടാ അപ്പോൾ രാജ്യം ജയിച്ചു കൊണ്ടിരിയ്ക്കുന്നു. ചെമ്പോട്ടി യുദ്ധം ജയിച്ചു വീണ്ടും രാജാവിൻെറ അടുത്തേയ്ക്ക് പോയി. രാജാവ് അന്ന് പറഞ്ഞത് യുദ്ധം ജയിച്ചു ചെമ്പോട്ടി എന്നാണ്രാജാവ് വാക്കാൽ പറഞ്ഞത് സ്വത്തിൽ പകുതിയും, പണത്തിൽ പകുതിയും എൻെറ ഇളയമകളെ കല്യാണം കഴിച്ച് കൊടുയ്ക്കും എന്നും പറഞ്ഞു അപ്പോൾ ചെമ്പൊട്ടി പറഞ്ഞത് രാജാവ് ഇത് ഒന്നും വേണ്ട എനിയ്ക്ക്. ഒരു അഞ്ചിടങ്ങാഴി നെല്ലും എനിയ്ക്ക് നാല് കൊത്തതേങ്ങയും അഞ്ചു കിലോ ശർക്കരയും തന്നാൽ മതി ഇതിൻെറ ഫലം ഇതാണ്. ഇത്കൊണ്ട് ചെമ്പോട്ടി വീട്ടിൽപ്പോയി. അപ്പോൾ ഭാര്യ വിചാരിച്ചു രാജാവ് കൊടുത്ത നിധിയാണ്. അരുത് ഇരിക്കടി പെണ്ണും പിളള നെല്ല്, ശർക്കര മുതലായവ കൊണ്ടുചെന്നപ്പോൾ ഇത്രയും കാലം പണിയെടുത്തപ്പോൾ രാജാവിൻെറ അടുത്ത്നിന്ന് കിട്ടിയതാണോ ഇതൊക്കെ വേഗം സ്ഥലം വിടാൻ ഭാര്യ പറഞ്ഞു. കൂടാതെ വീട്ടിലെചൂലും കെട്ട് കൊണ്ട് ആഞ്ഞു. ഉടനെ ചെമ്പോട്ടി പോകുന്നു. അങ്ങനെ തിരിച്ച് ചെന്നപ്പോൾ ഒരു കിളവിയുടെ വീട്ടിൽ ചെന്നു. തള്ളേ ഇത്തിരി ചക്കര കഞ്ഞിവച്ചു തരുവാൻ ചോദിച്ചു. അപ്പോൾ അടുത്ത വീട്ടിൽ ചെന്ന് ചക്കരകഞ്ഞി വച്ചു തരാം പറഞ്ഞു. ചക്കരകഞ്ഞിവച്ച് തള്ളയുടെ വീട്ടിൽ വന്നു. ചോദിച്ചു പോട്ടെ പായസം കുറച്ച് ഉള്ളതിനാൽ കഞ്ഞിവച്ച് താരം എന്ന് പറഞ്ഞു തള്ള. നീ ഒരു കാര്യം ചെയ്യ് വൈകീട്ട് 8 മണിക്ക് ഈ സാധനങ്ങൾ ഒക്കെ തന്നിരിയ്ക്കും. നീ പോകുമ്പോൾ വിളക്കിൻെറ തിരി കുറച്ചു വയ്ക്കണം വീട്ടിലെ പെണ്ണുങ്ങൾ തിരി കുറച്ചു വയ്ക്കും. അങ്ങനെ ചെന്നു കഴിഞ്ഞപ്പോൾ ഈ പാത്രത്തിൽനിന്ന് ഇഡ്ഡലി ഇടിയ്ക്കുന്നു. ചെമ്പോട്ടി വിചാരിച്ചു ഇതാണ് നമ്മുടെതക്കം. ചെമ്പോട്ടി നെല്ല്കൊണ്ട് പോയിട്ട് എന്നെ പറ്റിച്ച് ഇതെല്ലാം തക്കം. ഈ തക്കം കണ്ട്ചെമ്പോട്ടി ഒന്ന് വായ ഇട്ടത് കണ്ട് ചിക്കണ്ടി. അപ്പോൾ ചെമ്പോട്ടി അടുത്തേയ്ക്ക് പട്ടാളക്കാർ വരുന്നു. പട്ടാളക്കാർ വന്ന തക്കത്തിൽ വേഗം (കോട്ടപ്പുറം അഥവാ പറം) ചെമ്പോട്ടി എടുത്ത് പൂത്തി മകൾ പറഞ്ഞു. അപ്പോൾ ചെമ്പോട്ടിയുടെ ആണ് മുറി.അപ്പോൾ പട്ടാളക്കാർ വന്നപ്പോൾ ചോദിച്ചു പട്ടാളക്കാരാം, എന്തെങ്കിലും കേൾക്കുന്നേ അപ്പോൾ പറഞ്ഞു പെറ കെട്ടിട്ട് തച്ചൂട്ട് - ചെയ്ത (പായസ വീട്) അത് ഇല്ലാത്ത കാര്യം. തലചുമട് ഇല്ലാത്തതുകൊണ്ടാണ് ബുദ്ധിമുട്ട് എന്ന് ഭാര്യ പട്ടാളക്കാരനോട് പറഞ്ഞു.അപ്പോൾ കുതിരക്കാട്ടിയത് ഒരു മരത്തിൽ പട്ടാളക്കാരൻ കയറാൻ വേഗം അനുവദിച്ചില്ല കുതിരയുടെ പുറത്തു കയറാനും അയച്ചില്ല കുതിരക്കാരൻ വേഗം കടിഞ്ഞാൺ വലിച്ചു പിടിച്ചു. പിടിച്ചു കഴിഞ്ഞപ്പോൾ കെട്ടിയകുറ്റി കുതിര വലിച്ചുകൊണ്ട്പ്പോയി. ചേട്ടനും, അനിയനും അങ്ങനെ നോക്കുന്നു അപ്പോൾ അനിയൻ ചേട്ടനോട് തച്ചൂട്ട് (പായസം) ഞാൻ കഴിച്ചേക്കാം എന്ന് പറഞ്ഞ് കഥ അവസാനിക്കുന്നു. □

# മുക്കുവനെഴുത്തില്ല

# കാട്ടുപാട്ടുകൾ

## മോഹനൻ ടി.പി.

തവളപാട്ട്, കുരങ്ങ് പാട്ട്, കുരാൻപാട്ട്, ആനപാട്ട്, കോഴിപാട്ട്, പന്നിപ്പാട്ട്, കല്ല്യാണപ്പാട്ട് എന്നിവ കാടരുടെ പാട്ടുകളിൽപെടുന്നതാണ്.

*തനതനിതന്നിനെ തതനന്നിനന്നിനെ*
*കൂരാനെ കൂരാനെ വാ (2)*
*താൻറികായ തിന്നുവാ കൂരാനേ നെല്ലികായ കൊണ്ടുവാ കൂരാനെ (2)*
*കൊട്ടകായക്കിൻറുവാ കൂരാനേ, ലാല ലലീലേ, ലാലലല്ലിലേ*
*കൊണ്ടേ ചരിചരിങ്കോ (2)*
*അവൾ മനം അവൾ പാടി*
*താതന തനാനാ നേ (2)*
*ചെട്ടി കുരങ്കേ വലാ വാല നീട്ടിവാ ചെട്ടി കുരങ്കേ*
*താന്തികായതിന്നു, വാ ചെട്ടികുരങ്കേ (2)*
*പാട്ടി വരാൻ തവളേ പേരൻ വരാൻ തവളേ*
*മേഘല താളം ഇരുക് കിഴക്കന്താളം ഇർക്ക് (2)*
*നനാ നനി നേ തനന നിനേ, തനനതിനേ, തനതിനേ*
*പോറു പോറു തവളേ*
*ചാന്തിയോ ചാന്തിയോ ആനായാനൻ വറാതാൻ (2)*
*കൊടി ഏറടി ആനയാനൻ വറാതാൻ*
*കുറു കുറു പറയാതെ, ആനയാനൻ വറാതാൻ (2)*
*എൻ കോഴി പോടതാൻ (2)*
*തനേ തനനേ, തനേ തനനേ (2)*
*എൻ കോഴി പോട താൻ*
*പിടിച്ചിര് താരാടി*
*പിടിച്ചിര് താരാടി (2)*
*കൊക്കേ കളയാതെ കോഴി എൻ കോഴി (2)*
*കൊക്കേ കളയാതെ കോഴി എൻ കോഴി (2)*
*പോടാ താനേ പിടിച്ചിര് താരാടി*
*പെണ്ണുക്ക് പൂപന്തൽ ആണ് ആ അമരപന്തൽ*
*തണ്ണിപന്തൽ, ധർമ്മ പന്തൽ, താലികെട്ടാ പന്തൽ ചോര് (2)*
*വയീ കെടക്കണ പാമ്പ് വഴിയിൽ തടുത്തു*
*പാണ്ടി വര മക്കടെ, പാണ്ടി വര മക്കടാ (2)*
*താനിതന്നേ താനിനത്തെ താനിനത്തെ (2)*
*ലലലല്ലിലേ, ലലലല്ലീല്ലേ*
*തൊള്ളചരവിളത്തു താനിതന്നീതേ (2)*

കുറുമ്പ നാടൻപാട്ട്

*കെട്ടുമണ്ണാർ കാട്ടാല ചന്ത കാണാൻ പോണ്*
*പച്ച മീനോട് വളമീൻ, തൊളമീൻ വളഞ്ഞ ചെമ്മീനേ*
*ഒരു തരം മാന്തളാർ, കൂന്തളാർ നുള്ളിക്കുട്ടി*
*കൊച്ചിലെങ്ങും പെണ്ണിലാണ്ടും, കോഴിക്കോട്ടും പെണ്ണിലാണ്ടും*
*മ്മദ് കാക്കൻെറ പെണ്ണിനെ കണ്ടു*
*പെണ്ണു കണ്ടാൽ അഴകേറും വീടു കണ്ടാൽ ശോഭ തോന്നും*
*പെണ്ണിൻറമ്മടെ മോന്ത കണ്ടാൽ തൊഴിയ്ക്കാൻ തോന്നും*
*മണവാട്ടി മരുമകളെ*
*മണിയറ താൻ വാതിൽ തുറ*
*അച്ചപ്പം ചുട്ടുതരാം, നെയ്യപ്പം വറുത്തുതരാം*
*ഈരേഴ് മൊഴമുണ്ട് തലയ്ക്ക് പൊന്നെഴുത്തുണ്ട്*
*തിരുമല രാജൻെറ രാജത കുട്ടി തന്നോരു ചേല*
*ചേലയും ഞൊറിഞ്ഞൊടുത്ത് വാത്ക്കൽ വന്ന്നിന്ന്*
*വാതിലിൻെറ സാക്ഷ തട്ടി ചേലയും കീറി*





ചേല കീറിയത് കൊണ്ടല നാശം
കീറി പോയത് കൊണ്ടല മോശം
നാളെയെൻറമാളര് കേട്ടാൽ
ആക്ഷേപിച്ചിടും തിത്താ തരികിട
തരികിട തരികിട ത്തോ

**നാടൻപാട്ടുകൾ**

നിങ്ങളുടെ നാട്ടിലൊക്കെ എന്തു തൊഴിൽ ആണിടൊ
ഞങ്ങളുടെ നാട്ടിലൊക്കെ കന്നു പൂട്ടൽ ആണിടൊ
കന്നു പൂട്ടൽ എങ്ങനെടീ മോതിര കുറത്തി
കന്നു പൂട്ടൽ തിങ്ങനെ പിന്നെങ്ങനെ ഇങ്ങനെ
നിങ്ങളുടെ നാട്ടിലൊക്കെ എന്തു തൊഴിൽ ആണിടൊ
ഞങ്ങളുടെ നാട്ടിലൊക്കെ കട്ടതല്ലൽ ആണിടൊ
കട്ടതല്ലൽ എങ്ങനെടീ മോതിര കുറത്തി (2)
കട്ടതല്ലൽ തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
ഞങ്ങളുടെ നാട്ടിലൊക്കെ എന്തു വിതയാണടൊ
വിത്തു വിതാ എങ്ങനെടീ മോതിര കുറത്തി
വിത്തു വിതാ തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
നിങ്ങളുടെ നാട്ടിൽ ഒക്കെ എന്തുതൊഴിൽ ആണിടൊ
ഞങ്ങളുടെ നാട്ടിൽ ഒക്കെ ഞാറുപറി ആണിടൊ
ഞാറുപറി എങ്ങനെടീ മോതിര കുറത്തി
ഞാറുപറി തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
ഞങ്ങളുടെ നാട്ടിലൊക്കെ ഞാറുനടൽ ആണിടൊ
ഞാറു നാടൽ തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
നിങ്ങളുടെ നാട്ടിൽ ഒക്കെ എന്തുതൊഴിൽ ആണിടൊ
ഞങ്ങളുടെ നാട്ടിലൊക്കെ കൊയ്ത്തും മെതിയും ആണിടൊ
കൊയ്ത്തും മെതിയും എങ്ങനെടീ മോതിര കുറത്തി
കൊയ്ത്തും മെതിയും തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
ഞങ്ങളുടെ നാട്ടിൽ ഒക്കെ ചേറ്റും മെതിയും ആണിടൊ
നിങ്ങളുടെ നാട്ടിൽ ഒക്കെ എന്തുതൊഴിൽ ആണിടൊ
ഞങ്ങളുടെ നാട്ടിൽ ഒക്കെ വിത്തളവ് ആണിടൊ
വിത്തളവ് എങ്ങനെടീ മോതിര കുറത്തി
വിത്തളവ് തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ



ഞങ്ങളുടെ നാട്ടിലൊക്കെ നെല്ലു പുഴങ്ങലാണിടൊ
നെല്ലു പുഴങ്ങൽ എങ്ങനെടീ മോതിര കുറത്തി
നെല്ലു പുഴങ്ങൽ തിങ്ങനെ പിന്നിങ്ങനെ ഇങ്ങനെ
ഇങ്ങനെ പിന്നിങ്ങനെ ഇങ്ങനെ പിന്നിങ്ങനെ
ഇങ്ങനെ പിന്നിങ്ങനെ ഇങ്ങനെ പിന്നിങ്ങനെ

നുണപ്പാട്ട്

മോതിരത്തിനു കല്ലുവച്ച
നുണപറയാൻ കേൾക്കുന്നോ കൂട്ടുകാരെ, കൊച്ചുകൂട്ടുകാരെ, കൊച്ചുകൂട്ടുകാരെ
നുണയും പറയരുത് പഴമക്കാ
പഴമക്കാ കേൾക്കരുത്
പതിരില്ല കാര്യമാണ് പെരുത്തമാണ്.
ഇടവഴിയിൽ കൂടി രണ്ടു കപ്പലുപ്പോയി
കപ്പലുമുട്ടി രണ്ടീച്ചയും ചത്തു
ഈച്ച തോലുകൊണ്ട് രണ്ട് ചെണ്ട പൊളിച്ചു
ചെണ്ട മൂന്ന് കേട്ടപ്പോൾ മാനം ഇടിഞ്ഞു.
മാനത്തിരുത്താനായ് തുണി വേണം പിണിവേണം
പിണികൊണ്ട് വരുവാനായ് കടൽ കടക്കണം.
കടലിലുള്ള കക്ക വാരി കൊച്ചിയിൽ എത്തി
കൊച്ചിയിലൊരച്ചിയ്ക്ക് മീശയും വന്നു.
മീശ കണ്ട് പേടിച്ച് കോഴിയും കൂവി
കോഴികുഞ്ഞു കൂവിയപ്പോൾ നേരം വെളുത്തു
നേരം വെളുത്തപ്പോൾ സൂര്യൻ ഉദിച്ചപ്പോൾ
നുണയെല്ലാ പോയല്ലോ കപ്പലുകേറാൻ

നാടൻപാട്ട്



തൃശൂർ പൂരം കണ്ടിട്ടുള്ളൊരു മഹിമ
എടുത്തു പാടുന്നു അച്ചേ ലക്ഷ്മിക്കുട്ടി പുത്തമ്മ
ആന വരണ് പെണ്ണേ ആന വരണ് പെണ്ണെ
നമ്മുടെ തമ്പുരാൻെറ ആന വരണ് പെണ്ണെ
കാലും വാലും നാലും തലയും തുമ്പിക്കൈയും
മതികരണമൊത്തൊരു കൊമ്പനാന
മായച്ചാൻെറ മല്ലീമുണ്ടിൽ അരികിലൊരൊട്ട
ചീരുമണ്ണാത്തി ചെയ്തതാണ്
ചീത്ത പറയുക വേണ്ട
കാളിയമ്മയുടെ കച്ചമുറി കണ്ടൻ കുളത്തിൽപ്പോയി
അലക്കു കൂലി പിടിക്കവേണ്ട
നാളെ ആരാരു കൊണ്ടാരു തരാം □

# ഓണക്കളി

## കെ.സി.വേലായുധൻ

പുലയസമുദായക്കാർ ഓണം, വിഷു ആഘോഷങ്ങൾക്ക് ഓണക്കളി അവതരിപ്പിക്കുന്നു. മൂന്നുമണിക്കൂർ നീണ്ടുനിൽക്കുന്ന ഈ വട്ടക്കളി ദേവിപ്രീതിക്കും വിനോദത്തിനും ഉപകരിക്കുന്നു. നൃത്തത്തിന് ഏകദേശം 20 പേർ വേണം.

പാട്ട് : തെക്കൊരു മുത്തൻ വടക്കൊരു മുത്തൻ
കൊച്ചു മുത്തൻ വരവുണ്ട്.. (തെ)
അവൻ തരണ്ടത് ഞാൻ തരാമെടി വേശപ്പെണ്ണേ തകതത്താ... (അവൻ)
മാപ്പിളമാരുടെ വരവൊഴിക്കടി വേശപ്പെണ്ണേ തകതത്താ... (മാ)
അവൻ തരണ്ടത് ഞാൻ തരാമെടി വേശപ്പെണ്ണേ തകതത്താ... (തെക്കൊ)
പിന്നട്ടൊരുടെ വരവൊഴിക്കടി വശപ്പെണ്ണേ തകത്തൊ... (പി)
തെക്കൊരു മുത്തൻ..

വടക്കൻപാട്ട് : ഒരാൾ :- എവ്ടന്നു വരണെടാ പാണാ നീയ്.. അങ്ങനെ

എവ്ടന്നു വരണടാ പാണാ നീയ്...?
പാണൻ :- പുത്തൂരം വീട്ടിന് വരണടിയൻ - അങ്ങനെ
പുത്തൂരം വീട്ടിന് വരണടിയൻ...
ഒരാൾ :- പുത്തൂരം വീട്ടിലിന്നെന്താണെടാ - അങ്ങനെ
പുത്തൂരം വീട്ടിലിന്നെന്താണെടാ...?
പാണൻ :- പുത്തൂരം വീട്ടിലിന്നാണ്ടല്ലാണേ - അങ്ങനെ
പുത്തൂരം വീട്ടിലിന്നാണ്ടല്ലാണേ...
ഒരാൾ :- പുത്തൂരം വീട്ടിന്നിന്നെന്തു കിട്ടി... അങ്ങനെ
പുത്തൂരം വീട്ടിന്നിന്നെന്തു കിട്ടി...?
പാണൻ :- തേക്കുമ്പോൾ ചെന്നാല് എണ്ണ കിട്ടും-
ഉണ്ണുമ്പോൾ ചെന്നാല് ഊണ് കിട്ടും
ഒരാൾ :- എന്തെല്ലാമാണെടാ പാണാവിടെ...? - അങ്ങനെ
എന്തെല്ലാമാണെടാ പാണാവിടെ...?
പുത്തൂരം ചേകവരുണ്ടോ പാണാ
അങ്ങനെ - ആരോമച്ചേകവരുണ്ടോ പാണാ...?
പാണൻ :- ആരോമൽച്ചേകവർ മരിച്ചുപോയി - അങ്ങനെ
ആരോമൽച്ചേകവർ മരിച്ചുപോയി...
ഒരാൾ :- എങ്ങനെ മരിച്ചെടാ ചേകവര് - അങ്ങനെ
എങ്ങനെ മരിച്ചെടാ ആരോമര്...?
പാണൻ :- അങ്കത്തിനുപോയി മരിച്ചു ചേകോൻ - അങ്ങനെ
അങ്കത്തിനു പോയി മരിച്ചു ചേകോൻ...
ഒരാൾ :- അക്കഥ നീയും... ചൊല്ലു പാണാ അങ്ങനെ അക്കഥ
നീയും ചൊല്ലു - പാണാ...
പാണൻ :- പുത്തൂരം ആരോമച്ചേകവരും അരിങ്ങോടരുമായിട്ടങ്കം വെട്ടി
അങ്കത്തിൽ ആരോമൽ ജയിച്ചു വന്നു - അങ്ങനെ
അങ്കത്തിൽ ആരോമൽ ജയിച്ചു വന്നു...
അങ്കം ജയിച്ച തളർച്ചയോടെ അങ്ങനെ - അങ്കം ജയിച്ച
തളർച്ചയോടെ... ചന്തുൻെറ മടിയില്
തലയും വെച്ചു - അങ്ങനെ (ച)
ആരോമൽ മയങ്ങിയ തക്കം നോക്കി - അങ്ങനെ (ആ)
കുത്തുവിളക്കിൻെറ തണ്ടെടുത്ത് - അങ്ങനെ (കു)
കച്ചുമുറിവിലും കേറ്റി ചന്തു അങ്ങനെ മരിച്ചു ആരോമലും-
അങ്ങ്നെ - അങ്ങനെ മരിച്ചു ആരോമലും... □

# കോലംകളി

**കെ.സി.വേലായുധൻ**

അമ്മദൈവാരാധനാ സങ്കല്പത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ഒരു നാടൻകലയാണ് കോലം കളി. അമ്മദൈവം എന്നു പറഞ്ഞാൽ അമ്മദേവി എന്നാണ്. പരമശിവൻെറ മോളായ ശ്രീകുറുമ്പയെ (ഭദ്രകാളി)യാണ് ഇവിടെ ദേവിയായി വിചാരിക്കുന്നത്. അങ്ങനെ ശ്രീഭദ്രകാളിയുടെ കോലം (വേഷം) കെട്ടി വാദ്യങ്ങളോടു കൂടി കലാകാരൻ ആടിക്കളിക്കുന്നു. ഭദ്രകാളിയുടെ കോലം കെട്ടിയതാണ് ഈ നാടൻകലക്ക് കോലംകളി എന്നുപേരു പറയാൻ കാരണം. ഈ നാടൻകല അവതരിപ്പിക്കുന്നത് 'പറയൻ' സമുദായത്തിലെ ആളുകളാണ്. ദേവി കുടിയിരുന്നതിനുശേഷം 'പറയനെ' വിളിച്ചുവരുത്തി ഇനി മുതൽ നീയാണ് എൻെറ കോലം കെട്ടി അമ്പലങ്ങളിൽ ആടേണ്ടത്, എൻെറ ജീവിതകഥ മുഴുവൻ നീ പാടിക്കളിക്കണം. നിനക്കാണ് അതിൻെറ 'അകവാശം' (അവകാശം). അന്നു മുതൽക്കാണ് 'പറയൻ' 'കോലംകളി' തുടങ്ങുവാനുള്ള കാരണം എന്നാണ് ഐതിഹ്യം. തിറ തീണ്ടുന്നതിനു മുമ്പ് കലാകാരന്മാർ ദേവിയെ മനസ്സിൽ ധ്യാനിച്ച് വേഷമിടുന്നു. വളരെ മനോഹരമാണ് 'കോലംകളി'യുടെ വേഷം. കോലംകളിയിൽ പ്രധാനമായും രണ്ടു വേഷങ്ങളാണുള്ളത്. ഒന്ന് ദേവിയുടെ കോലവും രണ്ട് മുക്കൻചാത്തൻെറ കോലവും. അതിൽ ദേവിയുടെ കോലം എന്നു പറഞ്ഞാൽ ശ്രീഭദ്രകാളിയുടെ കോലമാണ്. രണ്ടാമത്തെവേഷം മൂക്കൻചാത്തൻേറതാണ് അഥവാ 'കുളി'യുടേതാണ്. ദേവിയുടെ വാഹനമാണ് കുളി. ഇതിന് നാലായിരം കോടി ഭൂതഗണങ്ങളെ കയറ്റാനുള്ള ശക്തിയുണ്ട്. അതോടൊപ്പം തന്നെ വളരെ നല്ല രസികൻ കഥാപാത്രവുമാണ് ഇത്. അങ്ങനെ ദേവിയെ മനസ്സിൽ ധ്യാനിച്ച് വേഷമിടുകയായി. കഞ്ഞിവെള്ളം പിഴിഞ്ഞ വെള്ളമുണ്ട് ഞെറിഞ്ഞ് അരയിൽ കുത്തിയുടുക്കുന്നു. പട്ടയിൽ ചുവപ്പ് നിറമായിരിക്കും. ഞെറിക്ക് മീതെ 16 മുഴം നീളമുള്ള ചോന്ന കച്ചയിടുന്നു. പിന്നീട്





മലയരുടെ നൃത്തം

മാർതാലി ഇടുന്നു. മാർതാലി എന്നുപറഞ്ഞാൽ മാറിലണിയാനുള്ളതും കഴുത്തിലണിയാനുള്ളതുമായ ആഭരണങ്ങൾ കൂട്ടിയിണക്കിയിരിക്കുന്നു. അങ്ങനെ ഓടുകൊണ്ടുള്ള മാർതാലി കലാകാരൻ എടുത്തണിയുന്നു. ഇനിയുള്ളത് 'ചെട്ട്യാൻ ചെകറ്' ആണ്, ചെട്ട്യാൻ ചെകറ് എന്നു വച്ചാ ചെവിയും മൂക്കും ബന്ധിപ്പിക്കുന്ന ആഭരണം എന്നാണ്. അങ്ങനെ ഓടുകൊണ്ടുള്ള ചെട്യാൻ ചെകറ് അണിഞ്ഞതിനുശേഷം വെഞ്ചിംപീലിം ധരിക്കുന്നു. കൈയിൻെറ ഒരറ്റത്ത് ധരിക്കുന്നത് വെഞ്ചിയും കൈയിൽ അണിയുന്നത് പീലിയുമാണ്. ഈ പീലിയായി ഉപയോഗിക്കുന്നത് വട്ടൂരം എന്ന മരത്തിൻെറ തോലോ അല്ലെങ്കിൽ വെണ്ടക്കാ ചെടിയുടെ തോലോ ആണ്. ഇനി കാലിലെ ആഭരണമാണ്. കാലിൽ കാളിയുടെ ഇഷ്ട ആഭരണമായ ചിലമ്പാണ് ഇടുന്നത്. ഇത്രയുംആയാൽ ശരീരത്തിലെ വേഷങ്ങളായി. ഇനിയുള്ളത് കിരീടമാണ്. മുളകൊണ്ട് നെയ്ത 96 കള്ളികളുള്ള കിരീടമാണ് കോലം കളിക്ക് ഉപയോഗിക്കുന്നത്. ഈ 96 കള്ളിയിലും ഈശ്വരന്മാരുണ്ട് എന്നാണ് വിശ്വാസം. 96 കള്ളിയിൽ കുറഞ്ഞ കിരീടം വക്കാൻ പാടില്ലെന്നാണ് അവര് വിശ്വസിച്ചു പോരുന്നത്. കിരീടത്തിൽ കറുത്തതും വെളുത്തതും നിറങ്ങൾ ഇടകലർന്ന് ചാർത്തുന്നു. ഇങ്ങനെ അലങ്കരിച്ച കിരീടവും കൂടി ധരിച്ചു കഴിഞ്ഞാൽ കോലംകളി ആരംഭിക്കുകയായി.

കലാകാരന്മാരുടെ വേഷമിടൽ കഴിഞ്ഞാൽ വാദ്യം ഒരുങ്ങുന്നു. രണ്ടു മരവും ഒരുകുഴലും ഒരു ചെണ്ടയും ചേർന്നതാണ് വാദ്യക്കാർ. 'മരം' എന്നാൽ ഒരു വാദ്യോപകരണമാണ്. 'കുഴൽ' ഒരു സംഗീത ഉപകരണമാണ്. മരം എന്ന വാദ്യോപകരണം ഉണ്ടാക്കുന്നത് പ്ലാവിൽ തടി കൊണ്ടാണ്. ഏകദേശം മൂന്ന് ചാൺ നീളമുള്ളപ്ലാവിൻ തടിയെടുത്ത് തുരന്ന് പശുവിൻെറ തോലെടുത്ത് കൊല്ലനെക്കൊണ്ട് മാടിക്കുന്നു. 'കൊയിൽ' (കുഴൽ) മരംകൊണ്ട് തന്നെയാണ് ഉണ്ടാക്കുന്നത്. പിന്നെ വലംതലക്ക് ഒരു ചെണ്ടയും. കലാകാരന്മാർ ഒരുങ്ങിക്കഴിഞ്ഞാൽ തിറ (തറയാണ് ഉദ്ദേശിക്കുന്നത്) തീണ്ടുന്നു. ആ തിറയിലാണ് കോലം കളിക്കുന്നത്. വേഷമിട്ടു കഴിഞ്ഞാൽ കലാകാരന്മാർ 'ദേവിയും, മുക്കൻചാത്ത'നുമാണ്. കോലംകളിയിൽ വാദ്യക്കാരുടെ പാട്ടിനനുസരിച്ച് വേഷക്കാർ കളിക്കുന്നു. കളിയിലെപാട്ടിൽ പ്രധാനമായും ദാരികൻ എന്ന അസുരൻെറ ജനനം മുതൽ അവൻ ബ്രഹ്മാവിനെ തപസ്സു ചെയ്ത് വരം വാങ്ങുന്നതും വരം വാങ്ങിയ അഹങ്കാരത്തിൽ ദേവഗണങ്ങളെ അവൻ ആക്രമിക്കുന്നതും. കോപിഷ്ഠനായ പരമശിവൻെറ മൂന്നാം കണ്ണിൽനിന്നും വന്ന അഗ്നിയിൽ ഉണ്ടായ ശ്രീ ഭദ്രകാളിയുടെ കോപവും വീര പരാക്രമങ്ങളും പിന്നീട് ദാരികനെ വധിക്കുന്നതുവരെയാണ്. ദേവിയെ വർണ്ണിച്ചു പാടുന്ന പാട്ടുകളും ഒരു പാടുണ്ട്.

*"വാഴ്ക... വാഴ്കമ്മേ... കെഴക്കുദിവാരം... പടിഞ്ഞാറസ്തമയം..."* എന്നു തുടങ്ങുന്ന വളരെ മനോഹരമായ ആ പാട്ട് ഒരു കർണ്ണാടക സംഗീതജ്ഞൻ കീർത്തനം ആലപിക്കുന്നതുപോലെ ഏതെങ്കിലും വാദ്യക്കാരൻ മരത്തിൽ കൊട്ടിപ്പാടുന്നു. ഈ പാട്ടിൻെറ പ്രത്യേകതയാണ് പാടുന്നയാൾ കൊട്ടുകയും അവരുടെ താളക്രമത്തിനനുസരിച്ച്ശരീരം അനക്കുകയും ചെയ്യുന്നത്. പാട്ടുകാരൻെറ ഒരു താളവട്ടം പാട്ടു കഴിഞ്ഞാൽ മറ്റു വാദ്യക്കാർ ഏറ്റു പാടുന്നു. ആട്ടക്കോൽ, ഗണപതികോൽ, പാട്ടുകോൽ, ഒറ്റക്കയ്യൻ എന്നിവയാണ് താളങ്ങൾ

*"കിന്താന്തക്കിടി, ... കടിന്തക്കം, .........*

*ടിം... താട്ടീം... താട്ടീം... ത..."* ഇവയാണ് ആ താളങ്ങളുടെ വായ്ത്താരികൾ. വാദ്യക്കാരൻ

താളത്തിനനുസരിച്ചുള്ള പാട്ട് പാടുമ്പോൾ മറ്റുവാദ്യക്കാർ ഏറ്റുപാടുകയും കൊട്ടുകയും ചെയ്യുന്നു. വേഷമിട്ടവർ താളങ്ങളുടെ വായ്ത്താരിക്കനുസരിച്ച് ഒരു പ്രത്യേക ചുവട് വച്ച് ആടിക്കളിക്കുന്നു. കോലംകളിയുടെ ഒരു പാട്ടും അതിൻെറ താളങ്ങളും കഴിയണമെങ്കിൽ ചുരുങ്ങിയത് മൂന്ന് മണിക്കൂറെങ്കിലും വേണം. അങ്ങനെയുള്ള നിരവധി പാട്ടുകളുണ്ട്. കോലംകളി ഒരു അനുഷ്ഠാന കലയാണെങ്കിലും വിവിധ സന്ദർഭങ്ങളിൽ ആവശ്യപ്പെടുന്നതനുസരിച്ച് കളിക്കാറുണ്ട്. 18 ½ കാവിലേക്ക് വേലയുടെ സമയത്താണ്ഈ നാടൻകല ശരിയായും അവതരിപ്പിക്കുന്നത്. കുംഭത്തിലും മീനത്തിലും. ജില്ലയുടെ പലഭാഗത്ത് ഉണ്ടെങ്കിലും വളരെ ചുരുക്കം ചില കലാകാരൻമാർക്കേ ഈ കലയുടെ ചരിത്രം അറിയൂ. തൃശൂർ ജില്ലയിൽ നിന്ന്, മാറി വടക്കൻ ജില്ലകളിലേക്കായാലുംതെക്കൻ ജില്ലകളിലേക്കായാലും പോയാൽ അവിടത്തെ പാട്ടിൻെറ ഈണത്തിനും താളങ്ങൾക്കും വ്യത്യാസമുണ്ട്. കാസർകോടും മറ്റുമുള്ള തെയ്യങ്ങൾ ഇതിൻെറ വകഭേദമെന്നാണ് കലാകാരൻമാരുടെ വിലയിരുത്തൽ. ഇന്നും പ്രചാരത്തിലുള്ള ഒരുനാടൻ കലയാണ് കോലംകളിയെങ്കിലും പല പ്രദേശങ്ങളിലുമുള്ള ആളുകൾ ഇത് കണ്ടിട്ടില്ല ഒരു പരമ്പരാഗതകലയാണ് കോലംകളി. ഈ കലയുടെ ഉല്പത്തിയെക്കുറിച്ച് കലാകാരൻെറ ദൃഷ്ടിയേക്കാൾ കൂടുതലായൊന്നും അന്വേഷകന് അറിയില്ല എങ്കിലും കലാകാരൻമാർ പറയുന്നത് വളരെ പഴക്കമുള്ള ഒരു നാടൻകലയാണെന്നാണ്. □

# നാടൻകളികൾ

**അനീഷ് സി.എ.**

പഴയകാലം മുതൽ മുതിർന്നവരും കുട്ടികളും കൂടി കളിക്കുന്ന ഒരുപാട് കളികളുണ്ടായിരുന്നു. ഇന്ന് ചിലത് പ്രചാരത്തിലില്ലെങ്കിലും അവിടവിടയായി ചിലനാടൻ കളികളുണ്ട്. മിക്കതും മറന്നു പോയിരിക്കുന്നു. അറിയുന്നുണ്ടെങ്കിൽ കൂടി ഇന്ന് കളിയ്ക്കുന്നുമില്ല.

കുറച്ച് നാടൻകളികൾ : 1. ഒരു ചെറിയ നാടൻ ശീലോടുകൂടി കളിക്കുന്ന കളിയാണിത്.

*''ഞാനോരു മനുഷ്യനെക്കണ്ടു അയാളുടെ നിറമെന്ത്''*

കുറച്ചു പേർ വട്ടത്തിൽ ഇരുന്ന് ഓരോ കൈ വക്കുന്നു. എന്നിട്ട് എണ്ണുന്ന ആൾ ഈ പാട്ട് പാടിയാണ് എണ്ണിത്തുടങ്ങുന്നത്. എന്നിട്ട് ഈ വരി ചൊല്ലിക്കഴിഞ്ഞാൽ കണ്ട മനുഷ്യൻെറ നിറമെന്താണ് എന്ന് ചോദിക്കുന്നു. അപ്പോൾ മറ്റയാൾ ഏതെങ്കിലും ഒരു നിറം പറയും. അങ്ങനെ ആ നിറത്തിന് എത്ര അക്ഷരമുണ്ടോ അത്ര അക്ഷരം ചോദിക്കുന്നയാൾ അയാളുടെ വിരലുകൊണ്ട് മറ്റുള്ളവരുടെ വിരലിൽ കുത്തികുത്തി എണ്ണുന്നു. ഏത് വിരലിലാണോഎണ്ണം അവസാനിക്കുന്നത് ആ വിരൽ 'മടക്കി' വക്കുന്നു. അങ്ങനെ മുഴുവൻ വിരൽ മടങ്ങുന്നയാൾ ജയിക്കുന്നു.

2. 'അത്തള പിത്തള' : നേരത്തെ പറഞ്ഞ കളിയോട് ഏറെ സാമ്യമുള്ള കളിയാണിത്. ആദ്യമായി കളിക്കുന്നവർ വട്ടത്തിൽ ഇരിക്കുന്നു. എന്നിട്ട് എണ്ണുന്നയാൾ എണ്ണി ത്തുടങ്ങുന്നു.

*"അത്തള പിത്തള തവളാച്ചി ചുക്കുമരിക്കണ ചൂലാപ്പ*
*മറിയം വന്നു വിളക്കൂതി കൂണ്ട മാണി സാറെ പീറെ ഹോഷ്"*

ഇങ്ങനെ വരികൾ പ്രത്യേക ഈണത്തിൽ പാടി എണ്ണിത്തുടങ്ങുന്നു. ഇതിൽ വിരലിലല്ല എണ്ണുന്നത്. രണ്ടു കൈകളും വക്കും. കമത്തിയാണ് ആദ്യം വക്കുക. എണ്ണം അവസാനിക്കുന്ന കൈ മലർത്തി വക്കുന്നു. മലർത്തിക്കഴിഞ്ഞ് ആ കൈയിൽ ത്തന്നെ എണ്ണംവീണ്ടും അവസാനിച്ചാൽ ആ കൈ പോയി. അങ്ങനെ രണ്ടു കൈയും പോയിക്കഴിഞ്ഞാൽ അയാൾ ജയിക്കുന്നു. അങ്ങനെ ഓരോരുത്തരുടേയും കളി കഴിഞ്ഞാൽ അവർ ഒരു കരയിലും എണ്ണിയ ആൾ മറുകരയിലും ഇരിക്കുന്നു. ഒരു കരയിലുള്ളവർ 'പൈങ്കിളികളാണ്'. ഈ പൈങ്കിളികളോട് മറ്റയാൾ 'ഒന്നാം പോയ പൈങ്കിള്യേ' എന്ന് തുടങ്ങി കുറച്ച് ചോദ്യങ്ങൾ ചോദിക്കുന്നു. ചോദ്യത്തിന് പൈങ്കിളികൾ മറുപടിയും പറയുന്നു.

ചോ : ഒന്നാം പോയ പൈങ്കിള്യേ? ഉ : എന്തോ

ചോ : അച്ഛനും അമ്മേം വന്നോ? ഉ : ഉവ്വ്

ചോ : എന്തുട്ടൊക്യാ കൊണ്ടന്നക്ക്ണ് ഉ : മുന്തരി, ആപ്പിൾ....

ചോ : എനിക്കിട്ത്ത് വച്ച്ട്ട്ണ്ടോ? ഉ : ഉവ്വ്

ചോ : എവിട്യാ? ഉ : പൂച്ചിട്ത്തോണ്ട് പോയി

ചോ : പൂച്ചെവിട്യാ? ഉ : കാട്ടില്

ചോ : കാടെവിട്യാ ഉ : അങ്ങേറ്റത്ത്

ചോ : ആന്യാ, കുതിര്യാ? ഉ : കുതിര (ആന)

ചോ : കിണ്ട്യാ വെളക്കാ ഉ : വെളക്ക് - കിണ്ടി

ചോ : ചോറാ, കഞ്ഞ്യാ ഉ : ചോറ് (കഞ്ഞി)

ചോ : എറച്ചി കൂട്ടാനാ, മീൻ കൂട്ടാനാ ഉ : എറച്ചി കൂട്ടാൻ ( മീൻ കൂട്ടാൻ)

ചോ : എത്ര ചാട്ടം? ഉ : എട്ട് - (രണ്ട്, മൂന്ന്.....)

ചോ : എന്നാ ചാട്. ഇങ്ങനെ ചാടി എത്തിയ ആളെ മുട്ട് കുത്തി നിറുത്തുന്നു. അങ്ങനെ ഓരോരുത്തരേയും മുട്ടികുത്തി നിറുത്തുക. എന്നിട്ട് അവസാനം മുട്ടുകുത്തിയ ആളുടെ തല പിടിച്ച് "നാള്യേരം മൂത്താ എന്നു ചോദിക്കും. ഉവ്വ എന്നു മറുപടി പറയും.

ചോ : വെട്ടലാ - കീറലാ ഉ : വെട്ടല് (കീറല്). കൈകൊണ്ട് വെട്ടി അല്ലെങ്കിൽ കീറി കാലിൽ എത്തുമ്പോൾ കാലിൽ പിടിച്ച് വലിച്ചിടുന്നു.അങ്ങനെ ഓരോരുത്തരുടേയും തല വെട്ടിയോ കീറിയോ കഴിഞ്ഞ് കാല് പിടിച്ച് വലിച്ചിടുന്നു.

ഇനം - 3 : ഈ കളി വട്ടത്തിൽ നിന്നിട്ടുള്ള കളിയാണ് കളിക്കുന്നവർ വട്ടത്തിൽ നില്ക്കുന്നു. കൈകോർത്ത് പിടിച്ചാണ് നില്ക്കുന്നത്. എന്നിട്ട് ഒരു പ്രത്യേക ഈണത്തിലുള്ള പാട്ട് പാടുന്നു. എല്ലാവരും കുടി ഒരുമിച്ചാണ് പാട്ടു പാടുന്നത്.

*"നാരങ്ങ പാല് ചൂട്ടക്ക് രണ്ട്*
*ഇലകൾ പച്ച പൂക്കൾ മഞ്ഞ*
*ഓടി വരുമ്പോ കൂട്ടിത്തിലൊന്നിനെ പിടിച്ചേ"* ഇങ്ങനെ പാട്ടുപാടുമ്പോൾ കുറച്ചുപേർ വട്ടത്തിൽ നിൽക്കുന്നവരുടെ ഇടയിൽ കൂടി ഓടുന്നു. അങ്ങനെ ഈ പാട്ടു പാടി അവസാനിക്കുന്ന സമയത്ത് കൂട്ടത്തിലൊന്നിനെപിടിച്ചേ എന്നു പറഞ്ഞ് ഓരോരുത്തരെ പിടിക്കുന്നു.

ഇനം - 4 : ഈ കളി പെൺകുട്ടികളാണ് അധികമായി കളിക്കുന്നത്. ചുരുക്കമായി ആൺകുട്ടികളും. ആദ്യമായി രണ്ടുകരകളിലായി കളിക്കുന്നവർ നില്ക്കുന്നു. തോളിൽ കൈയിട്ട് നിരന്ന് നില്ക്കുന്നു. എന്നിട്ട് ഒരുകരയിലുള്ളവർ പാട്ടുപാടി ചോദ്യങ്ങൾ ചോദിക്കുന്നു. അപ്പോൾ മറ്റേ കരയിലുള്ളവർ ഇവരുടെ ചോദ്യത്തിന് മറുപടി പറയുന്നു.

ചോ : *മണക്കാട്ടിൽ പൂപറിക്കാൻ പോരണോ അതിരാവിലെ*

ഉ : ആരെ നിങ്ങൾക്കാവശ്യം. ആവശ്യം അതിരാവിലെ

ചോ : *സീതയെ ഞങ്ങൾക്കാവശ്യം. ആവശ്യം അതിരാവിലെ*

ഉ : ആര് വന്ന് കൊണ്ടു പോകും കൊണ്ടുപോം അതിരാവിലെ

ചോ : *അര പവന് കൊണ്ടുപോകും കൊണ്ടുപോകതിരാവിലെ*

ഉ : എന്നാലൊന്ന് കാണട്ടെ കാണട്ടതിരാവിലെ" (അപൂർണ്ണം).

ഇങ്ങനെ ചോദ്യങ്ങളും ഉത്തരങ്ങളും കഴിഞ്ഞാൽ കൊണ്ടു പോകേണ്ട ആളെ പിടിക്കാനായി മറുകരയിലുള്ളവർ വരുന്നു. ഇപ്പുറത്തുള്ളവർ വിട്ടുകൊടുക്കുന്നില്ല അങ്ങനെ അയാളെ വാശിയോടു കൂടി പിടിച്ച് വലിക്കുന്നു. ഇയാൾ ഇപ്പുറത്തെത്തിയാൽ ഈ കരയിലെ അംഗമാകുന്നു.

5. കിളിമാസ് : രണ്ടു ടീമായാണ് കളിക്കുന്നത്. ഒരു ടീം പ്രാന്തിയും മറ്റേ ടീം ഉപ്പിടുന്നവരും. ഈ കളി ആൺപിള്ളേരും പെൺപിള്ളേരും കൂടി കളിക്കുന്നു. ഒരു "കിളി" ഉണ്ടാകും ഇയാളെ പ്രാന്തി എന്നാണ് പറയുക. അങ്ങനെ കള്ളി വരച്ച് കളി തുടങ്ങുന്നു. "കിളി അട്യേ"എന്നു പറഞ്ഞിട്ടാണ് കളി തുടങ്ങുന്നത്. അത് കിളി ആരുടെ എങ്കിലും കൈയിൽ അടിച്ച് വരയിൽ 'ലാത്തുന്നു". കിളിക്ക് വരയിൽ കൂടി മാത്രമാണ് ലാത്താൻ പറ്റുന്നത്. അങ്ങനെ ഓരോരുത്തരും ഉപ്പെടുക്കാൻ പോകുന്നു. എല്ലാവരും ഉപ്പിട്ടു കഴിഞ്ഞാൽ കിളിയുടെ ടീം തോല്ക്കും. ഓരോ "അത്തിയിലെ ആളുകളെ കിളിക്ക് എത്തിച്ച് തൊടാം. അങ്ങനെ ഓരോരുത്തരായി ഉപ്പിടുമ്പോൾ കിളി വരയിലൂടെ "ലാത്തി" ഓടി വന്ന് അടിക്കുന്നു. ഓരോ വരയിലും കിളിയുടെ ടീമംഗങ്ങൾ ഉണ്ടാകും. ഈ ടീമംഗങ്ങളെ വെട്ടിച്ച് വേണം ഉപ്പിടാൻ. ഉപ്പിട്ടാൽ കിളിയുടെ ടീമംഗങ്ങൾ തോല്ക്കും. ഉപ്പിടുന്നതിനുമുമ്പ് കിളിയോ ടീമംഗങ്ങളോ അവരെ തൊട്ടാൽ അവര് പ്രാന്തിയാകും.

6. ഇട്ടായം : ഈ കളി "അത്തി" (കള്ളി) വരച്ച് കളിക്കുന്ന കളിയാണ്. കളിക്കുന്നവർക്ക് ഓരോ വക്കനുണ്ടാകും (വട്ട്). രണ്ട് ടീമായാണ് ഈ കളി കളിക്കുന്നത്. ആദ്യം ഒരു ടീമ് കളി തുടങ്ങുന്നു. ഓരോ അത്തിയിലേക്കും വട്ട് ഇട്ട് ഞൊണ്ടിക്കൊണ്ട് അടുത്ത അത്തിയിലേക്ക് വട്ടിനെ തെറിപ്പിക്കുന്നു. ഇങ്ങനെ തെറിപ്പിക്കുമ്പോൾ വരയിൽ വീണാൽ അയാളുടെ കളിപോകും. വട്ടുകൾ തമ്മിൽ കൂട്ടിമുട്ടാൻ പാടില്ല കൂട്ടിമുട്ടിയാൽ മുട്ടിയവരുടെ കളിപോകും. ഓരോ അത്തിയിലേക്ക് വട്ട് തെറിപ്പിക്കുമ്പോൾ "ഇട്ടായം" എന്നു പറഞ്ഞിട്ടാണ് ഞൊണ്ടുന്നത്. ഒരുവശത്തെ കള്ളി കഴിഞ്ഞാൽ അപ്പുറത്തെ കള്ളിയിൽ വട്ട് ഇടുന്നതിനുമുമ്പ് "മൂല വര ഉണ്ടോ" എന്ന് ചോദിക്കും. ഉണ്ടെങ്കിൽ മൂല വരച്ച് കളിക്കണം. അങ്ങനെ ഓരോ അത്തിയും കഴിഞ്ഞാൽ ഞൊണ്ടിയിട്ട് കളത്തിന് അപ്പുറത്ത്പോയി നിക്കും. എന്നിട്ട് അപ്പോ ടാവോ എന്ന് ചോദിക്കും. അപ്പാണെങ്കിൽ വക്കൻ മുകളിലൂടെ ഇടണം. ടാവാണെങ്കിൽ കാലിന്നിടയിലൂടെ ഇടണം. വക്കൻ കൃത്യമായി ഒന്നാമത്തിയിലേക്ക് വീഴുകയാണെങ്കിൽ മറ്റേ ടീമിന് ഉപ്പ് വരക്കുന്നു. അങ്ങനെ കളിപോയാൽ മറ്റേ ടീമ് കളിക്കുന്നു. ഉപ്പ് ഉണ്ടായാൽ അത് വേണമെങ്കിൽ മായ്ക്കാം. അല്ലെങ്കിൽ അപ്പുറത്ത് ഉപ്പ് വരക്കാം. വട്ട് ഇടുമ്പോൾ വട്ടിൽ ചവിട്ടിയില്ലെങ്കിൽ കളിപോകും. അതുകൊണ്ട് ചവിട്ടാൻ പാകത്തിന് വട്ടിടുന്നു. □



# ചവിട്ടുകളിയും പാട്ടും

കെ.യു.ഹരിദാസ്

പട്ടികജാതിക്കാരായ ആണുങ്ങളും പെണ്ണുങ്ങളും ഇടവഴിയിലെ ഏതെങ്കിലും വീടിൻെറ മുറ്റത്ത് അല്ലെങ്കിൽ വഴിയിൽ കളിക്കുന്ന കളിയാണ് ഇത്. വൈകിട്ട് 6 മണി മുതൽ നേരംപുലരും വരെ കളിക്കുന്നവരുമുണ്ട്. ഓണത്തിന് ഉച്ചയൂണ്ണ് കഴിഞ്ഞ് നല്ല വസ്ത്രവും ധരിച്ച് വിനോദത്തിനുവേണ്ടി ആണ്ണുങ്ങളും പെണ്ണുങ്ങളും ഒരുമിച്ച് കളിച്ചുവന്നിരുന്നു. വടക്കൻ വീരകഥകളിലെ വീരനായകന്മാർ ജീവിച്ചിരുന്ന കാലം തൊട്ട് തന്നെ ചവിട്ടുകളി കളിക്കാറുണ്ട്. ചവിട്ടുകളിയിലെ പാട്ടുകളിൽ ഒട്ടും തച്ചോളി ഒതേനൻെറയോ, ആറ്റുമണമേലെ ഉണ്ണിയാർച്ചയുടെ കഥയോ മറ്റും ആയിരിക്കും മിക്കവയും. അന്ന് അവരെ കുറിച്ച് പാടിയ പാട്ടുകളാണ് ഇന്നു ചവിട്ടുകളിയിൽ പ്രചരിപ്പിക്കുന്നത്. പണ്ടത്തെ പുലയ, കണക്ക എന്നീ സമുദായക്കാരാണ് ഇത് കളിക്കുന്നത് അവരുടെ ഒരു കൂട്ടായ്മയുടെ ഒത്തു ചേരൽ എന്നു പറയാം. പണ്ട് 50 കൊല്ലം മുമ്പ് ഓണം എന്നു പറഞ്ഞാൽ അന്നത്തെ ദിവസമാണ് ശരിയ്ക്ക് ചോറു ഉണ്ണുന്നത് അന്ന് പണിയ്ക്ക് കൂലിയില്ല. വളരെ തുച്ഛമായ പൈസയാണ് കിട്ടിയിരുന്നത്. ജീവിതം കഴിയാൻ വല്ല ചക്കയോ, കൊള്ളിയോ വെട്ടി പൊളിച്ച് തിന്നു വിശപ്പടക്കും. അപൂർവ്വം ചിലരുടെവീട്ടിൽ കഞ്ഞി ഉണ്ടാക്കി കുടിയ്ക്കും. ഓണത്തിൻെറ നാളിൽ പുഴുങ്ങിയ നെല്ല് കൊണ്ട്കുത്തി അരിയാക്കി ചോറാക്കി കഴിക്കുന്നു. പിന്നെ ഓണക്കോടിയുടുത്ത് എല്ലാവരും ഊണുകഴിഞ്ഞ് ചവിട്ടുകളി കളിയ്ക്കും. ഈ കളി ഇപ്പോൾ പാലക്കാടും അപൂർവ്വം തൃശൂർ ജില്ലയിലും കളിച്ചു വരുന്നു. വടക്കൻപാട്ടിൽ ഒരു പാട്ടുതന്നെ നാലോ, അഞ്ചോ മണിക്കൂർ പാടുന്നവർ ഉണ്ട്. പുലരും വരെ കളിച്ച് അവസാനിപ്പിച്ചിരുന്നു പണ്ടൊക്കെ. അതൊരു വാശിയായിരുന്നു ചിലർക്ക്. കളിക്കുന്നവർക്ക് അതിനേക്കാൾ വാശിയും ഉണ്ടായിരിക്കും.

പണ്ടു കാലത്ത് ഒരു വീട്ടിലെ എന്തെങ്കിലും ഉത്സവത്തിനു ചവിട്ടുകളി കളിയ്ക്കുന്നു. പക്ഷേ ഇന്നത് പ്രചാരത്തിൽ ഇല്ല ഓണത്തിനുപോലും ഈ കളി കളിയ്ക്കുന്നില്ല പേരിനുവേണ്ടി പാലക്കാട് ജില്ലയിൽ കളിക്കുന്നവർ ഉണ്ട്. ജീവിത ക്ലേശങ്ങൾ കുറയ്ക്കുന്നതിനും, അദ്ധ്വാനഭാരത്തെ കുറയ്ക്കുന്നതിനും പാടി കൊണ്ടിരുന്ന പാട്ടുകളാണ് കൃഷിപാട്ടുകൾ. ഈ കൃഷിപാട്ടുകൾ തന്നെയാണ് ചവിട്ടുകളി പാട്ടിലും, കളിയിലും. ശരീര ചലനങ്ങൾക്ക് താളവും ഈണവും കൊടുത്തു പുഷ്ടിപ്പെടുത്തുന്ന പ്രവണതയാണ് ചവിട്ടുകളി പാട്ടിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. വരമൊഴിയിൽ കെട്ടി നില്ക്കാതെ വായ്മൊഴിയായി തലമുറകളിലൂടെ പാടി വന്നവയാണ് നാടൻപാട്ടുകൾ. പാരമ്പര്യമായി പാടത്തു പണിയെടുത്തു ജീവിച്ചു വന്നവരാണ് ഈ നാടൻപാട്ടുകൾ ഉണ്ടാക്കിയിട്ടുള്ളത്. ഈ നാടൻപാട്ടിൻെറ സംഗീതം ഉപയോഗിച്ച് ചലനത്തിലും വാക്കിലും അനായസമായ ക്രിയാത്മക വാസന വളർത്തിയെടുക്കാൻ കഴിയും എന്നതിൽ സംശയമില്ല. ഒപ്പം നാടകീയമായ ആവിഷ്ക്കരണത്തിൽ വഴികാട്ടിയുമായി വർത്തിക്കാൻ ഈ നാടൻപാട്ടിനും കളികൾക്കും കഴിയും.

പത്തോ അതിലധികമോ പേർ ചവിട്ടുകളിയിൽ പങ്കെടുക്കുന്നു. വൃദ്ധന്മാർ തൊട്ട് കുട്ടികൾ വരെ ചവിട്ടുകളി കളിയ്ക്കുന്നു. കൂട്ടായി എല്ലാവരും ഉറക്കെ ഏറ്റുപാടിയും (ഒരാൾ പാടുന്നു) ചവിട്ടുകളിയിൽ കളിക്കുന്നവർ വിവിധതരത്തിൽ ചുവടുകൾ വെച്ച് കളിക്കുന്നു. പാട്ട് പാടുന്ന ആളും കളിയിൽ പങ്കെടുക്കുന്നുണ്ട്. ചിലപ്പോൾ കളിയ്ക്കാൻ കഴിയാത്ത വൃദ്ധന്മാർ നടുക്കിരുന്നു കളിക്കാർക്ക് പാട്ട് പാടി കൊടുക്കുന്നു. ചവിട്ടുകളി കാണാൻ ധാരാളം ജനങ്ങൾ വരുന്നു. 'ഉയർന്ന' ജാതിക്കാർമുതൽ 'താഴ്ന്ന' ജാതിക്കാർ വരെ ഈ കളി കണ്ട് ആസ്വദിക്കുന്നു. അതിലുപരി ചിലപ്പോൾ കളി കാണുന്നവർ തന്നെ കളിയ്ക്കാൻ ഒരുമ്പെടുന്നു. ആദ്യമെല്ലാം ചുവടുകൾ തെറ്റും. എന്നാൽ കുറച്ച് കളി കഴിഞ്ഞാൽ എല്ലാം ശരിയാകുന്നു. പഴയ കളിക്കാരുടെ കൂടെപുതിയ കളിക്കാരും ചേർന്ന് വലിയ ഒരു കളിയായി വരുന്നു. 'വട്ടത്തിൽ' എല്ലാവരും ചുവടുവെച്ച് കളിക്കുമ്പോൾ ഒരു ഭംഗി വേറെയാണ്. ചവിട്ടുകളി കാണാൻ നിന്നവർ തന്നെ ചിലപ്പോൾ ഇതിൽ പങ്കാളികളാവുന്നു. പാട്ടിൻെറ ദ്രുതതാളത്തിനനുസരിച്ച് ചിലപ്പോൾ കാണികൾ തന്നെ ചവിട്ടുകളിയിൽ പങ്കെടുക്കുന്നു. പെൺകുട്ടികളും, ആൺകുട്ടികളും വയസ്സൻമാരും ഉണ്ടാകും. കാണികളുടെ പങ്കാളിത്തം തന്നെ ഇതിൽ വളരെ പ്രധാനമാണ്. ചവിട്ടുകളിയ്ക്ക് പ്രത്യേകിച്ച് സംഗീതോപകരണങ്ങൾ ഒന്നുംതന്നെയില്ല കൈകൊണ്ടുള്ള കൊട്ടും കാൽകൊണ്ടുള്ള ചവിട്ടും, വായ്ത്താരിയും മാത്രമാണ് ചവിട്ടുകളിയിൽ ഉപയോഗിക്കുന്നത്. ചവിട്ടുകളി തന്നെ നാല് വിധത്തിൽ ഉണ്ട്.

1. വട്ടകളി 2. വടക്കൻ ചോട് 3. തെക്കൻ ചോട് 4. ചവിട്ടിതിരുമി

ഇതിൽ വട്ടകളിയിൽ രണ്ടു കൈ കൊണ്ടുള്ളകൊട്ടും, രണ്ടു ചുവടുവെയ്പും ഉണ്ട്.

വട്ടകളിയുടെ പാട്ട്

2 കൊട്ട് പാട്ട് 2 കൊട്ട് പാട്ട്)

*ഒന്നാം കരികാക്ക/രിങ്കല്ല കൊമ്പത്ത്*
*ഒന്നാം കരികാക്ക/രിങ്കല്ല കൊമ്പത്ത്*



നാട്ടറിവുപാട്ടുകൾ അവതരണം - കൂട്ടം - അനീഷും സംഘവും

| | |
|---|---|
| (2 കൊട്ട് പാട്ട് | 2 കൊട്ട് പാട്ട് |
| *എന്താണു തത്തമ്മേ/* | *ദുഃഖിച്ചിരിക്കുന്നേ* |
| *രാജകുമാരീടെ/* | *താലിയും/പോയല്ലോ* |

താളം : 1, 2 . 1, 2, 1, 2 1, 2 - എന്നിങ്ങനെ

വടക്കൻ ചോട് : വടക്കൻ ചോടിൽ മൂന്നു കൈ കൊണ്ടുള്ള കൊട്ടും, രണ്ടുകാലുകൊണ്ട് ഓരോ ചവിട്ടും മുമ്പോട്ട് ഒരു കുതിപ്പും. (ഒരു സ്റ്റെപ്പ്) കൊട്ട് തുടങ്ങുന്നു. (സ്റ്റെപ്പ് വെയ്ക്കുന്നു)

*തച്ചൊള്ളിയോമന കുഞ്ഞിച്ചന്തു*
*തച്ചൊള്ളിയോമന കുഞ്ഞിച്ചന്തു*
*താഴ്ത്തു മഠത്തിലെ മാതാവിന്*
*മുറിയും കൊടുത്തു വിവരമതു*

താളം : 1 2 3 . 1 2 3, 1 2 3, എന്നിങ്ങനെ

തെക്കൻ ചോട് :- തെക്കൻ ചോടിൽ രണ്ടു കൊട്ടും പിന്നെ പിൻഭാഗം കൊണ്ട് ഒരു ഉന്തലുംപിന്നെ തിരിഞ്ഞു ഉള്ള ചുവടുകളാണ് മുഖ്യമായി കാണുന്നത്.

താളങ്ങൾ : 1, 2 1, 2 1, 2, 1 2

(കൊട്ട് കൊട്ടുന്നു പാടുന്നു)

*"വഞ്ചി കുത്തണ വഞ്ചി മലകണക്കാ - (2)*
*ഇക്കരെ നക്കരക്കെ ഒന്നു കടത്തി തരാ"*
*"ഇക്കര നക്കരക്കെ ഒന്നു കടത്തി തന്നാൽ*
*എന്തെല്ലാം തരുമെനിയ്ക്ക് വഞ്ചി മലകണക്കാ"*



ചവിട്ടിതിരുമ്മി : മുമ്പോട്ട് രണ്ടു കുതിപ്പും,

രണ്ടു കൊട്ടും, രണ്ടു ചുവടുവെയ്പ്പും അങ്ങനെ തുടരുന്നു.

| കൊട്ട് | പാട്ട് |
|---|---|
| *ആദിമഹാനെന്നാ/* | *രാജാവിനാണേ* - 2 |
| *രാജാക്കൻമാരിൽ/* | *മികച്ചവനാണേ* - 2 |
| *കേൾവിയേറിടുന്ന/* | *രാജാവിനല്ലോ...* - 2 |

1, 2, 3 4, 1, 2, 3, 4 എന്നിങ്ങനെയാണ് താളം





ചവിട്ടുകളിയിലെ പാട്ട് ആരോഹണം, അവരോഹണം എന്ന ക്രമത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. തുടക്കം പാടുമ്പോൾ താഴ്ന്ന സ്ഥായിയിൽ പിന്നീട് ആരോഹണക്രമത്തിലും പാടുന്നുണ്ട്.

വട്ടക്കളിയുടെ ഘടന : പത്തോ അതിലധികമോ ആളുകൾ ഈ കളിയിൽ കളിക്കുന്നു. വട്ടത്തിൽ കളിക്കുന്നതിനെയാണ് വട്ടക്കളി എന്നു പറയുന്നത്. കൈ കൊണ്ട് രണ്ടു കൊട്ടുംവലതു കാലുകൊണ്ട് ഇടതുകാലുകൊണ്ട് നിലത്ത് ഓരോ ചവിട്ടും ഇതാണ് വട്ടക്കളിയുടെരീതി ചുവടുകളും, താളവും ശരിയായതിനുശേഷമേ പാട്ട് പാടുകയുള്ളു.

*"ഒന്നാം കരികാക്ക രിങ്കല്ല കൊമ്പത്ത് - 2,*

*എന്താണു തത്തമ്മേ ദുഃഖിച്ചിരിക്കുന്നേ - 2*

*രാജകുമാരീടെ താലിയും പോയല്ലോ - 2*

*താലിക്കു താലി പകരം തന്നാൽ പോരെ - 2 "*

വടക്കൻ ചോടിൻെറ ഘടന : ഇതിൽ മൂന്നും കൊട്ടും രണ്ടു ചവിട്ടുമാണ് വടക്കൻ ചോടിലുള്ളത്. കൃത്യമായി ആളുകൾഒന്നു തന്നെയില്ല മുതിർന്നവരും കുട്ടികളും എല്ലാവരും വടക്കൻചോട് എന്ന ചവിട്ടുകളിയിൽ കളിക്കുന്നു.

കൊട്ടിനോടു തന്നെ ചുവടും വെയ്ക്കുന്നു. ഒന്നു, രണ്ടു, മൂന്ന് എന്നീ ക്രമത്തിലാണ് ഇതിൻെറ പാട്ടിൻെറ രീതി. ചുവടു വെയ്ക്കുമ്പോൾ തന്നെ കൈ കൊണ്ട് കൊട്ട് കൊട്ടുന്നു.വലതു കാലു കൊണ്ട് ഇടതു കാലുകൊണ്ട് ചവിട്ടും ചുവട് എല്ലാം ശരിയായതിനുശേഷമേ പാട്ട് കാരണവർ പാടുകയുള്ളു. അവരോഹണത്തിൽ തുടങ്ങി ആരോഹണത്തിൽ പാട്ട് അവസാനിക്കുന്നു.

തെക്കൻചോടിൻെറ ഘടന : കൈ കൊണ്ട് ഒരു കൊട്ടും ഒരു ചുവടു മാത്രമേ തെക്കൻചോടിൽ ഉള്ളത്.

ഒന്ന്.. കൊട്ട്... രണ്ട്... കൊട്ട്... എന്നിങ്ങനെയാണ് തെക്കൻചോടിൻെറ പാട്ടിൻെറ രീതി.

ഇതിൽ രണ്ടു വരിയായി പാടുന്നു.

രണ്ടു വേറെ വേറെ വരികളാണ്. അവരോഹണക്രമത്തിൽ തുടങ്ങി ആരോഹണ ക്രമത്തിലെത്തുകയും ചെയ്യുന്നു.

*വഞ്ചി കുത്തണ വഞ്ചി മലക്കണ്ണക്കാ*

*ഇക്കര നക്കരക്കെ ഒന്നു കടത്തിതരാേ*

*ഇക്കര നക്കരക്കെ ഒന്നു കടത്തി തന്നാൽ*

*നല്ലൊരു കഥ ഞങ്ങൾ ചൊല്ലീടാ കൂട്ടാരേ...*

ചവിട്ടുതിരുമിയുടെ ഘടന : ആളുകളുടെ എണ്ണത്തിൽ കൃത്യം ഒന്നും തന്നെയില്ല . മുമ്പിലേയ്ക്ക് രണ്ടു കുതിപ്പും ഒരു ചാട്ടവും, കൈ കൊണ്ടു രണ്ടു കൊട്ടും ഇതാണ് ചവിട്ടുതിരുമ്മിയുടെ പാട്ടിൻെറ പ്രത്യേകത. ആരോഹണ ക്രമത്തിൽ ഉച്ചസ്ഥായിയിൽ എത്തുന്നു പിന്നീട് അതു അവരോഹണക്രമത്തിൽ എത്തുകയും ചെയ്യുന്നു. ഈ കളിയിൽ കുട്ടികൾ അധികം ഉൾപ്പെടുന്നില്ല കാരണം, ചുവട് ഒന്നു തെറ്റിയാൽ പിന്നിൽ ഉള്ള ആളെ ചവിട്ടി തെറിപ്പിക്കുന്നു.

*ആദിമഹാനെന്നാ രാജാവിനാണേ*

*രാജക്കൻമാരിൽ മികച്ചവനാണേ*

*കേൾവിയേറിടുന്ന രാജാവിനല്ലോ*

*കേൾവിയേറിടുന്ന രാജാവിനല്ലോ*

1, 2, 3, 4    1, 2, 3, 4 എന്നിങ്ങനെയാണ് താളം

ചവിട്ടുകളി എന്ന ഈ നാടൻകളിയ്ക്ക് പ്രത്യേകിച്ച് ആചാരങ്ങൾ ഒന്നും തന്നെയില്ല എന്നാലും എല്ലാവരും ഒത്തു കൂടുന്ന ഒരിടത്ത് എല്ലാവരും കൂടി ഈ കളി കളിയ്ക്കുന്നു. ഹരിജൻ സമുദായത്തിലെ പുലയ പെൺകുട്ടികളു പ്രായം തികഞ്ഞ കല്യാണത്തിന് (തിരണ്ടു കല്യാണം) എന്നാണ് പറയാറ്. 7 ദിവസം കഴിഞ്ഞ് അവിടെ വന്നു കൂടിയ ബന്ധുമിത്രാദികൾ എല്ലാവരും കൂടി രാത്രി 4 മണി വരെ ചവിട്ടുകളി കളിയ്ക്കുന്നു. പണ്ടുകാലത്ത് ഈ കളി ഒരു അനുഷ്ഠാനമായിരുന്നു. പ്രത്യേകിച്ച് ദൈവങ്ങളെയൊന്നും ആരാധിച്ചിരുന്നില്ല എന്നാലും ഈ പ്രായം തികഞ്ഞ കല്യാണത്തിന് തിരണ്ടുകല്യാണം എന്നു പറയുന്നു. തിരണ്ടു കല്യാണത്തിന് പെൺകുട്ടിയെ പുതിയ വസ്ത്രങ്ങൾ അണിഞ്ഞ് കളി കാണുവാൻ ഇരുത്തുന്നു. പുലർച്ചെ നാലുമണിക്ക് കുട്ടിയെ കുളിപ്പിക്കുവാൻ കുളത്തിൽ കൊണ്ടുപോകുംവരെ ചവിട്ടുകളി കളിക്കുന്നു. ഇതു കണ്ടു വരുന്നത് പുലയ സമുദായത്തിലാണ്. മണ്ണിൽ മുളച്ചു വിയർപ്പിൻെറ സംസ്ക്കാര പരിമളം പരത്തുന്ന നിരവധി കൃഷിപാട്ടുകൾ കേരളത്തിൻെറ നാടോടി സംസ്ക്കാരത്തിലുണ്ട്. ഈ ചവിട്ടുകളിപ്പാട്ട് തന്നെയാണ് കൃഷിപാട്ടായി പാടുന്നതും. ജീവിത ക്ലേശങ്ങൾ, കുറയ്ക്കുന്നതിനും അദ്ധ്വാനഭാരത്തെ ലഘൂകരിക്കുന്നതിനുവേണ്ടി



മുടിയാട്ടം

യാണ് കൃഷിപാട്ടുകൾ അധികവും രൂപംകൊള്ളുന്നത്. "നദീ പ്രവാഹം പോലെയാണ് നാടൻ പാട്ടുകളുടെ ഗതിസ്വഭാവം. വിവിധ പ്രകൃതികളോട് ചേർന്ന ഭൂപ്രദേശങ്ങളിൽ കൂടിയൊഴുകുമ്പോൾ പല കൈ വഴികളും വന്നു ചേർന്നു നദിയിലെ ജലത്തിനു കലർപ്പും നിറഭേദവും സംഭവിക്കും. അതുപോലെ തലമുറകൾ പിന്നിട്ടു പോന്ന കാലഘട്ടങ്ങളുടെ ചേരുവകൾ കൊണ്ട് നാടൻപാട്ടുകളുടെയും ഭാഷാ സ്വരൂപത്തിനു മാറ്റമുണ്ടാവുക സ്വഭാവമാണ്..." (വെട്ടിയാർ പ്രേംനാഥ്, നാടൻപാട്ടുകൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ 1989).

ഐതിഹ്യം : ചെറുമക്കളാണ് ഇന്നു തമ്പുരാൻെറ വയലിൽ വിത്തിടുന്നതും ഞാറു നടുന്നതും. കൊയ്ത്ത് കഴിഞ്ഞ് കറ്റയുമായി വരുന്ന ചെറുമനെ എതിരേല്ക്കാൻ തിരിയും നിറപറയുമായി തമ്പുരാട്ടിമാർ കാത്തു നിൽക്കുന്ന കാലവും ഉണ്ടായിരുന്നു. ചെറുമക്കൾക്ക് ഈ വരം കിട്ടിയതിന് ചെറിയ ഐതിഹ്യവും ഉണ്ട്. കൊടുങ്ങല്ലൂർ ഭഗവതിയുടെ ഭർത്താവായ കോവിലനെ ചിലമ്പ് വിൽക്കാൻ പറഞ്ഞയ്ക്കുന്നു. കോവിലനെ രാജഭടൻമാർ പിടിച്ചു കൊണ്ടു പോകുന്ന സമയത്ത് ഒരുപുലയ തള്ള നെല്ല് അടിക്കുകയായിരുന്നു. ചിലമ്പ് കൈപിടിച്ച് പോകുമ്പോൾ തന്നെ തള്ള ശ്രദ്ധിക്കാൻ തുടങ്ങി. ഇതു കഴിഞ്ഞ് ഭഗവതി കോവിലനെ അന്വേഷിച്ചു വരുന്നു. ഈ സമയത്ത് ചെറുമി തള്ള പാട്ടുപാടുന്നുണ്ട്. തള്ളയോട് ആരെ കുറിച്ചാണ് പാടുന്നത് എന്നു ചോദിച്ചു ആ പാട്ടുതന്നെ പാടി ആ വഴിയെ പോയ കോവിലനെ കുറിച്ചാണെന്ന് മറുപടി പറയുന്നു. കോവിലൻെറ വഴികാണിച്ചു കൊടുത്ത തമ്പുരാട്ടി ആ പുലയ തള്ളയെ അനുഗ്രഹിക്കുന്നു. ഈ അനുഗ്രഹത്തിലാണ് ഇന്നു പുലയ സ്ത്രീകൾ നെല്ലടിക്കാൻപോയാൽ അവർക്കായിരിക്കും കൂടുതൽ നെല്ല് കിട്ടുന്നത്എന്നു ഇപ്പോഴും വിശ്വസിക്കുന്നവരുണ്ട്. ഇങ്ങനെ വാഴ്ത്തിപാടിയ പാട്ടുകളാണ് പിന്നീട് ചവിട്ടുകളിയുടെ പാട്ടുകളായി ബന്ധപ്പെട്ടുകിടക്കുന്നത്. മഹാബലി രാജാവിനെ എതിരേല്ക്കാൻ വേണ്ടി തിരുവോണനാളിലും, മറ്റു ആഘോഷനാളിലും ചവിട്ടുകളി നടത്തി വരുന്നു.

അവതരണഘടന/അരങ്ങ്/വെളിച്ചം : പ്രത്യേകിച്ച് ചമയങ്ങൾ ഒന്നും ഇല്ല വേഷങ്ങളും. എല്ലാവരും വട്ടംക്കൂടി നിന്നു ചുവടുകൾ വെച്ച് കൈകൊട്ടുന്നു. ചുവടും കൊട്ടും ശരിയായാൽ കാരണവർ പാട്ട് പാടുന്നു. കളിക്കുന്നവർ അതു ഏറ്റു പാടുകയും ചെയ്യുന്നു. ചവിട്ടുകളിയിലെ പാട്ട് വടക്കൻപാട്ടിലെ വീരനായകമാരെ കുറിച്ചുള്ള പാട്ടാണ്. വടക്കൻ പാട്ടിലെ ആരോമൽ ചേകവരുടെയും, ആദി രാജാവിൻെറയും, തച്ചോളി ചന്തുവിൻറയും, ആറ്റുമണന്മേൽ ഉണ്ണിയാർച്ചയുടെയും വീരചരിത്രങ്ങൾ അടങ്ങിയ പാട്ടുകളാണ് ഇതിലെ പാട്ടുകൾ. ചവിട്ടുകളിയിൽ വട്ടത്തിൽ കളിയ്ക്കുന്നു. അതിൻെറ നടുക്ക് ഒരു ഉരൽ വെയ്ക്കുന്നു. ഉരലിൻെറ മുകളിൽ മണ്ണെണ്ണ വിളക്ക് വെയ്ക്കുന്നു. ഈ വെളിച്ചത്തിലാണ് ചവിട്ടുകളി കളിക്കുന്നത്. കാണിക്കയായി എന്തെങ്കിലും അതിൻെറ മുകളിലും ഉണ്ടായിരിക്കും. □

## ചവിട്ടുകളി പാട്ടുകൾ

'വട്ടക്കളി' എന്ന ചവിട്ടുകളിയുടെ പാട്ട്

*ഒന്നാം മല്ലരേ മല്ലരേ തോപ്പേ ഒന്നരവട്ടി തിന വിതച്ചേ*
*തിനക്കൊപ്പം പൂവും കായും കതിരൊപ്പം നിരന്നപ്പോൾ*

അതിലൊരു കിളി വന്നു ചതുരം കൊത്തി-
രണ്ടാം മല്ലരേ മല്ലരേ തോപ്പേ രണ്ടര വട്ടി തിന വിതച്ചേ
തിനക്കൊപ്പം പൂവും കായും കതിരൊപ്പം നിരന്നപ്പോൾ
അതിലൊരു കിളി വന്നു ചതുരം കൊത്തി-
മൂന്നാം മല്ലരേ മല്ലരേ തോപ്പേ മൂന്നര വട്ടി തിന വിതച്ചേ
തിനക്കൊപ്പം പൂവും കായും കതിരൊപ്പം നിരന്നപ്പോൾ
അതിലൊരു കിളിവന്നു ചതുരം കൊത്തി-
നാലാം മല്ലരേ മല്ലരേ തോപ്പേ നാലര വട്ടി തിന വിതച്ചേ
തിനക്കൊപ്പം പൂവും കായും കതിരൊപ്പം നിരന്നപ്പോൾ
അതിലൊരു കിളി വന്നു ചതുരം കൊത്തി
അഞ്ചാം മല്ലരേ മല്ലരേ തോപ്പേ അഞ്ചര വട്ടി തിന വിതച്ചേ
തിനക്കൊപ്പം പൂവും കായും കതിരൊപ്പം നിരന്നപ്പോൾ
അതിലൊരു കിളി വന്നു ചതുരം കൊത്തി ..................................ഇങ്ങനെ തുടരുന്നു

തെക്കൻ ചോട് എന്ന ചവിട്ടുകളിയുടെ പാട്ട്

ഒന്നാം കരികാക്കരിങ്കല്ലു കൊമ്പത്ത്
എന്താണു തത്തമ്മേ ദുഃഖിച്ചിരിക്കുന്നേ
രാജാകുമാരിടെ താലിയും പോയല്ലോ
താലിക്കു താലി പകരം തന്നാൽ പോരെ
തത്തമ്മ ചുണ്ടാലേ താലി പരത്തുന്നു.
രണ്ടാം കരികാക്കരിങ്കല്ലു കൊമ്പത്ത്
എന്താണു തത്തമ്മേ ദുഃഖിച്ചിരിക്കുന്നേ
രാജാകുമാരിടെ താലിയും പോയല്ലോ
താലിക്കു താലി പകരം തന്നാൽ പോരെ
തത്തമ്മ ചുണ്ടാലേ താലി പരത്തുന്നു.
മൂന്നാം കരികാക്കരിങ്കല്ലു കൊമ്പത്ത്
എന്താണു തത്തമ്മേ ദുഃഖിച്ചിരിക്കുന്നേ
രാജാകുമാരിടെ താലിയും പോയല്ലേ
താലിക്കു താലി പകരം തന്നാൽ പോരെ
തത്തമ്മ ചുണ്ടാലേ താലി പരത്തുന്നു ..................................ഇങ്ങനെ തുടരുന്നു

വടക്കൻ ചോട് എന്ന ചവിട്ടുകളിയുടെ പാട്ട്

കിളിരോ കിളിരോ പനങ്കിളിരോ - 2
എവിടെവിടെയിരിക്കു പൊൻകിളിരോ -
ൻെറപ്പൻ മടിയിലെ ഇരിക്കും ഞാനെ
അപ്പനു വീണു മരിച്ചു പോയാൽ
പിന്നെവിടെയിരിക്കു പൊൻകിളിരോ
ൻെറമ്മ മടിയിലെ ഇരിക്കു ഞാനെ
അമ്മയും വീണു മരിച്ചു പോയാൽ
പിന്നെവിടെയിരിക്കു പൊൻകിളിരോ
ചേട്ടൻ മടിയിലെ ഇരിക്കു ഞാനെ
ചേട്ടനും വീണു മരിച്ചു പോയാൽ
പിന്നെവിടെയിരിക്കു പനങ്കിളിരോ
ചേട്ടത്തി മടിയിലെ ഇരിക്കു ഞാനെ
ചേട്ടത്തിയും വീണു മരിച്ചു പോയാൽ
പിന്നെവിടെയിരിക്കു പനങ്കിളിരോ കിളിരോ...
എവിടെ എവിടെയിരിക്കു പനങ്കിളിരോ
കുട്ടാടൻ കട്ടേങ്ങ മോളിരിക്കും
കുട്ടാടൻ കട്ടയും തച്ചു പോയാൽ
പിന്നെവിടെയിരിക്കു പൊൻകിളിരോ
ആകാശം നോക്കി പറക്കും ഞാനെ
ആകാശം വീണു ഉടഞ്ഞുപോയാൽ
എല്ലാവരും മരിക്കുമ്പം ഞാനും മരിക്കും... കിളിരോ □



# പുഞ്ചകളിയ്ക്ക

കെ.യു.ഹരിദാസ്

പുലയസമുദായവും കണക്കസമുദായവും മുറ്റത്തോ കളിസ്ഥലത്തോ അവതരിപ്പിക്കുന്ന കളിയാണിത്. ചിലപ്പോൾ 5 മണിക്കൂർ വരെയും നീണ്ടുനില്ക്കും. ഓണഘോഷപരിപാടിയ്ക്ക് കളിച്ചു വരുന്നു. ഉല്പത്തികാലം (കലാകാരൻെറ ദഷ്ടിയിൽ) ഏകദേശം 50 കൊല്ലത്തിലേറെ പഴക്കമുണ്ട് ഈ കളിക്ക്. പക്ഷേ ഇന്നാരും ഇതു കളിക്കുന്നില്ലാ എന്നതാണ് വ്യക്തം. പഴയ തലമുറയ്ക്ക് തന്നെ ഭയങ്കര പേടിയുള്ള കളിയാണ് പുഞ്ചക്കളി. പാട്ടുപാടി (ബോധം നശിക്കുംവരെ) ഇതിലെ നടൻമാർ ഒരു പ്രത്യേക അവസ്ഥയിൽ എത്തിചേരുന്നു, പിന്നീട് അവരെ സാധാരണ അവസ്ഥയിലേക്ക് കൊണ്ടു വരുന്നതാണ് യഥാർത്ഥ പുഞ്ചകളി. എനിയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട കളിയും, നല്ലൊരു രീതിയിൽ പാട്ടുപാടി അവസാനിക്കുന്നതുമാണ് പുഞ്ചകളി. യാതൊരുവിധത്തിലുള്ള ചുവടുകളോ, കൈ കൊട്ടുകളോ പുഞ്ചകളിയിൽ ഇല്ല അതുകൂടാതെ പാട്ട് പാടി കളിക്കുന്ന ആൾ ഒരു പ്രത്യേക അവസ്ഥയിൽ എത്തിചേരുന്നു പിന്നീട് അവർ സാധാരണ അവസ്ഥയിൽ വരുന്നു.

പത്തോ, പതിനഞ്ചോ ആളുകൾ ഈ കളിയിൽ പങ്കെടുക്കുന്നു. പെണ്ണുങ്ങളും ആണുങ്ങളും, ചെറിയ കുട്ടികൾ ഈ കളിയിൽ പങ്കെടുക്കുകയില്ല കാരണം ബോധക്ഷയം ഉണ്ടാകും എന്നു കരുതിയാവാം. ഈഴവ സമുദായക്കാരും, നായൻമാരും ഈ കളി കളിക്കുന്നു. എന്നാൽ പാട്ട് പാടാൻ (കേറ്റലും, ഇറക്കലും) അറിയുന്നവർ മാത്രമേ ഈ കളിയ്ക്ക് ഒരുമ്പെടുകയുള്ളൂ. കാണികൾ ചില പ്പോൾ ഈ കളിയിൽചേരുന്നു. വട്ടത്തിൽ പുറത്ത് നിൽക്കുന്ന ആൾ *ഞാനിതാ പോണമ്മേ... പുഞ്ചകളിക്കാനേ.* എന്നു പാടി തുടങ്ങുന്നു. എന്നാൽ വട്ടത്തിൽ ഉള്ളിലുള്ള ആളും, കൈ കോർത്തു പിടിച്ചവരും. പാട്ടിൻെറ എതിരെ പാടുന്നു. ഇങ്ങനെ പാട്ടുകൾ പാടി, പാടി മുറുകുന്നു പുറത്തു നിൽക്കുന്നവനെ. അകത്തു കയറാൻ 'കലി' വരുന്നു. എന്നാൽ കൈകോർത്തു പിടിച്ചവർ പുറ ത്തുള്ളവനെ അകത്തേയ്ക്ക് വിടുന്നില്ല ആരോഹണക്രമത്തിൽ തുടങ്ങിപാട്ട് അവരോഹണക്രമത്തിൽ എത്തുന്നു. ഇതാണ് ഇതിൻെറ പ്രത്യേകത. വട്ടത്തിൽ എല്ലാവരും കൈകോർത്തു പിടിക്കുന്നു. കൈകോർത്തതിനുള്ളിൽ ഒരാളും,പുറത്തു വേറെ ഒരാളും നിൽക്കുന്നു. പുറത്തുനിൽക്കുന്നവൻ 'ഞാനിതാ പോണമ്മേ പുഞ്ചകളിക്കാനേ' എന്ന പാട്ട് പാടുന്നു. അകത്തുള്ളവനും, കൈകോർത്തു പിടിച്ചവരും ഈ പാട്ടിൻെറ എതിർഭാഗം പാടുന്നു. 'നീയിപ്പോൾ പോണ്ടണ്ണി പുഞ്ചകളിക്കാനേ' അങ്ങനെ പാടു ന്നു. പിന്നീടു അതു ഉച്ചസ്ഥായിയിൽ എത്തുന്നു. അപ്പോൾ പുറത്തു നിൽക്കുന്നവനെ സ്വബോധം നഷ്ടപ്പെട്ട് കൈകോർത്തതിൻെറ ഉള്ളിൽ കയറാൻ ശ്രമിക്കുന്നു എന്നാൽ കൈകോർത്തു പിടിച്ചു നിൽക്കുന്നവർ അയാളെ അതിനുള്ളിൽ പ്രവേശിപ്പിക്കുന്നില്ല വട്ടത്തിൽഉള്ളിൽ നിൽക്കുന്നവൻ ഏക ദേശം ഇതേ രീതിയിലാവുന്നു. പിന്നീട് പാട്ട് പാടുന്നയാൾപാടി പാടി പാട്ടിൻെറ രീതി താഴ്ത്തി പാടി കൊണ്ടുവരുന്നു ഇതോടു കൂടി എല്ലാവരും സാധാരണ നിലയിലാവുന്നു.

പണ്ട് പുലയ, കണക്ക സമുദായത്തിലെ പെണുങ്ങളും ആണുങ്ങളും മാത്രം കളിച്ചിരുന്നുഒരു കളിയാണ് പുഞ്ചകളി. ഈ കളിയ്ക്ക് പുഞ്ചകളിയെന്നു പേരു കിട്ടാൻ കാരണം 'പുഞ്ചക്കാലത്ത്' ഞാറു നടുമ്പോൾ ഈ പാട്ട് പാടിയിരുന്നു 'പുഞ്ചനാട്' എന്നാണ് പറയുന്നത്. ആദ്യകാലത്ത് തൊഴിലിനെ അടിസ്ഥാനമാക്കിയാണ് ജനങ്ങളെ വിഭജിച്ചിരുന്നത്. പുലയർ, പാണർ, പറയൻ, കണ ക്കൻ എന്നീ ജനവിഭാഗങ്ങൾ ഇപ്രകാരം ഉണ്ടായതാണ്. ചില പുലയ സ്ത്രീകൾ നല്ല കവിയിത്രികൾ ആയിരുന്നു. മേലാളരുടെ മേധാവിത്വം വർദ്ധിച്ചതോടുകൂടി 'പുലയരുടെ ശബ്ദത്തിൻെറ അർത്ഥം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു'... പുഞ്ചകളി പാട്ടിൽ വളരെ ശോകമായ രീതി ഉണ്ടായിരുന്നു. അതി നുള്ള കാരണം പുലയർ സവർണ്ണരിൽനിന്നു അറുപത്തിനാലടി അകന്നു നിൽക്കണമെന്നാണ് പ്രമാ ണം. മേലാളരുടെ മേധാവിത്വത്തിൻെറ ധ്വനിയാണ് പുലയ പാട്ടുകളിൽ ഉൾകൊണ്ടിരുന്നത്. മണ്ണു മായി ബന്ധപ്പെട്ടവരാണ് പുലയർ. കേരളത്തിലെ കർഷകർ. പുലയരുടെ പാട്ടുകളും, കലാപ്രകടന ങ്ങളും നമ്മുടെ പൂർവ്വ സംസ്കാരത്തിൻെറ ഒരു സവിശേഷമുഖമാണ്. "പുലം" എന്ന പദത്തിൻെറ അർത്ഥം കൃഷി സ്ഥലമെന്നാണ്. ആദിമ നിവാസികളായ ഈ വർഗ്ഗക്കാർ കൃഷി പ്രവൃത്തിയ്ക്ക് അടിമകളായിരുന്നുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പാട്ടിൻെറ ശോകമായ ഒരു ആലാപനരീതി മേലാളരുടെ മേധാവിത്വത്തിൻെറ ധ്വനിയാണ് എന്നു വ്യക്തമാണ്.

വട്ടത്തിൽ എല്ലാവരും കൈകോർത്തു പിടിച്ചു നിൽക്കുന്നു. വട്ടത്തിനു പുറത്ത് ഒരാളും വട്ടത്തിൽ ഉള്ളിൽ ഒരാളും നിൽക്കുന്നു. പുറത്തുനിന്നു ആശാൻ പാടുന്നു. അപ്പോൾ അകത്തുനിൽക്കുന്ന ആളും പുറത്തു നിൽക്കുന്ന ആളും വട്ടത്തിൽ കൈകൾ (ഉള്ളിലെ)തൊട്ട് നടക്കുന്നു ഇപ്പോൾ പാട്ടിൻെറ ഗതി വളരെ സാവധാനത്തിലാണ് പിന്നീട് അതു കയറി ഉച്ചസ്ഥായിയിൽ എത്തുന്നു. അതോടു കൂടി പുറത്തുനിൽക്കുന്നവൻ ആ വലയ്ക്കുള്ളിൽ കയറാൻ ശ്രമിക്കുന്നു എന്നാൽ കൈകോർത്തു പിടിച്ചവർ അയാളെ അതിനുള്ളിലേയ്ക്ക് കടത്തി വിടുന്നില്ല ഉള്ളിലെ ആളും അതോടു കൂടി വാശിയേറുന്നു. അവസാനം പുറത്തു നിൽക്കുന്നവൻെറ സ്വബോധം നഷ്ടപ്പെട്ട് ഒരു പ്രത്യേക മായ വാശി കയറുന്നു. പിന്നീട് വാശി കയറി കണ്ടാൽ പാട്ട് പാടുന്നയാൾ ഇറക്കി താഴ്ന്ന സ്ഥായി യിൽ എത്തിക്കുന്നു. ഇതാണ് അവതരണ ഘടന. തുറസ്സായ സ്ഥലമോ - വലിയ മുറ്റമോ ഇവിടെ യാണ് പുഞ്ചകളി കളിക്കുന്നത്. പണ്ട് കാലത്ത് മണ്ണെണ്ണ വിളക്കിൻെറ വെളിച്ചത്തിലാണ് ഈ കളി

കളിച്ചിരുന്നത്. നാലോ, അഞ്ചോ മണിക്കൂർ സമയം ഈ കളിയ്ക്ക് വേണ്ടി വരുന്നു.

പുഞ്ചക്കളിപ്പാട്ട്

*ഞാനിതാ പോണമ്മേ പുഞ്ച കളിക്കാനേ*
*ഞാനിതാ പോണമ്മേ പുഞ്ച കളിക്കാനേ*
*നിയിപ്പോൾ പോണ്ടുണ്ണീ പുഞ്ച കളിക്കാനേ*
*നിയിപ്പോൾ പോണ്ടുണ്ണി പുഞ്ച കളിക്കാനേ*
*പുഞ്ച കളിച്ച് തരികേട്ടു വരികുമ്പം*
*പുഞ്ചകളിച്ച് തരികേട്ടു വരികുമ്പം*
*അമ്മ വലം കൈയിലുരുള്ളനിക്കുപ്പോ*
*അമ്മ വലം കൈയിലുരുള്ളനിക്കുപ്പോ*
*പുഞ്ച കളിക്കേണ്ട തരികേട്ടു വരികേണ്ടാ*
*പുഞ്ച കളിക്കേണ്ട തരികേട്ടു വരികേണ്ടാ*
*ഞാനിതാ പോണമ്മേ പല്ലി പിടിക്കാനേ*
*ഞാനിതാ പോണമ്മേ പല്ലി പിടിക്കാനേ*
*നിയിപ്പോൾ പോണ്ടുണ്ണി പല്ലി പിടിക്കാനേ*
*നിയിപ്പോൾ പോണ്ടുണ്ണി പല്ലി പിടിക്കാനേ*
*പല്ലി പിടിച്ച് ഞാൻ ഏഴോരി വെട്ടു ഞാൻ*
*പല്ലി പിടിക്കേണ്ട ഏഴോരി വെട്ടേണ്ടാ...............* □



# കൊയിത്തപിടുത്തം ഒരു നാട്ടറിവ്

### കെ.യു.ഹരിദാസ്

കണക്ക, പുലയ സമുദായക്കാർ പാരമ്പര്യമായി മീൻപിടിക്കുന്ന രീതിയാണിത്. കൊയിത്തപിടുത്തം എന്നും ഇതിനു പറയാറുണ്ട്. വളരെ പഴക്കംചെന്ന ഒരു മീൻപിടുത്ത രീതിയാണ് കൊയിത്ത പിടുത്തം. നല്ല സ്വാദുള്ള ഒരു മീനാണ് കൊയിത്ത 5 സെൻറിമീറ്റർ നീളമാണ് കൊയിത്തയ്ക്കുള്ളത്. ഉണക്കിയാൽ നല്ലൊരു മീൻ ആണ്. കൊയിത്ത കറിവെയ്ക്കുന്നതിനേക്കാൾ കൂടുതൽ വറുക്കനാണ് ഉപയോഗിക്കുന്നത്.ഇതൊരു പ്രാചീന മീൻപിടുത്തരീതിയാണ്. എന്നാൽ വെള്ളം കൂടുതൽ ഉണ്ടായാലും കൊയിത്തയെ പിടിക്കാൻ പറ്റും എന്നതുകൊണ്ടാണ് ഈ മീൻപിടുത്തത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്നത്. ഒറ്റൽ കൊണ്ട് മീൻപിടിക്കുന്ന രീതിയും, കുരുത്തികൊണ്ട് മീൻപിടിക്കുന്ന രീതിയും ഇപ്പോൾ നിലവിലുണ്ട്. എന്നാൽ ഇതിനേക്കാൾ കൗതുകം തോന്നിയത് കൊയിത്ത പിടിക്കുന്ന രീതിയോടാണ്.

ഹരിജനങ്ങൾ മാത്രം മീൻ പിടിക്കുന്ന രീതിയാണിത്. ഇതിലെ ഒരാണും, ഒരു പെണ്ണും മാത്രമേ മീൻ പിടിക്കുവാൻ പോകുകയുള്ളൂ. ഒരു മുള്ളിലം വടിയും ഒരു തോർത്തുമുണ്ടുമാണ് ഈ മീൻ പിടുത്തത്തിന് ഉപയോഗിക്കുന്നത്. ഒരു വലിയ അലൂമിനിയ ചെമ്പുമാണ് കൊയിത്തയെ ഇടുവാൻ ഉപയോഗിക്കുന്നത്. കായലിൽ നല്ലവണ്ണം വെള്ളം ഉണ്ടായാൽ പോലും കൊയിത്തയെ പിടിക്കാൻ സാധിക്കും. നെഞ്ചിനുമേൽ വെള്ളമുണ്ടെങ്കിൽ മുള്ളിലം വടികൊണ്ട് വെള്ളത്തിനു മീതെ മീനെ ആട്ടുന്നു. മുള്ളിലം കൊണ്ടുള്ള വടി കണ്ട് ഈ ചെറുവക മീനുകൾ പേടിച്ച് ഒരു സ്ഥലത്ത് ഓടിയൊളിക്കുന്നു. ഒരു പ്രത്യേക സ്ഥലത്ത് ആക്കി ഒരു തോർത്തുമുണ്ട് എടുത്ത് രണ്ടുപേരുകൂടി തോർത്തുമുണ്ട് കൊണ്ട് കോരുന്നു. അപ്പോഴും മുള്ളിലം വടി അടുത്തു തന്നെയുണ്ടായിരിക്കും. മുള്ളിലം വടി മാറ്റിയാൽ കൊയിത്ത മീനുകൾ എല്ലാം ഓടുന്നതായി കാണാം. ചിലപ്പോൾ ഒരു കോരലിന് പകുതിയിലേറെ കൊയിത്തകളെ കിട്ടുന്നു. ഈ പ്രാചീനമായ കൊയിത്തപിടുത്ത രീതി ഇപ്പോൾ അപൂർവ്വമായി മാത്രം കാണുന്നു. ഒരു തോട്ടിൽ പോയാൽ അതിൽ കൊയിത്തയുണ്ടോ എന്ന് മീൻപിടുക്കുന്നവർക്ക് അറിയാം ചില തോട്ടിൽ അധികവും കൊയിത്ത ആയിരിക്കും. ഈ ചെറുവക മീനിനെ വലിയ മീനുകൾ കൊന്നു തിന്നുന്നു. അതുകൊണ്ട് ഇവയ്ക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. □

# അടക്കാരം മുറി

### സൗമ്യ ടി.വി.

കുടുംബി സമുദയക്കാർ വള്ളിവട്ടം ചെട്ടിത്തെരുവിൽ ശിവരാത്രി കഴിഞ്ഞുവരുന്ന ആദ്യത്തെ ഉത്രം നാളിൽ അവതരിപ്പിച്ചുവരുന്ന ആചാരമാണ് അടക്കാരം മുറി. ഇതിനെ ഹോളി, മഞ്ഞക്കുളി മഹോത്സവം, കമ്പലി എന്നും പറയും. ദേശത്തിൻെറ പുരോഗതിയ്ക്ക്വേണ്ടി ഉൽസവദിവസം ഉണ്ടാകാറുള്ള ശയനപ്രദക്ഷിണം വിവാഹം നടക്കാനും, ദേശനന്മക്കും ഉപകരിക്കും. ഗോവാക്കാരായിരുന്നു മൂപ്പൻമാർ (കുടുംബി) പോർച്ചുഗീസുകാർ ഇന്ത്യയിൽ വന്നപ്പോൾ എല്ലാവരെയും മാർക്കം



പൊറാട്ടുനാടകം - സി.കെ.കുഞ്ഞുനാശാനും സംഘവും

കൂട്ടാൻ തുടങ്ങി. അതിൽനിന്നും ഓടി രക്ഷപ്പെട്ടാണ് അവർ ഇവിടെ എത്തിയത്. അന്നുമുതൽ തുടങ്ങിയതാണ് ഈ മഹോത്സവം. ഏകദേശം 500 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതാണെന്നു പറയുന്നു. അടയ്ക്കാരം നിലത്തുവീഴാതെ പിടിക്കാനും, കമ്പവലിക്കും മറ്റും 25 ആളുകൾ ഉണ്ടായിരിക്കും. ദേശ നന്മക്ക് വേണ്ടി നടത്തുന്നതുകൊണ്ട് എല്ലാ വിഭാഗക്കാരും സഹകരിക്കാറുണ്ട്, അവർ ദേവിയ്ക്ക് പറ, തുലാഭാരം എന്നിങ്ങനെ വഴിപാടുകളായി പൈസ കൊടുക്കുന്നു. അടക്കാരത്തിൽ തൊടുവാൻ മറ്റു വിഭാഗക്കാർക്ക് അവകാശമില്ല. തപ്പ് കൊട്ടി പാടുന്നതോടൊപ്പം കാണികളും കളിക്കുന്നു. ഉപയോഗിക്കുന്ന സംഗീതോപകരണങ്ങൾ. തപ്പ്, ഇലത്താളം, ചെണ്ട എന്നിവയാണ്. ഒരാൾ ചൊല്ലുകയും രണ്ടുപേർ ഏറ്റുപാടുകയുംചെയ്യും "തിത്തതന്തിയത്തോം" എന്നാണ് ഈ കൊട്ടിൻെറ രീതി. ഈ ഉത്സവം നടത്തുന്നതിനു 7 ദിവസം മുമ്പ് നിലവിളക്ക് കത്തിച്ചുവച്ച്, ഇവരുടെ ഭാഷയിലുള്ള രാമായണം വായിക്കാറുണ്ടായിരുന്നു. ഇപ്പോളതില്ല. തപ്പുകൊട്ടിൻെറ താളത്തിനൊത്ത് ഇവർ ആടുന്നു. പണ്ട് മുള്ളും ചെരുപ്പിൽ തുള്ളുക എന്നഒരു ചടങ്ങുണ്ടായിരുന്നു. നിറയെ മുള്ളുകളുള്ള ചെരുപ്പ് ധരിച്ച് ആവേശത്തോടെ തുള്ളുന്നു. നിലത്തുവീഴാതെ മുറിച്ചു കൊണ്ടുവരും അടക്കാമരം എന്നാണ് വിശ്വാസം. രണ്ടുവശത്തുമായി ആളുകൾ പിടിച്ചു വലിക്കുന്നു. ഇതു നിലത്ത് വീഴാൻ പാടില്ല അത് നിലത്തുവീണാൽ ഭഗവതി കോപമുണ്ടാകും എന്നാണ് വിശ്വാസം.

ചെറായി എന്ന സ്ഥലത്താണ് ഇവർ ആദ്യം കുടിയേറി പാർത്തത്. സാമ്പത്തികമായി ഇവർ തകർന്നപ്പോൾ കൊങ്ങിണികൾ ഇവരെ നീക്കി നിർത്തി. കൊങ്ങിണികൾ ഇവരെ വിട്ടുപണിക്കാരാക്കി. അതിൽ കുറച്ചാളുകൾ അവിടെനിന്നും പോന്ന് ഇവിടെ താമസമാക്കി. അന്ന് മീൻപിടുത്തമായിരുന്നു അവരുടെ മുഖ്യതൊഴിൽ. ഇവിടെ വന്ന് ഒരമ്പലം പണിതു. അതിൽ അവരുടെ ദേവിയെ പ്രതിഷ്ഠിച്ചു. അമ്പലത്തിൻെറ വടക്കേ വീട്ടിൽ താമസിച്ചിരുന്നവർ വടക്കേ വീട്ടുകാരും, കിഴക്കേ വീട്ടിൽ താമസിച്ചിരുന്നവർ കിഴക്കേ വീട്ടുകാരെന്നും പടിഞ്ഞാറേതിൽ താമസിച്ചിരുന്നവർ പടിഞ്ഞാറേ വീട്ടുകാരെന്നും, തെക്കേതിൽ താമസിച്ചിരുന്നവർ തെക്കേ വീട്ടുകാരെന്നും അറിയപ്പെട്ടുപോന്നു. സംസ്കൃതത്തോട് സാമ്യമുള്ള ലിപിയായിരുന്നു ഇവരുടേത്. ഇവരുടെ ഭാഷയിൽ അനേകം ഗ്രന്ഥങ്ങളും പുരാണപുസ്തകങ്ങളും ഉണ്ടായിരുന്നു. ഇവരുടെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെല്ലാം പ്രത്യേകതയുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ രാത്രിയിലാണ് വിവാഹം നടത്തിയിരുന്നത്. വിവാഹം കഴിഞ്ഞ് സ്ത്രീയെ പിതാവിൻെറ വീട്ടിൽ കൊണ്ടുനിർത്തിയാൽ 5-ാം കല്യാണത്തിനുശേഷമാണ് ഭർത്താവിൻെറ വീട്ടിലേക്ക് കൊണ്ടുപോയിരുന്നത്.

ഇവരുടെ ആചാരങ്ങൾക്ക് ബ്രാഹ്മണന്മാരുടേതുമായി സാമ്യമുണ്ടായിരുന്നു. പുഷ്പിണിയാകുന്നതിനു മുമ്പ് വിവാഹം കഴിച്ചയക്കണമായിരുന്നു. അല്ലാത്തവർ ഭ്രഷ്ട് അയതായി കരുതി പോന്നിരുന്നു. ഈ സമുദായത്തെ നയിക്കുന്നതിന് ഒരു തലവൻ ഉണ്ടായിരുന്നു. അയാളുടെ നിർദ്ദേശമനുസരിച്ചാണ് അവർ കാര്യങ്ങൾ നടത്തിയിരുന്നത്. വിവാഹത്തിനുമുമ്പ് വരൻ 3പ്രാവശ്യം മഞ്ഞൾ കലക്കിയ വെള്ളത്തിൽ കുളിക്കണം. വിവാഹത്തിൻെറ അന്നുമുതൽ 7 ദിവസം തെരുവടച്ച് സദ്യ ഉണ്ടായിരുന്നു. ഉത്സവത്തിന് കാർന്നവൻമാർമഞ്ഞൾ കലക്കിവെച്ച വെള്ളത്തിൽ കളിക്കുന്നു. ഹോളിയോടനുബന്ധിച്ചു നടത്തുന്ന ശയന പ്രദക്ഷിണം പുരുഷൻമാർക്ക് വിവാഹകാര്യങ്ങൾ നടക്കുന്നതിനു നല്ലതാണെന്നാണ് ഇവരുടെ വിശ്വാസം. കമ്പവലിയിൽ, വെട്ടിയിടുന്ന അടയ്ക്കാമരം നിലത്തുവീഴാതെ

പിടിച്ച് 25-ാം ഓളം ആളുകൾ ചേർന്നു അങ്ങോട്ടുമിങ്ങോട്ടും വലിക്കുന്നു. ഇതു നിലത്തുവീഴരുത്. വീണാൽ ദേവി കോപമുണ്ടാകുമെന്നവർ വിശ്വസിക്കുന്നു. ഇതിനുശേഷം അടക്കാമരം മണ്ണിൽ കുഴിച്ചിട്ട്തീ വയ്ക്കുന്നു, എല്ലാ തിന്മകളെയും അതിനോടൊപ്പം കരിച്ചു കളയുന്നു എന്നാണ്വിശ്വാസം അതിനുശേഷം അവർ തീയിൽ ചാടി നൃത്തം വയ്ക്കുന്നു.

ഇവരുടെ മുൻഗാമികളുടെ കൈയിൽ ചെമ്പോലയിൽ എഴുതിയ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ഇവരുടെ ലിപിയിലാണ് ഇതെല്ലാം എഴുതപ്പെട്ടിരുന്നത്. ഈ ലിപി പിൻഗാമികൾ പഠിക്കാൻ തയ്യാറാവത്തതുമൂലം എല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ഭാഷയിൽ നിഘണ്ടുക്കൾ ഉണ്ടായിരുന്നു. ഈ ലിപിയിലെ അക്ഷരങ്ങൾക്ക് മലയാളത്തിൽ സമാന അക്ഷരങ്ങൾ ഇല്ലാത്തതിനാൽ ഇത് പഠിക്കുക അത്ര എളുപ്പമല്ല കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന ഒരാചാരമാണിത്. ആദ്യകാലങ്ങളിൽ ഇത് 11 ദിവസത്തോളം നീണ്ടുനിന്നിരുന്നു. ശിവരാത്രി കഴിഞ്ഞ് വരുന്ന ആദ്യത്തെ ഉത്രം നക്ഷത്രത്തിലായിരുന്നു ഈ ആചാരത്തോടനുബന്ധിച്ചുള്ള കലയായ അടയ്ക്കാരം മുറി അരങ്ങേറിയിരുന്നത്. ആദ്യകാലങ്ങളിൽ ഈ ചടങ്ങിന് 7 ദിവസം മുമ്പ് അമ്പലത്തിനടുത്തുള്ള ആൽത്തറയ്ക്കരികിൽ ഇവരുടെ ഭാഷയിലുള്ള രാമായണം വായിക്കുമായിരുന്നു. ഇവരുടെ അമ്പലത്തിൽ മുത്തപ്പൻ, ദേവി, കാരണവൻമാർ എന്നിവരാണ് ആരാധനാമൂർത്തികൾ. അടയ്ക്കാമരം മുറിയുടെ തലേദിവസം ഒരു വഴിപാട് എന്ന നിലയിൽ ശയനപ്രദക്ഷിണം നടത്തുന്നു. സ്ത്രീകളും പുരുഷൻമാരും ശയനപ്രദക്ഷിണം നടത്താറുണ്ട്. ദേവിക്കുവേണ്ടി പറയെടുപ്പും വഴിപാടുകളും ഉണ്ടാവാറുണ്ട്.

അടക്കാമരം മുറിക്ക് വേണ്ട അടക്കാമരം ഓരോ വീട്ടുകാർ വഴിപാടായി നൽകുന്നു. ഇവരുടെ വിഭാഗക്കാർ മാത്രമേ അടക്കാമരത്തിൽ തൊടാറുള്ളൂ. ആദ്യകാലങ്ങളിൽ ഇതിനുവേണ്ടി ഇവർ ഒരാഴ്ചയോളം നൊയമ്പ് നോൽക്കാറുണ്ടായിരുന്നു. ഇപ്പോൾ അത് ഒരു ദിവസമായി ചുരുങ്ങി. അപ്പോൾ മത്സ്യമാംസാദികളൊന്നും കഴിക്കാറില്ല വ്രതമെടുത്തവരും (25-ഓളം ആളുകൾ) ഒരു കാരണവരും, കാണികളും കൂടി അടയ്ക്കാമരം മുറിക്കുന്ന വീട്ടിലേക്ക് പോകുന്നു. കാരണവർ വെള്ളമുണ്ടായിരിക്കും ധരിച്ചിരിക്കുക. അദ്ദേഹം ചില കർമ്മങ്ങളൊക്കെ ചെയ്ത് അടക്കാമരം വെട്ടുന്നു. ഈ ആളുകൾ ചേർന്ന് അടയ്ക്കാമരം നിലത്ത് വീഴാതെ പിടിക്കുന്നു. ഈ അടയ്ക്കാമരം മുകളിലേ ക്കെറിഞ്ഞ് പിടിക്കുന്നു. തപ്പ് ഇലത്താളം, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ ഉണ്ടായിരിക്കും. ഈ വാദ്യമേളത്തിൻെറ താളത്തിനൊപ്പിച്ച് അവർ ചുവടുവെച്ച് കളിക്കുന്നു. ഏകദേശം ഉച്ചകഴിഞ്ഞിട്ടാണ് ഇത് നടത്താറുള്ളത്. പൊഴുതു നോക്കിയിട്ടാണ് അടക്കാമരം മുറിക്കുന്നത്. തപ്പുകെട്ടിൻെറ താളത്തിനൊപ്പിച്ച് ''മുള്ളറ ചെരുപ്പിൽ തുള്ളൽ'' എന്ന ഒരുകല കൂടി ഉണ്ടായിരുന്നു. നിറയെ മുള്ളുകളുള്ള ചെരിപ്പുധരിച്ച് അവർ ഭക്തിസാന്ദ്രമായി ചുവടുകൾ വയ്ക്കുന്നു. നാനാ ജാതിമതസ്ഥരും ഇവരുടെ ഉത്സവം കാണാൻ എത്തിയിരുന്നു. തുള്ളലിൽആവേശം പിടിക്കുമ്പോൾ പലതരത്തിലുള്ള ചായങ്ങൾ വാരി വിതറി വർണ്ണവലയം സൃഷ്ടിക്കുന്നു. പലതരത്തിലുള്ള ചായങ്ങൾ കാണികളുടെ മുഖത്തും വസ്ത്രങ്ങളിലും തേക്കുന്നു. ഇതിന് ആരും പരാതിപറയാൻ പാടില്ല. വെട്ടി കൊണ്ടുവന്ന അടക്കാമരം വച്ച് ആദ്യം അമ്പലത്തിൻെറ ആൽത്തറയ്ക്കരികിൽ കളിക്കുന്നു. ഈ ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും അടക്കാമരം വലിക്കുന്നു. കുറച്ചുനേരം വലിച്ചതിനുശേഷം അടക്കാമരം കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. അതിനുശേഷം അമ്പലനടയിൽവച്ച് കുറച്ചുനേരം വലിക്കുന്നു. അവിടെ ചില പൂജകളൊക്കെ ചെയ്ത് അടക്കാമരം നിലത്ത് വയ്ക്കുന്നു. പിന്നെ നിലത്തൊരു കുഴികുഴിച്ച് അടക്കാരം അതിൽകുഴിച്ചു നിർത്തുന്നു. എന്നിട്ട് അതിൻെറ കടക്കൽ തീയിടുന്നു. ആളുകൾ ഭക്തിപൂർവ്വം അതിൽ ചാടി നൃത്തം വയ്ക്കുന്നു. പുത്തൻതലമുറക്ക് ഈ ചടങ്ങിനോടോ ഭാഷയോടോ തെല്ലും താൽപര്യമില്ല ഭാഷ പകർത്തിയെടുക്കാൻ ഇളമുറക്കാർ തയ്യാറാകാതിരുന്നതുമൂലം ലിപികളും, പുസ്തകങ്ങളും, ഗ്രന്ഥങ്ങളുമെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

*ഹക്യ ബവാന്തൊതുമ് ഗോവൈഗെല്ലോരേ*
*ഗോവൈഗെല്ലോരെതുമ് ചമ്മാദിക് ലോരെ*

അർത്ഥം - *ആരോമൽ പോന്നോ നീ ഗോ വേ പോയോ*
*ഗോവേ യോ നീ അമ്മാവനെ കണ്ടോ*
*നമോണാന മോണാ ദേവാ ഗണാസുത്തേഗോ*
*ഓർക്കനമോ നമോണ ദോണി*
*നമോന്ന ദോണി സുത്തേകം*

ഇവരുടെ പ്രത്യേകലിപിയിലുള്ള രാമായണവും ചെമ്പോല ഗ്രന്ഥങ്ങളുമൊക്കെയുണ്ടായിരുന്നു. ഭാഷ പഠിക്കാത്തതുമൂലം അവ ഉപയോഗമില്ലാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇന്ന് ഈ നാടോടികലയ്ക്കു മാറ്റങ്ങൾ വന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഇവരുടെ കല്യാണങ്ങൾ രാത്രിയിലാണ് നടത്തിയിരുന്നത്. ഇപ്പോൾ പകലാണ്. ആദ്യം കല്യാണത്തിന് 7 ദിവസം തെരുവടച്ച് സദ്യ ഉണ്ടായിരുന്നു. അങ്ങനെ നടത്തിയതുമൂലം ഇവർ ആകെ പാപ്പരായി. അതുകൊണ്ട് ഇപ്പോളില്ല 7 ദിവസം രാമായണം വായനയുമില്ല ഉത്സവ ദിവസം കാരണവൻമാർ മഞ്ഞൾ കലക്കിയ വെള്ളത്തിൽ കുളിക്കുമായിരുന്നു. രോമകൂപങ്ങൾ എല്ലാം കൊഴിഞ്ഞ് പോകുന്നതുകൊണ്ട് അതുനിർത്തി. മുള്ളറ് ചെരുപ്പിൽ തുള്ളൽ എന്ന കലയും നിർത്തി. 11 ദിവസം നീണ്ടുനിന്നിരുന്ന ഉത്സവം 57 വർഷങ്ങൾക്കുശേഷം 3 ദിവസത്തേക്കായി ചുരുങ്ങി. □



# നാട്ടുവൈദ്യം

## സൗമ്യ ടി.വി.

ആയുർവേദ ഭിഷഗ്വരൻമാരിൽനിന്നും താളിയോലകളിലും ഗ്രന്ഥങ്ങളിലുമായി ശേഖരിച്ചുവച്ചിരുന്ന നാട്ടുവൈദ്യങ്ങൾ പണ്ടുകാലത്ത് ആളുകൾ ചെയ്തിരുന്നു. തികച്ചും പ്രകൃതിദത്തമായ ജീവിതമായിരുന്നു പണ്ട്. പ്രകൃതിയിൽനിന്നുള്ള വസ്തുക്കൾ മാത്രമാണ് ചികിത്സക്കും മറ്റും ഉപയോഗിച്ചിരുന്നത്. മിക്ക അസുഖങ്ങളും അവർ സ്വന്തം മരുന്ന് കഴിച്ച് മാറ്റിയിരുന്നു. വൈദ്യൻമാർ നിർദ്ദേശിക്കുന്ന മരുന്ന് വിശ്വാസത്തോടും, പ്രത്യേക പത്യത്തോടും കൂടി കഴിച്ചിരുന്നു. മരുന്നുണ്ടാക്കുന്നതിനു വേണ്ട മിക്ക ഔഷധ ചെടികളും സ്വന്തം വീട്ടുവളപ്പിൽതന്നെ നട്ടുവളർത്തുമായിരുന്നു. തുളസി, ആടലോടകം, കൂവളം, കീഴാർനെല്ലി, തുമ്പക്കുടം, കുറുംതോട്ടി, തഴ്താമ്മ തുടങ്ങി എല്ലാ ഔഷധച്ചെടികളും വീട്ടുപറമ്പിൽ തന്നെ ഉണ്ടാകുമായിരുന്നു. ചിലവു കുറഞ്ഞരീതിയിലുള്ള ഒരു ചികിത്സാമാർഗ്ഗമാണിത്.

**നിർമ്മാണ വിധികൾ :** **പനിയും തലവേദനയും വന്നാൽ :** ചുക്ക്, കുരുമുളക്, ഉള്ളി, ഇഞ്ചിപുല്ല്, തുളസിയില, പനികൂർക്കയുടെ ഇല, പേരയുടെ ഇല എന്നിവ ചേർത്ത് വെള്ളം തിളപ്പിച്ച് കുടിക്കുക. നീർക്കെട്ട് മാറാൻ ആവി പിടിക്കാറുണ്ട്. **ചുമയ്ക്ക് :** i) ആടലോടകത്തിൻെറ ഇല വാട്ടിപിഴിഞ്ഞു കോഴിമുട്ടയിൽ അപ്പം ചുട്ട് കഴിക്കുക. ii) ആടലോടകത്തിൻെറ ഇലയും, പുഴുങ്ങിയ നെല്ലും വറുത്ത് ഇലയും കൂട്ടി ഇടിച്ച് ശർക്കരയും കൂട്ടി തുടർച്ചയായി കുറച്ചുദിവസം കഴിച്ചാൽ ചുമ മാറും. **വയറിളക്കത്തിന് :** i) കരിക്കിൻെറ വെള്ളം കുടിക്കുക. ii) ഇഞ്ചിനീർ എടുത്ത് തേൻ ചേർത്ത് കഴിക്കുക. iii) ചെറുനാരങ്ങ പിഴിഞ്ഞ് തിളപ്പിച്ച വെള്ളത്തിൽ ചേർത്ത് ഉപ്പിട്ട് കഴിക്കുക. **വയറുവേദനക്ക് :** i) വറുകഷായം **നിർമ്മാണ വിധി :-** വരിക്കമാവിൻെറ തൊലിയും, ഇഞ്ചിപുല്ലിൻെറ ഇലയും, പൂത്തുമ്പയും വറുത്ത് (ചുവക്കുന്നതുവരെ) കഷായം വെയ്ക്കുക. **വിരശല്യത്തിന് :** i) നൂൽ കൈതയുടെ വേര് ചതച്ച് തിളപ്പിച്ച് ഇന്തുപ്പും, കായവും ചൂടാക്കി പൊടിച്ചുചേർത്ത് കഴിക്കുക. ii) പൂത്തുമ്പ പിഴിഞ്ഞ നീരെടുത്ത് പാൽകായവും ചേർത്തു കഴിക്കുക. **നട്ടെല്ല് വേദനയ്ക്ക് :** i) തെങ്ങിൻ പൂക്കുല ഇടിച്ച് പിഴിഞ്ഞ് നീരു കുടിക്കുക. **അഞ്ചാം പനിക്ക് :** മല്ലി വെള്ളം തിളപ്പിച്ച് കുടിക്കുകയും, തുളസിയിലയും ഉള്ളിയും ചതച്ച് കണ്ണിൽ പിഴിയുകയും, മല്ലി വെള്ളംകൊണ്ട് മുഖം കഴുകയും, ഉപ്പിടാതെ പൊടിയരിക്കഞ്ഞി പപ്പടം ചുട്ടതുകൂട്ടി കഴിക്കുകയും ചെയ്യുക. തടിപ്പുമാറുമ്പോൾ പൂവാൻകുരുന്നിലയിട്ട് വെള്ളം തിളപ്പിച്ച് കുളിക്കുക. **മുഖക്കുരുവിന് :** i) ചിരട്ടയുടെ മൊരി കളഞ്ഞ് അൽപ്പം വെള്ളം ചേർത്ത് കരിങ്കല്ലിൽഇട്ട് ഉരയ്ക്കുക, വെള്ളദ്രാവകം വരുന്നതുവരെ ഉരയ്ക്കുക. ആ വെള്ള ദ്രാവകം മുഖത്ത് പുരട്ടിയാൽ മുഖക്കുരു മാറിക്കിട്ടും. ii) പുളിങ്കുരു പാലിലിട്ട് കുതിരുന്നതുവരെ വച്ചിട്ട് മുഖത്തു പുരട്ടുക. **ഉപ്പുതൽ :** പാണൻമാരും, പുലയൻമാരുമാണ് ഇത് ചെയ്യുക പതിവ്. കൊതിപറ്റിയാൽ അത് മാറികിട്ടും എന്നാണ് വിശ്വാസം. ഒരിലയിൽ ഉപ്പെടുക്കുക. കാരണവൻമാരെ ധ്യാനിച്ച് അതിലേയ്ക്ക് ഊതുക. അപ്പോൾ കോട്ടുവാ വരുകയാണെങ്കിൽ കൊതിയേറ്റിട്ടുണ്ട്. അതു രണ്ടു പങ്കാക്കുക. ഒരുപങ്ക് ദേഹമാകെ ഉഴിഞ്ഞ് അടുപ്പിലിടുക, ഒരു ഭാഗം കഞ്ഞിയിൽ ചേർത്ത് കഴിക്കുക. **കൊച്ചുകുട്ടികളിൽ വരുന്ന വായിൽകേടിന് :** വെളുത്തുള്ളിയും, ഉപ്പും ചേർത്ത് ചാണകം മെഴുകിയ തറയിലിട്ടരച്ച് അണ്ണാക്കിൽ മൂന്നുനേരും പുരുട്ടുക (അമർത്തുക). അപ്പോൾ അസുഖം മാറി കിട്ടും. **വൃക്കയുടെ ശരിയായ പ്രവർത്തനത്തിന് :** തഴുതാമ്മ വെള്ളം തിളപ്പിച്ച് കുടിക്കുക, പച്ച അരച്ച് കഴിക്കുക. **ഔഷധങ്ങൾ :** **മുരിങ്ങ :** കഫം, വാതം, വിഷം ഇവയെ ശമിപ്പിക്കുവാൻ മുരിങ്ങയുടെ കുരുവും, അരിയും നന്ന്. മുരിങ്ങയരി പശുവിൻ നെയ്യിൽ അരച്ച് കണ്ണിലെഴുതുന്നത് കാഴ്ചകുറവിനും മാലകണ്ണിനും ഫലവത്തായ ചികിത്സയാണ്. നേത്രരോഗങ്ങൾക്ക് മുരിങ്ങയില നീരും തേനും കൂട്ടി ചാലിച്ച് കഴിച്ചാൽ ശമനം കിട്ടും. **പപ്പായ :** പപ്പായയുടെ വേരും ഉപ്പും ചേർത്ത് ഭ്രൂണഹത്യ ചെയ്യുവാൻ ഉപയോഗിക്കാറുണ്ട്. പപ്പ മരത്തിൻെറ ഇലയോ പച്ചകായുടെ കഷണമോ തുണികൾ കഴുകുമ്പോൾ വെള്ളത്തിലിട്ടാൽ അഴുക്കു നല്ലപോലെ പോകും. തുണികളിലെ ചായം ഇളകാതിരിക്കാനും ഉപകരിക്കും. **അത്തിപ്പഴം :** എളുപ്പത്തിൽ ദഹിക്കുന്നതിനും മലബന്ധം ഇല്ലാതാക്കുന്നതിനും അത്തിപ്പഴം ഉപകരിക്കും. **മണിതക്കാളി :** മണി തക്കാളി സമൂലം കഷായമാക്കി രണ്ടു തവി വീതം രാവിലെയും രാത്രിയിലും തേനിൽ ഏഴുദിവസം കഴിച്ചാൽ മഞ്ഞപിത്തത്തിന് ആശ്വാസം ലഭിക്കും. □





നന്തുണിപാട്ട്

# തൃശൂർ ജില്ല
# നാട്ടറിവ്/നാടൻകലാ സമാഹരണം

## പൊതു അവലോകനം

### രൺജിത് പി., രാധിക ടി.

1998 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി തൃശൂർ ജില്ലാ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടന്ന ഫീൽഡ് വർക്കിൻെറ ഫലമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ഒട്ടനവധി നാട്ടറിവുകളും നാടൻ കലാരൂപങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുകയുണ്ടായി. തിരഞ്ഞെടുത്ത അന്വേഷകർ (ഫീൽഡ് വർക്കർ) മുൻകൂട്ടി ഉണ്ടാക്കിയ ഒരു ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തങ്ങൾക്ക് അടുത്ത് പ്രദേശത്തുള്ള നാടൻ കലാകാരൻമാരെയും ആവേദകരെയും (കലകളെയും മറ്റും സംബന്ധിച്ച പരമ്പരാഗതമായ അറിവ് പറഞ്ഞു തരാൻ കഴിവുള്ള വ്യക്തികൾ) സന്ദർശിച്ച് അവരിലുള്ള പാട്ടറിവിൻെറ അംശങ്ങൾ പകർന്നെടുക്കാനാണ് ശ്രമിച്ചത്. നാടൻ കലാകാരൻമാരോ കൈത്തൊഴിലുകാരോ ഈ മേഖലയെക്കുറിച്ച് അറിവുള്ളവരോ ആയ നൂറ്റിമ്പതോളം വ്യക്തികളെ നേരിട്ട് സന്ദർശിച്ച് അവരിൽനിന്ന് കലകളെയും ഭൗതിക സംസ്ക്കാരത്തെയും കുറിച്ചുള്ള നാട്ടറിവുകൾ അന്വേഷകൻമാർ ശേഖരിച്ചിട്ടുണ്ട്. 123 ഇനങ്ങളെ സംബന്ധിച്ച നാട്ടറിവുകളാണ് സമാഹരിക്കപ്പെട്ടത്. അനുഷ്ഠാനം, വിശ്വാസം, ചടങ്ങുകളും ആചാരങ്ങളും, മിത്ത്, മന്ത്രവാദം, നാട്ടുവൈദ്യം, നാടൻനൃത്തം, നാടകം, നാടൻസംഗീതം, കളികൾ, നാടൻപാട്ട്, കഥ, പഴഞ്ചൊല്ല്, കടങ്കഥ, കൈവേലകൾ, നാടൻപാചകം എന്നീ വിഭാഗങ്ങളിലായി സമാഹരിക്കപ്പെട്ട ഇനങ്ങളെ വർഗീകരിക്കാം. പറയർ, പുലയർ, വേട്ടുവർ, പെരുമണ്ണാൻ, പുള്ളുവർ, കുമ്പാരർ, വേലർ, മൂപ്പൻ, അരയർ, പാണർ, വിശ്വകർമ്മർ എന്നീ സമുദായങ്ങളുടെയും കാടർ, മലയർ എന്നീ ആദിവാസി വിഭാഗങ്ങളുടെയും കലാരൂപങ്ങളാണ് മുഖ്യമായും ശേഖരിച്ചിട്ടുള്ളത്. ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളിൽനിന്നും പ്രാതിനിധ്യ സ്വഭാവമുള്ള കലകൾ ശേഖരിക്കാൻ അന്വേഷകർക്ക് സാധിച്ചിട്ടുണ്ട്. കലാരൂപങ്ങളെ അവ ശേഖരിച്ച പ്രദേശത്തിൻെറയും സമുദായങ്ങളുടെയും അടിസ്ഥാനത്തിൽ വർഗീകരിച്ചിട്ടുള്ളതിൻെറ സംഗ്രഹം പട്ടിക - 1ൽ കൊടുത്തിരിക്കുന്നു. പട്ടിക - 2ൽ വിവിധ നാടൻകലാകാരൻമാരുടെയും ആവേദകരുടെയും പേരും വിലാസവും ചേർത്തിരിക്കുന്നു.

നാടൻകലാശേഖരണത്തിൻെറ ശാസ്ത്രീയ വശങ്ങളെപ്പറ്റി സൂക്ഷ്മമായി മനസ്സിലാക്കിയവരല്ല അന്വേഷകരെങ്കിലും പ്രാഥമിക പ്രവർത്തനമെന്ന നിലയിൽ വളരെ വിലപ്പെട്ട അറിവുകളാണ് ഇവിടെ സമാഹരിക്കപ്പെട്ടിരിക്കുന്നത്. നാടൻകലാ ഗവേഷകർക്കും, ഫീൽഡ് വർക്കിന് ശ്രമിക്കുന്നവർക്കും, നാടൻകലകളെ പരിചയപ്പെടുത്തുന്ന മാധ്യമ പ്രവർത്തകർക്കും അതിലുപരിയായി നാടൻ പാരമ്പര്യം കെടാതെ സൂക്ഷിക്കാൻ താല്പര്യമുള്ള സാമൂഹ്യപ്രവർത്തകർക്കും ഒരു മികച്ച കൈപ്പുസ്തകമായി ഈ സമാഹരണം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. □

## പട്ടിക - 1 കലാരൂപങ്ങൾ

| | കലാരൂപത്തിൻെറ പേര് | വിഭജനം | സമുദായം | സ്ഥലം | താലൂക്ക്/ബ്ലോക്ക് |
|---|---|---|---|---|---|
| 1. | ചാക്കാട് | അനുഷ്ഠാനം | പറയർ | കാഞ്ഞിരക്കോട് | വടക്കാഞ്ചേരി |
| 2. | മലവായി ആട്ടം | അനുഷ്ഠാനനൃത്തം | പറയർ | കാഞ്ഞിരക്കോട് | വടക്കാഞ്ചേരി |
| 3. | കാളകളി | അനുഷ്ഠാനനൃത്തം | പുലയർ | പൊഞ്ഞനം-കാട്ടൂർ | ഇരിങ്ങാലക്കുട |
| 4. | വയൽക്കളം | അനുഷ്ഠാനം | വേട്ടുവർ | വാടാനപ്പിള്ളി | തളിക്കുളം |
| 5. | തോറ്റം | ” | പെരുമണ്ണാൻ | മുറ്റിച്ചൂർ | അന്തിക്കാട് |
| 6. | നായാടി മുത്തപ്പൻ-കളംപാട്ട് | ” | - | വാടാനപ്പിള്ളി | തളിക്കുളം |
| 7. | സർപ്പപ്പാട്ട് | ” | പുള്ളുവർ | തൈക്കാട് | ചാവക്കാട് |
| 8. | കാർന്നോമ്മാർപാട്ട് | ” | പറയർ | മുപ്ലിയം | കൊടകര |
| 9. | സാംബവനൃത്തം | ” | പറയർ | ചെങ്ങാലൂർ | കൊടകര |
| 10. | തുയിലുണർത്തുപാട്ട് | ” | പാണർ | മുപ്ലിയം | കൊടകര |
| 11. | മലവായി ആട്ടം | ” | പറയർ | മിണാലൂർ | വടക്കാഞ്ചേരി |
| 12. | തോറ്റംപറച്ചിൽ | ” | പറയർ | തങ്ങാലൂർ | പുഴക്കൽ |
| 13. | തുയിലുണർത്തുപാട്ട് | ” | പാണർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 14. | മുടിയാട്ടം | ” | പറയർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 15. | മുടിയേറ്റ് (സ്ത്രീകൾ) | ” | പുലയർ | കാവിൽക്കടവ്-കൊടുങ്ങല്ലൂർ | ഏറിയാട് |
| 16. | പറയൻ തുള്ളൽ | ” | പറയർ | കാവിൽക്കടവ്-കൊടുങ്ങല്ലൂർ | ഏറിയാട് |
| 17. | കുഴിതാളം | ” | വേട്ടുവർ | ആറാട്ടുപുഴ | ചേർപ്പ് |
| 18. | മുറംകുത്തിപ്പാട്ട് | ” | വേട്ടുവർ | ആറാട്ടുപുഴ | ചേർപ്പ് |
| 19. | കുതിരകളി | ” | പുലയർ | ആറാട്ടുപുഴ | ചേർപ്പ് |
| 20. | മാരിയമ്മൻപാട്ട് | ” | കുമ്പാരൻ | ചെങ്ങാലൂർ | കൊടകര |
| 21. | കാളകളി | ” | പുലയർ | ചെങ്ങാലൂർ | കൊടകര |
| 22. | തുയിലുണർത്തുപാട്ട് | ” | പാണർ | പുതുക്കാട് | കൊടകര |
| 23. | പുള്ളുവൻ പാട്ട് | ” | പുള്ളുവർ | വേലൂർ-കേച്ചേരി | ചാലക്കുടി |
| 24. | കാളകളി | ” | പുലയർ | പുതുക്കാട് | കൊടകര |
| 25. | പുള്ളുവൻപാട്ട് | ” | പുള്ളുവർ | കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 26. | പോത്തോട്ടം | ” | പുലയർ | ആറാട്ടുപുഴ | ചേർപ്പ് |
| 27. | കാളകളി/വേല | ” | പുലയർ, കണക്കർ | മങ്ങാട്-കുന്നംകുളം | ചൊവ്വന്നൂർ |
| 28. | കളപ്പാട്ട് | ” | പുലയർ | മങ്ങാട്-കുന്നംകുളം | ചൊവ്വന്നൂർ |
| 29. | കരിങ്കാളി | ” | പറയർ | പോന്നോർ | പുഴക്കൽ |
| 30. | ദാരികവധം | ” | പറയർ | പോന്നോർ | പുഴക്കൽ |
| 31. | കുതിരകളി | ” | പുലയർ | പുത്തൂർ-കൈപ്പറമ്പ് | പുഴക്കൽ |
| 32. | ഓണകളി | ” | പുലയർ | മതുക്കര | പുഴക്കൽ |
| 33. | ചെറുനീലിയാട്ടം | ” | പറയർ | തോളൂർ-പറപ്പൂർ | പുഴക്കൽ |
| 34. | തുയിലുണർത്തുപാട്ട് | ” | പാണർ | പാലപ്രക്കുന്ന്-കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 35. | അടക്കാരം മുറി | ” | കുഡുംബി (മൂപ്പർ) | ചെട്ടിത്തെരുവ്-വള്ളിവട്ടം | വെള്ളാങ്ങല്ലൂർ |
| 36. | നന്തുണിപ്പാട്ട് | അനുഷ്ഠാനം | വേലർ | പൈങ്ങോട്-കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 37. | കളമെഴുത്ത് | ” | വേലർ | കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 38. | തുടികൊട്ടുംപാട്ടം/മുടിയാട്ടം | അനുഷ്ഠാനം | പുലയർ | പാലപ്രക്കുന്ന്-കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 39. | പുള്ളവൻപാട്ട് | ” | പുള്ളുവർ | മനക്കലപ്പടി-കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 40. | മുടിയാട്ടം | ” | പറയർ | വി.ആർ.പുരം | ചാലക്കുടി |
| 41. | കുടിയിരുത്തുപാട്ട് | ” | പറയർ | വി.ആർ.പുരം | ചാലക്കുടി |
| 42. | ചാകര | വിശ്വാസം | അരയർ | വലപ്പാട് | തളിക്കുളം |
| 43. | തിരണ്ടുകല്യാണം | ആചാരം | - | - | തളിക്കുളം |
| 44. | പുലവീടൽ | ആചാരം | കാടർ | പുകലപ്പാറ-പെരിങ്ങൽകുത്ത് | ചാലക്കുടി |

| കലാരൂപത്തിൻെറ പേര് | വിഭജനം | സമുദായം | സ്ഥലം | താലൂക്ക്/ബ്ലോക്ക് |
|---|---|---|---|---|
| 45. സ്ഥലനാമപുരാണം | ഐതിഹ്യം | - | വെള്ളാങ്ങല്ലൂർ | വെള്ളാങ്ങല്ലൂർ |
| 46. കാർന്നോന്മാർ | വിശ്വാസം | - | - | വെള്ളാങ്ങല്ലൂർ |
| 47. പാലക്കവേലൻ | ചടങ്ങ് | വേലർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 48. തട്ടിൽക്കയറ്റം | ചടങ്ങ് | പുലയർ | കാവിൽക്കടവ് | ഏറിയാട് |
| 49. കർമ്മം | ആചാരം | പുലയർ | - | ഏറിയാട് |
| 50. അടിയന്തിരകർമ്മം | വിശ്വാസം/ചടങ്ങ് | കാടർ | വാച്ച്മരം-പെരിങ്ങൽകുത്ത് | ചാലക്കുടി |
| 51. നാട്ടുവൈദ്യം | നാട്ടുവൈദ്യം | മലയർ | പിള്ളപ്പാറ-അതിരപ്പിള്ളി | ചാലക്കുടി |
| 52. നാട്ടുവൈദ്യം | " | കാടർ | പുകലപ്പാറ-പെരിങ്ങൽകുത്ത് | ചാലക്കുടി |
| 53. നാട്ടുവൈദ്യം | " | - | തൈക്കാട് | ചാവക്കാട് |
| 54. മരുന്നുകഞ്ഞി | " | - | മതുക്കര-പറപ്പൂർ | പുഴക്കൽ |
| 55. നാട്ടുവൈദ്യം | " | - | കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 56. നാട്ടുവൈദ്യം | " | പറയർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 57. നാട്ടുവൈദ്യം | " | പാണർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 58. നാട്ടുവൈദ്യം | " | കാടർ | വാച്ചുമരം-പെരിങ്ങൽകുത്ത് | ചാലക്കുടി |
| 59. ഇടിമരുന്ന് | " | പുലയർ/പറയർ | മറ്റത്തൂർകുന്ന് | കൊടകര |
| 60. വിഷചികിത്സ | " | - | മതിലകം | മതിലകം |
| 61. കോൽക്കളി | നൃത്തം | വിശ്വകർമ്മർ | കാക്കശ്ശേരി | മുല്ലശ്ശേരി |
| 62. ചവിട്ടുകളി | " | - | മങ്ങാട് | ചൊവ്വന്നൂർ |
| 63. ചോടുകളി | " | - | തൈക്കാട് | ചാവക്കാട് |
| 64. കൈകൊട്ടിക്കളി | " | - | തൈക്കാട് | ചാവക്കാട് |
| 65. കുറത്തിയാട്ടം | നൃത്തനാടകം | പാണർ | പാലപ്രക്കുന്ന്-കോണത്തുകുന്ന് | വെള്ളാങ്ങല്ലൂർ |
| 66. ഐവർകളി | നൃത്തം | ആശാരി | മറ്റത്തൂർ-മൂന്നുമുറി | കൊടകര |
| 67. പറയൻകളി | " | പറയൻ | മണ്ണംപേട്ട-നന്തിക്കര | കൊടകര |
| 68. കോലംകളി | " | പറയർ | ഊരകം | ചേർപ്പ് |
| 69. ഐവർകളി | നൃത്തം | - | പടന്ന-പാറളം | പുഴക്കൽ |
| 70. കുടംപിടിക്കൽ | മന്ത്രവാദം | - | ആറാട്ടുപുഴ | ചേർപ്പ് |
| 71. ഉപ്പ് ഉഴിയൽ | " | - | ആറാട്ടുപുഴ | ചേർപ്പ് |
| 72. നാക്കില ഉഴിയൽ | " | പുലയർ | മതുക്കര-പറപ്പൂർ | പുഴക്കൽ |
| 73. നൂല് കെട്ടൽ | " | പാണർ | മുപ്ലിയം | കൊടകര |
| 74. മന്ത്രവാദം | " | പാണർ | പാലപ്രക്കുന്ന് | വെള്ളാങ്ങല്ലൂർ |
| 75. മുടി | " | പറയർ | എടക്കുളം | ഇരിങ്ങാലക്കുട |
| 76. മാന്ത്രികകർമ്മങ്ങൾ | മന്ത്രവാദം | പുലയർ | കൊടുങ്ങല്ലൂർ | ഏറിയാട് |
| 77. മാന്ത്രികചികിത്സ | മന്ത്രവാദം | പുലയർ | കാവിൽക്കടവ്-കൊടുങ്ങല്ലൂർ | ഏറിയാട് |
| 78. കുഴൽവിളി | നാടൻസംഗീതം | കാടർ | വാച്ച്മരം-പെരിങ്ങൽകുത്ത് | ചാലക്കുടി |
| 79. ഏറുപത്ത് | നാടൻകളി | - | ആറാട്ടുപുഴ | ചേർപ്പ് |
| 80. ആട്ടക്കളം | " | - | തങ്ങാലൂർ | പുഴക്കൽ |
| 81. തുമ്പിതുള്ളൽ | " | നായർ/പിഷാരടി | പാഡി-കടമ്പോട് | കൊടകര |
| 82. കിളിമാസ് | " | - | മറ്റത്തൂർകുന്ന് | കൊടകര |
| 83. നാട്ടുകളികൾ | " | - | പുതുക്കാട് | കൊടകര |
| 84. പുറാട്ടുനാടകം | നാടകം | പുലയർ | മതുക്കര-പറപ്പൂർ | പുഴക്കൽ |
| 85. പുറാട്ടുനാടകം | " | പുലയർ | പറപ്പൂർ | പുഴക്കൽ |
| 86. പൊറാട്ടുനാടകം | " | പുലയർ | പാലപ്രക്കുന്ന് | കോണത്തുകുന്ന് |
| 87. കുറത്തിനാടകം | " | പുലയർ/കണക്കർ | മറ്റത്തൂർകുന്ന് | കൊടകര |

| കലാരൂപത്തിൻെറ പേര് | വിഭജനം | സമുദായം | സ്ഥലം | താലൂക്ക്/ബ്ലോക്ക് |
|---|---|---|---|---|
| 88. പൊറാട്ടുനാടകം | ,, | പുലയർ/ പറയർ/ ചെറുമർ | മറ്റത്തൂർകുന്ന് | കൊടകര |
| 89. കൊയ്ത്തുപാട്ട് | നാടൻപാട്ട് | - | മങ്ങാട്-കുന്നംകുളം | ചൊവ്വന്നർ |
| 90. വടക്കൻപാട്ട് | ,, | - | പറപ്പൂർ | |
| 91. കാടരുടെ പാട്ടുകൾ | ,, | കാടർ | വാച്ച്മരം- പെരിങ്ങൽകുത്ത് | |
| 92. മലയരുടെ പാട്ടുകൾ | ,, | മലയർ | വാച്ച്മരം പെരിങ്ങൽകുത്ത് | |
| 93. ദേശനാട്ട്യ-പാട്ടുകഥ | പാട്ടുകഥ | പുലയർ | മറ്റത്തൂർകുന്ന് | കൊടകര |
| 94. നാടൻപാട്ടുകൾ | നാടൻപാട്ട് | പുലയർ | മറ്റത്തൂർകുന്ന് | കൊടകര |
| 95. കൊയിത്തപിടുത്തം/ മീൻപിടുത്തം | നാട്ടറിവ് | പുലയർ/ കണക്കർ | മങ്ങാട്-കുന്നംകുളം | ചൊവ്വന്നൂർ |
| 96. പുൽപ്പായനെയ്ത്ത് | കൈവേല | കാടർ | പുകലപ്പാറ- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 97. നെയ്ത്ത് | ,, | പറയർ | നൂലുവള്ളി-ചെമ്പൂച്ചിറ | കൊടകര |
| 98. കുട്ടനെയ്ത്ത് | ,, | പറയർ | മിണാലൂർ | വടക്കാഞ്ചേരി |
| 99. പായനെയ്ത്ത് | കൈവേല | കൊല്ലച്ചോമാൻ | പുതുക്കാട് | കൊടകര100. |
| മുളംപണി | കൈവേല | പറയർ | പുതുക്കാട് | കൊടകര |
| 101. കൂവപ്പൊടി എടുക്കൽ | നാട്ടറിവ് | കുഡുംബി | പടിയൂർ | ഇരിങ്ങാലക്കുട |
| 102. ഈറ്റവെട്ട് | കൈവേല | കാടർ | വാച്ചുമരം- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 103. തേനെടുക്കൽ | നാട്ടറിവ് | കാടർ | വാച്ചുമരം- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 104. ഓലക്കുട നിർമ്മാണം | കൈവേല | പറയർ | ആറാട്ടുപുഴ | ചേർപ്പ് |
| 105. ഓലത്തൊപ്പി | ,, | പറയർ | ആറാട്ടുപുഴ | ചേർപ്പ് |
| 106. വല്ലം ഉണ്ടാക്കൽ | ,, | - | ആറാട്ടുപുഴ | ചേർപ്പ് |
| 107. മൺപാത്രനിർമ്മാണം | ,, | കുശവർ | പൈങ്ങോട്- കോണത്തുകുന്ന് | വെള്ളാങ്ങലൂർ |
| 108. ആനയെ അകറ്റാൻ | നാട്ടറിവ് | മലയർ | തവളക്കുഴിപ്പാറ- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 109. പുഞ്ചകളി | നാടൻകളി | പുലയർ/ കണക്കർ | മങ്ങാട്-കുന്നംകുളം | ചൊവ്വന്നൂർ |
| 110. കുറ്റിയും കോലും | ,, | - | തൈക്കാട് | ചാവക്കാട് |
| 111. നാടൻ പാചകം | നാടൻപാചകം | കാടർ | പുകലപ്പാറ- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 112. ചക്ക അടപ്പായസം | ,, | കാടർ | നൂലുവള്ളി-ചെമ്പൂച്ചിറ | കൊടകര |
| 113. നാടൻപാചകം | നാടൻപാചകം | - | വെള്ളാങ്ങല്ലൂർ | വെള്ളാങ്ങല്ലൂർ |
| 114. കളംപാട്ട് | അനുഷ്ഠാനം | വേലർ | മറ്റത്തൂർകുന്ന്-കൊടകര | കൊടകര |
| 115. ചെറുനീലി | പുരാവൃത്തം | പറയർ | മുല്ലശ്ശേരി, പറപ്പൂർ, പെരുവല്ലൂർ | പുഴക്കൽ |
| 116. - | നാടൻകഥ | കാടർ | വാച്ചുമരം- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 117. കുഴൽവിളി | നാടൻസംഗീതം | കാടർ | വാച്ചുമരം- പെരിങ്ങൽകുത്ത് | ചാലക്കുടി |
| 118. പഴഞ്ചൊല്ലുകൾ | പഴഞ്ചൊല്ല് | - | തൈക്കാട് | ചാവക്കാട് |
| 119. ,, | ,, | - | - | - |
| 120. കടങ്കഥകൾ | കടങ്കഥ | - | തൈക്കാട് | ചാവക്കാട് |
| 121. തേര് കെട്ടൽ | അനുഷ്ഠാനം | പറയർ | വടക്കാഞ്ചേരി | |
| 122. കുതിരവേല | അനുഷ്ഠാനം | - | മങ്ങാട് | വടക്കാഞ്ചേരി |
| 123. കാളകെട്ട് | അനുഷ്ഠാനം | പുലയർ | മുള്ളൂർക്കര | വടക്കാഞ്ചേരി |

പട്ടിക – 2 : കലാകാരന്മാരും ആവേദകരും

| | കലാരൂപം | ആവേദകർ/കലാകാരൻ | വിലാസം |
|---|---|---|---|
| 1. | കാളകളി | ഐ.കെ.പാപ്പുണ്ണി | ഇത്തിക്കാട്ടുവീട്, വാടാനപ്പിള്ളി |
| 2. | ,, | ഐ.കെ.താമു | ഇത്തിക്കാട്ടുവീട്, വാടാനപ്പിള്ളി |
| 3. | ,, | കോരൻ ടി.കെ. | തറയിൽ വീട്, മങ്ങാട്, കുന്നംകുളം |
| 4. | ,, | ചക്കൻ കെ.സി. | കളത്തിൽ വീട്, മങ്ങാട്, കുന്നാംകുളം |
| 5. | ,, | വേലായുധൻ | പഞ്ചാംകുന്നത്ത് വീട്, പടിഞ്ഞാട്ടുമുറി, |
| | | | നാരായണപുരം, ചെങ്ങാലൂർ |
| 6. | കാളകെട്ട് | കുഞ്ഞൻ | അപ്പനത്ത് പറമ്പ്, മുള്ളൂർക്കര |
| 7. | ,, | സുന്ദരൻ | അപ്പനത്ത് പറമ്പ്, മുള്ളൂർക്കര |
| 8. | കുതിരവേല | കുമാരൻ | പടിഞ്ഞാക്കര വീട്, കോട്ടപ്പുറം |
| 9. | ,, | ബാബു | കോട്ടപ്പുറം |
| 10. | കുതിരകളി | കെ.ആർ.അയ്യപ്പൻ | കീയത്ത് വീട്, ആറാട്ടുപുഴ |
| 11. | ,, | കൊച്ചു | കൊടയ്ക്കാട്ടിൽ, പുത്തൂർ, കൈപ്പറമ്പ് പി.ഒ. |
| 12. | പൊറാട്ടുനാടകം | കറുത്തേടത്ത് പാരി | |
| | | ചെറുകണ്ടൻ | മതുക്കര, പറപ്പൂർ പി.ഒ. |
| 13. | പൊറാട്ടുനാടകം | കെ.ടി.കുട്ടൻ | കപ്പലത്ത്, മണപ്പാട്ടുപറമ്പ്, പറപ്പൂർ പി.ഒ. |
| 14. | ,, | കുഞ്ഞയ്യപ്പൻ | ചൊവ്വനേടത്തുകാവ്, മറ്റത്തൂർകുന്ന് പി.ഒ. |
| 15. | ,, | ചാത്തുണ്ണി | മഠത്തിൽ വീട്, പാലപ്രക്കുന്ന്-കോണത്തുകുന്ന് |
| 16. | ,, | കെ.സി.കണ്ണൻ | കോലോത്തു വീട്, കുന്നത്തുകാട്, മാള പി.ഒ. |
| 17. | ഐവർകളി | ശങ്കരൻ | ചെമ്മാപ്പുള്ളി വീട്, കാറളം പി.ഒ. |
| 18. | ,, | എ.പി.ഗംഗാധരൻ | അന്തിക്കാട്ടു വീട്, മറ്റത്തൂർ പി.ഒ. |
| 19. | മലവായിയാട്ടം | ഭാസി | പെരുമ്പിള്ളിപ്പറമ്പിൽ, ചിറക്കൽ, കാട്ടകാമ്പാൽ |
| 20. | ,, | മുണ്ടൻ | പാലയ്ക്കൽ, പുന്നംപറമ്പ് കോളനി, തെക്കുംകര |
| 21. | ,, | വേലായുധൻ | കുന്നത്താട്ടിൽ, കാഞ്ഞിരക്കോട് |
| 22. | ,, | മണികണ്ഠൻ | ചെമ്മണ്ണൂർ വീട്, കരിയന്നൂർ |
| 23. | ,, | ശിവദാസ് | ചൂണ്ടൽ വീട്, അയ്യന്തോൾ |
| 24. | മലവായിയാട്ടം | ചക്കൻ മകൻ ബാബു | കാഞ്ഞിരക്കോട്, വടക്കഞ്ചേരി |
| 25. | ,, | മണി | മാക്കാടിക്കുന്ന്, മംഗലം, വടക്കാഞ്ചേരി |
| 26. | ,, | അപ്പുണ്ണി കെ.കെ. | കട്ടിക്കുന്നിൽ വീട്, മിണാലൂർ പി.ഒ. |
| 27. | തുടികൊട്ടുംപാട്ട് | ശിവൻ കെ.എ. | S/o.അയ്യപ്പക്കുട്ടി, കോണത്തുകുന്ന് |
| 28. | ,, | ചാത്തൻ | കാട്ടിങ്ങപറമ്പിൽ, കോണത്തുകുന്ന് |
| 29. | പറയൻ തുള്ളൽ | രാമൻ മകൻ രഘു | പയ്യപ്പിള്ളി, കൊടുങ്ങല്ലൂർ |
| 30. | സാംബവനൃത്തം | വടമ അയ്യപ്പൻ | നടവരമ്പ് |
| | | (കൊച്ചു കിടുത്ത) | |
| 31. | ,, | വേലായുധൻ പി.കെ. | പാലപ്പറമ്പിൽ വീട്, സൂര്യഗ്രാമം, ചെങ്ങല്ലൂർ |
| 32. | നായാടിമുത്തപ്പൻ കളംപാട്ട് | വി.വി.ശങ്കുരു | വടക്കൻ വീട്, വാടാനപ്പിള്ളി |
| 33. | വയൽക്കളം | ശങ്കരൻ | ചിറ്റിലേടത്ത് വീട്, വാടാനപ്പിള്ളി |
| 34. | തോറ്റം | കൊച്ചുമോൻ സി.എസ്. | ചോരക്കണ്ടത്ത് വീട്, പടിയം, മുറ്റിച്ചൂർ |
| 35. | കളംപാട്ട് | നാരായണൻ | കാവിൽ വീട്, കൊടകര പി.ഒ. |
| 36. | ,, | രാമകൃഷ്ണൻ | മാളിക്കപ്പറമ്പിൽ വീട്, പടിഞ്ഞാറ്റുമുറി, |
| | | | മറ്റത്തൂർകുന്ന് പി.ഒ. |
| 37. | തോറ്റംപറച്ചിൽ | വേലായുധൻ പി.ടി. | കാരാമിൽ വീട്, തങ്ങാലൂർ പി.ഒ., എം.ജി.കാവ്. |
| 38. | പറയൻകളി | കുഞ്ഞാണ്ടൻകുട്ടി | മുല്ലക്കൽ, നന്തിക്കര വീട്, മണ്ണംപേട്ട കോളനി |
| 39 | ,, | കുഞ്ഞുണ്ണി | മുല്ലക്കൽ, നന്തിക്കര പി.ഒ. |
| 40. | ചെറുനീലിയാട്ടം | ശങ്കരൻ മകൻ താമു | തോളൂർ, പറപ്പൂർ പി.ഒ. |
| 41 | ,, | താമു മകൻ കുമാരൻ | തോളൂർ, പറപ്പൂർ പി.ഒ. |
| 42. | ധാരികവധം | ടി.കെ.വേലായുധൻ | തോളൂർ വീട്, പോന്നോർ പി.ഒ. |
| 43. | കുടിയിരുത്തുപാട്ട് | ടി.കെ.കോരൻ | തുലാപ്പാടി വീട്, വി.ആർ.പുരം, ചാലക്കുടി |
| 44. | മാരിയമ്മൻപാട്ട് | അയ്യൻ, കുട്ടൻ | കുമ്പാരക്കോളനി, സ്നേഹപുരം, ചെങ്ങാലൂർ |
| 45. | മുടിയാട്ടം | ടി.കെ.കോരൻ | തുലാപ്പടി വിട്, വി.ആർ.പുരം, ചാലക്കുടി |

| കലാരൂപം | ആവേദകർ/കലാകാരൻ | വിലാസം |
|---|---|---|
| 46. ” | തങ്കമണി, കോത | കൃഷ്ണൻകോട്ട, പൊയ്യ പി.ഒ. |
| 47. മുടിയേറ്റ് (സ്ത്രീകൾ) | രാമൻ മകൻ രഘു | പയ്യപ്പിള്ളി, കൊടുങ്ങല്ലൂർ |
| 48. മുറംകുത്തിപ്പാട്ട് | വി.കെ.മോഹനൻ | S/o. കുഞ്ഞിശങ്കരൻ, വാരിയത്ത് പറമ്പിൽവീട്, ആറാട്ടുപുഴ |
| 49. കുഴിത്താളം | വി.കെ.മോഹനൻ | S/o. കുഞ്ഞിശങ്കരൻ, വാരിയത്ത് പറമ്പിൽവീട്, ആറാട്ടുപുഴ |
| 50. കാർന്നോൻമാർ | കണ്ണൻ | പാടെറമ്പൻ വീട്, സൂര്യഗ്രാമം, ചെങ്ങാലൂർ |
| 51. ” | തിലകൻ എൻ.വി. | നന്ദിക്കര വീട്, ചെങ്ങാലൂർ വഴി |
| 52. തുടികൊട്ട്, മുടിയാട്ടം | കണ്ണൻ കെ.സി. | കോലോത്തുവീട്, മാള പി.ഒ. |
| 53. ” | കാർത്തു | C/o. മാണി, കൊമ്പ്ടാത്ത് വീട്, കോണത്തുകുന്ന് പി.ഒ. |
| 54. നന്തുണിപ്പാട്ട് | ശങ്കരൻ പി.ആർ. | പട്ടേരി പാലത്തിങ്കൽ വീട്, പൈങ്ങോട്, കോണത്തുകുന്ന് |
| 55. ” | ടി.കെ.ചാത്തക്കുട്ടി | തേനകത്ത് വീട്, കോണത്തുകുന്ന് |
| 56. കളംവര | ടി.കെ.ചാത്തക്കുട്ടി | തേനകത്ത് വീട്, കോണത്തുകുന്ന് |
| 57. അടയ്ക്കാരമുറി | കണ്ണൻ | കൊല്ലംപറമ്പിൽ വീട്, വള്ളിവട്ടം പി.ഒ. |
| 58. ” | വി.ആർ.സുബ്രഹ്മണ്യൻ | മേലേപറമ്പിൽ വീട്, വള്ളിവട്ടം പി.ഒ. |
| 59. അടയ്ക്കാരം മുറി | ദേവകി നാരായണൻ | വടക്കേവീട്ടിൽ, വള്ളിവട്ടം പി.ഒ. |
| 60. തുയിലുണർത്തുപാട്ട് | പി.ആർ.ഗോവിന്ദൻ | മാടത്തുംകാട്ടിൽ വീട്, വരന്തരപ്പിള്ളി |
| 61. ” | കമലാക്ഷി പി.കെ. | പല്ലവി വീട്, മുപ്ലിയം |
| 62. തുയിലുണർത്തുപാട്ട് | പി.ആർ.ഗോപാലൻ | പാണൻ വീട്, വടക്കേതുറവ്, പുതുക്കാട് പി.ഒ. |
| 63. ” | മോഹനൻ | കാത്തോളി വീട്, പാലപ്രക്കുന്ന്-കോണത്തുകുന്ന് പി.ഒ. |
| 64. ” | ബാലൻ | കാത്തോളിൽ വീട്, എരിശ്ശേരി പാലം, കൊടുങ്ങല്ലൂർ |
| 65. പുള്ളുവൻപാട്ട് | മാധവൻ, ശ്രീമതി മാധവൻ | പുത്തൻ വീട്ടിൽ, മനയ്ക്കലപ്പടി, കോണത്തുകുന്ന് |
| 66. പുള്ളുവൻപാട്ട് | പി.കെ.രാമൻ | പൂവക്കോട്ടുവളപ്പിൽ, വേലൂർ പി.ഒ. |
| 67. കോലംകളി | കോത മകൻ കോരൻ | മടപ്പാട്ടിൽ വീട്, ഊരകം |
| 68. നന്തുണിപ്പാട്ട് | ശങ്കുണ്ണി | ചുണ്ടേക്കാട്ട് വീട്, കോണത്തുകുന്ന് പി.ഒ. |
| 69. പാലയ്ക്കവേലൻ | ദേവീദാസൻ | പാലയ്ക്കവേലൻ സ്ഥാനം, എടമുക്ക്, കൊടുങ്ങല്ലൂർ |
| 70. ” | ഡോ.വി.ആർ.ചന്ദ്രപ്പണിക്കർ | വടക്കേടത്ത് മഠം, കൊടുങ്ങല്ലൂർ |
| 71. ചാക്കാട് | ചക്കൻ | കുന്നത്ത്, കാഞ്ഞിരക്കോട് |
| 72. ” | ചക്കൻ മകൻ ബാബു | കുന്നത്ത്, കാഞ്ഞിരക്കോട് |
| 73. കളപ്പാട്ട് | കുട്ടികമ്പിളി | പാലഞ്ചേരി വീട്, മങ്ങാട് |
| 74. മുടി (മന്ത്രവാദം) | വേലായുധൻ പി.ടി. | കാരാമിൽ വീട്, തങ്ങാലൂർ പി.ഒ. എം.ജി.കാവ് |
| 75. കുടംപിടിക്കൽ | വേലായുധൻ | ചേനങ്ങത്ത് വീട്, ആറാട്ടുപുഴ |
| 76. ” | വള്ളിയമ്മ | ചേനങ്ങത്ത് വീട്, ആറാട്ടുപുഴ |
| 77. ഉപ്പൂഴിയൽ | തങ്കമ്മ | കീയത്ത് വീട്, ആറാട്ടുപുഴ |
| 78. പോത്തോട്ടം | കെ.ആർ.അയ്യപ്പൻ | കീയത്ത് വീട്, ആറാട്ടുപുഴ |
| 79. പുഞ്ചക്കളി | ഉണ്ണി.കെ.സി. | കുന്നത്തേരി വീട്, മങ്ങാട് പി.ഒ., കുന്നംകുളം |
| 80. നൂലുകെട്ടൽ | കമലാക്ഷി | പല്ലവി വീട്, മുപ്ലിയം |
| 81. മന്ത്രവാദം (കാടർ) | വി.രാജൻ | വാച്ചുമരം കാടർ കോളനി, പെരിങ്ങൽകുത്ത് |
| 82. കരിങ്കാളി | വേലായുധൻ | തോളൂർ വീട്, പോന്നോർ |
| 83. കോൽക്കളി | വേലായുധൻ | കാക്കശ്ശേരി, പോന്നോർ പി.ഒ. |
| 84. കുഴൽവിളി | പത്മനാഭൻ | വാച്ചുമരം കാടർ കോളനി, പെരിങ്ങൽകുത്ത് പി.ഒ. |
| 85. ” | രാമകൃഷ്ണൻ | വാച്ചുമരം കാടർ കോളനി, പെരിങ്ങൽകുത്ത് പി.ഒ. |
| 86. ” | നീലമ്മ | വാച്ചുമരം കാടർ കോളനി, പെരിങ്ങൽകുത്ത് പി.ഒ. |
| 87. തുമ്പിതുള്ളൽ | സുഭദ്ര ടീച്ചർ | തെക്കേ പിഷാരം, മാങ്കുറ്റിപ്പാടം, പാഡി പി.ഒ. |
| 88. ” | സുനിൽകുമാർ | കാട്ടുങ്ങൽ വീട്, പാഡി പി.ഒ. കടമ്പോട് |
| 89. മാന്ത്രികകർമ്മം (പുലയർ) | രാമൻ മകൻ രഘു | പയ്യപ്പിള്ളി, കൊടുങ്ങല്ലൂർ |
| 90. തട്ടിൻ കയറ്റം | രാമൻ മകൻ രഘു | പയ്യപ്പിള്ളി, കൊടുങ്ങല്ലൂർ |
| 91. കുറത്തിക്കളി | പാറുപാട്ടി | അയ്യൂർ വീട്, പുത്തൻചിറ |
| 92. ” | മോഹനൻ | കാത്തോളി വീട്, കോണത്തുകുന്ന് |

16412



| കലാരൂപം | ആവേദകർ/കലാകാരൻ | വിലാസം |
|---|---|---|
| 93. മന്ത്രവാദം | വിജയൻ ടി.എം. | തുപ്രത്തു വീട്, കണ്ണികുളങ്ങര, കോണത്തുകുന്ന് |
| 94. '' | വാസു | വാത്യാട്ട് വീട്, കോണത്തുകുന്ന് |
| 95. കുറത്തിയാട്ടം | മോഹനൻ | കാത്തോളി വീട്, പാലപ്രക്കുന്ന്, കോണത്തുകുന്ന് |
| 96. '' | ബാലൻ | അയ്രൂർ വീട്, പാലപ്രക്കുന്ന്, കോണത്തുകുന്ന് |
| 97. നാടൻ കഥ (മലയർ) | രാമൻകുട്ടി | മലയൻ കോളനി, തവളക്കുഴിപ്പാറ, അതിപ്പിള്ളി |
| 98. '' | കുമാരൻ | മലയൻ കോളനി, തവളക്കുഴിപ്പാറ, അതിപ്പിള്ളി |
| 99. നാടൻപാട്ടുകൾ | തങ്കപ്പാട്ടി | വാച്ചുമരം കാടർ കോളനി, പെരിങ്ങൽകുത്ത് |
| 100. '' | ചന്ദ്രിക | മേലൂർ പഞ്ചായത്ത് |
| 101. ചെറുനീലികഥ | കൊച്ചു | മാണിക്കപ്പറമ്പിൽ. പറപ്പൂർ പി.ഒ. |
| 102. ചെറുനീലികഥ | തങ്ക | തെക്കേപ്പൊട്ടു വീട്, പറമ്പന്തുള്ളി, മുല്ലശ്ശേരി പി.ഒ. |
| 103. '' | കാളി | W/o. കണ്ടൻ, ചങ്കാലത്ത്,<br>എളവള്ളി റോഡ്, പെരുവല്ലൂർ പി.ഒ. |
| 104. '' | വള്ളിമ്മു | W/o. അടിമ, മാണിക്യപ്പറമ്പിൽ, മുല്ലശ്ശേരി |
| 105. പുലവീടൽ | കൃഷ്ണൻ | പുകലപ്പാറ കാടർ കോളനി, പെരിങ്ങൽകൂത്ത് |
| 106. ദേശനാട്ടയ്യ (പാട്ടുകഥ) | കാർത്ത്യായനി | മണിയന്തറവീട്, മറ്റത്തൂർകുന്ന് പി.ഒ., കൊടകര |
| 107. നാടൻപാട്ടുകഥ | വള്ളിയമ്മ | മണ്ടത്ത് വീട്, പടിയൂർ പി.ഒ. |
| 108. കുറത്തിനാടകം | കേശവൻ | (ചുമട്ടുതൊഴിലാളി)<br>കാവനാട് (വഴി) മറ്റത്തൂർകുന്ന്, പി.ഒ. |
| 109. '' | കൃഷ്ണൻ | പുത്തിരി വീട്, മറ്റത്തൂർകുന്ന് പി.ഒ. |
| 110. വടക്കൻപാട്ട് | പള്ളിച്ചി | മണപ്പാട്ട്പറമ്പ്, പറപ്പൂർ പി.ഒ. |
| 111. '' | കെ.സി.തങ്ക | പാർളിവളപ്പ്, മണപ്പാട്ടുപറമ്പ്, പറപ്പൂർ പി.ഒ. |
| 112. കെയ്ത്തുപാട്ട് | കുഞ്ഞുമാണി | ഇടക്കാട്ടിൽ വീട്, മങ്ങാട് പി.ഒ., കുന്നംകുളം |
| 113. തേര് | കെ.സി.ബാബു | കാഞ്ഞിരക്കോട് |
| 114. ആട്ടക്കളംകളി | കുഞ്ഞിക്കാളി | കാരാമിൽ വീട്, തങ്ങാലൂർ പി.ഒ., എം.ജി.കാവ് |
| 115. ചവിട്ടുകളി | കുട്ടിക്കമ്പിളി പി.കെ. | പാലഞ്ചേരി വീട്, മങ്ങാട് പി.ഒ., കുന്നംകുളം |
| 116. '' | ഉണ്ണി കെ.സി. | കുന്നത്തേരി വീട്, മങ്ങാട് പി.ഒ. കുന്നംകുളം |
| 118. '' | ചക്കി കെ.സി. | കളത്തിൽ വീട് മങ്ങാട് പി.ഒ., കുന്നംകുളം |
| 119. ഏറ്റും പന്ത് കളി | കുട്ടപ്പൻ കെ.കെ. | കുന്നത്തുവീട്, ആറാട്ടുപുഴ |
| 120. ചോടുകളി | കൊച്ചമ്മിണി എൻ.എ. | നെൻമിനി വിട്, നെന്മിനി പി.ഒ., തൈക്കാട് |
| 121. നാട്ടുവൈദ്യം | ടി.കെ.പാത്തുക്കുട്ടി | തെയ്നക്കത്ത് വീട്, കോണത്തുകുന്ന് |
| 122. പായ നെയ്ത്ത് | ദേവകി | വടക്കേതുറവ്, പുതുക്കാട് പി.ഒ. |
| 123. മൊളംപണി | മാണിക്യൻ സി.ആർ. | ചക്കേരി വീട്, വടക്കേ തുറവ്, പുതുക്കാട് പി.ഒ. |
| 124. കൊയിത്തപിടുത്തം | അയ്യപ്പു എം.സി. | മച്ചിങ്ങൽ വീട്, മങ്ങാട് പി.ഒ. |
| 125. കുട്ടനെയ്ത്ത് | തങ്ക കെ.സി. | കുട്ടിക്കുന്നിൽ വീട്, മിണാലൂർ പി.ഒ. |
| 126. തേര് കെട്ടൽ | കെ.സി.ബാബു | കാഞ്ഞിരക്കോട് |
| 127. നാട്ടുവൈദ്യം | ഉണ്ണി | പടാകുളത്തിനു സമീപം, ലോകമലേശ്യരം,<br>കൊടുങ്ങല്ലൂർ |
| 128. കൊമ്പുതൽ (ചികിത്സ) | അമ്മു | കാത്തേളിൽ വീട്, ലോകമലേശ്വരം, കൊടുങ്ങല്ലൂർ |
| 129. ഓലക്കുട നിർമ്മാണം | ശിവൻ എ.വി. | ആറാട്ടി വീട്, ആറാട്ടുപുഴ പി.ഒ. |
| 130. ഓലത്തൊപ്പി നിർമ്മാണം | ശിവൻ എ.വി. | ആറാട്ടി വീട്, ആറാട്ടുപുഴ പി.ഒ. |
| 131. മരുന്ന് കഞ്ഞി | കാളിക്കുട്ടി | മതുക്കര, പെരിയാർകുളങ്ങര പി.ഒ. |
| 132. നാട്ടുവൈദ്യം (മലയർ) | തങ്കപ്പൻ | പിള്ളപ്പാറ, ഗിരിജൻ കോളനി, അതിരപ്പിള്ളി |
| 133. പുൽപ്പായ നെയ്ത്ത് | തങ്കമ്മ | പുകലപ്പാറ കാടർ കോളനി, പെരിങ്ങൽകുത്ത് |
| 134. നാട്ടുവൈദ്യം | നീലി | പുകലപ്പാറ കാടർ കോളനി, പെരിങ്ങൽകുത്ത് |
| 135. ആനയെ അകറ്റാൻ | മൊയ്ലിമുപ്പൻ | മലയൻ കോളനി, തവളക്കുഴിപ്പാറ, പെരിങ്ങൽകുത്ത് |
| 136. '' | കുമാരൻ | മലയൻ കോളനി, തവളക്കുഴിപ്പാറ, പെരിങ്ങൽകുത്ത് |
| 137. '' | മോഹനൻ | മലയൻ കോളനി, തവളക്കുഴിപ്പാറ, പെരിങ്ങൽകുത്ത് |
| 138. ഈറ്റവെട്ട് | തോമസ് | വാച്ചുമരം, കാടർ കോളനി, പെരിങ്ങൽകുത്ത് |
| 139. തേനെടുക്കൽ | പത്മനാഭൻ മൂപ്പൻ | വാച്ചുമരം, കാടർ കോളനി, പെരിങ്ങൽകുത്ത് |
| 140. നാട്ടുവൈദ്യം | നെൽസൺ. ജെ. | വാച്ചുമരം, ഗിരിജൻ കോളനി, പെരിങ്ങൽകുത്ത് |
| 141. ചാകര | മോഹനൻ സി.എസ്. | വലപ്പാട് ബീച്ച് |
| 142. നെയ്ത്ത് | വള്ളിയമ്മ എൻ.സി. | കളത്തിങ്കൽ, നുലുവള്ളി, ചെമ്പുച്ചിറ പി.ഒ. |

PG Library & Research Centre

നൊമ്മടെ ജെൻമ്മം വെറും
ഒരു തണ്ണീർ കുടം മാത്രം
ചെറിയൊരു ചോർച്ചപോരെ
തണ്ണീരു പൊയ്പ്പോകാൻ
(ഒരു സന്താൾപാട്ട്)



തൃശൂർ/നാടൻകലാഭൂമിക





നാടൻ കലാകളരി

തൃശൂർ ജില്ലാ പഞ്ചായത്ത്

# നാട്ടറിവിന്റെ നിനവ്



398.072

നാടൻ കലാകളരി

തൃശ്ശൂർ ജില്ലാ പഞ്ചായത്ത്